

# അൽഹഖ്

പുസ്തകം 20 | ലക്കം 6 | ജൂൺ 2012 | ഇഹ്സാൻ 1391 | റജബ് – ശഅ്ബാൻ 1433


ലാഹോറിലെ നമ്മുടെ രണ്ട് പള്ളികളിൽ നമസ്കാരക്കാർക്ക് മേൽ ലക്കും ലഗാനുമില്ലാതെ വെടിയുതിർക്കപ്പെട്ടപ്പോൾ അവിടേയും അഹ്മദിയ്യത്തിന്റെ ജീവത്യാഗികൾ ഹദ്റത്ത് ശഹ്സാദാ അബ്ദുൽ ലത്വീഫ് സാഹിബിനെപ്പോലുള്ള ആത്മാവാണ് പ്രകടമാക്കിയത്. ജീവനുകൾ കൂട്ടത്തോടെ ത്യാഗം ചെയ്തുകൊണ്ട് സ്ഥൈര്യത്തിന്റെ അനശ്വരമായ ചരിത്രമാണ് രചിച്ചിരിക്കുന്നത്,.........

അല്ലാഹു ഈ ശുഹദാക്കൾക്ക് വളരെ ഉന്നതമായ സ്വഭാവവൈശിഷ്ട്യങ്ങൾ നൽകിയിരുന്നു. നമസ്കാരത്തിലെ ബദ്ധശ്രദ്ധ, വിശുദ്ധ ഖുർആൻ പാരായണത്തിലെ നൈരന്തര്യം, ഖിലാഫത്തിനോടുള്ള സ്നേഹവും ആത്മാർഥതയും കൂറും, കുട്ടികളുടെ സുശിക്ഷണം, ഇക്കാര്യത്തിൽ തുടർച്ചയായ മേൽനോട്ടം എന്നിത്യാദി ഗുണങ്ങൾ ഈ ശുഹദാക്കളിൽ വളരെ പ്രകടമായ നിലയിൽ കാണപ്പെട്ടിരുന്നു. ഇവർ ദീനീകാര്യങ്ങളിൽ താൽപര്യപൂർവം ഭാഗഭാക്കായിക്കൊണ്ടിരുന്നു. എപ്പോഴും ദീനിനെ ദുൻയാവിനേക്കാളും മുന്തിച്ചിരുന്നു. കീഴിലുള്ളവരോടും കൂടെ പ്രവർത്തിക്കുന്നവരോടും സൽസ്വഭാവത്തോടും സൽഭാവനയോടും കൂടിയുള്ള പെരുമാറ്റം, ദരിദ്രരോടുള്ള സഹാനുഭൂതി, എല്ലാ കുടുംബക്കാരേയും കുറിച്ചുള്ള ശ്രദ്ധ എന്നിവ ഇവരുടെ അടിസ്ഥാന സ്വഭാവങ്ങളായിരുന്നു. തീർച്ചയായും ഇവർ ഓരോരുത്തരും പ്രകാശിതവും മിന്നിത്തിളങ്ങുന്നതുമായ നക്ഷത്രമാണ്.

ഈ ശുഹദാക്കൾ വിശ്വാസത്തിലും ആത്മാർഥതയിലും ഐക്യത്തിലും നമുക്ക് നൽകിയിട്ടുള്ള അനശ്വരമായിട്ടുള്ള പാഠങ്ങൾ ഓരോ അഹ്മദിയും തങ്ങൾക്കുള്ളിൽ ജീവസുള്ളതാക്കി നിലനിർത്തണം. അങ്ങിനെയായാൽ ഈ ശുഹദാക്കളുടെ ത്യാഗങ്ങളും ജീവനോടെ നിലനിൽക്കുന്നതാണ്. അതു മുഖേന എന്നും ജമാഅത്തിന് ഒരു നവജീവൻ ലഭിക്കുന്നതുമാണ്.

ഈ ശുഹദാക്കൾ തീർച്ചയായും അനശ്വര ജീവിതത്തിനും തങ്ങളുടെ റബ്ബിന്റെ ശാശ്വതസ്വർഗങ്ങൾക്കും അർഹരും അവകാശികളുമായിരിക്കുന്നു. ഈ ശുഹദാക്കളുടെ രക്തം തീർച്ചയായും അതിന്റെ പ്രഭാവം കാണിക്കുക തന്നെ ചെയ്യുന്നതാണ്. ഇത്തരം മഹത്ത്യാഗങ്ങളിലൂടെ ജമാഅത്തിൽ അഭിവൃദ്ധിയുടെ പുതുപുത്തൻ രാജവീഥികൾ സൃഷ്ടിക്കപ്പെടുന്നതാണ്.

*(അൻസാറുല്ലാഹ് മാസിക (റബ്‌വ) ക്ക് നൽകിയ സന്ദേശം)*



“ ലാഹോറിൽ നമ്മുടെ പരിശുദ്ധ അംഗങ്ങളുണ്ട്. ലാഹോറിൽ നമ്മുടെ പരിശുദ്ധ സുഹൃത്തുക്കളുണ്ട്. ”

ഇൽഹാം ഹദ്റത് മസീഹ് മൗഊദ് (അ)




5 ശുഹദാക്കൾ ചിരംജീവികൾ

11 ഒരു പിഞ്ചുബാലികയുടെ മാതൃക

17 Zinda Log

9 ദൈവിക പ്രതികാരത്തിന്റെ ഉജ്ജ്വല ദൃഷ്ടാന്തങ്ങൾ

14 ജിന്നുബാധയും സിഹ്റ്ബാധയും പിന്നെ കുറെ പകർച്ചവ്യാധികളും

52 എഴുപത് ഹാഫിസുമാരുടെ ശഹാദത്ത്

مِنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ ۖ فَمِنْهُم مَّن
قَضَىٰ نَحْبَهُ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا تَبْدِيلًا ۝٢٤

**അല്ലാഹുവുമായി ചെയ്ത കരാറിനെ സത്യപ്പെടുത്തിയ ചിലർ വിശ്വാസികളിലുണ്ട്. അങ്ങനെ അവരിൽ ചിലർ ജീവൻ നൽകിക്കൊണ്ട് തങ്ങളുടെ ആഗ്രഹം നിറവേറ്റിയിരിക്കുന്നു. അവരിൽ മറ്റ് ചിലർ തങ്ങളുടെ അവസരം പാർത്തിരിക്കുകയാണ്. അവർ തങ്ങളുടെ നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.**



## ഞാൻ പിന്നിലായിപ്പോയി

ശഹീദായവരിൽ ഏറ്റവും പ്രായം കുറഞ്ഞ ആൾ റബ്വയിലെ വലീദ് അഹ്മദ് ആയിരുന്നു. അദ്ദേഹത്തിന്റെ പിതാമഹനും മാതാമഹനും ശുഹദാക്കളായിരുന്നു. ഇദ്ദേഹവും അവരുടെ ത്യാഗങ്ങളെ നിലനിർത്തുകയുണ്ടായി. വലുതായാൽ ശഹീദാകണമെന്ന് വളരെ ചെറുപ്പത്തിൽ തന്നെ ആഗ്രഹമുണ്ടായിരുന്നു. പരിക്കേറ്റ അവസ്ഥയിൽ ഉമ്മാക്കും ഉപ്പാക്കും ഫോൺ ചെയ്തെങ്കിലും അവരെ വേദനിപ്പിക്കേണ്ടെന്നു കരുതി തന്റെ അവസ്ഥയെ കുറിച്ച് അറിയിച്ചില്ല. അതേ അവസ്ഥയിൽ ശഹാദത്തിന്റെ പിയൂഷം നുകരുകയും ചെയ്തു. അതേ മുഹമ്മദ് മുനവ്വർ സാഹിബിന്റെ ഏക മകൻ ശഹീദായി! അദ്ദേഹം പറയുകയാണ് എന്റെ ഉപ്പയും എന്റെ മോനും ശഹീദാണ്. എന്റെ മോൻ ഒരുപാട് മുന്നോട്ട് ഗമിച്ചിരിക്കുന്നു, ഞാൻ പിന്നിലായിപ്പോയി.



## എന്നെ വീഴ്ത്താതെ ശത്രുവിനു മുമ്പോട്ട് പോകാൻ സാധ്യമല്ല!

വർഷങ്ങളായി ദാറുദ്ദിക്റിൽ ഗേറ്റ് കീപ്പറായി ഡ്യൂട്ടി ചെയ്യുന്ന ശഹീദ് മുനവ്വർ അഹ്മദ് സാഹിബ് കൈസർ വളരെ ധീരതയോടെ ശത്രുക്കളോട് പറഞ്ഞു, എന്നെ വീഴ്ത്താതെ ആർക്കും അകത്തു കടക്കാൻ സാധ്യമല്ല. അദ്ദേഹം തന്റെ വാക്കുകളെ സത്യപ്പെടുത്തിക്കൊണ്ട്, ധൈര്യവും സ്ഥൈര്യവും പ്രകടിപ്പിച്ചു കൊണ്ട് ദാറുദ്ദിക്റിലെ പ്രഥമ ശുഹദാക്കളിൽ ഉൾപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മകൻ പറയുന്നു, ഞാൻ മനസിലാക്കുന്നത് ജമാഅത്തിനു കൂടുതലായി സേവനം ചെയ്യുന്നവരെ അല്ലാഹു തന്റെ അടുത്തേക്ക് വിളിച്ചുവെന്നാണ്.



## ഖലീഫ അവ്വലിന്റെ കുടുംബത്തിലെ ശഹീദ്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ പൗത്രൻ മിയാൻ മുനീർ ഉമർ സാഹിബും (മോഡൽ ടൗൺ) ലാഹോർ ശുഹദാക്കളിൽ ഉൾപ്പെടുന്നു.



## നവ അഹ്മദീ ശഹീദിന്റെ ആത്മാർഥത

ലാഹോറിലെ ശുഹദാക്കളിലെ നവ അഹ്മദിയായിരുന്നു 2009ൽ ബയ്അത്ത് ചെയ്ത സഫർ ഇഖ്ബാൽ സാഹിബ്. അദ്ദേഹം ദാറുദ്ദിക്രിലാണ് ജുമുഅ നമസ്കരിച്ചിരുന്നത്. ശത്രുക്കൾ ഏറി വന്നാൽ കൊല്ലുമായിരിക്കും, നമുക്കാകട്ടെ ശഹാദത്തും ലഭിക്കും എന്ന് അദ്ദേഹം ഇടക്കിടെ പറയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹവും സഫലീകരിച്ചു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, അഹ്മദിയാകുന്നതിനു മുമ്പ് ശത്രുതയിൽ എത്രമാത്രം ആവേശം കാണിച്ചിരുന്നുവോ, അതിനേക്കാളും എത്രയോ ഇരട്ടി ആവേശം ബയ്അത്ത് ചെയ്തതിനു ശേഷം അഹ്മദിയ്യത്തിനു വേണ്ടി കാണിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കൾ ഈ ശഹാദത്തിനെ തങ്ങൾക്കുള്ള ബഹുമതിയായി ഗണിക്കുകയും മറ്റുള്ളവരെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.



## മുബല്ലിഗിന്റെ ശഹാദത്ത്

മൗലാനാ മഹ്മൂദ് അഹ്മദ് ശാഹ് സാഹിബ് മോഡൽ ടൗൺ മസ്ജിദിൽ അഹ്മദി സഹോദരങ്ങളോട് പ്രാർഥനാനിരതരാവാൻ ഉപദേശിച്ചുകൊണ്ടും അല്ലാഹു അക്ബർ എന്ന് തക്ബീർ മുഴക്കിക്കൊണ്ടും തന്റെ യഥാർഥ യജമാനന്റെ അടുത്തേക്ക് യാത്രയായി. അദ്ദേഹത്തിനു ശത്രുക്കളുടെ നിരന്തര ഭീഷണി ഉണ്ടായിരുന്നു. അദ്ദേഹവും നെഞ്ച് ഉയർത്തിപ്പിടിച്ചുകൊണ്ടു തന്നെ വീരശഹാദത്ത് വരിച്ചിരിക്കുന്നു.

> **'ഏ അബ്ദുൽ ലത്വീഫ്! താങ്കൾക്കു മേൽ ആയിരമായിരം ആശിസുകൾ വർഷിക്കപ്പെടുമാറാകട്ടെ. താങ്കൾ എന്റെ ജീവിതകാലത്തു തന്നെ ആത്മാർഥതയുടെ മഹോന്നത മാതൃക പ്രകടമാക്കിയിരിക്കുന്നു. എന്റെ മരണശേഷം എന്റെ ജമാഅത്തിലുള്ളവർ എന്തെന്തെല്ലാം സുകൃതങ്ങൾ ചെയ്യുമെന്ന് എനിക്കറിയില്ല.'**
>
> *ഹദ്റത്ത് അഹ്മദ് (അ)*

# ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തിലെ ആദ്യ ശഹീദ് മിർസാ ഗുലാം ഖാദിർ സാഹിബ് (21.6.62–14.4.99)

**Martyrs of Ahmadiyyat**



Sahibzada Mirza Ghulam Qadir Sahib
April 14, 1999. Rabwah, Pakistan

ഹ്ദറത്ത് മസീഹ് മൗഊദ് (അ) ന്റെ പുത്രനായ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ പൗത്രനും, സാഹിബ് സാദാ മിർസ മജീദ് അഹ്മദ് സാഹിബിന്റെ കനിഷ്ഠപുത്രനുമാണ് മിർസാ ഗുലാം ഖാദിർ സാഹിബ്. അദ്ദേഹത്തിന്റെ മാതാവായ ഖുദ്സിയ ബേഗം സാഹിബ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പുത്രിയായ നവാബ് അമത്തുൽ ഹഫീസ് സാഹിബയുടെ മകളാണ്. അങ്ങിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകന്റേയും മകളുടേയും രക്തം അദ്ദേഹത്തിന്റെ നാഡിഞരമ്പുകളിൽ ഒഴുകിയിരുന്നു.

പിശാവർ യൂണിവേഴ്സിറ്റിയിൽ നിന്നും എഫ്.എസ്.സിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അദ്ദേഹം ലാഹോർ എഞ്ചിനീയറിങ്ങ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ ബി.എസ്.സിയും പിന്നീട് അമേരിക്കയിലെ ജോർജ് ലാസൺ യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ എം.എസ് ഉം കരസ്ഥമാക്കി. പാക്കിസ്ഥാനിൽ മടങ്ങി എത്തിയ അദ്ദേഹം വഖ്ഫിന്റെ പ്രതിജ്ഞ പൂർത്തിയാക്കി കൊണ്ട് സ്വയം തന്നെ ജമാഅത്തിന് സമർപ്പിച്ചു.

റബ്വയിൽ കമ്പ്യൂട്ടർ വിഭാഗത്തിന് ആരംഭം കുറിക്കുകയും പതുക്കെ പതുക്കെ അതിനെ വിപുലീകരിച്ചു എല്ലാ അത്യാധുനികസംവിധാനങ്ങളും സൗകര്യങ്ങളും സജ്ജമാക്കി. തൽഫലമായി ലണ്ടനിൽ നിന്നുള്ള പല സംരംഭങ്ങൾക്കും രൂപം നൽകാൻ റബ്വയ്ക്ക് സാധിച്ചു.

അദ്ദേഹം വളരെയധികം പരിശ്രമശാലിയും മൗനിയും ലോലഹൃദയനുമായിരുന്നു. എല്ലാവരേയും ആകർഷിക്കുന്ന വ്യക്തിത്വത്തിനുടമയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 37 വയസ്സായിരുന്നു. അമത്തുന്നാസിർ നുസ്റത്ത് സാഹിബയാണ് ഭാര്യ. നാല് മക്കളാണ്. സത്വത്ത് ജഹാൻ, കൃഷൺ അഹ്മദ്, ഇരട്ടകളായ മുഹമ്മദ്, നൂറുദ്ദീൻ.

അദ്ദേഹത്തിന്റെ ശഹാദത്തിലൂടെ യഥാർത്ഥത്തിൽ ജമാഅത്ത് വളരെ ഭയാനകവും ദേശവ്യാപകമായ കുഴപ്പത്തിൽ നിന്നുമാണ് രക്ഷപ്പെട്ടത്. രാവിലെ പ്രാതലിനു ശേഷം കാറിൽ തന്റെ തോട്ടത്തിലെത്തിയ അദ്ദേഹത്തോട് തോട്ടം കരാറിലെടുക്കാൻ എന്ന വ്യാജേന നാലു പേർ സമീപിക്കുകയും അവസരം പാർത്ത് അദ്ദേഹത്തെ തട്ടിക്കൊണ്ട് പോകുകയുമുണ്ടായി.

ലഷ്കറെ ജംഗ്‌വിയെന്ന ഉഗ്രവാദ സംഘടനയിലെ നാല് പേരായിരുന്നു അവർ. വലിയൊരു ഗൂഢതന്ത്രമൊരുക്കിയായിരുന്നു അവർ പ്രവർത്തിച്ചത്. മുഹർറത്തോടനുബന്ധിച്ച് ശിയാക്കൾ നടത്തുന്ന വലിയൊരു ജൽസയിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് അതിന്റെ ഉത്തരവാദിത്വം അഹ്മദിയ്യാ ജമാഅത്തിൽ ആരോപിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അതിനായി അത്യാധുനിക ആയുധങ്ങൾ നിറച്ച ഒരു കാറിൽ അവർ അദ്ദേഹത്തെ ഇരുത്തുകയും ആ കാറിനെ ആദ്യം റബ്വയിലൂടെ ഓടിക്കുകയും പിന്നീട് ചിന്യൂട്ട് ലക്ഷ്യമാക്കി പോകുകയും ചെയ്തു. ജൽസയിൽ കുഴപ്പങ്ങളുണ്ടാക്കിയതിന് ശേഷം അദ്ദേഹത്തെ ആ കാർ സമേതം കത്തിക്കാനായിരുന്നു അവരുടെ പ്ലാൻ. രക്ഷപ്പെടാതിരിക്കാനായി അവർ അദ്ദേഹത്തെ എല്ലാ തരത്തിലുമുള്ള ദേഹോപദ്രവങ്ങൾ ഏൽപിച്ചു കൊണ്ടിരുന്നു. അത്യന്തം ഗുരുതരവും ജമാഅത്തിന്റെ ഭാവിയെ വളരെ പ്രതികൂലമായി സ്വാധീനിക്കാവുന്ന അവരുടെ ആ തന്ത്രത്തെ കുറിച്ച് മനസ്സിലാക്കിയ അദ്ദേഹം ആ വണ്ടിയിൽ നിന്ന് രക്ഷപ്പെടുവാൻ ശ്രമിച്ചു. അവശനിലയിലായിരുന്നിട്ട് കൂടി അവസാനം അദ്ദേഹം അവരുടെ കിരാതകരങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിൽ വിജയിച്ചു. എന്നാൽ കാറിൽ നിന്ന് പുറത്തിറങ്ങിയ അദ്ദേഹത്തെ വെടിയുണ്ടയ്ക്കിരയാക്കി ശത്രുക്കൾ സ്ഥലം വിട്ടു. വഴിയിൽ രക്തമൊലിച്ച് മൃതപ്രായനായി കിടന്ന അദ്ദേഹത്തെ വഴിയാത്രക്കാർ ആശുപത്രിയിൽ എത്തിച്ചു. അവിടെ വെച്ച് അദ്ദേഹം ശഹീദായി. അങ്ങിനെ അദ്ദേഹം തന്റെ ശഹാദത്തിലൂടെ ശത്രുക്കളുടെ തന്ത്രത്തെ നിഷ്ഫലമാക്കുകയും ജമാഅത്തിനെ വലിയൊരു കുഴപ്പത്തിൽ നിന്നും രക്ഷിക്കുകയും ചെയ്തു.



## മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ്

മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് ഒരു സാധാരണ ശഹീദല്ല. മറിച്ച് ശുഹദാക്കളിൽ അദ്ദേഹത്തിന് വലിയൊരു സ്ഥാനമുണ്ട്. ഈ താൽക്കാലിക ജീവിതത്തെ എല്ലാവർക്കും ഒരു ദിവസം ഉപേക്ഷിക്കേണ്ടതായി വരും. എന്നാൽ മാസ്റ്റർ അബ്ദുൽ ഖുദ്ദൂസ് സാഹിബ് സൗഭാഗ്യവാനാണ്. അല്ലാഹു അദ്ദേഹത്തെ ജീവിച്ചിരിക്കുന്നവനാണെന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹം ഭൗതിക റിസ്ഖിനേക്കാൾ വളരെ ശ്രേഷ്ഠവും ഉന്നതവുമായ റിസ്ഖ് സ്വായത്തമാക്കിയിരിക്കുന്നു.ഏതൊരു ജമാഅത്തിനും, ഏതൊരു ലക്ഷ്യത്തിനും വേണ്ടിയാണോ അദ്ദേഹം ത്യാഗം വരിച്ചത് അതേക്കുറിച്ചുള്ള യഥാർഥ സുവാർത്ത അദ്ദേഹത്തിന് ആ ലോകത്ത് ലഭിക്കുന്നതാണ്. ശഹീദ് മർഹൂം നമുക്ക് നൽകിയിട്ടുള്ള പാഠം എപ്പോഴും നാം ഓർമ്മയിൽ വെയ്ക്കേണ്ടതാണ്. അല്ലാഹു പറയുന്നു. **ഹസ്ബുനല്ലാഹു വ നിഅ്മൽ വകീൽ** നമുക്ക് അല്ലാഹു മതിയായവനാണ്. അവൻ എത്ര നല്ല സംരക്ഷകനാണ്. KHUTBA: April 6 2012

# ശഹാദത്ത്

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



ഒരു വിശ്വാസിയുടെ കൂട്ടുകാരൻ എത്ര കാലം ജീവിച്ച് ദീനിന് ഖിദ്മത്ത് ചെയ്യുന്നുവോ അത്രയും കാലം ശഹീദാക്കപ്പെട്ടവനും ഏതൊരവസ്ഥയിലാണോ അയാൾ ശഹീദാക്കപ്പെട്ടത് അതിനനുസൃതമായ പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും എന്നത് അല്ലാഹുവിന്റെ സുന്നത്താണ്. അല്ലാഹുവിന്റെ ദീനിന് വേണ്ടി ശഹാദത്ത് വരിക്കുന്നവരെ എന്നും ജീവനോടെ നിലനിർത്തൽ നിർബന്ധമാണ് എന്ന പാഠമാണ് അല്ലാഹു ഇതിലൂടെ നൽകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ശഹീദിനെ കുറിച്ച് പറഞ്ഞത്, അവർ വളരെ പെട്ടെന്ന് ഉന്നതമായ പദവി കരസ്ഥമാക്കുന്നു എന്നാണ്. കുറച്ച് സേവനം ചെയ്യുന്നതിന്റെ ഫലമായി അവർക്ക് ഉന്നതപദവി ലഭിക്കുന്നത് കൊണ്ട ല്ല, മറിച്ച് കുറച്ച് ദിവസം സേവനം ചെയ്തുകൊണ്ട് ആ മാർഗ്ഗത്തിൽ തന്നെ അവർ തങ്ങളുടെ ജീവൻ സമർപ്പിക്കുന്നു. അഥവാ അവർ മരണപ്പെട്ടില്ലായിരുന്നെങ്കിൽ അവരുടെ സൽകർമ്മ ങ്ങളുടെ ശൃംഖല നിലനിൽക്കുമായിരുന്നു. എന്നാൽ അല്ലാഹു തന്റെ ഇഷ്ടപ്രകാരം ആ ശൃംഖല മുറിച്ചുകൊണ്ട് അവർക്ക് ശഹാദത്ത് നൽകുന്നു, പിന്നീട് വരുന്നവരെ ജീവിപ്പിക്കുന്നതിന് വേണ്ടി അതുകൊണ്ട് തന്നെയാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ നൽകുന്നവരുടെ അഅ്മാ ലുകൾ നിലനിൽക്കുന്നത്. തങ്ങളുടെ ജീവിതകാലത്ത് ആരുടെ കൂടെയാണോ അവർ പ്രവർത്തിച്ചിരുന്നത് അവരുടെ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തരത്തിലുള്ള പ്രതിഫലം ശഹാ ദത്ത് വരിച്ചവർക്കും ലഭിക്കുന്നു. അതായത് ഏത് പദവിയിലുള്ള വ്യക്തിയാണോ ശഹീദാക്ക പ്പെട്ടത് അല്ലെങ്കിൽ ഏത് പദവിയിലുള്ള ത്യാഗമാണോ അയാൾ സമർപ്പിച്ചത് അതിനനുസൃതമായ പ്രതിഫലം അയാൾക്ക് ലഭിക്കുന്നതാണ്. മരണത്തിന് ഒരിക്കലും തന്നെ പ്രതിഫലത്തിൽ നിന്ന് അവരെ അകറ്റാൻ സാധ്യമല്ല. നോക്കുക, ചില സഹാബാക്കൾ ഇസ്‌ലാം സ്വീകരിച്ചിട്ട് രണ്ടോ, നാലോ ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും അവർ യുദ്ധത്തിൽ ശഹീദാക്കപ്പെടുകയുണ്ടായി.

അപ്പോൾ അവരുടെ അഅ്മാലുകൾ അവസാനിച്ചുപോയോ? ഒരിക്കലുമില്ല. മറിച്ച് അവർക്ക് അവരുടെ കൂടെ ഉണ്ടായിരുന്ന സഹാബാക്കൾ ജീവിച്ച കാലത്തോളം വിശ്വാലത നൽകപ്പെട്ടു. ചുരുക്കത്തിൽ ദീനിന്റെ മാർഗ്ഗത്തിൽ ബലി ആവുക എന്നത് ഏറ്റവും ഉന്നതമായിട്ടുള്ള കാര്യമാണ്. ആർക്കാണോ ഈ സ്ഥാനം കരഗതമാകുന്നത് അവരുടെ പദവി മറ്റുള്ളവരേക്കാൾ വളരെ ഉയർന്നതായിരിക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. ഹദ്റത്ത് ഉമർ(റ)വിനെ കുറിച്ച് പറയപ്പെട്ടത് അദ്ദേഹം തനിക്ക് ശഹാദത്ത് ലഭിക്കാനായി അതും മദീനയിൽ വെച്ച് തന്നെ ശഹാദത്ത് ലഭിക്കാനായി എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു എന്നാണ്. അവസാനം അദ്ദേഹം ശഹാദത്ത് വരിച്ചു, മദീനയിൽ വെച്ച് തന്നെ. അദ്ദേഹത്തെ പോലുള്ള ഒരു വ്യക്തി ഈ ദുആ എങ്ങനെ ചെയ്തെന്ന് നാം ആശ്ചര്യപ്പെട്ടുപോകുന്നു. കാരണം മദീനയിൽ അദ്ദേഹത്തിന് ശഹാദത്ത് ലഭിക്കുക എന്നതിന്റെ അർത്ഥം ശത്രുക്കൾ മദീനയെ ആക്രമിക്കുകയും മുസ്‌ലിംകളുടെ ഖലീഫയെ വധിക്കുകയും ചെയ്യുന്ന തരത്തിലുള്ള വൻജയം അവർക്ക് ലഭിക്കുക എന്നതാണ്. ഇതെല്ലാമായിട്ടും ഹദ്റത്ത് ഉമർ (റ) ശഹാദത്ത് ലഭിക്കാനായി ദുആ ചെയ്യുമായിരുന്നു. അപ്പോൾ ഇതിൽ നിന്ന് മനസ്സിലാകുന്നത് ഈ പദവി (ശഹാദത്തിന്റെ പദവി) വലിയ വലിയ സഹാബാക്കൾ പോലും ആഗ്രഹിച്ചിരുന്നു എന്നാണ്. ഈയൊരാത്മാവും ഈയൊരാവേശവും ഓരോ അഹ്മദിയും പ്രത്യേകിച്ച് ഓരോ അഹ്മദീ ഖാദിമും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കേണ്ടതാണ്. യഥാർത്ഥത്തിൽ നിലനിൽക്കേണ്ട വസ്തു ഇസ്‌ലാം അഹ്മദിയ്യത്താണെന്ന യാഥാർത്ഥ്യം ഓരോ വിദ്യാർത്ഥിയും ഓർത്തിരിക്കേണ്ടതാണ്. ഓരോ അഹ്മദിയും അഹ്മദിയ്യത്താകുന്ന ഗോപുരത്തിന്റെ ഇഷ്ടികകളാണ്. അഥവാ ഏതെങ്കിലും ഒരു സമയത്ത് അഹ്മദിയ്യത്താകുന്ന ഗോപുരത്തിന്റെ നന്മക്കായി അതിലെ ഏതെങ്കിലും ഒരു ഇഷ്ടിക പൊടിച്ചു കളയേണ്ടിവന്നാൽ അത് തങ്ങളുടെ സൗഭാഗ്യമായി മനസ്സിലാക്കുക. ഏതു വരെ ഇഷ്ടിക ചുമരിനോട് ചേർന്നിരിക്കുന്നുവോ അതുവരെ അത് വെറും ഇഷ്ടിക മാത്രമാണ്. എന്നാൽ വീടിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് ദ്വാരമുണ്ടാവുകയും അതിലൂടെ വെള്ളം അകത്ത് വരാൻ തുടങ്ങുകയും ചെയ്താൽ ഒരു ഇഷ്ടികയെടുത്ത് പൊടിച്ച് മണ്ണാക്കി ആ ദ്വാരം അടക്കുകയും ചെയ്താൽ ആ ഇഷ്ടിക വീടായി. അതുപോലെ തന്നെ ഏതൊരു വ്യക്തിയാണോ സമുദായത്തിന് വേണ്ടി ജീവൻ ത്യജിക്കുന്നത് അവൻ സമുദായത്തിനായി തന്നെ ഖുർബാൻ ചെയ്തതായി കാണിക്കുന്നു. ആരാണോ സമുദായത്തിന്റെ നന്മക്കായി തന്നെ ഖുർബാൻ ചെയ്യുന്നത് അവൻ തനിച്ചാകുന്നില്ല മറിച്ച് അവൻ ഒരു സമുദായമായി മാറുന്നു. ഈയൊരു ആത്മാവ് എല്ലാ അഹ്മദീയുവാക്കളും തങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാക്കേണ്ടതാണ്.

ആരിലാണോ ഈയൊരു ആത്മാവ് ഉണ്ടാകുന്നത് അവർ നിസ്സാരമനുഷ്യരായി അവശേഷിക്കുന്നില്ല അവരുടെ മുഖങ്ങളിൽ നിന്നും, സംസാരങ്ങളിൽ നിന്നും, പ്രവർത്തികളിൽ നിന്നും അവർ ജീവനുള്ള മനുഷ്യരല്ല മറിച്ച് സ്വയംമരണങ്ങളായി മാറിയിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ബദർ യുദ്ധാവസരത്തിൽ അവിശ്വാസികൾ മുസ്‌ലിം സൈന്യത്തെക്കുറിച്ച് മനസ്സിലാക്കാനായി ആളെ അയച്ചപ്പോൾ അവർ തിരിച്ച് ചെന്ന് പറഞ്ഞത് ഒട്ടകങ്ങളുടെ പുറത്ത് ഞങ്ങൾ മനുഷ്യരെയല്ല മരണങ്ങളെയാണ് കണ്ടത്. അതുകൊണ്ട് അവരോട് യുദ്ധം ചെയ്യാതിരിക്കുന്നതിലാണ് നമ്മുടെ നന്മ എന്നാണ്. എപ്പോഴാണോ യുവാക്കളിൽ ഈയൊരു ആത്മാവ് ഉണ്ടാകുന്നത് അന്ന് ഇസ്‌ലാമിന് വേണ്ടി ത്യാഗം ചെയ്യാനായി അവർ തങ്ങളുടെ ഊഴവും കാത്തിരിക്കുന്ന തായും കുഫ്റിന്റെ കിളികളുടെ മേൽ ചാടിവീഴാൻ തയ്യാറായിരിക്കുന്നതായും നമുക്ക് കാണാൻ സാധിക്കുന്നതാണ്.

മശ്ഹലെ റാഹ് ഭാഗം :1


വിവ: മുബശ്ശിർ അഹ്മദ് , പെരിന്തൽമണ്ണ

തഫ്സീർ



وَلَا تَقُوْلُوْا لِمَنْ يُّقْتَلُ فِيْ سَبِيْلِ اللّٰهِ اَمْوَاتٌ ؕ
بَلْ اَحْيَآءٌ وَّ لٰكِنْ لَّا تَشْعُرُوْنَ ﴿۱۵۵﴾ 2:155

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)**



# ശുഹദാക്കൾ - ചിരംജീവികൾ

ശുഹദാക്കളെ മരിച്ചവർ എന്നു പറയാൻ സാധ്യമല്ല, കാരണം അവർ ഏതൊരു കാര്യത്തിനു വേണ്ടിയാണോ ജീവൻ നൽകിയത് അതിനെ മുന്നോട്ടു കൊണ്ടു പോകുന്ന ആളുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മാത്രമല്ല ഒരാൾ മരിച്ചാൽ രണ്ടുപേർ അയാളുടെ സ്ഥാനം ഏറ്റെടുക്കാൻ തയ്യാറാകുന്നു. അതുകൊണ്ട് അവരെക്കുറിച്ച് മൃതരെന്നു പറയരുത്. എണ്ണത്തിൽ മുൻപത്തേക്കാളുമധികരിക്കുകയാണ്. കാരണം അല്ലാഹു അവർക്കു നല്ല പ്രതിനിധികളെ ഉണ്ടാക്കിയിട്ടുണ്ട്. ആരുടെ ശേഷമാണോ ഒരു നല്ല പ്രതിനിധികളില്ലാത്തത് അവരാണ് മരിച്ചവർ. എന്നാൽ ഇവർക്ക് ധാരാളം പ്രതിനിധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൂടാതെ ഇനി ഭാവിയിലും അവരിൽ ഓരോരുത്തരുടെയും സ്ഥാനത്ത് അനേകം പ്രതിനിധികളെ ഞാൻ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നതാണ്. തങ്ങളുടെ ശുഹദാക്കളുടെ സ്ഥാനം ഏറ്റെടുത്തു കൊണ്ടേയിരിക്കുന്ന അത്തരം വ്യക്തികളുള്ള സമൂഹം ഒരിക്കലും മരിക്കുകയില്ല. തങ്ങളുടെ പ്രതിനിധികളെ വാർത്തെടുത്തുകൊണ്ടേയിരിക്കുന്ന സമൂഹം, അതെത്ര തന്നെ ചെറുതാണെങ്കിലും അതിനെ ആർക്കും നശിപ്പിക്കാൻ സാധിക്കുകയില്ല.

അതുകൊണ്ട് പറയുന്നു, മുസ്‌ലിംകൾ വധിക്കപ്പെട്ടവരാണെന്നാണോ നിങ്ങൾ ധരിച്ചിരിക്കുന്നത്? മുസ്‌ലിംകൾ മരിച്ചിട്ടില്ല അവർ ജീവിച്ചിരിക്കുന്നു. അവരിൽ ഒരാൾ മരിക്കുമ്പോൾ മറ്റൊരാൾ ആ സ്ഥാനം ഏറ്റെടുക്കുന്നു. ബദർ യുദ്ധത്തിൽ കുറച്ച് മുസ്‌ലിംകൾ വധിക്കപ്പെട്ടുവെങ്കിലും ഉഹദിൽ അതിനേക്കാൾ കൂടുതൽ പേർ എഴുന്നേറ്റു. ഉഹദിൽ അല്പം പ്രയാസം അനുഭവിക്കുകയും കുറച്ചു മുസ്‌ലിംകൾ മരിക്കുകയും ചെയ്തപ്പോൾ ഖന്തഖ് യുദ്ധത്തിൽ അതിലും കൂടുതൽ പേരാണ് എഴുന്നേറ്റത്. ഖന്തഖ് യുദ്ധത്തെ അപേക്ഷിച്ച് മക്കാ വിജയവേളയിൽ കൂടുതൽ ആളുകളുണ്ടായി. ഇനി മക്കാവിജയ സമയത്ത് അവർക്ക് ചെറിയ എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ തബൂക്ക് യുദ്ധത്തിനായി റസൂൽ കരീം(സ)അതിനേക്കാളും എത്രയോ അധികം പേരെ കൊണ്ടു പോയി.

ചുരുക്കത്തിൽ, ഓരോ ചുവടിലും മുൻപത്തേക്കാൾ കൂടുതൽ ത്യാഗം ചെയ്യുന്ന ആളുകൾ ഉണ്ടാകുമായിരുന്നു. ത്യാഗത്തിന്റെ ഈ സ്ഥാനത്തേക്കെത്തിച്ചേർന്ന ഒരു സമുദായത്തെ ആർക്കും തകർക്കാൻ സാധിക്കുകയില്ല. ഇത്തരം സമുദായങ്ങളെ അല്ലാഹുവാണ് എഴുന്നേൽപ്പിക്കുന്നത്.

ഈ പ്രയോഗത്തിന്റെ മറ്റൊരു അർത്ഥമിതാണ്, അതായത് അവർ വ്യസനങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും വിമുക്തരായിരിക്കും. ഒരാളുടെ പര്യവസാനം, അയാൾ ദൈവമാർഗ്ഗത്തിൽ വധിക്കപ്പെട്ടു എന്നതാണെങ്കിൽ അയാൾക്ക് പരലോകത്ത് എന്ത് ദുഃഖമുണ്ടാകാനാണ്? അതുകൊണ്ട് അവർ സന്തോഷഭരിതരും ഈ ജീവിതത്തേക്കാളും ഉന്നതമായ ജീവിതം പ്രാപിച്ചിരിക്കുന്നവരുമാണ്. അവരെ മരിച്ചവർ എന്നു പറയരുത്. മരണം എന്നത് ദുഃഖത്തിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നതാണ്............ കൂടാതെ അവർക്ക് അല്ലാഹുവിൽ നിന്നും പാരിതോഷികങ്ങൾ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പിന്നെ അവരെ മരിച്ചവർ എന്നു പറയുന്നത് എങ്ങിനെ ശരിയാകും? ശഹീദിന് ഉന്നത ജീവിതം മരണത്തിനു ശേഷമാണ് ലഭിക്കുന്നത്......... ശഹീദിന് മൂന്നു ദിവസത്തിനകം ജീവൻ നൽകപ്പെടുന്നുവെന്നും മറ്റൊരാൾ ഒരു നീണ്ട കാലം കൊണ്ട് കരസ്ഥമാക്കുന്ന പരിപൂർണ്ണത അവർ (ഈ കാലയളവിൽ തന്നെ) കരസ്ഥമാക്കുകയും ചെയ്യുമെന്ന് ചില ഹദീസുകളിൽ നിന്നും മനസ്സിലാകുന്നു...........ചുരുക്കത്തിൽ, ജീവൻ എന്നുള്ളത് വിശ്വാസിക്കും സത്യനിഷേധിക്കും ലഭിക്കും. എന്നാൽ ശഹീദ് അല്ലാഹുവിനു വേണ്ടി തന്റെ ജീവൻ നൽകിയിരിക്കുന്നതു കൊണ്ട് അവന് മരണശേഷം ഒരു ഉന്നത ജീവിതം ലഭി ക്കുന്നു. ഈ ആയത്തിൽ, ശഹീദിനെ ജീവിച്ചിരിക്കുന്നതായി കണക്കാക്കുവാനുള്ള ഒരു കാരണം കൂടിയുണ്ട്. അതായത്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ നൽകുന്നതിൽ ഒരു വിശ്വാസിക്കുണ്ടാകുന്ന ആശങ്ക, താൻ മരിക്കുകയാണെങ്കിൽ സൽക്കർമങ്ങളിൽ നിന്നും അകറ്റപ്പെടുമല്ലോ എന്നുള്ളത് മാത്രമായിരിക്കും. ഉദാഹരണമായി, ഒരു വ്യക്തിയുടെ ആയുസ്സ് നാല്പത് വർഷമാണ്. എന്നാൽ അറുപത് വയസ്സു വരെ ആ വ്യക്തി ജീവിച്ചിരിക്കുകയായിരുന്നെങ്കിൽ ആ കാലയളവിൽ ഒരുപാട് നന്മകൾ ചെയ്യാൻ സാധിക്കുമായിരുന്നു. ഈ ഒരു ചിന്ത മാത്രമാ യിരിക്കും മരണത്തിനിടയിൽ തടസ്സമായിട്ട് അദ്ദേ ഹത്തിനുണ്ടാകുക. അല്ലാത്ത പക്ഷം, യഥാർത്ഥത്തിൽ അദ്ദേഹം പരലോക ജീവിതത്തിനു മുൻതൂക്കം നൽകുകയാണെങ്കിൽ ഭൗതികമായ യാതൊരു ചിന്തയ്ക്കും അദ്ദേഹത്തിന്റെ വഴിയിൽ തടസ്സമാകാനേ കഴിയില്ല............

വലാ തഖൂലൂ ലിമയ്യുഖ്തലു ഫീ സബീലില്ലാഹി അംവാത്തുംബൽ അഹ്‌യാഅ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ നൽകുന്നവരെ നിങ്ങൾ മരിച്ചവർ എന്നു പറയരുത്. അവർ മരി ച്ചവരല്ല മറിച്ച്, ജീവിച്ചിരിക്കുന്നവരാണ്. അതായത് ശഹീദിന്റെ കർമ്മങ്ങൾ ഒരിക്കലും അവ സാനിക്കുന്നതല്ല അവർ ജീവിച്ചിരിക്കുന്നവരാണ്. അവരുടെ കർമ്മങ്ങൾ എപ്പോഴും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അവൻ അല്ലാഹുവിനു വേണ്ടി തന്റെ ജീവൻ ബലിയർപ്പിച്ചു. അവന്റെ കർമ്മങ്ങൾ നിലച്ചു പോകണമെന്ന് അല്ലാഹുവും ആഗ്രഹിക്കു ന്നില്ല...........

വലാക്കില്ലാ തശ്ഉറൂൻ......നിങ്ങൾ യഥാർത്ഥ ശുഊർ(തിരിച്ചറിവ്)കൊണ്ടു പ്രവർത്തിക്കുക. ശുഹദാക്കളെ മരിച്ചവർ എന്നു പറഞ്ഞുകൊണ്ട് അവരെ അവഹേളിക്കരുത്. അവർ മരിച്ചവരല്ല, യഥാർത്ഥത്തിൽ അവരാണ് ജീവിച്ചിരിക്കുന്നവർ. ചരിത്രം അവരുടെ നാമം ജീവനുള്ളതാക്കി നിലനിർത്തുന്നതാണ്. വരും തലമുറ അവരുടെ കാൽപാടുകളിലൂടെ ചരിക്കുകയും അവരുടെ സൽകർമങ്ങളെ ഓർമ്മ വയ്ക്കുകയും അവരുടെ ഉന്നതപദവിക്കും പാപപ്പൊറുതിക്കും വേണ്ടി അല്ലാഹുവിനോടു സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതുമാണ്. അസ്ഥി പഞ്ജരത്തോടു കൂടിയുള്ളവരെയാണ് നിങ്ങൾ ജീവനുള്ളവർ എന്നു പറയുന്നത്. എന്നാൽ മരിച്ചിട്ടും തങ്ങളുടെ സമുദായത്തെ ജീവനുള്ളതാക്കി മാറ്റിയവരാണ് വാസ്തവത്തിൽ ജീവിച്ചിരിക്കുന്നവർ. ദൈവമാർഗത്തിൽ വീരമൃത്യു വരിച്ചവരും നിങ്ങൾക്കു മൃതരായിട്ടാണ് കാണപ്പെടുന്നത്, പക്ഷേ അത് നിങ്ങളുടെ ഗ്രാഹ്യശേഷിയുടെ ന്യൂനതയാണ്. അതു നിങ്ങൾ നന്നാക്കുകയും ജീവിതവും മരണവുമെന്ന ശൃംഖലയെ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക.

(തഫ്സീറെ കബീർ-ഭാഗം 2, പേജ് 288-293)

(വിവ. കെ നജ്മുദ്ദീൻ മുറിയക്കണ്ണി)

**യുദ്ധാവസരത്തിൽ പുറംതിരിഞ്ഞ് ഓടുന്നവനല്ല ഞാൻ. മറിച്ച് യുദ്ധമൈതാനത്ത് രക്തത്തിലും ചെളിയിലും പുരണ്ട അവസ്ഥയിലേ എന്നെ കാണാൻ കഴിയൂ.**

- ഹദ്റത്ത് അഹ്മദ് (അ) -



ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്
സദർ മജ് ലിസ് അൻസാറുല്ലാഹ് ,പാക്കിസ്ഥാൻ

ചരിത്രം
ഇഷ്

# അനശ്വരജീവതം

## എൺപതിലധികം മുറിവുകൾ!

ഹദ്റത് അനസ് ബിൻ നളർ അൻസ്വാരി(റ) തിരുനബി(സ)നു വേണ്ടി തന്നെ പൂർണ്ണമായി സമർപ്പിച്ചയാളും, കൂറിന്റെ രംഗത്ത് പൗരുഷത്തോടെ ഉറച്ചുനിന്ന വ്യക്തിയുമായിരുന്നു. ശഹീദാകാനുള്ള ഉൽക്കടമായ ആഗ്രഹം അദ്ദേഹം തിരുനബിയുടെ സവിധത്തിൽ പല വുരു ബോധിപ്പിച്ചതാണ്. ബദ്ർ യുദ്ധം പെട്ടെന്നാണ് ഉണ്ടായത്. പല സ്വഹാബാക്ക ൾക്കും അതിൽ ഭാഗഭാക്കാകാൻ കഴിഞ്ഞില്ല.
ഹദ്റത് അനസ് ബിനു നളർ(റ)ഉം അക്കൂട്ടത്തിൽപ്പെട്ടയാളായിരുന്നു. ഒരു ദിവസം അദ്ദേഹം തിരുനബിയുടെ സവിധത്തിൽ എത്തി, ബദ്റിൽ ഭാഗഭാക്കാകാൻ കഴിയാത്ത തിലുള്ള ഖേദം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, യാ റസൂലല്ലാഹ്! എനിക്ക് ബദ്റിൽ പങ്കെ ടുക്കാൻ കഴിഞ്ഞില്ല, എന്നാൽ ഇനി ഒരു യുദ്ധമുണ്ടായാൽ താൻ എന്തു ചെയ്യുന്നുവെന്ന് അല്ലാഹുവും കാണുന്നതാണ് .
ശഹാദത്തിനുള്ള ഈ പരിശുദ്ധവും സത്യസന്ധവുമായ ആഗ്രഹവുമായി അനസ് ബിൻ നളർ (റ) ഉഹദിന്റെ മൈതാനത്തിൽ ഇറങ്ങി പ്രവർത്തിപഥത്തിലൂടെ തന്റെ ആഗ്രഹം പൂർത്തിയാക്കിയപ്പോൾ എല്ലാവരും അൽഭുതപ്പെട്ടു. യുദ്ധം കഴിഞ്ഞ പ്പോൾ, മുസ്ലിംകൾ അനസ് ബിനു നളർ(റ)ന്റെ ശരീരം തിരയാൻ തുടങ്ങി. പക്ഷെ കണ്ടെത്താൻ കഴിയുന്നു ണ്ടായിരുന്നില്ല. അങ്ങിനെ അദ്ദേഹത്തിന്റെ സഹോദരി റബീത്ത് ബിൻത് നളർ തിരയാൻ എത്തുകയുണ്ടായി.പല മൃതശരീരങ്ങളും കണ്ടെങ്കിലും സഹോ ദരനെ തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല. ഒടുവിൽ ഒരു മൃതശരീരം കണ്ടപ്പോൾ അവർ അവിടെ നിന്നു. കയ്യിലെ ഒരു വിര ലിലുണ്ടായിരുന്ന ഒരു അടയാളം കണ്ടപ്പോൾ അത് തന്റെ സഹോദരൻ തന്നെയെന്ന് അവർ മനസ്സിലാക്കുകയുണ്ടായി. അപ്പോഴാണ് അനസിന്റെ ജനാസ കിട്ടാത്തതിന്റെ കാരണവും ബോധ്യപ്പെട്ടത്. യഥാർഥത്തിൽ അൻസ് ബിൻ നളർ(റ) ന്റെ ശരീരത്തിൽ എൺപതിലധികം മുറിവുകളുണ്ടായിരുന്നു. വാളും ശരവും കുന്തവും കൊണ്ടുണ്ടായ മുറിവുകൾ! (ബുഖാരി)
അതുകൊണ്ട് തന്നെ മൃതദേഹം വികൃതമായിട്ടുണ്ടായിരുന്നു.
അല്ലയോ അനസ് ബിൻ നളർ, താങ്കൾക്ക് സമാധാനം. താങ്കൾ ശഹാദത്ത് വരിച്ചു കൊണ്ട് അനശ്വരമായ സ്വർഗത്തിന്റെ അവകാശിയായിരിക്കുന്നു.

## ഈ ദൈവിക അമാനത്തിന് ഒരു കോട്ടവും വരുത്തരുത്

ഉഹദിലെ മറ്റൊരു ശഹീദ് ഹദ്റത് സഅദ് ബിൻ റബീഅ് അൻസ്വാരി(റ) ആയിരുന്നു. അദ്ദേഹം തന്റെ ഗോത്രത്തിന്റെ തലവനുമായിരുന്നു. ഉഹദ് യുദ്ധത്തിൽ ധൈര്യ ത്തോടെ പോരാടി ശഹാദത്ത് വരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശഹാദത്ത് ഒരു ഭാഗത്ത് വേദനയും പാഠങ്ങളുമാണ് നമുക്ക് നൽകുന്നത്.
യുദ്ധം കഴിഞ്ഞപ്പോൾ നബി(സ) തന്റെ ആത്മാർഥരായ സുഹൃത്തുക്കളെ ഓരോ രുത്തരെ അന്വേഷിക്കുകയായിരുന്നു. സഅദ് ബിൻ റബീഅ് എവിടെയാണെന്നും എന്തവസ്ഥയിലാണെന്നും അന്വേഷിച്ചുവരാനും തിരുനബി(സ) ആളെയയച്ചു. അങ്ങനെ സ്വഹാബാക്കളായ മുഹമ്മദ് ബിനു മുസ്ലിമ(റ)ഉം ഉബയ്യിബ്നു കഅബ്(റ)ഉം ഉഹദ് മൈതാനത്തിലേക്ക് അന്വേഷണത്തിനായി പുറപ്പെട്ടപ്പോൾ നബി(സ) പറഞ്ഞു. സഅദ് ബിൻ റബീഅ്ന് എന്റെ സലാം പറയണം. അല്ലാഹുവിന്റെ റസൂൽ താങ്കളെ അന്വേ ഷിച്ചുവെന്നും, ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞു വെന്നും പറയണം. അവർ രണ്ടുപേരും ദീർഘനേരത്തെ അന്വേഷണത്തിനൊടുവിൽ അദ്ദേഹത്തിനടുത്തെത്തി പറഞ്ഞു: സഅദ് ബിൻ റബീഅ്! തിരുനബി(സ) ഞങ്ങളെ അയച്ച് താങ്കൾക്ക് സലാം പറയുകയും താങ്കളുടെ അവസ്ഥകളെക്കുറിച്ച് ആരായുകയും ചെയ്യുന്നു.
ഹദ്റത് സഅദ് ബിൻ റബീഅ് ജീവിതത്തിന്റെ അവസാനഘട്ടത്തിലായിരുന്നു.
അവസാന നിമിഷങ്ങൾ: സാധാരണഗതിയിൽ ഈ അവസാന വിലപ്പെട്ട നിമിഷങ്ങളിൽ മനുഷ്യൻ, തന്റെ ഭാര്യയേയും മക്കളേയും ഓർത്ത് അവർക്ക് വേണ്ടി വസിയത്ത് ചെയ്യുകയോ, സ്നേഹനിർഭരമായ വല്ല സന്ദേശവും നൽകുകയോ ചെയ്യും.

പക്ഷെ സഅദ് ബിൻ റബീഅ്, തിരുനബിയുടെ സത്യസന്ധനായ പ്രേമിയായിരുന്നു. അദ്ദേ ഹത്തിന്റെ നാവിൽ നിന്ന് വന്ന വാക്കുകൾ തീർച്ചയായും സുവർണ്ണലിപികളിൽ ചരിത്രത്തിൽ എന്നെന്നും മഹാത്മ്യത്തോടേയും സ്നേഹത്തോടെയും ഓർമ്മിക്കപ്പെടുക തന്നെ ചെയ്യും.
ഹദ്റത്ത് സഅദ്(റ) പറഞ്ഞു, തിരുനബി(സ) ന് എന്റെ സലാം അറിയിക്കണം, മാത്രമല്ല തിരുനബിയോട് ഇത്ര കൂടി പറയണം, പ്രിയ യജമാനരേ, അനുയായികളുടെ അനു സരണ കാരണം നബിമാരുടെ കണ്ണുകൾക്ക് കുളിർമ്മ ലഭിച്ചിട്ടുണ്ട്. അല്ലാഹു അങ്ങ യുടെ കണ്ണുകൾക്ക് ഞങ്ങൾ കാരണം കുളിർമ്മ നൽകുമാറാകട്ടെ.
എന്റെ സമുദായത്തോട് പറയണം, ഞങ്ങൾ ജീവിച്ചിരുന്നത്രയും കാലം തിരു നബി(സ)മാകുന്ന അമാനത്തിനെ സംരക്ഷിച്ചു പോന്നിട്ടുണ്ട്. ഞങ്ങൾ ഉഖ്ബ താഴ്വ രയിൽ വെച്ച് തിരുനബിയെ സംരക്ഷിക്കുമെന്ന് ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. അത് ഞങ്ങൾ സത്യസന്ധമായി പ്രാവർത്തികമാക്കി. ഇനി ഈ അമാനത്ത് നിങ്ങളുടെ ചുമതലയിലാണ്. നിങ്ങൾ ഈ അമാനത്തിനെ സംരക്ഷിച്ചില്ലെങ്കിൽ, നാളെ ഖിയാമത്തിൽ ദൈവസവിധ ത്തിൽ നിങ്ങളുടെ ഒരു ഒഴികഴിവും സ്വീകരിക്കപ്പെടുകയില്ല.
ഇത്രയും പറഞ്ഞ് ഹദ്റത് സഅദ് (റ) ജീവൻ വെടിഞ്ഞു.
അല്ലയോ സഅദ്(റ), താങ്കൾക്ക് ആയിരമായിരം ആശംസകൾ, തീർച്ചയായും ദൈവ സവിധത്തിലെ മലക്കുകളും ഈ ദൃശ്യം കണ്ട് താങ്കൾക്ക് അഭിനന്ദനങ്ങളും ആശി സുകളും ചൊരിയുന്നതാണ്.

## ഞാൻ ദൈവമാർഗത്തിൽ ശഹീദാവുകയാണ് !

ഇസ്ലാമിക ചരിത്രത്തിലെ മറ്റൊരു സംഭവം പത്ത് മുസ്ലിംകൾ ഒരുമിച്ച് ശഹീദാ ക്കപ്പെട്ടതാണ്. അത് റജീഅ് സംഭവമെന്ന പേരിൽ പ്രസിദ്ധമാണ്. നിഷേധികൾ സംര ക്ഷണം നൽകുമെന്ന ഉടമ്പടിയിൽ തങ്ങളെ സ്വയം സമർപ്പിച്ച മൂന്ന് മുസ്ലിംകളിൽ ഒരാളായിരുന്നു ഹദ്റത്ത് ഖുബയ്ബ്(റ). ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തിന്റെ കൈകൾ കൊണ്ട് ഹാരിസ് ബിൻ ആമിർ കൊല്ലപ്പെട്ടിരുന്നു. അയാളുടെ മക്കൾ പ്രതികാരം തീർക്കാൻ ഖുബയ്ബിനെ വിലക്ക് വാങ്ങുകയുണ്ടായി. (നബി(സ) ശത്രുനീക്കം അറിയാൻ നിയോഗിച്ച 10പേരിൽ ഖുബയ്ബും സൈദും അവശേഷിച്ചിരുന്നു.) ശത്രുക്കൾ 8 പേരെ ശഹീദാക്കുകയും ഇവരെ മക്കയിലെ മുശ്രി ക്കുകൾക്ക് വിൽക്കുകയുമാണുണ്ടായത്. അപ്പോഴാണ് ഹാരിസ്ബിൻ ആമിറിന്റെ മക്കൾ അദ്ദേഹത്തെ വിലക്ക് വാങ്ങിയത്. കുറച്ചു കാലം തടവിൽ പാർപ്പിച്ച ശേഷം അവർ അദ്ദേഹത്തെ വധസ്ഥലത്തേക്ക് കൊണ്ടുപോയി. അവസാന ആഗ്രഹം ചോദിച്ചപ്പോൾ ഖുബയ്ബ് പറഞ്ഞു. എനിക്ക് രണ്ട് റക്അത്ത് നമസ്കരിക്കണം. അനുമതി കിട്ടിയപ്പോൾ അദ്ദേഹം വേഗംവേഗം നമസ്കരിച്ചു. തുടർന്ന് പറഞ്ഞു, എന്റെ ഹൃദയാഭിലാഷം ജീവിതത്തിലെ ഈ അവസാന നമസ്കാരം ദീർഘിപ്പി ക്കണമെന്നായിരുന്നു. പക്ഷെ ഞാൻ മരണത്തെ ഭയന്ന് നമസ്കാരം ദീർഘിപ്പിക്കുക യാണെന്ന് കരുതാതിരിക്കാനാണ് വേഗം വേഗം നമസ്കരിച്ചത്. അങ്ങിനെ അദ്ദേഹത്തെ വധിക്കുന്നതിനായി നിർത്തിയപ്പോൾ അറബിയിൽ ഈ ഈരടികൾ ചൊല്ലി

*വമാ ഇൻ ഉബാലി ഹീന ഉഖ്തലു മുസ് ലിമൻ*
*അലാ അയ്യി ശിഖിൻ കാന ലില്ലാഹി മസ്വ്റഈ*
*വദാലിക്ക ഫീ ദാത്തിൽ ഇലാഹി വ ഇൻ യശഅ്*
*യുബാരിക് അലാ ഔലി ശൽവിൻ മുമസ്സഈ*

ഞാൻ മുസ്ലിമായി വധിക്കപ്പെടുമ്പോൾ ഏതു ഭാഗത്തേക്ക് മരിച്ചു വീഴുമെന്നതിൽ പ്രശ്നമില്ല. എന്റെ ഈ ശഹാദത്ത് ദൈവമാർഗത്തിലാണ് . അല്ലാഹു ആഗ്രഹിച്ചാൽ എന്റെ ശരീരത്തിന്റെ എല്ലാ ഓരോ അംശത്തിലും അനുഗ്രഹങ്ങളും കാരുണ്യവും വർഷിക്കു ന്നതാണ്.
ഇത്രയും പറഞ്ഞ് ഹദ്റത് ഖുബയ്ബ്(റ) ശഹാദത്തിന്റെ അതിമഹത്തായ യാത്രയാരംഭിച്ചു..




ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)



# ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്

## കർമങ്ങളഖിലവും ഉദ്ദേശ്യത്തിലധിഷ്ഠിതമാണ്

ഈ ഹദീസിൽ വിശ്വാസികൾക്ക് ഒരു മഹത്തായ സുവാർത്ത ഉള്ളതോടൊപ്പം തന്നെ കപട വിശ്വാസികൾക്ക് മുന്നറിയിപ്പുമുണ്ട്. വിശ്വാസികൾക്കുള്ള സുവാർത്ത ഇപ്രകാരമാകുന്നു, ചില സമയത്ത് വിശ്വാസിക്ക് അല്ലാഹുവിന്റെ മാർഗത്തിൽ പരിപൂർണ്ണമായ നിലയിൽ തന്റെ ആവേശത്തെ പൂർത്തിയാക്കാൻ കഴിയില്ല. ദീനിന്റെ മാർഗത്തിൽ ത്യജിക്കപ്പെടാൻ അവൻ ആഗ്ര ഹിക്കുന്നു. എന്നാൽ അതിനുള്ള അവസരം ലഭിക്കുന്നില്ല. അവന്റെ ആഗ്രഹം മനസ്സിൽ തന്നെ അടങ്ങുന്നു. കാരണം ത്യജിക്കപ്പെടാൻ ആഗ്രഹിച്ചത് കൊണ്ടു മാത്രം ആരും ത്യജിക്ക പ്പെടുന്നതല്ല. അതിനായി ഒരു ശത്രുവിന്റെ ആവശ്യകതയുണ്ട്. ദീനിയായ വിരോധത്തിൽ മാത്രമായിരിക്കണം അവൻ വധിക്കപ്പെടേണ്ടത്. ഇത് ഒരു വ്യക്തിയുടെ നിയന്ത്രണത്തിലുള്ള കാര്യമല്ല. ഇതിനു പകരമായി ഒരു വ്യക്തി മറ്റൊരാളുടെ അടുക്കൽ ചെന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കപ്പെടുന്നതിനായി എന്റെ കഴുത്തിൽ കോടാലി കൊണ്ട് വെട്ടുക എന്നു പറഞ്ഞാൽ അത് ത്യാഗമാകില്ല. പ്രത്യുത ആത്മഹത്യയായിരിക്കും. അത്തരത്തിലുള്ള വ്യക്തി അഥവാ അറിവില്ലാത്തവനാണെങ്കിൽ അവന്റെ അറിവില്ലായ്മയ്ക്കനുസരിച്ച് അല്ലാഹുവിൽ നിന്നും ശിക്ഷ കരസ്ഥമാക്കുന്നതാണ്. ഇനി അവൻ ജ്ഞാനിയാണെങ്കിൽ, ദീനിന്റെ ജ്ഞാനം ഉണ്ടായിരുന്നിട്ടും ഇത്തരം പ്രവർത്തി ചെയ്താൽ അവൻ തന്റെ പാണ്ഡിത്യത്തിനനുസരിച്ചുള്ള ശിക്ഷ അല്ലാഹുവിൽ നിന്ന് കരസ്ഥമാക്കുന്നതാണ്. എന്തായാലും ഇത്തരത്തിൽ മരിക്കുന്നവരെ ആത്മഹത്യ ചെയ്യുന്നവരായി മാത്രമേ കണക്കാക്കുകയുള്ളൂ. അവന് അല്ലാഹുവിന്റെ ദീനിനോട് വലിയ സ്നേഹമായിരുന്നു, അവൻ അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ ജീവൻ ബലിയർപ്പിച്ചു എന്ന് പറയപ്പെടില്ല. ഏതെങ്കിലും വ്യക്തി ദീനിന്റെ വിദ്വേഷം മനസ്സിൽ വെച്ച് അവനെ ഇസ്ലാമിൽ നിന്ന് പിന്തിരിപ്പിക്കാൻ അഗ്രഹിക്കുകയും, എന്നാൽ അവൻ ഇസ്ലാം ഉപേക്ഷിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്താൽ തന്റെ ആന്തരിക ദുഷ്ടതയാൽ ആ വിശ്വാസിയെ ആക്രമിച്ച് വധിക്കുന്നു. അപ്പോഴാണ് അവനെ സംബന്ധിച്ച് ശഹീദാണെന്ന് പറയപ്പെടുക. അപ്പോൾ ശഹാദത്ത് ഏതെങ്കിലും വ്യക്തിയുടെ നിയന്ത്രണത്തിലല്ല. മറിച്ച് മറ്റുള്ളവരുടെ നിയന്ത്രണത്തിലാണ്. ആ നിയന്ത്രണത്തിലുള്ള ആൾ സുഹൃത്തുമായിരിക്കില്ല. മറിച്ച് ഇത് ശത്രുവിന്റെ നിയന്ത്രണത്തിലായിരിക്കും. സുഹൃത്തുക്കളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച്, അവരോട് അപേക്ഷിച്ചുകൊണ്ടോ, ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടോ, നിർബന്ധം ചെലുത്തിക്കൊണ്ടോ എന്റെ ആഗ്രഹം പൂർത്തിയാക്കി തരിക എന്ന് മനുഷ്യന് ചിന്തിക്കാൻ കഴിയും. എന്നാൽ ഇക്കാര്യം അവന്റെ സുഹൃത്തുക്കളുടെ നിയന്ത്രണത്തിലുമല്ല. ഉദാഹരണമായി അതിഥി സൽക്കാരം നല്ല പ്രതിഫലം ലഭിക്കുന്ന കർമ്മമാണ്. എന്നാൽ ഇത് മനുഷ്യന്റെ സ്വന്തം നിയന്ത്രണത്തിലാണ്. അതുപോലെ ഏതെങ്കിലും സുഹൃത്തിനെ ക്ഷണിക്കുക എന്നതും അവന്റെ നിയന്ത്രണത്തിലുള്ളതാണ്. അവന് തന്റെ സുഹൃത്തിന്റെ അടുത്ത് ചെന്ന് ഇന്ന് താങ്കൾ എന്റെ അടുത്ത് നിന്നും ഭക്ഷണം കഴിക്കുക എന്ന് പറയാൻ കഴിയും. അയാൾ അത് സ്വീകരിക്കുകയും ചെയ്യും. ചില സമയത്ത് നാം ക്ഷണിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി പുണ്യാത്മാവാകുന്നു. അത്തരം അവസരത്തിൽ നാം ആ പുണ്യാത്മാവിന്റെ പക്കൽ ചെന്ന് എന്റെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കുക എന്ന ആഗ്രഹം പ്രകടിപ്പിക്കുകയും, അദ്ദേഹത്തിന്റെ അനുഗ്രഹ കടാക്ഷത്തിനായി നിർബന്ധം ചെലുത്തുകയും ചെയ്യുന്നു. അപ്പോൾ ആ പുണ്യാത്മാവിന്റെ പക്കൽ സമയമുണ്ടെങ്കിൽ, നമ്മുടെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കുന്നതിൽ പ്രശ്നമൊന്നും ഇല്ലെങ്കിൽ, നമ്മുടെ ക്ഷണം സ്വീകരിക്കുന്നു. അതു പോലെ നാം നമ്മുടെ അയൽപക്കത്ത് ചെന്ന് അവരോട് നമ്മുടെ വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാൻ സ്നേഹത്തോടെ പറയുകയാണെങ്കിൽ അവർ നമ്മുടെ ക്ഷണം സ്വീകരിക്കുന്നു. ചുരുക്കത്തിൽ ഇവ നമ്മുടെ സുഹൃത്തുക്കളുടെ നിയന്ത്രണത്തിലുള്ള കാര്യങ്ങളാണ്. എന്നാൽ ശഹാദത്ത് സുഹൃത്തുക്കളുടെ നിയന്ത്രണത്തിലല്ല. പ്രത്യുത ശത്രുവിന്റെ നിയന്ത്രണത്തിലാണ്. ഇതിൽ അപേക്ഷയോ, ആഗ്രഹം പ്രകടിപ്പിക്കലോ, നിർബന്ധം ചെലുത്തുകയോ ഒന്നും ബാധകമല്ല. ഇക്കാര്യം അയാളുടെ ഇഷ്ടത്തിലാണ്. വേണമെങ്കിൽ കൊല്ലാം, അല്ലെങ്കിൽ വിട്ടേക്കാം.

ശഹാദത്ത് വരിക്കുക വലിയ പുണ്യമുള്ള കാര്യമായി അല്ലാഹു നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ തടയുന്നതിനുള്ള കല്പനയും നൽകുന്നു. ശഹാദത്ത് ഒരു വലിയ പദവിയാണ്, ശഹീദാകുന്ന വ്യക്തി വലിയ പ്രതിഫലത്തിന് അർഹനാകുന്നു എന്ന് നിശ്ചയമായും അല്ലാഹു പറഞ്ഞിട്ടുണ്ട്. എങ്കിലും ശത്രുക്കൾ നിങ്ങളെ ആക്രമിക്കുമ്പോൾ അതിനെ പ്രതിരോധിക്കരുതെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച് അല്ലാഹു നൽകുന്ന കല്പന, ശത്രുക്കൾ നിങ്ങളെ ആക്രമിക്കുമ്പോൾ നിങ്ങൾ ശക്തമായി പ്രതിരോധിക്കുക എന്നാണ്.

ചുരുക്കത്തിൽ ഒരു ഭാഗത്ത് ശഹാദത്തിനെ അല്ലാഹു അനുഗ്രഹമായി വിധിക്കുമ്പോൾ മറുഭാഗത്ത് ഇസ്ലാമിന്റെ സംരക്ഷണാർത്ഥം ആ അനുഗ്രഹത്തിലേക്ക് ഓടിപ്പോകുന്നതിനെ വിലക്കുന്നു. ഇസ്ലാമിന്റെ സുരക്ഷയ്ക്കായി സ്വന്തം ജീവൻ സംരക്ഷിക്കുക എന്നാണ് മുസ്ലിംകൾക്ക് നൽകിയിട്ടുള്ള കല്പന.

ചുരുക്കത്തിൽ ഒന്നാമതായി ശഹാദത്തിന്റെ അനുഗ്രഹം ശത്രുക്കളുടെ നിയന്ത്രണത്തിലാണ്. പിന്നീട് ശഹാദത്തിന് അവസരം ലഭിക്കുന്നവർക്ക് ഉടൻ തന്നെ അത് സ്വീകരിക്കുന്നതിനുള്ള അനുമതിയുമില്ല. മറിച്ച്, ശത്രുക്കളുടെ ആക്രമണത്തെ തങ്ങളുടെ മുഴുവൻ ശക്തിയും ഉപയോഗിച്ച് തടയുകയും എന്നിട്ടും ശത്രുക്കൾ വിജയിക്കുകയാണെങ്കിൽ ശഹാദത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുക എന്നതാണ് കല്പന. അപ്പോൾ ശഹാദത്ത് മനുഷ്യന്റെ നിയന്ത്രണത്തിലല്ലാത്ത അനുഗ്രഹമാണ്. എന്നാൽ ആരെയെങ്കിലും ഭക്ഷണത്തിനായി ക്ഷണിക്കുന്നത് മനുഷ്യന്റെ നിയന്ത്രണത്തത്തിലുള്ളതാണ്.

ചുരുക്കത്തിൽ ലോകത്തുള്ള ചില അനുഗ്രഹങ്ങൾ കരസ്ഥമാക്കുക എന്നത് മനുഷ്യന്റെ നിയന്ത്രണത്തിലാണ്. ചില അനുഗ്രഹങ്ങൾ മനുഷ്യന്റെ നിയന്ത്രണത്തിന് പുറത്തുമാണ്. മനുഷ്യനിയന്ത്രണത്തിന് പുറത്തുള്ള അനുഗ്രഹങ്ങൾ ലഭിക്കുക എന്നത് വിധിയാണ്. അതുകൊണ്ടാണ് ധാരാളം ആളുകൾ ആഗ്രഹിച്ചിട്ടും പരിശ്രമിച്ചിട്ടും ഇത്തരത്തിലുള്ള അനുഗ്രഹത്തിൽ നിന്ന് പിന്തള്ളപ്പെടുന്നത്. സഹാബാക്കൾ(റ)ന് അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാകുന്നതിനുള്ള ആഗ്രഹം ഉണ്ടായിരിക്കുകയും ആ പദവി കരസ്ഥമാക്കാൻ വളരെയധികം പ്രയത്നിക്കുകയും ചെയ്തു. എന്നിട്ടും ചിലർ മാത്രമാണ് ശഹീദായത്. അങ്ങിനെ ചിലർ പെട്ടെന്ന് ശഹീദായി. മറ്റുള്ളവർ ജീവിതം മുഴുവനും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടും ശഹീദായില്ല.

(ഖുത്വുബ ജുമുഅ 9.1.42)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2012 ജൂൺ
പുസ്തകം 20 ലക്കം 6

യുഗനാദം
ഹദ്റത് അഹ്മദ്(അ)



# ശഹാദത്ത് അഥവാ ജീവത്യാഗം

വിശ്വാസസ്ഥൈര്യത്തെ ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ദൈവമാർഗത്തിൽ ജീവത്യാഗം ചെയ്തുവരുന്ന ചരിത്രം പ്രവാചക വൃത്താന്തത്തിലുടനീളം കാണാൻ കഴിയും.

വ്യത്യസ്ത രൂപഭാവങ്ങളിലും വാദഗതികളിലും പ്രവാചകന്മാരെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ട നിഷേധികൾ എന്നും വിശ്വാസികളെ എല്ലാ നിലക്കും ആക്രമിച്ചുകൊണ്ടിരുന്നു. എന്നാൽ വിശ്വാസികൾ തങ്ങളുടെ വിപദിധൈര്യത്തെ പ്രഘോഷിച്ചുകൊണ്ട് ദൈവമാർഗത്തിലെ എല്ലാ വൈതരണികളെയും സഹർഷം സ്വീകരിച്ചു.

വാക്കുകൾ കൊണ്ട് തടയാൻ സാധ്യമല്ലെന്ന് കാണുമ്പോൾ അംഗബലത്തിന്റെ കയ്യൂക്ക് കൊണ്ട് ദൈവികപ്രഭാവത്തെ ഇല്ലായ്മ ചെയ്യാമെന്നാണ് തമസ്സിന്റെ പ്രാണേതാക്കൾ എന്നും ആഗ്രഹിച്ചത്. പക്ഷെ ഓരോ അക്രമവും വിശ്വാസിസമൂഹത്തിന്റെ വീര്യം വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തത്.

എതിരാളികളുടെ അക്രമപരമ്പര അതിന്റെ പാരമ്യത്തിലെ ത്തിയത് പ്രവാചകപ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരു മേനിയുടെ കാലഘട്ടത്തിലായിരുന്നു. തിരുനബിയുടെ സ്വഹാബത്ത് അനുഭവിച്ച കഷ്ടനഷ്ടങ്ങൾ ചരിത്രത്തിലെ അനുപമ മാതൃകയാണ് .

എത്ര എത്ര സ്വഹാബാക്കൾ വിശ്വാസത്തിന്റെ പേരിൽ മാത്രം ധ്വംസിക്കപ്പെടുകയും, ആടുമാടുകളെപ്പോലെ അറുത്തുവീഴ്ത്തപ്പെടുകയും ചെയ്തു. അതേ, തിരുനബിയുടെ പരിശുദ്ധരക്തവും ഈ മാർഗത്തിൽ ഒഴുക്കപ്പെടുകയുണ്ടായി. അവിടുത്തെ പരിശുദ്ധദന്തങ്ങൾ ശഹീദാക്കപ്പെട്ടു. തിരുനബിയെ അപായപ്പെടുത്താൻ പല ശ്രമങ്ങളും ഉണ്ടായെങ്കിലും അതൊന്നും വിജയിച്ചില്ലെന്ന് മാത്രം.

ഒരിക്കൽ ചില സ്വഹാബാക്കൾ തങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് തിരുനബിയുടെ സവിധത്തിൽ സങ്കടം ബോധിപ്പിച്ചപ്പോൾ തിരുനബി(സ) പറഞ്ഞത് കഴിഞ്ഞകാല ഉമ്മത്തുകളിലെ ആളുകൾക്കും ഒരുപാട് ത്യാഗങ്ങൾ സഹിക്കേണ്ടതായും വളരെ നിഷ്ഠൂരമായ രീതിയിൽ ജീവത്യാഗം ചെയ്യേണ്ടതായും വന്നിട്ടുണ്ടെന്നും ദൈവികജമാഅത്തിൽ ഇത്തരം ത്യാഗങ്ങളിലൂടെ കടന്ന് പോകേണ്ടതാണെന്നുമായിരുന്നു. അതെ ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ ആ വീര ഇതിഹാസം വീണ്ടും രചിക്കപ്പെടുകയാണ് . കാബൂളിൽ മൗലാനാ അബ്ദുർ റഹീം സാഹിബിനെയും, ഹ.അബ്ദുൽ ലത്വീഫ് സാഹിബിനെയും ശഹീദാക്കി കൊണ്ട് ആരംഭിച്ച ശഹാദത്തിന്റെ ഈ രണ്ടാം പർവ്വം ഇന്നും തുടരുന്നു. ഇതുവരെയായി ആയിരത്തോളം അഹ്മദികൾ ജമാഅത്തിൽ ബലിയായി.

അതിൽ 2009 മെയ് 28ന് ലാഹോറിൽ ഉണ്ടായ ശഹാദത്തിൽ നൂറോളം അഹ്മദികൾക്കാണ് ജീവത്യാഗം ചെയ്യേണ്ടിവന്നത്. ജമാഅത്തിൽ ശുഹദാക്കളെ ഓർക്കുന്നതോടൊപ്പം ലഭ്യമായ ചരിത്രപരമായ രേഖകളുടെ വെളിച്ചത്തിൽ ശഹാദത്തെന്ന മഹോന്നത പദവിയെ പരിചയപ്പെടുത്താനാണ് ഞങ്ങൾ ഇവിടെ ഉദ്യമിക്കുന്നത്.

# അനുകരണീയ മാതൃക

*അബ്ദുൽ ലത്തീഫ് സാഹിബ് ഒരു മാതൃക വിട്ടുകൊണ്ടാണ് പോയത്. അത് ജമാഅത്ത് അനുകരിക്കേണ്ടിയിരിക്കുന്നു. (മൽഫൂസാത്ത് 6.224)*

**സ്വായത്തമാക്കേണ്ട ഈമാൻ**

1300 വർഷത്തിനിടയിൽ അനുപമമായ ശഹാദത്താണിത്. സാധാരണ രീതിയിലുള്ള ജീവിതം ഉപേക്ഷിക്കുന്നതു പോലും പ്രയാസമാണ്. അദ്ദേഹത്തിന്റെ ജീവിതം അനുഗൃഹീത (സുഭിക്ഷ) ജീവിതമായിരുന്നു. സമ്പത്തും ധനവും അന്തസും സ്വത്തും എല്ലാം ഉണ്ടായിരുന്നു. അദ്ദേഹം അമീർ പറയുന്നത് അനുസരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അന്തസ് കുറെക്കൂടി വർദ്ധിക്കുമായിരുന്നു. പക്ഷെ അദ്ദേഹം അതെല്ലാം ചവിട്ടിത്തെറിപ്പിക്കുകയും ബോധപൂർവം കുടുംബത്തെ ഉപേക്ഷിച്ചുകൊണ്ട് മരണത്തെ സ്വീകരിച്ചു. അദ്ദേഹം വലിയ അത്ഭുതാവഹമായ മാതൃകയാണ് കാണിച്ചത്. ഇത്തരത്തിലുള്ള ഈമാൻ കരസ്ഥമാക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. ജമാഅത്ത് ഈഗ്രന്ഥം (തദ്കിറത്തുശ്ശഹാദത്തയ്ൻ) കൂടെക്കൂടെ വായിക്കുകയും അത്തരത്തിലള്ള ഈമാൻ സ്വായത്തമാക്കാൻ ചിന്താനിമഗ്നരാവുകയും പ്രാർഥിക്കുകയും വേണ്ടതാണ്. ( മൽഫൂസാത്ത് 6 233)

**ചിരംജീവി**

സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശഹാദത്ത് സംഭവം തീർച്ചയായും നിങ്ങൾക്ക് ഒരു ഉത്തമ മാതൃകയാണ്. അദ്ദേഹം ഭൗതിക ലോകത്തിനും അതിന്റെ ബന്ധങ്ങൾക്കും യാതൊരു വിലയും നൽകിയില്ല. ഭാര്യാമക്കളുടെ ദുഖം അദ്ദേഹത്തിന്റെ വിശ്വാസത്തെ സ്വാധീനിച്ചതേയില്ല. ഭൗതിക അന്തസോ സ്ഥാനമോ അനുഗ്രഹങ്ങളോ അദ്ദേഹത്തെ അധീരനാക്കി യില്ല. അബ്ദുൽലത്തീഫ് കൊല്ലപ്പെട്ടെന്നോ മരിച്ചെന്നോ പറയാം, എന്നാൽ തീർച്ചയായും അറിഞ്ഞു കൊള്ളുവിൻ അദ്ദേഹം ജീവിച്ചിരിക്കുന്നു. ഒരിക്കലും മരിക്കുന്നതല്ല. ( മൽഫൂസാത്ത് 6.255)

**ദീനിനെ മുന്തിക്കൽ**

അദ്ദേഹത്തിന് നീണ്ടകാല സഹവാസത്തിന്ന് അവസരം ലഭിച്ചിട്ടില്ല. പക്ഷേ ഇവിടെ കഴിച്ചുകൂട്ടിയ ചെറിയ കാലയളവിൽ തന്നെ അതിമഹത്തായ പ്രയോജനമാണ് നേടിയത്. പല പ്രലോഭനങ്ങളും അദ്ദേഹത്തിനു മുന്നിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങൾ നിലനിർത്തപ്പെടുമായിരുന്നു, പക്ഷേ അദ്ദേഹം ഈ അന്തസ്സിനേയും ഭൗതികനേട്ടങ്ങളേയും മുഖവിലക്കെടുത്തില്ല.അതിനെ അഗണ്യമായി തള്ളി. എത്രത്തോളമെന്നാൽ മനുഷ്യന് ഏറെ പ്രിയപ്പെട്ട ജീവന് പോലും മുൻഗണന നൽകിയില്ല. ദീനിനെ ദുൻയാവിനുമേൽ മുന്തിക്കാമെന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. അങ്ങിനെ തന്നെ അദ്ദേഹം ദീനിനെയാണ് മുന്തിച്ചത്. (മൽഫൂസാത്ത് 6.256)

**ജീവിതം പ്രദാനം ചെയ്യുന്ന മരണം**

ഈ മരണം അനേകം ജീവിതങ്ങൾക്ക് നിമിത്തമാകും. കാരണം ആയിരക്കണക്കിന് ജീവിതങ്ങൾ ബലിയർപ്പിക്കപ്പെടേണ്ട മരണമാണിത്. ഇത് നമ്മുടെ ജമാഅത്തിന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതായിരിക്കും. കൂടാതെ ഈ രക്തം ഇപ്പോൾ ഉയരാൻ തുടങ്ങിയിരിക്കുന്നു. അത് അതിന്റെ പ്രഭാവം ഉണ്ടാക്കിതുടങ്ങിയിരിക്കുന്നു. അത് ഒരു ജമാഅത്ത് തന്നെ ഉണ്ടാക്കുന്നതാണ്. ഈ രക്തം വ്യർത്ഥമാകുന്നതല്ല. അല്ലാഹു അതിന്റെ ഗുണഫലങ്ങളെയും യുക്തിയെയും തീർച്ചയായും അറിയുന്നവനാണ് (മൽഫൂസാത്ത് 6.259)

**ദൈവാഭീഷ്ടത്തിന്റെ നിമിഷങ്ങൾ**

അബ്ദുൽ ലത്വീഫിന്, ശിലാവർഷത്തിന്റെ ആ ദിവസം എത്ര മാത്രം ബുദ്ധിമുട്ടുള്ളതായിരുന്നു. അദ്ദേഹത്തെ കല്ലെറിയുന്നതിന് ഒരു മൈതാനത്ത് കൊണ്ടുവന്നു. ആ വലിയ ജനസഞ്ചയം ഈ തമാശ കാണുകയാണ്. പക്ഷെ ആ ദിവസം എത്ര മാത്രം മൂല്യമുള്ളതായിരുന്നു! അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവും ഒരു ഭാഗത്തും ഈ ഒരു ദിവസം മറുഭാഗത്തുമാണെങ്കിൽ മൂല്യത്തിൽ ഈ ദിവസമാണ് പ്രസക്തമായിട്ടുള്ളത്.

ജീവിതത്തിന്റെ ദിവസങ്ങൾ ഏതായാലും കഴിഞ്ഞുപോകുന്നതാണ്. എന്നാൽ അനുഗൃഹീത ദിവസം ദൈവികസ്നേഹത്തിലും,കൂറിലും ചെലവഴിക്കപ്പെടുന്നതാണ്. (മൽഫൂസാത്ത് 6.262)

# ദൈവിക പ്രതികാരത്തിന്റെ ഉജ്ജ്വല ദൃഷ്ടാന്തങ്ങൾ



**ഹദ്റത്ത് സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ഇദ്ദേഹത്തിന്റെ ശഹാദത്ത് ലോകത്ത് വലിയ ഒരു പരിവർത്തനം തീർച്ചയായും ഉണ്ടാക്കുന്നതാണ്. ഇന്നാട്ടിലെ ഭരണകർത്താക്കൾക്ക് അതിന്റെ കുറവുകൾ നികത്തേണ്ടി വരുന്നതാണ്. 20 വർഷങ്ങൾക്ക് ശേഷമുള്ള ഇൽഹാമുകളിൽ പോലും ആ നാട്ടിൽ നാശങ്ങൾ ഉണ്ടാകുമെന്ന് അറിയിപ്പ് ലഭിച്ചിരിക്കുന്നു. അത് അങ്ങിനെ തന്നെ സംഭവിച്ചു. ഹദ്റത്ത് ഇമാം ഹുസൈൻ(റ) ന്റെ കൊലപാതകത്തിൽ പങ്കെടുത്തവർക്ക് ശിക്ഷ ലഭിച്ചതുപോലെ ഹദ്റത്ത് അബ്ദുൽ ലത്തീഫ് ശഹീദിന്റെ ശഹാദത്തിൽ പങ്കുണ്ടായിരുന്നവരെയും തിരഞ്ഞ് ദൈവിക ശിക്ഷ വന്നെത്തി.**

**പ്രതികാരത്തിന്റെ ഒന്നാമത്തെ അടയാളം.** ശഹാദത്ത് നടന്ന ആദ്യ ദിവസം തന്നെ അതായത് ജൂലൈ 14 ന് രാത്രി 9 മണിയോടെ രാജ്യത്താകമാനം ഭയാനകമായ കൊടുങ്കാറ്റ് വീശുകയുണ്ടായി.

**പ്രതികാരത്തിന്റെ രണ്ടാമത്തെ അടയാളം.** രണ്ടാം ദിവസം അതായത് ജൂലൈ 15 ന് കാബൂൾ നഗരത്തിലും പരിസര പ്രദേശങ്ങളിലും പെട്ടെന്ന് അതിഭയങ്കരമായ പ്ലേഗ് പൊട്ടിപ്പുറപ്പെട്ടു. തന്നിമിത്തം ദിനേന കുറേയേറെ മരണങ്ങൾക്ക് ഹേതുവായിത്തീർന്നു. യാതൊരു കാരണവും കൂടാതെ സയ്യിദിനെതിരെ അക്രമം അഴിച്ചുവിട്ട കാരണത്താലാണ് തങ്ങൾക്ക് ഈ മുസീബത്ത് വന്ന് ഭവിച്ചതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും



അതിൽ ആശങ്കാകുലരാവുകയും ചെയ്തു. നേതാവായിരുന്ന നസ്റുല്ലാഹ്ഖാന്റെ ഭാര്യക്കും യുവാവായ പുത്രനും അതുപോലെ ശഹീദിന്നെതിരെ ഫത്വ പുറപ്പെടുവിച്ച മുല്ലാക്കൾക്കും പ്ലേഗ് ബാധിക്കുകയുണ്ടായി.

**പ്രതികാരത്തിന്റെ മൂന്നാമത്തെ അടയാളം.** ഹദ്റത്ത് ശഹീദിനെ തുറുങ്കിലടക്കുകയും പിന്നീട് ശഹീദാക്കുകയും ചെയ്ത അക്രമിയായ അഹ്‌ലെ ഹദീസ് പഞ്ചാബിക്കും ദൈവിക ശിക്ഷ വന്നെത്തി.

ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം വഹിച്ചിരുന്ന ഡോ.അബ്ദുൽ ഗനി, സഹോദരൻ മൗലവി നജഫ് അലി, മുഹമ്മദ് ചിരാഗ് എന്നിവരായിരുന്നു. അമീർ ഹബീബുല്ലാഹ് ഖാൻ അവർക്ക് നന്ദികേടിന്റെ ശിക്ഷയെന്നോണം 11 വർഷത്തെ ജയിൽവാസം നൽകി. അവർ ജയിലിലായിരിക്കുമ്പോൾ തന്നെ ഡോ. അബ്ദുൽ ഗനിയുടെ ഭാര്യ ലൻഡീ കോത്തൽ വസതിയിൽ വെച്ച് നിര്യാതയായി. യുവാവായിരുന്ന പുത്രനെ പട്ടാപ്പകൽ തന്നെ നഗരത്തിൽ വച്ച് കൊലപ്പെടുത്തി. 11 വർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞിറങ്ങിയപ്പോൾ തന്നെ രാജ്യവും അവരെ പുറത്താക്കി.

മൗലവി നജഫ് അലി നാദിർശായുടെ ഭരണകാലത്ത് ഒരു ഫാർസി പുസ്തകം ഭരഹ് നാദിറ എന്ന പേരിൽ ഇറക്കി. അതിന്റെ പേരിൽ ഹൈക്കോടതി അദ്ദേഹത്തെ കാഫിറെന്നും മുർത്തദെന്നും മുദ്രകുത്തുകയും കല്ലെറിഞ്ഞ് ശിക്ഷ നടപ്പിലാക്കാനും കൽപ്പിച്ചു. അവസാനം സഫീർ ബർത്താനിയായുടെ ഇടപെടലിലൂടെ കാബൂളിൽ നിന്നും തിരിച്ച് ഇന്ത്യയിലേക്ക് പോകാനുള്ള അനുമതി ലഭിച്ചു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹോദരൻ മുഹമ്മദ് ചിറാഗിനെ കാബൂളിൽ നിന്നും പുറത്താക്കി.

**പ്രതികാരത്തിന്റെ നാലാമത്തെ അടയാളം.** ഹദ്റത്ത് ശഹീദിനെതിരെ ഫത്വ നൽകിയ ഖാസി അബ്ദുൽ റസാക്ക്, ഖാസി അബ്ദുൽ റഊഫ് ഖൻത്തരി എന്നിവരായിരുന്നു. ഖാസി അബ്ദുർറസാഖ് പ്രൊഫസറും മുല്ലാക്കളുടെ നേതാവെന്ന സ്ഥാനവും ഉള്ള ആളായിരുന്നു. അമീർ ഹബീബുല്ലാഹ്ഖാൻ ഒരു കുറ്റത്തിന്റെ പേരിൽ ആ സ്ഥാനങ്ങളിൽ നിന്നെല്ലാം പുറത്താക്കി. ആയിരം രൂപ പിഴയും വിധിച്ചു. ഈ ശിക്ഷക്ക് ശേഷം അയാൾ കാബൂളിൽ നിന്നും തികച്ചും അപ്രത്യക്ഷനായി. ഖാസി അബ്ദുൽ റഊഫും ആരിലും അറിയപ്പെടാതെയാണ് വിടപറഞ്ഞത്. അയാളുടെ മകനും അനന്തരാവകാശിയുമായ ഖാസി അബ്ദുൽ വാസിഅ് 1929 ൽ യാതൊരു ദാക്ഷിണ്യവും കൂടാതെ വധിക്കപ്പെട്ടു.



**പ്രതികാരത്തിന്റെ അഞ്ചാമത്തെ അടയാളം.** മുല്ലാക്കളുടെ ഫത്വകളെ നടപ്പിലാക്കാൻ സഹായിച്ചവരിൽ പ്രധാനിയായിരുന്ന ഹബീബുല്ലാഹ് ഖാന്റെ സഹോദരൻ നസ്റുല്ലാഹ് ഖാനാണ് ശഹ്സാദാ സാഹിബിനെ ചങ്ങലയ്ക്കിടാനും ജയിലിലടയ്ക്കാനും ഒത്താശ ചെയ്തത്. ഇതേ ശിക്ഷ തന്നെ അയാൾക്കും ലഭിച്ചു. സർദാർ അമാനുല്ലാഹ് ഖാന്റെ രാജകീയ വിധിയെ തുടർന്ന് നസ്റുല്ലാഹ് ഖാനെ ബന്ധനസ്ഥനാക്കുകയുണ്ടായി. വീട്ടുതടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. ഇതിന്റെയൊക്കെ ദുഖം കാരണം അയാൾക്ക് ചിത്തഭ്രമവുമുണ്ടായി.

കുറച്ച് കാലത്തിനുശേഷം ഒരു രാത്രിയിൽ അദ്ദേഹം തടവിലായിരുന്ന ഗോപുരത്തിൽ വെച്ച് തന്നെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി. ശഹീദ് മർഹൂമിന്റെ ഖബർ എപ്രകാരം അയാൾ ഇല്ലാതാക്കിയോ അപ്രകാരം തന്നെ അമീർ അമാനുല്ലാഹ് ഖാൻ അയാളുടെ ഖബറിന്റെ യാതൊരു തെളിവും ഇല്ലാതെ നശിപ്പിച്ചു. സർദാർ നസ്റുല്ലാഹ് ഖാന്റെ യുവാവായ പുത്രൻ കൊല ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രി ആലിയ ബേഗവുമായി അമീർ അമാനുല്ലാഹ് ഖാൻ രഹസ്യ വിവാഹം നടത്തി. എന്നാൽ സ്ഥാനഭ്രംശം ചെയ്യപ്പെട്ട സമയത്ത് അവരെ ത്വലാഖ് ചെയ്യുകയും ചെയ്തു. അങ്ങിനെ അയാളുടെ അവസാന സമയത്തും മകളുടെ ദുരന്ത പര്യവസാനമാണ് കാണേണ്ടി വന്നത്.

**പ്രതികാരത്തിന്റെ ആറാമത്തെ അടയാളം.** അമീർ ഹബീബുല്ലാഹ് ഖാന്റെ പര്യവസാനവും ഒരു പാഠം നൽകുന്നതായിരുന്നു. അതായത് അയാളെ 1919 ഫെബ്രുവരി 20 ന് അജ്ഞാതനായ ഒരാൾ വെടിവെച്ച് കൊലപ്പെടുത്തി. ശഹീദ് മർഹൂമിന്റെ പുണ്യ ശരീരത്തിൽ കല്ലേറു നടത്തിയതുപോലെ നാട്ടിലെ വിപ്ലവകാരികളായ ആളുകൾ അയാളുടെ ഖബറിലും കല്ലുകൾ കൊണ്ട് മഴ വർഷിച്ചു. മരണത്തിനു ശേഷവും കല്ലേറ് നടത്തി. അമീർ ഹബീബുല്ലാഹ് ഖാന്റെ കൽപന പ്രകാരം ഹദ്റത്ത് ശഹീദിന്റെ രണ്ട് മക്കളെയും (ഹദ്റത്ത് മുഹമ്മദ് സഅ്ദ് ജാൻ, ഹദ്റത്ത് മുഹമ്മദ് ഉമർജാൻ) ശഹീദാക്കിയിരുന്നു.

അല്ലാഹു തആലാ അമീർ ഹബീബുല്ലാഹ് ഖാനോട് പ്രതികാരം ചെയ്തത് അദ്ദേഹത്തിന്റെ മകനായ സർദാർ ഹയാത്തുല്ലാഹ് ഖാനെ തൂക്കിലേറ്റി ക്കൊണ്ടാണ്. Zawal-e-gazi എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് എഴുതുന്നു. വളരെ രഹസ്യമായി അയാളെ തൂക്കിലേറ്റി ഒരു മതിലിന്റെ താഴെ പൂഴ്ത്തുകയാണുണ്ടായത്.

ചുരുക്കത്തിൽ കാബൂളിലെ സാധാരണക്കാർ തൊട്ട് അമീർ ഹബീബുല്ലാഹ് ഖാൻ വരെ അല്ലാഹുവിന്റെ ഉഗ്രപ്രതികാരത്തിന് ഇരയാക്കപ്പെട്ടു. അവസാനം 1929 ൽ ഇതിന്റെ പ്രതിഫലമെന്നോണം വലിയ വിപ്ലവം തന്നെ ഉണ്ടായി.



ഒരു നിസ്സാരനായ വ്യക്തി അഫ്ഗാനിസ്ഥാൻ ഭരണകൂടത്തെ അട്ടിമറിക്കുകയും അമീർ ഹബീബുല്ലാഹ് ഖാന്റെ തലമുറയിൽ നിന്ന് ഭരണം കൈക്കലാക്കുകയും ചെയ്തു. അതിന്റെ അവസാനത്തെ കിരീടാവകാശിയായിരുന്ന അമീർ അമാനല്ലാഹ് ഖാന് രാജ്യത്ത് നിന്നും ഓടി ഇറ്റലിയിൽ ചെന്ന് അഭയം പ്രാപിക്കേണ്ടി വന്നു.

(താരീഖെ അഹ്മദിയ്യത്ത് വാള്യം 2 പേജ് 335 - 337
വിവർത്തനം- നസീം അഹ്മദ് ശാഹിദ് ചേലക്കര.)

# ഹദ്റത്ത് ഹംസ (റ) ഇബ്നു അബ്ദുൽ മുത്ലിബ്

**ഖുറൈശി ഗോത്രത്തിലെ ബഹുമാന്യനും പ്രതാപിയുമായ വ്യക്തിയായിരുന്നു. അബ്ദുൽ മുത്ലിബിന്റെ മകനും നബി(സ)യുടെ പിതൃവ്യനുമായിരുന്നു. ഉമ്മ ഹദ്റത്ത് ആമിനയുടെ എളാപ്പയുടെ മകളായ ഹാല ബിൻത് ഉഹൈബ്.**

## ഇസ്ലാം സ്വീകരിക്കുന്നു

മുസ്ലിംകൾക്ക് കഠിനമായ യാതനകളും പരീക്ഷണങ്ങളും ആരംഭഘട്ടത്തിൽ നേരിടേണ്ടി വന്നിരുന്നു. നബി(സ)യെ പോലും അവർ വെറുതെ വിട്ടിരുന്നില്ല. അന്നാളിലൊരു ദിവസം അബൂജഹൽ തിരുനബി(സ)യെ സഫായുടെ അടുക്കൽ, കണ്ടുമുട്ടി. വളരെ ക്രുദ്ധനായിക്കൊണ്ട് അസഭ്യങ്ങൾ പറഞ്ഞ അബൂജഹൽ നബി(സ)യെ ദേഹോപദ്രവം ഏൽപിക്കാൻ തുടങ്ങി. തിരുനബി(സ) അതെല്ലാം വളരെ ക്ഷമയോടെയും നിശബ്ദനായും സഹിച്ചു. ശേഷം വീട്ടിലേക്ക് മടങ്ങി. യാദൃശ്ചികമായി അബ്ദുല്ലാഹിബ്നു ജദ്ഊന്റെ അടിമസ്ത്രീ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അബൂജഹൽ അവിടന്ന് നേരെ കഅബ മന്ദിരത്തിലേ ക്ക് പോയി. അല്പ സമയ ശേഷം ഹദ്റത്ത് ഹംസ (റ) നായാട്ട് കഴിഞ്ഞ് അതു വഴി മടങ്ങുകയായിരുന്നു. അദ്ദേഹം അമ്പെയ്ത്തിൽ നിപുണനും നായാട്ടിൽ അതിതൽപരനുമായിരുന്നു. സാധാരണയായി നായാട്ടിനു ശേഷം മടങ്ങുമ്പോൾ നേരെ വന്ന് കഅബയെ പ്രദക്ഷിണം വെക്കുകയും തുടർന്ന് അല്പനേരം ഖുറൈശികളുടെ സഭയിൽ ഇരുന്ന ശേഷവുമായിരുന്നു വീട്ടിലേക്ക് തിരിക്കുന്നത്. അദ്ദേഹം സഫായുടെ അടുത്തെ ത്തിയപ്പോൾ ആ അടിമ സ്ത്രീ നബി(സ) ഉപദ്രവിക്കപ്പെട്ട സംഭവം വളരെ വേദനയോടു കൂടി വിവരിച്ചു. അത് കേട്ടപ്പോൾ ഹംസ(റ)യുടെ രക്തം തിളക്കാൻ തുടങ്ങി. അദ്ദേഹം നേരെ കഅബാ മന്ദിരത്തിനടുത്തെത്തി. കോപാന്ധനായി കൊണ്ട് വില്ലിന്റെ പാത്തികൊണ്ട് അബൂജഹലിന്റെ തലയ്ക്കടിച്ചു. എന്നിട്ട് പറഞ്ഞു, നീ മുഹമ്മദ്(സ)യെ അസഭ്യം പറയുകയും ദ്രോഹിക്കുകയും ചെയ്യുന്നു. എന്നാൽ കേട്ടു കൊള്ളുക, ഇന്നു മുതൽ ഞാനും അദ്ദേഹത്തിന്റെ ദീനിലാണ്. അദ്ദേഹത്തിന്റെ ആദർശങ്ങൾ തന്നെയാണ് എന്റേയും ആദർശം. ധൈര്യമുണ്ടെങ്കിൽ എന്നെ ഈ ദീനിൽ നിന്ന് തിരിച്ച് പിന്തിരിപ്പിക്കുക. അബൂജഹലിന് ആ അക്രമണത്തിൽ മുറിവേറ്റിരുന്നു. മറ്റ് ചിലർ സഹായത്തിനായി എഴുന്നേറ്റെങ്കിലും രംഗം വഷളാകും എന്നു കണ്ട അബൂജഹൽ അവരെ തടയുകയാണ് ചെയ്തത്. ഹംസ(റ) ഇസ്ലാം സ്വീകരിച്ചപ്പോൾ മുസ്ലിംകൾ പ്രബലരായി എന്നു കരുതി കുറച്ചു കാലത്തേക്ക് ഖുറൈശികൾ ദ്രോഹപ്രവർത്തനങ്ങൾ നിർത്തിവെച്ചു.

## ഹിജ്റത്ത്

മറ്റ് മുസ്ലിംകൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹംസ(റ) ഉം മദീനയിലേക്ക് പോയി. മക്കയിൽ വെച്ച് നബി(സ) അദ്ദേഹത്തെ സൈദ്(റ) ഇബ്നു ഹാരിസിന്റെ ഇസ്ലാമിക സഹോദരനാക്കിയിരുന്നു. മദീനയിലെത്തിയപ്പോഴും അത് നിലനിന്നു.

## ഇസ്ലാമിന്റെ പതാകയേന്തുന്നു

ഖുറൈശികളുടെ വരവ്പോക്കിനേയും അവരുടെ തന്ത്രാവിഷ്കാരങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമായി വന്നപ്പോൾ നബി(സ) ഒരു സംഘത്തെ തയ്യാറാക്കി ഈ ഉദ്യമത്തിനായി അയച്ചു. ഇസ്ലാമിക ചരിത്രത്തിലെ ആദ്യ ഉദ്യമമായിരുന്നു ഇത്. അങ്ങിനെ ആദ്യമായി ഇസ്ലാമിക പതാകയേന്തുന്നതിനുള്ള തൗഫീഖ് ഹദ്റത്ത് ഹംസ(റ) ന് ലഭിച്ചു. ഖുറൈശികളുടെ നീക്കങ്ങളെ നിരീക്ഷിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം.

## വിവാഹം

ഹിജ്റത്തിന് ശേഷം ഹംസ(റ)യുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നു. അതിൽ നിന്ന് കരകയറുന്നതിന്നായി നബി (സ) അദ്ദേഹത്തിന് പല ദുആകളും പഠിപ്പിച്ചു കൊടുത്തു. അദ്ദേഹത്തിന് ദുആയിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു. ആ ദുആ അദ്ദേഹത്തെ ആ അവസ്ഥയിൽ നിന്ന് കരകയറ്റുകയും ചെയ്തു. കുറച്ചു കാലത്തിന് ശേഷം അദ്ദേഹത്തിന്റെ വിവാഹം ബനൂനജ്ജാർ ഗോത്രത്തിലെ ഒരു അൻസാരിസ്ത്രീയായ ഖൗല ബിൻത് ഖൈസുമായി നടന്നു. നബി(സ) അവരുടെ വീട്ടിൽ ഹംസ(റ) നെ സന്ദർശിക്കാനായി പോകുമായിരുന്നു.

## ബദ്ർ യുദ്ധം

ഹദ്റത്ത് ഹംസ(റ) നല്ല ഉയരമുള്ള, പ്രതാപിയും ധീരനുമായ യുവാവായിരുന്നു. ഇസ്ലാമിക യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ ഈ പാടവം തെളിയിക്കപ്പെട്ടിട്ടുണ്ട്. ബദ്ർ യുദ്ധവേളയിൽ സൈന്യം ഇരുഭാഗത്തും അണി നിരന്നപ്പോൾ ഉത്ബ ഇബ്നു റബീഅ് ആദ്യം അബൂ ജഹലിനെ യുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അബൂജഹൽ അയാളെ ഭീരു എന്ന് വിശേഷിപ്പിച്ചു. ഭീരു ആരാണെന്ന് കാത്തിരുന്ന് കാണാം എന്ന് പറഞ്ഞുകൊണ്ട് അണിയിൽ നിന്ന് മുന്നോട്ടു വന്ന് യുദ്ധം ചെയ്യാനായി മുസ്ലിംകളെ ആഹ്വാനം ചെയ്തു. എന്നോട് ദ്വന്ദയുദ്ധത്തിന് ആരെങ്കിലും തയ്യാറുണ്ടോ എന്ന് വെല്ലുവിളിച്ചു. അത് കേട്ടപ്പോൾ അൻസാറുകൾ അതിവേഗം മുന്നോട്ട് വന്നു. നിങ്ങൾ ആരാണെന്ന് ചോദിച്ചപ്പോൾ ഞങ്ങൾ മദീനവാസികളായ അൻസാറുകളാണെന്ന് അവർ മറുപടി പറഞ്ഞു. അപ്പോൾ നിങ്ങളോട് ഞങ്ങൾക്ക് യാതൊരു ശത്രുതയുമില്ല ഞങ്ങളുടെ ഗോത്രക്കാരെയാണ് ഞങ്ങൾ ക്ഷണിച്ചത് എന്ന് പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ഹംസ(റ)നോടും ഹദ്റത്ത് അലി(റ)നോടും മുന്നോട്ടു വരാൻ പറഞ്ഞു. അങ്ങിനെ ഹംസ(റ) ഉത്ബയെ വധിക്കുകയും ചെയ്തു. ശത്രുക്കളെ ഭീതിപ്പെടുത്തുന്നതി നായി അദ്ദേഹം തലപ്പാവിൽ ഒട്ടകപ്പക്ഷിയുടെ തൂവൽ തിരുകി വെച്ചിരുന്നു. തങ്ങൾക്ക് ഏറ്റവും അധികം നാശം വിതച്ചത് ഹംസ(റ) ആയിരുന്നുവെന്ന് ഉമയ്യബിൻ ഹൽഫ് പിന്നീട് സമ്മതിക്കുകയുമുണ്ടായി.

## ഉഹദ് യുദ്ധം

ബദ്റ് യുദ്ധത്തിൽ ഹംസ(റ) പ്രകടിപ്പിച്ച യുദ്ധപാടവം ഖുറൈശികളെ ഭയപ്പെടുത്തി. ബദ്റ് യുദ്ധത്തിൽ ഹംസ(റ)ന്റെ കൈകളാൽ തഈമ ബിൻ അദി കൊല്ലപ്പെട്ടിരുന്നു. ഹംസ(റ)നെ വധിച്ചാൽ അതിനു പകരമായി സ്വതന്ത്രനാക്കാമെന്ന് കറുത്ത വർഗക്കാരനായ ഒരു അടിമയോട് അയാളുടെ ബന്ധുക്കൾ വാഗ്ദാനം നൽകിയിരുന്നു.

ഉഹദ് യുദ്ധത്തിൽ ഖുറൈശികളെ പ്രതിനിധീകരിച്ച് സബാഇബ്നു അബ്ദുൽ ഉസാ ദ്വന്ദയുദ്ധത്തിനായി മുസ്ലിംകളെ ക്ഷണിച്ചു. അയാളെ നേരിടാനായി ആദ്യം തന്നെ ഹംസ(റ) പുറപ്പെട്ടു. അയാളെ വധിക്കുകയും ചെയ്തു. എല്ലാവരും ഒരു വാളുമായിട്ടായിരുന്നു യുദ്ധം ചെയ്തിരുന്നതെങ്കിൽ ഹംസ(റ) രണ്ടു കയ്യിലും വാളേന്തിയാണ് പൊരുതിയത്. അദ്ദേഹം തിരുനബി(സ)യെ സംരക്ഷിച്ചുകൊണ്ട് നാലു ദിക്കിൽ നിന്നും പൊരുതുകയായിരുന്നു. ഞാൻ അല്ലാഹുവിന്റെ സിംഹമാണ് എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടായിരുന്നു യുദ്ധം ചെയ്തിരുന്നത്. 30 ശത്രുക്കളെ അദ്ദേഹം വധിച്ചു.

## ശഹാദത്ത്

ശത്രുക്കളുടെ അപ്രതീക്ഷിത ആക്രമണത്തിൽ മുസ്ലിംകൾ ചിതറിപ്പോയപ്പോൾ ഹദ്റത്ത് ഹംസ(റ) ഒരു വൃക്ഷ

11

വനിതാരംഗം

അബൂ തബസ്സും

# റുഖ്സാനാ ത്വാരിഖ് സാഹിബ

## ആദ്യ അഹ്മദി വനിതാ ശഹീദ് (1986)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അവരെ പരാമർശിച്ചു കൊണ്ട് പറയുന്നു, റുഖ്സാന പെരുന്നാൾ നമസ്കരിക്കുവാൻ പോകുന്നതിനായി ആഗ്രഹം പ്രകടിപ്പിച്ചു. അനഹ്മദിയായ ത്വാരിഖിന്റെ മൂത്ത സഹോദരൻ അതിനെ എതിർത്തു. വഴക്കു പറഞ്ഞുകൊണ്ട് വിലക്കുകയും ചെയ്തു. അപ്പോൾ അവർ ത്വാരിഖിനോടു പറഞ്ഞു, നമുക്ക് റബ്വയിലേക്ക് പോകാം. ഈ വിലക്ക് അവർക്ക് വേദന ഉളവാക്കി. പിന്നീട് അവർ പഴയ വസ്ത്രങ്ങളിൽ തന്നെ പെരുന്നാൾ നമസ്കാരത്തിനായി പുറപ്പെട്ടു. വിവാഹ ശേഷമുള്ള അവരുടെ ആദ്യ പെരുന്നാളായിരുന്നു അത്.

പെരുന്നാൾ നമസ്കാരത്തിൽ അവർ വളരെയധികം കരഞ്ഞു. മടങ്ങി വരുമ്പോൾ അവർ വളരെയധികം സന്തുഷ്ടയായിരുന്നു. മടങ്ങിവന്ന് എല്ലാവർക്കു വേണ്ടിയും ഭക്ഷണമുണ്ടാക്കി. ഇന്നിത്ര സന്തോഷമെന്താണെന്നതിൽ ഭർത്താവ് ആശ്ചര്യപ്പെട്ടു. വീട്ടിലുള്ള എല്ലാവരോടും സന്തോഷത്തോടു കൂടി കണ്ട് സംസാരിച്ചു. ഇതവളുടെ അവസാന നിമിഷങ്ങളാണെന്ന് അറിയില്ലായിരുന്നു. ത്വാരിഖിന്റെ മൂത്ത സഹോദരൻ വീട്ടിൽ മടങ്ങിയെത്തി. വന്ന ഉടൻ തന്നെ തോക്കെടുത്ത് നിറയൊഴിച്ചു. അങ്ങിനെ അവർ ശഹീദായി.


ത്വാരിഖ് സാഹിബ് പറയുന്നു, താൻ മരിക്കുമ്പോൾ തന്നെ പർവ്വതതാഴ്വരയിൽ അടക്കം ചെയ്യണം എന്ന് എപ്പോഴും എന്നോട് പറയുമായിരുന്നു. അങ്ങിനെ റബ്വയിലെ പർവ്വത താഴ്വരയിൽ തന്നെ അടക്കം ചെയ്യപ്പെട്ടു.

(സ്ത്രീകളോടുള്ള പ്രഭാഷണം,
ജൽസാ സാലാന യു.കെ, 30.7.94)

# സ്ത്രീകൾ ശുഹദാക്കളുടെ ത്യാഗത്തിൽ പങ്കാളികളാണ്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

അഹ്മദി വനിതകൾ ത്യാഗസമർപ്പണങ്ങളിൽ പുരുഷന്മാരേക്കാൾ ഒരിക്കലും പിന്നിലല്ല. ശഹാദത്ത് കാരണത്താൽ വിധവകളായ ഭാര്യമാരെ സംബന്ധിച്ച്, അവരുടെ ഭർത്താക്കന്മാർ പുണ്യം കരസ്ഥമാക്കുകയും അവർ പിന്തള്ളപ്പെടുകയും ചെയ്തെന്നും, ഭർത്താക്കന്മാർ മുൻകടന്നു എന്നാൽ അവർ പിന്നിലായി എന്നും ചിന്തിക്കുന്നത് തെറ്റാണ്. പുരുഷന്മാരുടെ ശഹാദത്തിന്റെ മഹത്വത്തിൽ തന്നെ അവരുടെ വിധവകളുടെ ത്യാഗത്തിന്റെ മഹത്വവും അടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തൃപ്തരായിക്കൊണ്ട് മഹത്തായ ധൈര്യത്തിന്റേയും സഹനത്തിന്റേയും മാതൃകകൾ കാണിച്ച ശുഹദാക്കളുടെ മാതാക്കളെ നിങ്ങൾക്കെങ്ങിനെ വിസ്മരിക്കാൻ സാധിക്കും. സ്വന്തം സഹോദരന്മാർ കൈവിട്ടുപോയ സഹോദരിമാരെ നിങ്ങൾക്കെങ്ങിനെ മറക്കാൻ കഴിയും. (ഖുത്വുബാത്തെ ത്വാഹിർ)



# ഒരു പിഞ്ചുബാലികയുടെ മാതൃക

ലാഹോർ ശഹാദത്തിലെ ഓരോരുത്തർക്കും ദൈവികസാന്ത്വനം, സഹനവും സ്ഥൈര്യവും നൽകിക്കോണ്ടേയിരുന്നു. ഇക്കാര്യത്തിൽ നിഷ്കളങ്കയായ ഒരു പിഞ്ചു ബാലികയുടെ മാതൃക ഹൃദയവർജകമാണ്. 4വയസുള്ള നൂർഫാത്വിമ പിതാവ് മുഹമ്മദ് ഇഅ്ജാസ് സാഹിബിനോടൊപ്പം ദാറുദ്ദിക്റിൽ ജുമുആക്കെത്തിയതാണ്. കൂടെ രണ്ട് അത്ഫാൽ സഹോദരങ്ങളുമുണ്ട്.

ഗ്രാനേഡ് പൊട്ടിയതുകാരണം എല്ലാവർക്കും പരിക്കേറ്റു. ഏറ്റവും കൂടുതൽ പരിക്കേറ്റത് നൂർ ഫാത്വിമക്കാണ്, അവളുടെ കവിളിൽ ഒന്നര ഇഞ്ച് ആഴത്തിൽ മുറിവു പറ്റി. ആ പിഞ്ചു പൈതൽ കരയുന്നതു പോകട്ടെ, വേദന പ്രകടിപ്പിക്കുക പോലും ചെയ്യാതെയാണ് മൂന്ന് മണിക്കൂർ കഴിച്ചുകൂട്ടിയത്. ആളുകൾ സംസാരിക്കുമ്പോൾ അവരെ നിശബ്ദരാക്കാൻ അവൾ ആംഗ്യം കാണിച്ചിരുന്നു. അതേ, പുറത്ത് വളരെ മോശം ആളുകളാണുള്ളത് നിശബ്ദരായിരിക്കൂ എന്ന്.

ത്തണലിൽ നിന്നുകൊണ്ട് അല്ലാഹുവിനോട് ക്ഷമ യാചിച്ചുകൊണ്ട് ദുആ ചെയ്തു. അന്നേരം എന്തിലോ തട്ടി അദ്ദേഹം താഴെ വീണു. തക്കം പാർത്ത് നിൽക്കുകയായിരുന്ന കറുത്ത വർഗക്കാരനായ അടിമ ആ അവസരത്തിൽ ഹംസ(റ)നെ ആക്രമിച്ചു. കുന്തം അദ്ദേഹത്തിന്റെ നാഭിയിലൂടെ കടന്ന് പുറത്തു വന്നു. അദ്ദേഹം അവിടെ തന്നെ ശഹീദായി.

### ഹിന്ദയുടെ പ്രതികാരം

തന്റെ പിതാവിനെ കൊന്നവനോടുള്ള പ്രതികാരം തീർക്കാനായി അവസരം കിട്ടിയാൽ ഹംസ(റ)ന്റെ കരൾ ചവച്ചു തുപ്പുമെന്ന് ഹിന്ദ ബിൻത് ഉത്ബ നേർച്ച നേർന്നിരുന്നു. ഹംസ(റ) ശഹീദായപ്പോൾ അവർ അത് പൂർത്തിയാക്കി.

### നബി (സ)യുടെ വേദന

ഹംസ(റ)യെ ഈ അവസ്ഥയിൽ കണ്ടപ്പോൾ നബി(സ)യ്ക്ക് അതിയായ വേദന അനുഭവപ്പെട്ടു. അവിടെ നിന്നുകൊണ്ട് നബി (സ) പറഞ്ഞു, അല്ലയോ ഹംസ! നിനക്ക് സംഭവിച്ച കഷ്ടതകൾ എനിക്കൊരിക്കലും സംഭവിച്ചിട്ടില്ല. ഇതിനേക്കാൾ വേദനാജനകമായ കാഴ്ച ഞാനിതുവരെ കണ്ടിട്ടുമില്ല. ഹംസ ബിൻ അബ്ദുൽ മുത്വലിബ് ഏഴാകാശങ്ങളിലും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സിംഹം എന്നെഴുതിയിരിക്കുന്നുവെന്ന് ജിബ്രീൽ വന്ന് എന്നോട് പറഞ്ഞിരിക്കുന്നു. ഖിയാമത്ത് നാളിൽ ഹംസ(റ) **ശുഹദാക്കളുടെ നേതാവായിരിക്കും**. മലക്കുകൾ ഹംസ (റ) നെ കുളിപ്പിക്കുന്നതായി ഞാൻ കാണുന്നു.

*(അവ: സീറത്ത് സഹാബ*
*ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

## ഉന്നതരായ അഹ്മദീ മാതാക്കൾ

മുഗൾപുരയിലെ മൻസൂർ അഹ്മദ് സാഹിബിന് നിറയൗവനത്തിലാണ് ശഹീദാകാൻ സൗഭാഗ്യം ലഭിച്ചത്. അദ്ദേഹത്തിനു പറക്കമുറ്റാത്ത നാലു മക്കളാണുള്ളത്, നാലുപേരും പരിശുദ്ധ വഖ്ഫെ നൗ പദ്ധതിയിൽ ഭാഗഭാക്കാണ്. മക്കൾക്ക് ഉന്നതമായ ദീനീശിക്ഷണം നൽകാൻ അദ്ദേഹത്തിനു സാധിച്ചു. ദാറുദ്ദിക്റിൽ ഒന്നാമത്തെ സ്വഫ്ഫിലാണ് ജുമുആ നമസ്കരിച്ചത്. അദ്ദേഹത്തിന്റെ ഉമ്മ പറയുന്നു, എന്റെ മോൻ എന്റെ പേര് നിലനിർത്തണമെന്നു എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അല്ലാഹു എന്റെ മോനു ശഹാദത്തുതന്നെ നൽകിയനുഗ്രഹിച്ചു.

മറ്റൊരു ശഹീദായ മുഹമ്മദ് ശാഹിദ് സാഹിബിന്റെ ഉമ്മ പറയുന്നു,എന്റെ ഈ മകൻ മറ്റ് മക്കളേക്കാളും നന്മയുള്ളവനായിരുന്നു, തീർച്ചയായും അവൻ എല്ലാം കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ജീവത്യാഗം ചെയ്യാൻ യോഗ്യനായിരുന്നു.

പുണ്യാത്മാക്കൾ

# സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് (റ)

**വംശം**

ഹദ്റത്ത് ദാതാ ഗഞ്ച് ബഖ്ശ് (റഹ്)യുടെ വംശം. പാരമ്പര്യമായി ജന്മികളായ അദ്ദേഹത്തിന്റെ കുടുംബത്തെ സർക്കാരും ആദരിച്ചിരുന്നു. ശഹ്സാദ എന്ന സ്ഥാനപ്പേര് അവർക്ക് ലഭിച്ചിരുന്നു.

**കുട്ടിക്കാലം**

അഫ്ഗാനിസ്ഥാനിലെ ഖോസ്ത് സംസ്ഥാനത്തെ സയ്യദ്ഗാഹ് എന്ന ഗ്രാമത്തിൽ ജനിച്ചു. കുട്ടിക്കാലം മുതൽക്കേ അബ്ദുൽ ലത്തീഫ് സാഹിബിന് ദീനിനോടായിരുന്നു താല്പര്യം. ചെറുപ്പം മുതൽ തന്നെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നതിൽ അതീവ തല്പരനായിരുന്നു. സ്വദേശത്തു നിന്ന് പ്രാരംഭ വിദ്യാഭ്യാസം കരസ്ഥമാക്കിയ ശേഷം കൂടുതൽ പഠനത്തിനായി പിശാവറിൽ എത്തി. ഒരു നീണ്ടകാലം വിവിധ ഉസ്താദ്മാരിൽ നിന്നും പണ്ഡിതൻമാരിൽ നിന്നും അറിവുകൾ കരസ്ഥമാക്കി. പിന്നീട് ലക്നൗവിൽ കുറച്ചുകാലം താമസിച്ച് പഠനം നടത്തി. പിന്നീട് സ്വദേശത്ത് മടങ്ങിയെത്തിയ അദ്ദേഹം, തന്റെ കുടുംബത്തിൽ തന്നെയുള്ള ശാഹ്ജഹാൻ ബീവി എന്ന ദീനീ ബോധമുള്ള സ്ത്രീയെ വിവാഹം കഴിച്ചു. കുറച്ചുകാല ശേഷം വീണ്ടും അറിവ് കരസ്ഥമാക്കുന്നതിനായി ഇന്ത്യയിലേക്ക് തിരിച്ചു. ഡൽഹി, ലക്നൗ തുടങ്ങിയ സ്ഥലങ്ങളിലെ വലിയ വലിയ മദ്രസകളിൽ പഠനം നടത്തി തിരിച്ച് സ്വദേശത്ത് എത്തി. തുടർന്ന് സ്വഗ്രാമത്തിൽ ഖുർആന്റേയും ഹദീസിന്റേയും ദർസ്സ് ആരംഭിച്ചു. വളരെ പെട്ടെന്നു തന്നെ അദ്ദേഹത്തിന്റെ പാണ്ഡിത്യം പ്രശസ്തമാകുകയും ദൂരെ ദൂരെ ദിക്കിലുള്ള ആളുകൾ പോലും അദ്ദേഹത്തിന്റെ ശിഷ്യരാകാൻ തുടങ്ങി. തന്റെ വീട്ടിൽ തന്നെ ശിഷ്യർക്ക് താമസിക്കാനും ഭക്ഷണത്തിനുമുള്ള ഏർപ്പാടും അദ്ദേഹം ചെയ്തിരുന്നു. കൂടാതെ യാത്രക്കാരും, ദരിദ്രരും മറ്റുമായി ധാരാളം ആളുകളും അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും ഭക്ഷണം കഴിച്ചിരുന്നു. ക്ഷാമകാലത്ത് തന്റെ മുഴുവൻ ധാന്യങ്ങളും പാവപ്പെട്ടവർക്ക് വിതരണം ചെയ്യുമായിരുന്നു. വലിയൊരു ഗ്രന്ഥശാല അദ്ദേഹം തയ്യാറാക്കിയിരുന്നു. 50,000 ൽ പരം ശിഷ്യൻമാർ അദ്ദേഹത്തിനുണ്ടായിരുന്നു.

**കാബൂളിലേക്ക്**

അദ്ദേഹത്തിന്റെ പ്രശസ്തി ഭരണാധികാരിയായ അബ്ദുർറഹ്മാന്റെ കാതുകളിൽ എത്തിയപ്പോൾ അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തുകയും മതകാര്യങ്ങളിലെ ഉപദേഷ്ടാവായും മകൻ ഹബീബുല്ലാഹ് ഖാന്റെ ഉസ്താദായും നിയമിച്ചു. ചക്രവർത്തിയുടെ നിർദ്ദേശാനുസരണം അദ്ദേഹം ഭാര്യയേയും മക്കളേയും കാബൂളിലേക്ക് കൊണ്ടു വന്നു. 1894-ൽ ഇന്ത്യാ-അഫ്ഗാൻ അതിർത്തി നിർണ്ണയ ഉദ്യമത്തിനായി അഫ്ഗാൻ രാജ്യ പ്രതിനിധി സംഘത്തിന്റെ നാഇബ് ഓഫീസറായി അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു.

**കിരീടധാരണം**

അബ്ദുർറഹ്മാന്റെ മരണശേഷം ആരെ പുതിയ ഭരണാധികാരിയായി നിയമിക്കും എന്ന പ്രതിസന്ധി ഉടലെടുത്തപ്പോൾ സാഹിബ് സാദാ സാഹിബിന്റെ അഭിപ്രായത്തെ മാനിച്ച് കൊണ്ട് മൂത്ത മകനായ അമീർ ഹബീബുല്ലാഹ് ഖാനെ ഭരണാധികാരിയാക്കി. പുതുതായി അധികാരമേറ്റ ഭരണാധികാരിക്ക് പരമ്പരാഗത രീതിയനുസരിച്ച് രാജ്യത്തെ ഏറ്റവും ബഹുമാന്യ വ്യക്തിയായിരുന്നു കിരീടധാരണം നടത്തിയിരുന്നത്. അങ്ങിനെ സാഹിബ് സാദാ സാഹിബിനാണ് ഈ ചുമതല ലഭിച്ചത്. വലിയൊരു സഭയിൽ വച്ച് ആയിരകണക്കിന് ജനങ്ങളെ സാക്ഷിനിർത്തി സാഹിബ് സാദാ സാഹിബ് പുതിയ ചക്രവർത്തിയുടെ തലയിൽ കിരീടം ചാർത്തി. പുതിയ ചക്രവർത്തിക്ക് അനുസരണ പ്രതിജ്ഞ ചെയ്യാനായി ക്ഷണിച്ചപ്പോൾ ശരീഅത്തിനു വിരുദ്ധമായ ഒന്നും ചെയ്യില്ല എന്ന നിബന്ധനയിലാണ് അദ്ദേഹം അതിനു തയ്യാറായത്.

**അഹ്മദിയ്യത്തിലേക്ക്**

അവസാന കാലഘട്ടത്തെ ശോച്യാവസ്ഥയെയും അതിന് പരിഹാരമെന്ന നിലയിൽ അല്ലാഹുവിനാൽ നിയോഗിക്കപ്പെടുന്ന ഇമാം മഹ്ദിയെയും സംബന്ധിച്ചുള്ള പ്രവചനങ്ങൾ മതഗ്രന്ഥങ്ങളിൽ നിന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതനുസരിച്ച് വെളിപ്പെടേണ്ട ഇമാം മഹ്ദിയെ കുറിച്ച് അദ്ദേഹം അന്വേഷണം ആരംഭിച്ചു. വളരെയധികം ദുആയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെയുള്ള സമയത്താണ് ഇന്ത്യ - അഫ്ഗാൻ അതിർത്തി നിർണ്ണയത്തിനായി അദ്ദേഹം നിയോഗിതനാകുന്നത്. അവിടെ ഒഴിവു സമയങ്ങളിൽ രണ്ടു രാജ്യത്തിന്റെയും പ്രതിനിധികൾ വിവിധ സംഭാഷണങ്ങളിൽ ഏർപ്പെടുമായിരുന്നു. ഇന്ത്യയിൽ നിന്നു വന്നിട്ടുള്ള സംഘത്തിൽ പിശാവറിൽ നിന്നുള്ള അഹ്മദിയായ ഒരു ക്ലാർക്കും ഉണ്ടായിരുന്നു. സംഭാഷണ മദ്ധ്യേ അദ്ദേഹം ഖാദിയാനെ കുറിച്ചും, മസീഹ് മൗഊദ് (അ) ന്റെ വാദങ്ങളെ കുറിച്ചും പറയുകയുണ്ടായി. നേരത്തെ തന്നെ ഇക്കാര്യത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരുന്ന സാഹിബ് സാദാ സാഹിബിന് താല്പര്യം ജനിക്കുകയും അദ്ദേഹത്തോട് കൂടുതൽ കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ചെയ്തു. അവസാനം അദ്ദേഹം **ആയിനയെ കമാലാത്തെ ഇസ്ലാം** എന്ന ഗ്രന്ഥം വായിക്കുവാനായി നൽകി. അന്ന് രാത്രി തന്നെ ആ ഗ്രന്ഥം വായിക്കാനാരംഭിച്ച സാഹിബ് സാദാ സാഹിബിന് മസീഹ് മൗഊദ് (അ) ന്റെ വാദങ്ങൾ സത്യമാണെന്ന് ബോധ്യമായി. തിരിച്ചെത്തിയ അദ്ദേഹം തന്റെ ശിഷ്യരെ കൂടുതൽ അന്വേഷണത്തിനായി ഖാദിയാനിലേയ്ക്ക് അയച്ചു. അവസാനം 1900-ൽ മൗലവി അബ്ദുർറഹ്മാൻ സാഹിബിന്റെ കയ്യിൽ ബൈഅത്തിനുള്ള കത്തും മറ്റ് ചില അമൂല്യമായ വസ്തുക്കൾ ഉപഹാരമായും കൊടുത്തയച്ചു.

**ഖാദിയാനിലേക്ക്**

1902-ൽ പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിന് അനുമതിക്കായി സാഹിബ് സാദാ സാഹിബ് അഫ്ഗാൻ ഭരണാധികാരിക്ക് കത്തെഴുതി. അനുമതി ലഭിച്ചപ്പോൾ ഹജ്ജിനായി പുറപ്പെട്ടു. സാഹിബ് സാദാ സാഹിബ്



മാർഗ്ഗമദ്ധ്യേ ഇന്ത്യയിലെത്തി. ലാഹോറിലെത്തിയപ്പോൾ കോളറയുടെയും മറ്റ് ചില കാരണങ്ങളാലും ഹജ്ജ് യാത്രയിൽ തടസ്സം നേരിട്ടു. അപ്പോൾ ലാഹോറിൽ തങ്ങുന്നതിനു പകരം ഖാദിയാനിൽ തങ്ങാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ ബട്ടാല വരെ ട്രെയിനിലും തുടർന്ന് കാൽനടയായും ഖാദിയാനിലെത്തി. അവിടെ ആദ്യം മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനെ (റ)യാണ് കണ്ടുമുട്ടിയത്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടമാത്രയിൽ തന്നെ അദ്ദേഹം ഹുസൂറിന്റെ കയ്യിൽ വീണ്ടും ബൈഅത്ത് ചെയ്തു. മൂന്നര മാസം ഖാദിയാനിൽ തങ്ങിയ ശേഷം അദ്ദേഹം സ്വഗ്രാമത്തിലേക്ക് മടങ്ങി. വിടവാങ്ങുന്ന സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാൽക്കൽ വീണ് കരഞ്ഞ് ദുആക്കായി അപേക്ഷിച്ചു.

**അറസ്റ്റ് ചെയ്യപ്പെടുന്നു**

സ്വഗ്രാമത്തിൽ എത്തിയ ശേഷം അദ്ദേഹം അഫ്ഗാൻ ഭരണാധികാരിക്ക് ഒരു കത്തെഴുതി. തനിയ്ക്ക് ഹജ്ജിനായി അനുമതി നൽകിയെങ്കിലും ചില കാരണങ്ങളാൽ യാത്രയിൽ തടസ്സം നേരിടുകയും അങ്ങിനെ താൻ കുറച്ചു കാലം ഖാദിയാനിൽ തങ്ങിയെന്നും മസീഹ് മൗഊദ്(അ) നെ സന്ദർശിച്ചുവെന്നും ഇപ്പോൾ സ്വഗ്രാമത്തിൽ മടങ്ങിയെത്തിയ തനിയ്ക്ക് കാബൂളിൽ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അപേക്ഷിച്ചു. ഭരണാധികാരിയുടെ സഹോദരനും സാഹിബ് സാദാ സാഹിബിന്റെ എതിരാളിയുമായ സർദാർ നസറുല്ലാഹ് ഖാൻ, സാഹിബ് സാദാ സാഹിബിനെ സംബന്ധിച്ച് പരാതി പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തി ധിക്കാരപരമാണെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ചു. പിന്നീട് അവിടെയുള്ള മൗലവിമാരെ വിളിച്ച് കൂടിയാലോചന നടത്തിയപ്പോൾ അവർ, അദ്ദേഹം കാഫിറും മുർത്തദ്ദുമാണെന്ന ഫത്വകളാണ് നല്കിയത്. അങ്ങിനെ ചക്രവർത്തി ഖോസ്ത് ഗവർണ്ണർക്ക് സാഹിബ് സാദാ സാഹിബിനെ അറസ്റ്റ് ചെയ്ത് കാബൂളിലെത്തി

13

# ശഹാദത്തിന്റെ വകഭേദങ്ങൾ

ഒരിക്കൽ നബി(സ) സഹാബാക്കളോട് ചോദിച്ചു. നിങ്ങളുടെ വീക്ഷണത്തിൽ എന്താണ് ശഹാദത്ത്. സഹാബാക്കൾ പറഞ്ഞു. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുക. നബി(സ) പറഞ്ഞു. ശഹാദത്ത് എന്ന മഹോന്നത പദവി ഇത്ര മാത്രം ചെറിയ വൃത്തത്തിലാണെങ്കിൽ എന്റെ ഉമ്മത്തിൽ ശുഹദാക്കൾ വളരെക്കുറച്ചുപേർ മാത്രമായിരിക്കും ഉണ്ടായിരിക്കുക. എന്നാൽ യാഥാർത്ഥ്യം അതല്ല. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നത് തീർച്ചയായും ശഹാദത്ത് തന്നെയാണ്. പക്ഷെ, പ്ലേഗ് കൊണ്ടുള്ള മരണം, ഉദരരോഗം കാരണമായുള്ള മരണം, സ്ത്രീകളുടെ പ്രസവസമയത്തുള്ള മരണം, തീപ്പൊള്ളൽ ഏറ്റുള്ള മരണം, മുങ്ങി മരണം, എന്നിവയും ശഹാദത്ത് തന്നെയാണ്.

(മുസ്നദ് അഹ്മദ്)

മറ്റൊരിക്കൽ നബി (സ) പറഞ്ഞു. സമ്പത്ത്, അന്തസ്സ്, കുടുംബം എന്നിവയുടെ സംരക്ഷണത്തിൽ കൊല്ലപ്പെടുന്നവരും ശുഹദാക്കളാണ്.

(ബുഖാരി)

പാർശ്വശൂല (ശ്വാസകശാവരണ രോഗം) കാരണത്താലോ, എന്തെങ്കിലും വസ്തു വീണ് അതിന്റെ അടിയിൽ പെട്ട കാരണത്താലോ മരണപ്പെടുന്നവനും ശഹീദാണ്. (അബൂദാവൂദ്, നസാഇ)

**സംക്ഷേപം.**

തന്റെ മിഥ്യാഭിമാനവും ധൈര്യവും പ്രകടിപ്പിക്കാൻ വേണ്ടി ജിഹാദിൽ പങ്കെടുക്കുന്നവൻ ദൈവമാർഗത്തിലല്ല അടരാടുന്നത്. ദൈവമാർഗത്തിൽ അടരാടുന്നവൻ ദൈവനാമം ഉയർത്തുന്നതിനാണ് പൊരുതുക. (ബുഖാരി, മുസ്‌ലിം)

നബി (സ) പറയുന്നു. ആരെങ്കിലും സത്യഹൃദയത്തോടെ ശഹാദത്ത് ആഗ്രഹിച്ചാൽ അല്ലാഹു അദ്ദേഹത്തെ ശഹാദത്തിന്റെ സ്ഥാനത്തേക്ക് എത്തിക്കുന്നു. അയാൾ കട്ടിലിൽ കിടന്ന് മരിച്ചാലും ശരി. (മുസ്‌ലിം.)

അല്ലാഹുവിനെ മുൻനിർത്തി ആരെങ്കിലും ഏതെങ്കിലും പ്രവർത്തനത്തിന് ഇറങ്ങിത്തിരിക്കുകയും അയാൾ അതേ മാർഗത്തിൽ മരിക്കുകയോ, കൊല്ലപ്പെടുകയോ സവാരിയിൽ നിന്ന് വീണോ പാമ്പോ തേളോ കടിച്ച് മരണപ്പെട്ടാലും അതല്ല അയാൾ കട്ടിലിൽ കിടന്ന് തന്നെ മരണം വരിച്ചാലും ശഹാദത്തിന്റെ പദവി കരസ്ഥമാക്കുകയും സ്വർഗാവകാശിയാകുകയും ചെയ്യുന്നതാണ്. (അബൂദാവൂദ്)

കപട വിശ്വാസി (വിശ്വാസവും കർമ്മവും പൊരുത്തപ്പെടാത്തവൻ) ജിഹാദിലാണ് കൊല്ലപ്പെടുന്നതെങ്കിലും അയാൾ അഗ്നിയിലേക്കാണ് വീഴ്ത്തപ്പെടുകയെന്ന് തിരുനബി (സ) വ്യക്തമാക്കിയിട്ടുണ്ട്. കാരണം നിഫാഖും (കാപട്യവും) ശഹാദത്തും ഒരുമിച്ച് കൂട്ടപ്പെടുകയില്ല.

ഹദ്റത്ത് മിഖ്ദാമിബ്നു മഅദീകരിബ് (റ) നിവേദനം ചെയ്യുന്നു. റസൂൽ തിരുമേനി (സ) പറഞ്ഞു, ശുഹദാക്കൾക്ക് അല്ലാഹുവിന്റെ പക്കൽ ആറ് സവിശേഷതകളാണുള്ളത്.

1.രക്തത്തിന്റെ ആദ്യ തുള്ളി വീഴുമ്പോൾ തന്നെ അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. 2.സ്വർഗത്തിൽ അവൻ തന്റെ വാസസ്ഥലം കാണുന്നു. 3.ഖബറിന്റെ ശിക്ഷയിൽ നിന്ന് മോക്ഷം ലഭിക്കുന്നു. 4.വലിയ പരിഭ്രമത്തിൽ നിന്ന് ശാന്തി ലഭിക്കുന്നു. 5.അവന് ഒരു പ്രത്യേക ആദരവിന്റെ കിരീടം ധരിപ്പിക്കുന്നു. ലോകവും അതിലുള്ള എല്ലാത്തിനേക്കാളും ഉത്തമമായിരിക്കും ശഹാദത്തിന്റെ രത്നം 6.അവന് തന്റെ 70 ബന്ധുക്കൾക്ക് ശുപാർശ ചെയ്യുന്നതിനുള്ള അവകാശം നൽകുന്നു. (തിർമിദി, കിതാബ് ഫസാഇലുൽ ജിഹാദ്, ബാബ് ഫീ സവാബിശ്ശുഹദാഅ്)

ഹദ്റത്ത് അനസ് (റ) ഇബ്നു മലിക് നിവേദനം ചെയ്യുന്നു. നബി തിരുമേനി(സ) പറഞ്ഞു, സ്വർഗത്തിൽ പ്രവേശിക്കുന്ന ആരും തന്നെ വീണ്ടും ഭൂമിയിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കില്ല. ലോകത്തുള്ള മുഴുവൻ ഖജനാവും അവന് നൽകുകയാണെങ്കിൽ പോലും. എന്നാൽ ശഹീദ് അവന് ലഭിക്കുന്ന ആദരവും ബഹുമാനവും നിമി ത്തം ഭൂമിയിലേക്ക് മടക്കപ്പെടാനും പത്ത് തവണ വധിക്കപ്പെടാനും ആഗ്രഹിക്കുന്നതാണ്. (സഹീഹ് ബുഖാരി: കിതാബുർ ജിഹാദ് വ

---

ക്കാൻ കൽപന നൽകി. സാഹിബ് സാദാ സാഹിബിനു മുമ്പേ തന്നെ തന്റെ ഭാവിയെ സംബന്ധിച്ചുള്ള സൂചന അല്ലാഹുവിൽ നിന്നും ലഭിച്ചിരുന്നു. സാഹിബ് സാദാ സാഹിബിനെ ബഹുമാനത്തോടെ വീക്ഷിച്ചിരുന്ന ഗവർണ്ണർ രാജകല്പന പ്രകാരം അദ്ദേഹത്തെ വിളിച്ചു വരുത്തി കുറച്ചു നാൾ തടവറയിൽ പാർപ്പിച്ച ശേഷം കാബൂളിലേക്കയച്ചു. ആ സമയത്ത് ഹബീബുല്ലാഹ് ഖാന്റെ ഒരു കത്തും സാഹിബ് സാദാ സാഹിബിനു ലഭിച്ചിരുന്നു. അതിൽ താങ്കൾ നിർഭയനായി വരിക. സത്യമാണെങ്കിൽ ഞാനും വിശ്വസിക്കുന്നതാണ് എന്നെഴുതിയിരുന്നു. എന്നാൽ അതൊരു ചതിയാണെന്ന് എല്ലാവർക്കും അറിയാമായിരുന്നു. കാബൂളിലെത്തിയ സാഹിബ് സാദാ സാഹിബിനെ തടവിലാക്കി. കഴുത്തിൽ ഭാരമുള്ള ചങ്ങലയിൽ ബന്ധിച്ചു. കയ്യിൽ കയ്യാമവും കാലിൽ ചങ്ങലയും ഇട്ടു. 4 മാസം കഠിനമായ തടവനുഭവിച്ചു. ഇക്കാലമത്രയും അദ്ദേഹം നമസ്കാരങ്ങളിലും ഖുർആൻ പാരായണത്തിലും ദൈവസ്മരണയിലും കഴിച്ചു കൂട്ടി. ഇതിനിടയിൽ പല പ്രാവശ്യം അദ്ദേഹത്തോട് തൗബ ചെയ്യാനും, മസീഹ് മൗഊദ്(അ) നെ നിഷേധിക്കാനും പറഞ്ഞു. അങ്ങിനെ ചെയ്താൽ മാന്യമായ നിലയിൽ മോചിതനാക്കാം എന്നും പറയുകയുണ്ടായി. എന്നാൽ തിരിച്ചറിഞ്ഞ സത്യത്തെ നിഷേധിക്കുന്നതിനേക്കാൾ ഉത്തമം മരണം തന്നെയാണെന്ന് അദ്ദേഹം മറുപടി പറഞ്ഞു.

### മൗലവിമാരുമായി ചർച്ച

അവസാനം ദർബാറിൽ വിളിച്ച് ഉപദേശിച്ചപ്പോൾ മൗലവിമാരുമായി താൻ ചർച്ചയ്ക്ക് തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചു. അതനുസരിച്ച് ജാമിഅ മസ്ജിദിൽ വേദി തയ്യാറാക്കി. 8 മുഫ്തിമാരും മൗലവിമാരും അവരുടെ സഹായികളായ 80 അനുയായികളേയും നേരിടാൻ സാഹിബ് സാദാ സാഹിബ് ഏകനായ അല്ലാഹുവിന്റെ സഹായത്തോടു കൂടി വന്നു. എഴുത്തു മുഖേനയായിരുന്നു ചർച്ച. ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ മാത്രമാണ് അദ്ദേഹത്തിനെ ചുമതലപ്പെടുത്തിയത്. രാവിലെ 7 മണിക്ക് ആരംഭിച്ച ചർച്ച ഉച്ചയ്ക്ക് 3 മണി വരെ നീണ്ടു നിന്നു. ചങ്ങലയിലും കയ്യാമത്തിലും ബന്ധിച്ചായിരുന്നു അദ്ദേഹത്തെ എത്തിച്ചത്. ചർച്ചയിൽ ഉത്തരം മുട്ടിയ എതിരാളികൾ തെറ്റായ വിവരങ്ങളാണ് പുറത്തു വിട്ടത്. ചർച്ചയിൽ സഹിബ് സാദാ സാഹിബ് പരാജിതനായെന്ന് പ്രചരിപ്പിച്ച നസറുല്ലാഹ് ഖാൻ ചതി പ്രയോഗത്തിലൂടെ രേഖകൾ ചക്രവർത്തിയുടെ അടുത്ത് എത്തിക്കുന്നതിൽ നിന്ന് തടഞ്ഞു.

### വീണ്ടും തടവറയിലേക്ക്

അപമാനിതനായി രാജ ദർബാറിലെത്തിയ സാഹിബ് സാദാ സാഹിബ് കാഫിറാണെന്നും മുർത്തദ്ദാണെന്നും കല്ലെറിഞ്ഞു കൊല്ലലാണ് ശിക്ഷ എന്നുമുള്ള ഫത്‌വ നസറുല്ലാഹ് ഖാൻ വായിച്ചു കേൾപ്പിച്ചു. അങ്ങിനെ അദ്ദേഹം വീണ്ടും തടവറയിലേയ്ക്ക് അയക്കപ്പെട്ടു.

### ശഹാദത്ത്

അടുത്ത ദിവസം അതായത് ജൂലൈ 14-നു രാവിലെ വീണ്ടും അദ്ദേഹത്തെ വിളിപ്പിച്ച് തൗബ ചെയ്യുന്നോ എന്നാരാഞ്ഞു. ഭാര്യയേയും കുട്ടികളേയും ഓർത്തെങ്കിലും തൗബ ചെയ്യുക എന്നും പറഞ്ഞു. എന്നാൽ അദ്ദേഹം സത്യത്തിൽ തന്നെ ഉറച്ചു നിന്നു. അപ്പോൾ ഫത്‌വ എഴുതിയ കടലാസ് സാഹിബ് സാദാ സാഹിബിന്റെ കഴുത്തിൽ തൂക്കിയിട്ട് മൂക്കിൽ ദ്വാരമുണ്ടാക്കി കയറിട്ട് വലിച്ച് വധസ്ഥലത്തെത്തിക്കാൻ ഉത്തരവിട്ടു. കാബൂളിലെ പ്രശസ്തമായ ബാലാഹിസാർ കോട്ടയുടെ തെക്ക് ഭാഗത്തുള്ള കാബൂളിലെ അമീർമാരുടെ പഴയ ഖബർസ്ഥാനിൽ 2 1/2 അടി താഴ്ചയുള്ള കുഴിയെടുത്ത് അദ്ദേഹത്തെ അതിൽ നിർത്തി അരവരെ മണ്ണിട്ട് മൂടി. ചക്രവർത്തിയോടൊപ്പം മന്ത്രിമാരും മുഫ്തിമാരും മൗലവിമാരും ധാരാളം പൊതുജനങ്ങളും ഒത്തുകൂടി. അവസാന സമയത്ത് വീണ്ടും തൗബ ചെയ്യാനായി അദ്ദേഹത്തോട് ഉപദേശിച്ചു. നിഷേധമായിരുന്നു മറുപടി. അങ്ങിനെ ഖാളി ആദ്യ കല്ലെറിഞ്ഞു. രണ്ടാമതായി ചക്രവർത്തിയും. പിന്നീട് നാലു ഭാഗത്തു നിന്നും ആയിരകണക്കിന് കല്ലുകൾ വർഷിക്കാൻ തുടങ്ങി.തലയ്ക്ക് മുകൾ ഭാഗം വരെ കല്ലുകളുടെ ഒരു കൂമ്പാരം ആയിതീർന്നു. അങ്ങിനെ 1903 ജൂലൈ 14-ന് അദ്ദേഹം ശഹീദാക്കപ്പെട്ടു.

### ഖബർ

പിന്നീട് മൂന്നു ദിവസം അതിനു കാവലേർപ്പെടുത്തി. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ ജീവൻ പണയപ്പെടുത്തി അദ്ദേഹത്തിന്റെ ശരീരത്തെ കൈവശപ്പെടുത്തുകയും അഹ്മദികളുടെ സഹായത്താൽ തൊട്ടടുത്തുള്ള ഖബർസ്ഥാനിൽ അടക്കം ചെയ്യുകയും ചെയ്തു. പിന്നീട് അവിടെ നിന്ന് എടുത്ത് സ്വഗ്രാമത്തിൽ അടക്കം ചെയ്ത അദ്ദേഹത്തിന്റെ ശരീരത്തെ നസ്റുല്ലാഹ് ഖാൻ വീണ്ടും പുറത്തെടുത്ത് അജ്ഞാത സ്ഥലത്ത് അടക്കം ചെയ്തു.

വീക്ഷണവിശേഷം

ഒബ്സർവർ

# ജിന്നുബാധയും സിഹ്ർബാധയും പിന്നെ കുറെ പകർച്ചവ്യാധികളും

ജിന്ന്, സിഹ്ർ (മാരണം) വിഷയങ്ങളിൽ മുജാഹിദ് പണ്ഡിതന്മാർക്കിടയിൽ രൂപപ്പെട്ട ആശയപ്പോര് രൂക്ഷമായതോടെ സംഘടനയിൽ അച്ചടക്കനടപടികളും സ്വയം പുറത്തുപോവലും തുടരുന്നു.(മാധ്യമം 3.6.12)

ജിന്നും സിഹ്റും ബാധിച്ച് പുറത്തുപോയവരിലും പോകുന്നവരിലും സമുന്നത നേതാക്കളുമുണ്ടെന്ന് പേരുകൾ സഹിതം പത്രം വിശദീകരിച്ചിട്ടുണ്ട്. സക്കരിയ്യാ സ്വലാഹി മുതൽ മുജാഹിദ് ബാലുശ്ശേരി വരെയുള്ളവരുടെ പേരുകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ജിന്ന് ബാധയിലും സിഹ്ർ ബാധയിലും മുജാഹിദ് പ്രസ്ഥാനം വഴിയാധാരമാകുന്നതിൽ പ്രത്യേകിച്ച് അത്ഭുതപ്പെടാനൊന്നുമില്ല. കാരണം ആകെക്കൂടിയുള്ളത് സുന്നികളെ നന്നാക്കുകയെന്ന ഒരേയൊരു നയമാണല്ലോ. അങ്ങനെ ശിർക്കും ബിദ്അത്തും ഒക്കെ മാറിക്കിട്ടിയാൽ മുജാഹിദ് പ്രസ്ഥാനത്തിന്ന് പ്രഖ്യാപിത അജണ്ഡ സമാപിക്കുകയാണ്. പിന്നെ പ്രത്യേകിച്ച് വർക്കുകളൊന്നുമില്ല. അതിന്നാണ് ഈ പെടാപ്പാട് പെടുന്നത്. അങ്ങനെ അൽപനേരത്തേക്കെങ്കിലും വിശ്രമിക്കാമല്ലോ എന്ന് കരുതി. അപ്പോഴാണ് സംഘടനയിൽ ചിലർക്ക് സിഹ്റും ജിന്നുമൊക്കെ ബാധിക്കുന്നത്. അവരെ നന്നാക്കാൻ സംഘടനക്ക് ഒരേയൊരു മാർഗമേയുള്ളൂ; സംഘടനയിൽ നിന്ന് ഉന്തിപുറത്താക്കുക. അടുത്ത ചംക്രമണത്തിൽ അവരെ നന്നാക്കി വീണ്ടും മുജാഹിദാക്കാം. അങ്ങിനെ നോക്കുമ്പോൾ മുജാഹിദിന്റേത്, ഒടുങ്ങാത്ത അജണ്ടയാണ് . റീസൈക്കിളിംഗ് നടത്താൻ വേണ്ടി മാത്രം ഒരു വിങ്ങ് തുടങ്ങിയാലും നന്നായിരിക്കും.

അതോടൊപ്പം ചേർത്ത് വായിക്കേണ്ട ഒരു സംഗതി കൂടിയുണ്ട്. ഔദ്യോഗിക വിഭാഗം പറയുന്നു: അപ്പപ്പോൾ ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ നമ്മുടെ തെറ്റായ ധാരണകളെ നാം യഥാസമയം തിരുത്തിയിട്ടുണ്ട്. പീന്നീട് കൂടുതൽ പ്രബലമായ തെളിവുകൾ ലഭിച്ചപ്പോൾ നമ്മുടെ ധാരണകളെ വീണ്ടും തിരുത്തേണ്ടി വന്നു. അത് നമുക്ക് തെളിവ് കിട്ടാത്തതുകൊണ്ട് സംഭവിച്ച അബദ്ധമായിരുന്നു. (വിചിന്തനം 2003 ജനു.10) കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ മൗദൂദി ശിഷ്യന്മാർ പോളിസി മാറ്റും പോലെ, വഹാബി സൈദ്ധാന്തികർ ധാരണകൾ മാറ്റിക്കൊണ്ടിരിക്കും. അതാണ് മേൽപറഞ്ഞ പണ്ഡിതന്മാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ ഔദ്യോഗിക അനൗദ്യോഗിക സംവരണമൊന്നും ഏർപ്പെടുത്തിയതായി അറിവില്ല.

വിശാലമായ ധാരണ മാറ്റൽ പ്രക്രിയയിലൂടെ എന്തൊന്തൊക്കെ മാറ്റിയെന്ന് വിശദമായി പഠിക്കാനിരിക്കുന്നതേയുള്ളൂ. ഏതായാലും പബ്ലിഷിംഗ്വിംഗും യുവതയും നവംനവങ്ങളായ ''പുത്തകങ്ങൾ'' കൊണ്ട് ധന്യമാകും, കേരള സാഹിത്യവും.

ജിന്ന് എന്നാൽ എന്താണ്? ജീമും നൂനും കൂടി വരുന്ന പദങ്ങളൊക്കെ അറബിയിൽ മറഞ്ഞിരിക്കുന്ന വസ്തുക്കൾക്ക് വേണ്ടിയാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ഈയർത്ഥത്തിൽ വരുന്ന മനുഷ്യരും സാധാരണ ദൃഷ്ടിക്ക് ഗോചരീഭവിക്കാത്ത ജീവജാലങ്ങളും ഒക്കെ ജിന്നിൽ ഉൾപ്പെടും. അതേ സമയം ഒരു കാര്യം കൂടി ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായത് ജിന്നിനെ സംബന്ധിച്ച് ഇന്ന് പറഞ്ഞുപരത്തുന്ന കഥകൾക്ക് യാതൊരു പ്രസക്തിയുമില്ല.

ഏതായാലും ജിന്നും സിഹ്റുമൊന്നും ഈമാൻ കാര്യങ്ങളിൽ ഉൾപ്പെടുന്നില്ല എന്ന തിരിച്ചറിവും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. മുജാഹിദിന്റെ ജിഹാദ് ഇനി പരസ്പരവിശദീകരണഖണ്ഡനമണ്ഡന പരിപാടികളിലൂടെ കൊഴുക്കാനും സലഫീമൻഹജിന്റെ ഇസ്‌ലാഹ് അഭംഗുരം തുടരാനും തീർച്ചയായും സാധ്യതയുണ്ട്.

എന്തുകൊണ്ടാണ് ജിന്നും സിഹ്റുമൊക്കെ സംബന്ധിച്ച് മുസ്‌ലിം സമുദായം വിഷണ്ണരാവുന്നത്? അണികളെങ്കിലും ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു.

ജിന്നിലും സിഹ്റിലുമാണോ ഇസ്‌ലാമിന്റെ ആഗോളവിജയം? അല്ല അത്തരമൊരു അജണ്ട ചിന്തയിൽ പോലും ഉദിക്കാത്തതുകൊണ്ട് അതേക്കുറിച്ചുള്ള അന്വേഷണം തന്നെ അസ്ഥാനത്താണല്ലോ?

ഇസ്‌ലാമിന്റെ അനിഷേധ്യമായ വൈജയന്തി ഉയരുക വാഗ്ദത്തമഹ്ദിമസീഹ് തുറന്നുതരുന്ന സരണിയിലൂടെയാണെന്ന് സലഫീമൻഹജിനെക്കുറിച്ച് ആലോചിക്കുന്നവർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അവിടെ ആഗോള ഇസ്‌ലാമിക ഖലീഫ നൽകുന്ന പാഠങ്ങളെ അതേപടി പ്രാവർത്തികമാക്കിക്കൊണ്ട് സ്വജീവിതവും സാമുദായികജീവിതവും സുമംഗളമാക്കാൻ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

ആ നന്മയുടെ പാതയിലേക്ക് എല്ലാ സുമനസ്സുകളെയും സ്വാഗതം ചെയ്യുകയാണ്. ആ ഒരേയൊരു കുറിപ്പടി മാത്രമേ ഈ ജിന്ന് സിഹ്ർ ബാധയെയും മാറാവ്യാധികളെയും നിർമ്മൂലനം ചെയ്യാൻ കരണീയമായിട്ടുള്ളൂ.



**നമുക്ക് താരതമ്യം ചെയ്യാം**

ആഫ്താബ്

وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ ﴿٤﴾ 29:4

# അല്ലാഹുവും പരീക്ഷിച്ചറിയുന്നുവെന്നോ?

**കേരള നജ്‌വത്തുൽ മുജാഹിദീൻ:**

തീർച്ചയായും, അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്. അങ്ങനെ സത്യം പറഞ്ഞവരെ അല്ലാഹു അറിയുക തന്നെ ചെയ്യും, വ്യാജം പറഞ്ഞവരെയും അവൻ അറിയും

( *വിശുദ്ധ ഖുർആൻ വിവരണം അമാനി മൗലവി ഭാഗം.3, പ്രസാ:കെ.എൻ.എം)*

**ജമാഅത്തെ ഇസ്‌ലാമി:**

എന്നാൽ അവർക്ക് മുമ്പ് കഴിഞ്ഞുപോയ സകലജനങ്ങളേയും നാം പരീക്ഷിച്ചിട്ടുണ്ട്. സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും അല്ലാഹുവിന് തീർച്ചയായും കണ്ടറിയേണ്ടതുണ്ട്.

*(ഖുർആൻ ഭാഷ്യം .. മൗ.മൗദൂദി. പ്രസാ: ഐ.പി.എച്ച്)*

**സഊദി അറേബ്യ:**

അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരേയും അവനറിയും. *(വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാളപരിഭാഷ By ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പരപ്പൂർ. പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ്പ്രസ്)* .

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്:

ഇവർക്ക് മുമ്പുള്ളവരെ നാം പരീക്ഷിച്ചിട്ടുണ്ട്.(ഇപ്പോഴും നാം അങ്ങനെ തന്നെ ചെയ്യും) എന്നിട്ട് , സത്യം പറഞ്ഞവരാരെന്നും കളവ് പറയുന്നവരാരെന്നും നിശ്ചയമായും അല്ലാഹു ( വേർതിരിച്ച് ) വെളിപ്പെടുത്തും.

**വലയഅ്ലമന്ന: തീർച്ചയായും അവൻ വെളിപ്പെടുത്തും.**


**ഗുട്ടൻസ്**

കാലിന്നടിയിലെ മണ്ണ് ഇളകിക്കൊണ്ടിരിക്കുന്ന മുസ്‌ലിം പണ്ഡിതസഭകൾ വിശിഷ്യാ മുജാഹിദ്കാർ അഹ്മദിയ്യത്തിനെതിരിൽ പ്രസംഗിച്ച് സമയം കളയുന്നു.

***ചക്ഷുശ്രവണ ഗളസ്തമാം ദർദ്ദുരം ഭക്ഷണത്തിനപേക്ഷിക്കുന്നതുപോലെ***




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# നമസ്കാര പാഠങ്ങൾ

## ബിസ്മില്ലാഹിർ റഹ്മാനിർ റഹീം - അല്ലാഹുവിന്റെ നാമത്തിൽ.

ഇവിടെ രണ്ടു സിഫത്തുകൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ഇതിനു മുമ്പ് എല്ലാ നന്മകളുടേയും ഉടമസ്ഥനായ, എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനായ അല്ലാഹുവിനെ പരിചയപ്പെടുത്തുകയുണ്ടായി. ഇപ്പോൾ റഹ്മാനും റഹീമും. അല്ലാഹു എന്ന നിന്റെ നാമം എല്ലാ നന്മകളും നിറഞ്ഞതാണ്.

ഇപ്പോൾ ബിസ്മില്ലായോടൊപ്പം രണ്ട് നാമങ്ങൾ നൽകുന്നു. അതിനർത്ഥം അല്ലാഹുവിന്റെ നാമം ഒന്നാകുന്നു. എന്നാൽ അവന്റെയുള്ളിൽ സിഫത്തുകൾ ധാരാളമുണ്ട്. അല്ലാഹുവിലുള്ളതും, എല്ലാ ദൈവിക ഗുണങ്ങളുടേയും അടിസ്ഥാന സിഫത്തുകൾ റഹ്മാനും റഹീമുമാകുന്നു. അല്ലാഹുവിന്റെ നാമത്തോടൊപ്പം എന്തു ചെയ്യുകയാണെങ്കിലും, മനസ്സിൽ എന്തുണ്ടെങ്കിലും ബിസ്മില്ലാഹ് അതിനു മതിയായതാണ്. ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോഴും, യാത്ര പുറപ്പെടുമ്പോഴും, വസ്ത്രം ധരിക്കുമ്പോഴും ബിസ്മില്ലാഹിർ റഹ്മാനിർ റഹീം എന്ന് പറയുക. എന്ത് ചെയ്യു മ്പോഴും ഈയൊരു ചെറിയ ആയത്തിലൂടെ ആയിരിക്കണം. അല്ലാഹുവിന്റെ നാമം എല്ലാത്തിനുമൊപ്പം ചേരുന്നതാണ്. പിശാചിൽ നിന്നും അല്ലാഹുവിന്റെ അഭയം തേടിക്കഴിഞ്ഞാൽ പിന്നെ അല്ലാഹുവിൽ നിന്ന് ചിലത് കരസ്ഥമാക്കേണ്ടതുണ്ട്. പിശാച് പോയപ്പോൾ കുട്ടികൾ ചെയ്യുന്നത് പോലെ, പെട്ടെന്ന് മടിയിൽ നിന്നിറങ്ങി ഓടുകയല്ല വേണ്ടത്. നായ വന്നപ്പോൾ ഓടി ഉപ്പായുടേയും ഉമ്മായുടേയും അടുത്ത് വന്നു, നായ പോയപ്പോൾ പെട്ടെന്ന് കാലിട്ടടിച്ച് ഞങ്ങളെ പോകാനനുവദിക്കുക എന്ന് പറയുന്നു.

ബിസ്മില്ലാഹിർ റഹ്മാനിർ റഹീം എന്നതിന്റെ അർത്ഥം ഇതാകുന്നു, അഊദു ബില്ലാഹിക്കു ശേഷം ഇനി അല്ലാഹുവിനോടൊപ്പം കഴിയണം. പിശാചിൽ നിന്ന് അഭയം തേടിയപ്പോൾ ഇനി അല്ലാഹുവിനോടൊപ്പം കഴിയണം. അല്ലാഹുവിനോടൊപ്പം കഴിയുന്നതിനും ചില പ്രയോജന ങ്ങളുണ്ട്. ഒരു ഗുണം, എല്ലാ കാര്യങ്ങളിലും അല്ലാഹു ഉപകരിക്കും എന്നതാണ്. ബിസ്മില്ലാഹിർ റഹ്മാനിർ റഹീം എന്ന് പറഞ്ഞ് നിങ്ങൾ എന്ത് ചെയ്താലും, എന്ത് ഭക്ഷിച്ചാലും, എന്ത് കുടിച്ചാലും, എന്ത് പഠിച്ചാലും, എന്ത് കരസ്ഥമാക്കിയാലും, വസ്ത്രം ധരിച്ചാലും, സാധനങ്ങൾ വാങ്ങിയാലും അത് ബർക്കത്തുള്ളതായി മാറുന്നു. അല്ലാഹുവിന്റെ പേരി ൽ ആർക്കും ചീത്ത കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. ബിസ്മില്ലാഹ് എന്ന് പറഞ്ഞ് ചീത്തവസ്തു ഭക്ഷിക്കില്ല, ബിസ്മില്ലാഹ് പറഞ്ഞ് പലിശക്ക് കടം വാങ്ങില്ല, ബിസ്മില്ലാഹ് പറഞ്ഞ് വിരോധിച്ച കാര്യം ചെയ്യില്ല. അഊദു ബില്ലാഹിക്കു ശേഷം ബിസ്മില്ലാഹ് നിങ്ങളുടെ മാർഗം എളുപ്പമാക്കി. നല്ലതു മാത്രമേ ചെയ്യാൻ കഴിയൂ. മോശമായത് ചെയ്യാൻ കഴിയില്ല. കാരണം അല്ലാഹു കൂടെയുണ്ടാകും.

തുടർന്ന് അല്ലാഹുവിന്റെ രണ്ടു സിഫത്തുകളാണ്. അർറഹ്മാനിർറഹീം. റഹ്മാൻ എന്ന് ആരെയാണ് പറയുന്നത്? ഇങ്ങിനെ പതുക്കെ പതുക്കെ സിഫത്തുകൾ പൊട്ടിപ്പുറപ്പെടുകയാണ്. അല്ലാഹുവിന്റെ നാമത്താൽ ആരംഭിച്ച് അല്ലാഹുവിന്റെ രണ്ട് സിഫത്തുകൾ മുന്നിൽ വരികയാണ്. ഇത് മറ്റെല്ലാ സിഫത്തുകൾക്കും ഉപരിയാണ് എന്ന് മനസ്സിലാകുന്നു. ചിന്തിക്കുകയാണെങ്കിൽ ഈ രണ്ട് സിഫത്തുകളിൽ നിന്നും അല്ലാഹുവിന്റെ മറ്റെല്ലാ സിഫത്തുകളും ലഭിക്കുന്നതാണ്. എന്താണ് സിഫത്തുകൾ? കേൾക്കുക, പറയുക, കാണുക, ചൂടനുഭവിക്കുക, തണുപ്പനുഭവിക്കുക, ഇതെല്ലാം സിഫത്തുകളാണ്. അതിനെ Attribute/Quality എന്ന് പറയുന്നു. അല്ലാഹുവിൽ കാണപ്പെടുന്ന സവിശേഷഗുണങ്ങളെയാണ് സിഫത്തുകൾ എന്നു പറയുന്നത്. (ഉർദു ക്ലാസ്സ്: നമ്പർ 309, 10.10.97)

റഹ്മാൻ എന്നതിന് കയ്യുകളും, വൃക്കകളും, കഴുത്തിലെ ഗ്രന്ഥികളും, കരളും എല്ലാം തന്നെ പുരുഷന്റെ ബീജവുമായി കലർന്ന് കുട്ടി വളരാൻ തുടങ്ങുന്ന അണ്ഡകോശമായി മാതാവിന്റെ വയറിൽ ഉണ്ടാകുന്നു. ഈ അണ്ഡകോശം മനുഷ്യരുടെ മാതാവാകുന്നു. മനുഷ്യരുടെ എല്ലാ കാര്യങ്ങളും അത് ഉൾക്കൊള്ളുന്നു.

ഇത്തരത്തിൽ സൂറഫാത്തിഹയിൽ എത്രത്തോളം ചിന്തിക്കുന്നുവോ വിശുദ്ധഖുർആന്റെ എല്ലാ കാര്യങ്ങളും അതിൽ കാണാൻ കഴിയുന്നു. സൂറ ഫാതിഹായുടെ വിഷയത്തിന്റെ സഹായത്താൽ വിശുദ്ധഖുർആൻ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു.(ഉർദു ക്ലാസ്സ്: നമ്പർ 310, 11.10.97)

റഹ്മാൻ എന്നതിന് രണ്ടർത്ഥമുണ്ട്, (1) ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നവനെ റഹ്മാൻ എന്ന് പറയുന്നു. (2) ആവശ്യപ്പെടാതെ നൽകുന്നവൻ. ആരും ഒന്നും തന്നെ ആവശ്യപ്പെട്ടിട്ടില്ല, എന്നിട്ടും നൽകുന്നു. ആകാശഭൂമികളെ സൃഷ്ടിച്ചവൻ എന്നത് ഇതിൽ നിന്നാണ് കിട്ടുന്നത്. ചുരുക്കത്തിൽ അർറഹ്മാൻ എന്നാൽ ആരും ആവശ്യപ്പെടാതിരുന്നിട്ടു കൂടി നൽകുന്നവൻ. മാതാക്കൾ കുട്ടികൾക്ക് ജന്മം നൽകുന്നു. എന്നെ ജനിപ്പിക്കൂ എന്നാവശ്യപ്പെടാൻ അപ്പോൾ കുട്ടി ഉണ്ടായിരിക്കില്ല. അതിനാൽ കുട്ടികൾ വളരുന്ന മാതാവിന്റെ ആ ഭാഗത്തിന് രിഹ്മ് എന്നു പറയുന്നു. രണ്ടും ഒന്നിൽ നിന്ന് നിഷ്പന്നമായിട്ടുള്ളതാണ്. നബി തിരുമേനി (സ) പറഞ്ഞു, റഹ്മാനും രിഹ്മും രണ്ടിന്റേയും മൂലവാക്ക് ഒന്ന് തന്നെയാണ്.

മനുഷ്യനിൽ ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നത് മാതാവാണ്. ആവശ്യപ്പെടാതെ നൽകുന്നതും മാതാവാണ്. കുട്ടിക്ക് പാൽ ചോദിക്കാൻ കഴിയാത്തപ്പോഴും, ആർക്കും ആവശ്യം പൂർത്തിയാക്കിക്കൊടുക്കാൻ കഴിയാത്തപ്പോഴും, ഒന്നും പറയാൻ കഴിയാത്തപ്പോഴും, അവൾ തന്നെ ചെയ്യുന്നു. അപ്പോൾ റഹ്മാൻ എന്നതിന്റെ ഒരർത്ഥം ഏറ്റവും കൂടുതൽ, ആർക്കും സങ്കൽപിക്കാൻ പോലും കഴിയാത്ത നിലയിൽ അതിരില്ലാതെ കരുണ ചെയ്യുന്നവൻ. കൂടാതെ ആവശ്യപ്പെടാതെ നൽകുന്നവനും. ഇതാണ് റഹ്മാൻ. അത് കൊണ്ട് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അർറഹ്മാനിർ റഹീം എന്ന് പറയുമ്പോൾ ആ അല്ലാഹുവിന്റെ എത്ര ഔദാര്യങ്ങളാണ്.

## റബ്ബിൽ ആലമീൻ

മുഴുലോകത്തേയും പരിപാലിക്കുന്നു. ഡൈനോസറിനെയും അവനാണ് പരിപാലിച്ചത്. ഡൈനോസറിന് ചോദിക്കാതെ നൽകുന്നവനുമായി എന്തു ബന്ധമാണുള്ളത്? അല്ലാഹു അനേകായിരം വർഷങ്ങൾക്കു മുമ്പ് ഡൈനോസറിനെ സൃഷ്ടിച്ചു. ഭൂമി നിറഞ്ഞു. നോക്കിയാൽ ഒന്നും മനസ്സിലാകില്ലായിരുന്നു. ലോകത്ത് മുഴുവനും വലിയ വലിയ ഡൈനോസറായിരുന്നു. G.Park മുഴുവനും തിന്നുകയായിരുന്നു. പിന്നീട് കാലാവസ്ഥയിൽ പരിവർത്തനം ഉണ്ടായി. സമുദ്രത്തിനു മേൽ മുകളിൽ നിന്ന് മഴ വർഷിച്ചു. പ്രപഞ്ചത്തിന്റേയും, Meteors ന്റേയും വലിയൊരു Meteors സമുദ്രത്തിന്റെ നടുക്ക് പതിച്ചു. അതിൽ വടക്കുനിന്ന് തെക്ക് വരെ ഒരു ലൈനിൽ കൊടുങ്കാറ്റ് ഉയർന്നു. അത് ഒരു നീണ്ടകാലം - ഒരു ലക്ഷം വർഷമോ അല്ലെങ്കിൽ അതിനടുത്ത കാലമോ- അന്തരീക്ഷത്തിൽ മഞ്ഞ് സൃഷ്ടിച്ചു. സൂര്യൻ (സൂര്യരശ്മി) അതിൽ തട്ടി താഴെ പതിക്കാതെ തിരിച്ച് പോകുമായിരുന്നു. താഴെയുള്ള ഉഷ്ണം അവിടെ തന്നെ തങ്ങി നിന്നു. അങ്ങിനെ അന്തരീക്ഷം മാറി. ഡൈനോസറിന്റെ ജീവിത വിഭവ ങ്ങൾ നശിച്ചൊടുങ്ങി. അതോടൊപ്പം ഡൈനോസറും ചത്തൊടുങ്ങി. ഇന്ന് നാം ഉപയോഗിക്കുന്ന എണ്ണ ആ ഡൈനോസറുകളിൽ നിന്നുള്ളതാണ്.

അപ്പോൾ വനങ്ങളിൽ ഒളിച്ചും മറഞ്ഞുമിരുന്ന, ഭാവിയിൽ ജീവിതം നിലനിർത്തേണ്ട ജീവികൾ ഭാഗ്യം ഡൈനോസർ ഇവിടുന്ന് പോയി എന്നും പറഞ്ഞ് പുറത്ത് വന്നു. പുറത്തിറങ്ങി ലോകത്ത് വ്യാപിക്കുകയും വളരുകയും ചെയ്തു. പിന്നീട് കുരങ്ങൻ ഉണ്ടായി, പിന്നീട് മനുഷ്യനുണ്ടായി. ഇങ്ങിനെയാണ് ഡോനോസറിനും ആവശ്യപ്പെടാതെ നൽകുന്നവനും തമ്മിലുള്ള ബന്ധം. (ഉർദു ക്ലാസ്സ്: നമ്പർ 308, 8.10.97)

(സമ്പാ: അബൂ അബ്ദുൽ ബാരി)

# കർമശാസ്ത്രം

## നമസ്ക്കാരന്റെ മുമ്പിലൂടെ നടക്കുമ്പോൾ

ചിലർ അജ്ഞത നിമിത്തം പള്ളിയിൽ നമസ്ക്കാരമനുഷ്ഠിക്കുന്നവരുടെ മുമ്പിലൂടെ കടന്ന് പോകുന്നു. നമസ്ക്കാരമനുഷ്ഠിക്കുന്ന പലരും അവരെ കൈ കൊണ്ട് തടയുന്നതിനായി ശ്രമിക്കുകയും ചെയ്യുന്നു.ഇത് സംബന്ധമായി ശരിയായ രീതിയെന്താണ്.?

ഉത്തരം: നമസ്ക്കാരമനുഷ്ഠിക്കുന്നവരുടെ മുമ്പിലൂടെ കടന്ന് പോകുന്നത് പാപമാകുന്നു. നബി (സ)തിരുമേനി അരുൾ ചെയ്യുകയുണ്ടായി നമസ്ക്കരിക്കുന്നവരുടെ മുമ്പിലൂടെ നടക്കുന്നവർ,അത് എത്രമാത്രം ഗൗരവമുള്ള പാപമാണെന്നറിഞ്ഞിരുന്നുവെങ്കിൽ നാൽപത് വരെ ..(40 ദിവസമാണോ,മാസമാണോ,വർഷമാണോ പറഞ്ഞത് എന്ന കാര്യത്തിൽ നിവേദകന് സന്ദേഹമുണ്ട്.) കാത്ത് നിൽക്കൽ, മുമ്പിലൂടെ കടന്ന് പോകുന്നതിനേക്കാൾ കൂടുതൽ ഗുണകരമായി മനസ്സിലാക്കുമായിരുന്നു. അതായത്, ഒരാൾ നിസ്സാരമായ തിടുക്കം കാണിക്കുന്നതിന്റെ ഫലമായി വലിയ പാപമാണ് തനിക്ക് വരുത്തിവെക്കുന്നത്. എന്നാൽ അൽപം ക്ഷമ കാണിച്ചിരുന്നുവെങ്കിൽ അയാൾക്ക് ആ വലിയ പാപത്തിൽ നിന്നും രക്ഷപ്പെടാമായിരുന്നു. മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. നമസ്ക്കരിക്കുന്നവരുടെ മുമ്പിലൂടെ ആരെങ്കിലും കടന്ന് പോകുകയാണെങ്കിൽ നമസ്ക്കരിക്കുന്നവൻ അയാളെ തടയേണ്ടതാകുന്നു. എന്നിട്ടും അയാൾ നിൽക്കുന്നില്ലെങ്കിൽ അയാളെ തള്ളി പിറകിലേക്ക് മാറ്റേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അയാൾ ശൈത്താനാകുന്നു. അഥവാ തിടുക്കവും നമസ്ക്കാരത്തോടുള്ള അനാദരവും കാണിക്കുക വഴി അയാളിൽ നിന്നും പൈശാചിക ചലനങ്ങളാണ് ഉണ്ടായിക്കൊണ്ടരിക്കുന്നത്. (ബുഖാരി) എന്നാൽ ആരെങ്കിലും മുമ്പിലൂടെ കടന്ന് പോകുന്നത് കൊണ്ട്, അത് നമസ്ക്കരിക്കുന്നവനിൽ ഒരു വിധ സ്വാധീനവുമുണ്ടാക്കുന്നില്ലെങ്കിൽ അയാളുടേത് യഥാർത്ഥ നമസ്ക്കാരമാകുന്നു. മുമ്പിലൂടെ നടക്കുന്നവർ മാത്രമാണ് പാപികളായിത്തീരുന്നത്. നമസ്ക്കരിക്കുന്ന ആളുടെ മുമ്പിലൂടെ വല്ലവനും കടന്ന് പോകണമെന്നുണ്ടെങ്കിൽ എത്ര അകലം പാലിക്കണമെന്നുള്ളതാണ് പിന്നീടുത്ഭവിക്കുന്ന പ്രശ്നം. അതിനുള്ള ഉത്തരമിതാണ്. ഒരു സഫ്ഫിന്റെ അകലം വിട്ട് കൊണ്ട് കടന്ന് പോകാവുന്നതാണ്. സജദ ചെയ്യുന്ന സ്ഥാനത്ത് നിന്നും ഒന്നോ രണ്ടോ അടി അകലത്തിൽ കടന്ന് പോകാൻ അനുവാദമുണ്ട്. നമസ്ക്കരിക്കുന്ന ആളുടെയും അയാൾ സുജൂദ് ചെയ്യുന്ന സ്ഥാനത്തിന്റെയും ഇടയിലൂടെ കടന്ന് പോകുന്നതാണ് വിലക്കപ്പെട്ടിട്ടുള്ളത്. പ്രണാമ സ്ഥാനത്ത് നിന്നും അൽപം മാറി കടന്ന് പോകുന്നത് വിലക്കിയിട്ടില്ല. ആരെങ്കിലും കുന്തമോ മറ്റു വല്ല സാധനമോ വെച്ചു കൊണ്ട് തന്റെ സഫ്ഫിന്റെ സ്ഥാനം പ്രത്യേകപ്പെടുത്തുകയാണെങ്കിൽ അതിന്നപ്പുറത്തൂടെ കടന്ന് പോകുന്നതിൽ തടസ്സങ്ങളൊന്നുമില്ല. ഹദീസ് വാക്യമിതാണ്. ആരെങ്കിലും തുറന്ന സ്ഥലത്ത് വെച്ച് നമസ്ക്കാരമനുഷ്ഠിക്കുകയാണെങ്കിൽ,നമസ്ക്കാരം തുടങ്ങുന്നതിന് മുമ്പ്,തന്റെ മുമ്പിൽ മറയോ തടസ്സമോ ആയി പ്രയോജനപ്പെടും വിധം എന്തെങ്കിലും സാധനം വെക്കേണ്ടതാണ്. സാധനങ്ങളൊന്നുമില്ലെങ്കിൽ ഊന്നുവടി വെക്കേണ്ടതാണ്. അതുമില്ലെങ്കിൽ മുമ്പിൽ അടയാളപ്പെടുത്തേണ്ടതാണ്. പ്രസ്തുത അടയാളത്തിനകത്തൂടെ വിരോധിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അതിന്റെ താല്പര്യം. അതിന് പുറത്തായിക്കൊണ്ട് പോകാവുന്നതാണ്. തന്മൂലം നമസ്ക്കാരത്തിന് തടസ്സങ്ങളൊന്നുമുണ്ടാവുകയില്ല. ഇക്കാലത്ത് മസ്ജിദുകളിൽ പായകൾ സഫ്ഫുകളായി വിരിച്ചിട്ടുണ്ട്. അതുമല്ലെങ്കിൽ സഫ്ഫുകൾ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പള്ളികളിൽ മേൽ പറഞ്ഞ വിധത്തിൽ സ്വന്തമായി അടയാളം വെക്കേണ്ട ആവശ്യമില്ല. ചുരുക്കത്തിൽ വ്യത്യസ്ഥ ഹദീസുകളുടെ വെളിച്ചത്തിൽ നമസ്ക്കരിക്കുന്ന ആളുടെ മൂന്ന് മുഴം അകലത്തിൽ കടന്ന് പോകാമെന്നാണ് ഉലമാക്കൾ മനസ്സിലാക്കിത്തന്നിട്ടുള്ളത്. ഇത് സംബന്ധമായ മറ്റൊരു തെളിവ് ഇതാണ്. നമസ്ക്കരിക്കുന്ന ആളോട് തന്റെ മുമ്പിലൂടെ കടന്ന് പോകുന്നവനെ കൈകൾ കൊണ്ട് തടയുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. തന്റെ കൈകൾക്ക് തടയാൻ എത്തുന്ന വിധം സമീപത്തൂടെ പോകുമ്പോഴാണ് ഇപ്രകാരം ചെയ്യാൻ കഴിയുക. എന്നാൽ മുന്നിലേക്ക് കേറിക്കൊണ്ടോ ഏതാനും അടി നടന്ന് കൊണ്ടോ തടയാനുള്ള കൽപന ഒരിക്കലുമില്ല. നമസ്ക്കരിക്കുന്നവന്റെ സമീപം സഫ്ഫിലൂടെ കടന്ന് പോകുമ്പോഴാണ് പാപത്തിന്റെ പ്രശ്നമുത്ഭവിക്കുന്നത്. അതിന്നടുത്ത സഫ്ഫിലൂടെ പോകുന്നത് വിലക്കപ്പെട്ടിട്ടില്ല.

(അവ: ഫിഖ്ഹ് അഹ്മദിയ്യാ)
ആശയാനുവാദം: ടി.കെ.മഹ്മൂദ് കൽകുളം


# ദൈവിക സഹായത്തിന്റെ രാജവീഥി

**ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു,**എനിക്ക് എന്റെ ജമാഅത്തിനെ സംബന്ധിച്ചിട്ടുള്ള പ്രതീക്ഷകൾ വർദ്ധിക്കുന്നു. കാരണം അല്ലാഹു ചില വ്യക്തികൾക്ക് സമ്പത്ത് മാത്രമല്ല മറിച്ച് ജീവനും ഈ മാർഗത്തിൽ ത്യജിക്കാനുള്ള തൗഫീഖ് നൽകുകയുണ്ടായി. അതിൽ നിന്നും മനസ്സിലാകുന്നത്, സാഹിബ് സാദാ മൗലവി അബ്ദുലത്തീഫ് സാഹിബിന്റെ ആത്മാവുള്ള ധാരാളം വ്യക്തികളെ ഈ ജമാഅത്തിൽ സൃഷ്ടിക്കാനാണ് അല്ലാഹു ആഗ്രഹിക്കുന്നത് എന്നാണ്. (തദ്കിറത്തു ശഹാദത്തൈൻ)

അതുപോലെ അല്ലാഹു എനിക്ക് വീണ്ടും വീണ്ടും പറഞ്ഞു മനസ്സിലാക്കിത്തന്നിരിക്കുന്ന വസ്തുത, പരിഹസിക്കുകയും അപമാനിക്കുകയും ശപിക്കുകയും ചെയ്യും. ധാരാളം ഉപദ്രവിക്കുകയും ചെയ്യും. എന്നാൽ അവസാനം ദൈവിക സഹായം നിന്നോടൊപ്പമായിരിക്കും. അല്ലാഹു ശത്രുക്കളെ പരാജിതരും ലജ്ജിതരുമാക്കി തീർക്കുന്നതാണ് .

(റൂഹാനി ഖസാഇൻ; വാള്യം 9, പേജ് 53-54)

**ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു:** റസൂൽ തിരുമേനി (സ) പറഞ്ഞു, മൻ ഖുതില ദൂന മാലിഹി വ ഇർളിഹി ഫഹുവ ശഹീദുൻ. തന്റെ ധനവും ചാരിത്രവും സംരക്ഷിച്ചു കൊണ്ട് വധിക്കപ്പെടുന്നവൻ ശഹീദാകുന്നു. അതിനാൽ വിശ്വാസി മരണത്തെ ഭയപ്പെടുന്നതല്ല. അഥവാ ആരെങ്കിലും അവനെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയാൽ വളരെ സന്തോഷത്തോടെ വരുക, ആർക്കാണോ കൊല്ലേണ്ടത് കൊന്നുകൊള്ളുക എന്ന് പറയുന്നു. എന്നാൽ ജീവനോടെ നിലനിൽക്കുന്നതിനായിട്ട് അല്ലാഹു ആരെയാണോ ജനിപ്പിച്ചിട്ടുള്ളത്, അവരെ ആർക്കാണ് കൊല്ലാൻ സാധിക്കുക.... ആരെങ്കിലും ഒരഹ്മദിയെ വധിക്കുകയാണെങ്കിൽ അവന്റെ സ്ഥാനത്ത് നൂറെണ്ണം എഴുന്നേൽക്കുന്നതാണ്. ആരാണോ ആഗ്രഹിക്കുന്നത് അവർ ഈ തമാശ കണ്ടു കൊള്ളട്ടെ. ഞങ്ങൾക്കു മുമ്പ് ഒരു നഷ്ടവും വരുത്താത്തിടത്ത് ഞങ്ങൾക്ക് എന്ത് നഷ്ടമാണ് വരുത്തുക. (അൻവാറുൽ ഉലൂം;വാള്യം11,പേജ് 33)


അൽഹഖ്
സപ്ലിമെന്റ്
ZINDA LOG




1. മുനീർ അഹ്മദ് ശേഖ് സാഹിബ് (അമീർ ജമാഅത്ത് ലാഹോർ
2. മുസഫ്ഫർ അഹ്മദ് സാഹിബ്
3. വലീദ് അഹ്മദ് സാഹിബ്
4, മുഹമ്മദ് അൻവർ സാഹിബ്
5. മലക്ക് അൻസാറുൽ ഹഖ് സാഹിബ്
6. നാസിർ അഹ്മദ് ദുഖാൻ സാഹിബ്
7. സർദാർ ഇഫ്തിഖാറുൽ ഗനി സാഹിബ്
8. ഉമൈർ അഹ്മദ് മലിക് സാഹിബ്
9. മലക് സുബൈർ അഹ്മദ് സാഹിബ്
10. അബ്ദുർ റശീദ് മലിക് സാഹിബ്
11. മുഹമ്മദ് റഷീദ് ഹാശ്മി സാഹിബ്
12. മുഹമ്മദ് ശാഹിദ് സാഹിബ്
13. പ്രൊഫസർ അബ്ദുൽ വദൂദ് സാഹിബ്
14. മേജർ ജനറൽ നാസിർ അഹ്മദ് ചൗധരി സാഹിബ്
15. അസ്ലം ഭർവാന സാഹിബ്
16. മുഹമ്മദ് അശ്റഫ് ബിലാൽ സാഹിബ്
17. ക്യാപ്റ്റൻ മിർസാ നയീമുദ്ദീൻ സാഹിബ്
18. ഇജാസ് അഹ്മദ് ബേഗ് സാഹിബ്
19. കാംറാൻ അർശദ് സാഹിബ്
20. മിർസാ അക്റം ബേഗ് സാഹിബ്
21. മുനവ്വർ അഹ്മദ് ഖാൻ സാഹിബ്
22. ഇർഫാൻ അഹ്മദ് നാസിർ സാഹിബ്
23. സജാദ് അസ്ഹർ ഭർവാന സാഹിബ്
24. മുഹമ്മദ് അസിഫ് ഫാറൂഖ് സാഹിബ്
25. മസ്ഊദ് അഹ്മദ് അഖ്തർ ബാജ്വ സാഹിബ്
26. ശേഖ് ശമീം അഹ്മദ് സാഹിബ്
27. മിയാൻ മുബശ്ശിർ അഹ്മദ് സാഹിബ്
28. ഫിദാ ഹുസൈൻ സാഹിബ്
29. ഖാവർ അയ്യൂബ് സാഹിബ്
30. ശേഖ് മുഹമ്മദ് യൂനസ് സാഹിബ്
31. മസൂദ് അഹ്മദ് ഭട്ടി സാഹിബ്
32. ഹാജി മുഹമ്മദ് അക്റം വറക് സാഹിബ്
33. മിയാൻ ലയീഖ് അഹ്മദ് സാഹിബ്
34. മലക് മഖ്സൂദ് അഹ്മദ് സാഹിബ്
35. മിർസാ ശാബിൽ മുനീർ സാഹിബ്
36. ചൗധരി മുഹമ്മദ് അഹ്മദ് സാഹിബ്
37. ഇൽയാസ് അഹ്മദ് അസ്ലം ഖുറൈശി സാഹിബ്
38. ത്വാഹിർ മഹ്മൂദ് അഹ്മദ് സാഹിബ്
39. സയ്യദ് ഇർശാദ് അലി സാഹിബ്
40. നൂറുൽ അമീൻ സാഹിബ്
41. അനീസ് അഹ്മദ് സാഹിബ്
42. ചൗധരി മുഹമ്മദ് മലിക് ചഡട് സാഹിബ്
43. ശേഖ് സാജിദ് നയീം സാഹിബ്
44. സയ്യദ് ലയീഖ് അഹ്മദ് സാഹിബ്
45. മുഹമ്മദ് അശ്റഫ് ഭലർ സാഹിബ്
46. മുബാറക്ക് അഹ്മദ് ത്വാഹിർ സാഹിബ്
47. മുനവ്വർ അഹ്മദ് സാഹിബ്
48. സഈദ് അഹ്മദ് ത്വാഹിർ സാഹിബ്
49. ഖലീൽ അഹ്മദ് സാഹിബ് സോളങ്കി
50. ചൗധരി ഹഫീസ് അഹ്മദ് കാഹ്ലോൺ സാഹിബ്
51. ചൗധരി അഅ്ജാസ് നസ്റുല്ലാഹ് ഖാൻ സാഹിബ്.
52. അഅ്ജാസുൽ ഹഖ് സാഹിബ്
53. ശേഖ് നദീം അഹ്മദ് ത്വാരിഖ് സാഹിബ്
54. ആമിർ ലത്തീഫ് പറാച്ച സാഹിബ്
55. മിർസ സഫർ അഹ്മദ് സാഹിബ്
56. മിർസ മുഹമ്മദ് അമീൻ സാഹിബ്
57. മിർസ മഹ്മൂദ് അഹ്മദ് സാഹിബ്
58. ശേഖ് മുഹമ്മദ് അക്റം അത്ഹർ സാഹിബ്
59. മിർസ മൻസൂർ ബേഗ് സാഹിബ്
60. മുഹമ്മദ് ഹുസൈൻ മൽഹി സാഹിബ്
61. ഡോക്ടർ താരിഖ് ബശീർ സാഹിബ്
62. മിയാൻ മുഹമ്മദ് മുനീർ ഉമർ സാഹിബ്
63. അർശദ് മഹ്മൂദ് ഭട്ട് സാഹിബ്
64. ചൗധരി മുഹമ്മദ് നവാസ് ജജഹ് സാഹിബ്
65. ഡോക്ടർ ഉമർ അഹ്മദ് സാഹിബ്
66. ശേഖ് മുബശ്ശിർ അഹ്മദ് സാഹിബ്
67. അബ്ദുർ റഹ്മാൻ സാഹിബ്
68. നിസാർ അഹ്മദ് സാഹിബ്
69. ഡോക്ടർ അസ്ഗർ യാഖൂബ് ഖാൻ സാഹിബ്
70. മിയാൻ മുഹമ്മദ് സഇദ് ദർദ് സാഹിബ്
71. മുഹമ്മദ് യഹ്യാ ഖാൻ സാഹിബ്
72. സഫർ ഇഖ്ബാൽ സാഹിബ്
73. ലഅൽ ഖാൻ സാഹിബ് നാസിർ
74. മൻസൂർ അഹ്മദ് സാഹിബ്
75. മുബാറക്ക് അലി അവാൻ സാഹിബ്
76. അതീഖുർ റഹ്മാൻ സഫർ സാഹിബ്
77. ഇഹ്സാൻ അഹ്മദ് ഖാൻ സാഹിബ്
78. വസീം അഹ്മദ് സാഹിബ്
79. മഹ്മൂദ് അഹ്മദ് സാഹിബ്
80. മുനവ്വർ അദ്മദ് ഖൈസർ സാഹിബ്
81. മഹ്മൂദ് അഹ്മദ് ശാദ് സാഹിബ്
82. ഹസൻ ഖുർശീദ് അവാൻ സാഹിബ്
83. മലക് വസീം അഹ്മദ് സാഹിബ്
84. മുഹമ്മദ് ഹുസൈൻ സാഹിബ്
85. നദീർ അഹ്മദ് സാഹിബ്
86. ചൗധരി ഇംതിയാസ് അഹ്മദ് സാഹിബ്



**മുനീർ അഹ്മദ് ശേഖ് സാഹിബ് (അമീർ ജമാഅത്ത് ലാഹോർ)**
പിതാവ്; ശേഖ് താജുദ്ദീൻ സാഹിബ്
പത്നി; ആൻസ മുനീർ സാഹിബ
മക്കൾ; നബീൽ മുനീർ, ഉസാമ മുനീർ, അബ്ദുൽ മുഖീത്ത് മുനീർ, സാഇയ മആസ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**


ലാഹോർ ജില്ല അമീറായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് 1927 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദിയ്യത്തിന്റെ കഠിന വിരോധിയായിരുന്ന പിതാവ്, റസൂൽ തിരുമേനി (സ) യെ പ്രകീർത്തിച്ചുകൊണ്ട് മസീഹ് മൗഊദ് (അ) എഴുതിയ ഗ്രന്ഥങ്ങളിൽ ആകൃഷ്ടനായാണ് അഹ്മദിയ്യത്തിലേക്ക് വന്നത്.

എൽ.എൽ.ബി. ബിരുധം കരസ്ഥമാക്കിയ ശേഖ് മുനീർ സാഹിബ് സിവിൽ ജഡ്ജിയാകുകയും വിവിധ സ്ഥലങ്ങളിൽ നിയമിതനാകുകയും ചെയ്തു. പിന്നീട് സെഷൻ ജഡ്ജിയാകുകയും തുടർന്ന് അഴിമതി വിരുദ്ധ സ്പെഷ്യൽ ജഡ്ജിയായും സ്പെഷ്യൽ കസ്റ്റംസ് ജഡ്ജിയായും സേവനമനുഷ്ഠിച്ചു. നാബിലെ ജഡ്ജിയായും സേവനമനുഷ്ഠിച്ചുകൊണ്ട് 2000 ൽ വിരമിച്ചു.

അദ്ദേഹത്തിന്റെ അറിവ് അതിവിശാലമായിരുന്നു. വളരെ ധൈര്യവാനായിരുന്നു. തീരുമാനം കൽപിക്കുവാനുള്ള ആർജവം അദ്ദേഹത്തിനുണ്ടായിരുന്നു. തൊഴിലാളികളോടും നിർധനരോടും അങ്ങേയറ്റം സഹതാപമുണ്ടായിരുന്നു. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ നിർദ്ദേശകനായിരുന്നു. ആരംഭത്തിൽ മോഡേൺ ടൗൺ ഹൽഖയുടെ സയീം അഅ്‌ലയായി സേവനമനുഷ്ഠിച്ചിരുന്നു. ഗാർഡൻ ടൗൺ ഹൽഖയുടെ സദറുമായിരുന്നു. മൂസിയുമായിരുന്നു. ശഹാദത്തിന്റെ തലേ ദിവസം അദ്ദേഹത്തിന്റെ സഹോദരി, വസിയ്യത്ത് സ്വർഗം കരസ്ഥമാക്കുന്നതിനുള്ള മാർഗമാണെന്ന് ലജ്ന സഹോദരിമാരെ ഓർമപ്പെടുത്തുകയും അതിനെ സംബന്ധിച്ച് സഹോദരനോട് അഭിപ്രായം ആരായുകയും ചെയ്തിരുന്നു. അന്നേരം അദ്ദേഹം പറഞ്ഞത്, കാര്യം ശരി തന്നെയാണ്. എന്നാൽ യഥാർത്ഥത്തിൽ സ്വർഗത്തിനുള്ള ജാമ്യം ശഹാദത്താണ്.

കേസ് സംബന്ധമായ വിഷയത്തിൽ ഒരിക്കലും ഭാര്യയുമായി ഒന്നും തന്നെ ചർച്ച ചെയ്യാത്ത അദ്ദേഹം ശഹാദത്തിന് മുമ്പ് ഒരു കേസിന്റെ ഫയലും പൈസയും ഭാര്യയെ ഏൽപിച്ചു കൊണ്ട് പറഞ്ഞു, കേസിന്റെ തീയതി നീട്ടി വെച്ചിരിക്കുകയാണ്. ഈ കേസിന്റെ പൈസയും ഫയലും കക്ഷിക്കാർ വരുമ്പോൾ അവരെ ഏൽപ്പിക്കുക. റിട്ടയർമെന്റിന് ശേഷമല്ല,മറിച്ച് അതിനു മുമ്പ് തന്നെ തന്റെ വഖ്ഫ് സ്വീകരിക്കണമെന്ന് അദ്ദേഹം രണ്ടു തവണ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യോട് അപേക്ഷിച്ചിരുന്നു. എന്നാൽ താങ്കൾ ഇപ്പോൾ ഈ സ്ഥാനത്ത് തന്നെ തുടരുക, അത് ജമാഅത്തിന് ഗുണകരമാണ്, അഹ്മദി ഓഫീസർ എങ്ങിനെയുള്ളവരാണെന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ എന്നുമായിരുന്നു ഹുസൂർ മറുപടി നൽകിയത്. ഒരു സുരക്ഷാ ഗാർഡിനെ നിയമിക്കാൻ പറഞ്ഞ മകനോട് എന്താണ് സംഭവിക്കുക? വെടിവെക്കുകയാണെങ്കിൽ ശഹീദാകും എന്നായിരുന്നു അദ്ദേഹം മറുപടി പറഞ്ഞത്.

സംഭവദിവസം ബേസ്മെന്റിലേക്ക് പോകാൻ പറഞ്ഞ ഖാദിംകളെ തടഞ്ഞ് കൊണ്ട് രണ്ട് കയ്യും ഉയർത്തി എല്ലാവരോടും ഇരിക്കുവാനും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുവാനും ദുആ ചെയ്യുവാനും പറഞ്ഞു. ഒരു ഖാദിമിന്റെ കയ്യിൽ നിന്ന് ഫോൺ വാങ്ങി വീട്ടിലേക്കും പോലീസിനും ഫോൺ ചെയ്തു. അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് എന്നതായിരുന്നു അദ്ദേഹത്തിന്റെ അവസാന ശബ്ദം എന്ന് ഫോൺ നൽകിയ ഖാദിം പറയുകയുണ്ടായി.



**മുസഫ്ഫർ അഹ്മദ് സാഹിബ്**
പിതാവ്; മൗലവി മുഹമ്മദ് ഇബ്റാഹിം സാഹിബ്.
പത്നി; അമത്തു റഷീദ് സാഹിബ.
മക്കൾ; മുനവ്വർ മഹ്മൂദ്, ആസിഫ് മഹ്മൂദ്, കാശിഫ് മഹ്മൂദ്,
അമത്തുൽ മതീൻ, അമത്തുന്നസീർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ ഭാര്യപിതാവ് ഹ്ദറത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം തന്റെ ഹൽഖയിലെ ഇമാമുസ്സ്വലാത്ത് ആയിരുന്നു. നീണ്ട കാലം വരെ മജ്‌ലിസ് ധരംപുരയുടെ സെക്രട്ടറി മാൽ ആയിരുന്നു. ശഹാദത്ത് സമയത്ത് 73 വയസ്സായിരുന്നു. കുട്ടിക്കാലം മുതൽക്കു തന്നെ തഹജ്ജുദ് നമസ്കരിക്കുന്ന ശീലമുണ്ടായിരുന്നു. കുട്ടികളേയും തഹജ്ജുദിനായി ഉപദേശിക്കുമായിരുന്നു. അഞ്ചുനേരവും നമസ്കാരത്തിന് ശേഷം ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഉച്ചത്തിലാണ് പാരായണം ചെയ്യാറുള്ളത്. ഇടക്കിടെ നോമ്പു നോൽക്കുമായിരുന്നു. തന്റെ ശുഭപര്യവസാനത്തിന് വേണ്ടി ദുആ ചെയ്യുന്നതിന്നായി എല്ലാവരോടും പറയുമായിരുന്നു. എം.ടി.എയിൽ ഖിലാഫത്ത് ജൂബിലി പ്രതിജ്ഞ കേൾക്കുമ്പോൾ എഴുന്നേറ്റ് നിന്ന് ഉച്ചത്തിൽ ആവർത്തിക്കുമായിരുന്നു. 1980 ൽ ഹജ്ജിനുള്ള തൗഫീഖ് ലഭിച്ചിരുന്നു.

സംഭവസമയത്ത് അദ്ദേഹം എല്ലാവരോടും സ്വലാത്ത് ചെല്ലിക്കൊണ്ടിരിക്കാൻ പറയുകയും സ്വയം അങ്ങിനെ ചെയ്തുകൊണ്ടുമിരുന്നു. വൈകുന്നേരം ആറു മണിക്കാണ് അദ്ദേഹം ശഹീദായ വിവരം അറിയാൻ കഴിഞ്ഞത്. മോർച്ചറിയിർ നിന്നാണ് അദ്ദേഹത്തിന്റെ ശരീരം കണ്ടെടുത്തത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടിലെ എല്ലാ ഉത്തരവാദിത്വങ്ങളും പൂർത്തിയാക്കുമായിരുന്നു. ഒരിക്കലും കളവ് പറയുകയോ കളവനനെ സഹിക്കുകയോ ചെയ്തിട്ടില്ല. അല്ലാഹു അദ്ദേഹത്തിന് ശഹാദത്തിന്റെ പദവി നൽകി. അദ്ദേഹത്തിന്റെ ദുആ അനുസരിച്ച് ശുഭപ്രര്യവസാനം നൽകി അനുഗ്രഹിച്ചു.

*(ഖുത്വുബ ജുമുഅ 18.6.10)*





**വലീദ് അഹ്മദ് സാഹിബ്**
പിതാവ്; മുനവ്വർ അഹ്മദ് സാഹിബ്. മാതാവ്; ആൻസ മുനവ്വർ സാഹിബ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹൻ 1952 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹത്തിന്റെ പിതാമഹൻ 1984ലും മാതാമഹൻ 1985 ലും ശഹീദാക്കപ്പെടുകയുണ്ടായി.

വലീദ് സാഹിബ് മെഡിക്കൽ കോളേജിൽ ഒന്നാം വർഷ വിദ്യാർത്ഥിയായിരുന്നു. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. മൂസിയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് പതിനേഴര വയസ്സായിരുന്നു. ലാഹോർ ശുഹദാക്കളിൽ ഏറ്റവും പ്രായം കുറഞ്ഞ ചെറുപ്പക്കാരനാണ്.

കുട്ടിക്കാലത്ത് ഒരിക്കൽ സെക്രട്ടറി വഖ്ഫെനൗ ഒരു ക്ലാസ്സിൽ വലുതാകുമ്പോൾ ആരാകാനാണ് ആഗ്രഹം എന്ന് ചോദിച്ചപ്പോൾ വലീദ് അഹ്മദ് സാഹിബ് പറഞ്ഞു, വലുതാകുമ്പോൾ എന്റെ പിതാമഹനെ പോലെ ശഹീദാകാനാണ് ആഗ്രഹം. റബ്വയിൽ നിന്നും എഫ്. എസ്.സി ചെയ്തതിനു ശേഷം ലാഹോറിൽ പ്രവേശനം നേടി. യാത്രയാകുന്ന വേളയിൽ തന്റെ എല്ലാ ഖുദ്ദാം മിത്രങ്ങളേയും വീട്ടിൽ ചെന്ന് കൊണ്ട് എന്നെ കണ്ടുകൊള്ളുക ഒരു പക്ഷേ ശഹീദാകുകയാണെങ്കിലോ എന്ന് പറയുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ദേഹത്തിന് അസാധാരണ സ്വീകാര്യത ഉണ്ടായിരുന്നു. അക്കാരണത്താൽ തന്നെ ശഹാദത്തിന് ശേഷം മറവടക്കുന്ന അതേ ദിവസം അദ്ദേഹത്തിന്റെ അധ്യാപകരും വിദ്യാർത്ഥികളും മൂന്നു പ്രാവശ്യം അനുശോചന യോഗം നടത്തി. അതിൽ ഭൂരിഭാഗവും അനഹ്മദി വിദ്യാർത്ഥികളായിരുന്നു. ഖബറടക്ക സമയത്ത് റബ്വയിൽ വരാൻ പദ്ധതിയിട്ട അധ്യാപകർ വിങ്ങിപ്പൊട്ടിക്കരയുന്ന വിദ്യാർത്ഥികളെ കണ്ടപ്പോൾ ജനാസ കാണുന്ന വേളയിൽ അനിയന്ത്രിതരായിപ്പോകും എന്ന ഭയത്താൽ പിന്നീടൊരവസരത്തിലേക്ക് യാത്ര മാറ്റിവെച്ചു. സംഭവദിവസം അദ്ദേഹം മറ്റ് അഹ്മദി വിദ്യാർത്ഥികളേക്കാൾ മുന്നേ തന്നെ പള്ളിയിലെത്തിച്ചേർന്നു. സംഭവസമയത്ത് അദ്ദേഹവുമായി മൊബൈലിൽ ബന്ധപ്പെട്ടപ്പോൾ പറഞ്ഞത്, എന്റെ കാലിൽ വെടിയേറ്റിരിക്കുന്നു. ധാരാളം ശഹീദുകളുടെ ജഢങ്ങൾ എന്റെ മുന്നിൽ കിടക്കുന്നതായി ഞാൻ കാണുന്നു. ദുആ ചെയ്യുക, അല്ലാഹു അനുഗ്രഹിക്കട്ടെ എന്നായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം അഞ്ചുനേരം കൃത്യമായി നമസ്കരിച്ചിരുന്നു. അനുസരണശീലനായിരുന്നു. പക്വതയുള്ളവനായിരുന്നു. വഴിയിലൂടെ പോകുമ്പോൾ അതിലൂടെ കടന്നു പോകുന്ന എല്ലാ സുഹൃത്തുക്കളേയും ദാറുദ്ദിക്റിൽ കൂട്ടിക്കൊണ്ട് വരുമായിരുന്നു. കുറച്ചു സംസാരിക്കുന്ന വ്യക്തിയും ബുദ്ധിമാനായ ചെറുപ്പക്കാരനുമായിരുന്നു...... അല്ലാഹു ഈ ത്യാഗത്തെ സ്വീകരിച്ചുകൊണ്ട് ആയിരക്കണക്കിനും ലക്ഷക്കണക്കിനും വലീദുമാരെ ജമാഅത്തിന് നൽകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**മുഹമ്മദ് അൻവർ സാഹിബ്**
പിതാവ്; മുഹമ്മദ് ഖാൻ സാഹിബ്.
പത്നി; സുബൈദ അൻവർ സാഹിബ.
മക്കൾ; അത്താഉൽ ഹയ്യ്, സക്കാഉൽ ഹയ്യ്, റാബിഅ അൻവർ, തൂബാ അൻവർ.
**ശഹാദത്ത്; മോഡേൺ ടൗൺ ലാഹോർ.**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ന്റെ കാലത്താണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. സൈനികനായിരുന്നു. പത്തു വർഷം മുമ്പ് വിരമിച്ചു. അപ്പോൾ തന്നെ ബൈത്തുന്നൂർ മോഡേൺ ടൗണിൽ സെക്യൂരിറ്റി ഗാർഡായി സേവനമനുഷ്ഠിക്കുവാൻ തുടങ്ങി. ശഹാദത്ത് സമയം വരെ ആ കടമയെ ഉത്തമമായ നിലയിൽ പരിപാലിച്ചു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 45 വയസ്സായിരുന്നു. മൂസിയായിരുന്നു. ഒരു മാസമായി തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. കുട്ടികളോട് ആദ്യം ചോദിക്കുന്നത് നമസ്കാരത്തെ കുറിച്ചും പിന്നീട് ഖുർആൻ പാരായണത്തെ കുറിച്ചുമായിരുന്നു.

സംഭവ ദിവസം ഗേറ്റിൽ ഡ്യൂട്ടിയിലായിരുന്ന അദ്ദേഹം ദൂരെ നിന്ന് വരുന്ന ഒരു വ്യക്തിയെ കണ്ടപ്പോൾ കൂടെ നിന്ന ഒരു ഖാദിമിനോട് സംശയം പ്രകടിപ്പിച്ചു. വെറുതെ തോന്നുന്നതായിരിക്കും എന്ന് പറഞ്ഞപ്പോൾ, അല്ല സൈനികനായ എനിക്ക് ആളുകളുടെ നടത്തത്തിൽ നിന്നും രൂപത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും എന്ന് പറഞ്ഞു. അന്നേരം അടുത്തെത്തിയ ഉഗ്രവാദി നിറയൊഴിക്കുവാൻ തുടങ്ങി. പ്രതിരോധിക്കാൻ തുടങ്ങിയ അദ്ദേഹത്തോട് ഗേറ്റിനകത്തേക്ക് വരാൻ ഒരു ഖാദിം പറഞ്ഞപ്പോൾ സിംഹം പിന്നോട്ട് മാറില്ല എന്ന പറഞ്ഞു. അതോടൊപ്പം തന്നെ തന്റെ കയ്യിലുണ്ടായിരുന്ന ആയുധം കൊണ്ട് വെടിവെക്കുവാനും തുടങ്ങി. പരിക്കേറ്റ ആ ഉഗ്രവാദിക്കുപകരം മറ്റൊരാൾ വന്ന് തുരുതുരാ നിറയൊഴിക്കുവാൻ തുടങ്ങി. അങ്ങിനെ അവിടെ തന്നെ അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെയധികം ദീനീസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. ഒരിക്കലും ഒരവസരവും പാഴാക്കിയിരുന്നില്ല. ബയ്ത്തുദ്ദിക്റിലെ കുളിമുറികൾ സ്വയം കഴുകുകയും അടിച്ചുവാരുകയും ചെയ്തിരുന്നു. ബയ്ത്തുദ്ദിക്റിന്റെ നിർമ്മാണ ഘട്ടത്തിൽ 24 മണിക്കൂറും നിരന്തരമായി അവിടെ നിൽക്കുമായിരുന്നു. മാതാപിതാക്കളേയും അങ്ങേയറ്റം സേവിച്ചിരുന്നു..... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാക്കട്ടെ.

*(ഖുത്വുബ ജുംമുഅ 11.6.10)*

**അല്ലയോ ദീർഘവീക്ഷണമില്ലാത്തവനേ! ഉമ്മത്തിലെ ശുഹദാക്കളുടെ രക്തം മുമ്പെപ്പോഴെങ്കിലും വ്യർഥമായിപ്പോയിട്ടുണ്ടോ, ഇപ്പോൾ വ്യർഥമാവാൻ.**

**ഹ.ഖലീഫത്തുൽ മസീഹ് റാബിഅ് (റ)**




**മലക്ക് അൻസാറുൽ ഹഖ് സാഹിബ്**

പിതാവ്; മലക് അൻവാറുൽ ഹഖ് സാഹിബ്. പത്നി; നജ്മ അൻസാർ സാഹിബ.
മക്കൾ; മലക് അബ്സാറുൽ ഹഖ്, മലക് അസ്റാറുൽ ഹഖ്, മലക് അബ്റാറുൽ ഹഖ്,
ഹഫ്സ അൻസാർ, സൗബിയ അൻസാർ, ഖൗല അൻസാർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹം പാക്കിസ്ഥാനി ആർമിയിലെ ഒരു ഡിപ്പോയിൽ സ്റ്റോർ കീപ്പറായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 63 വയസ്സായിരുന്നു. നിസാര ശമ്പളമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. പെൻഷനായി ലഭിച്ചിരുന്ന തുകയിൽ നിന്ന് ആളുകൾക്കായി റേഷൻ ഏർപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ മരുമകൾ പറയുന്നത് അദ്ദേഹം ശഹാദത്തിന് തികച്ചും അർഹനായിരുന്നു എന്നാണ്. ആർക്കും യാതൊരു ഉപദ്രവവും ഏൽപിക്കാത്ത വ്യക്തിയായിരുന്നു. നിർധനരെ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. തന്റേയും മക്കളുടേയും കുറ്റമല്ലായെങ്കിൽ പോലും ബന്ധുക്കളുമായി ഒത്തുതീർപ്പുണ്ടാക്കുന്ന സമയത്ത് കുട്ടികളെ കൊണ്ട് മാപ്പ് ചോദിപ്പിക്കുകയും സ്വയം മാപ്പ് ചോദിക്കുകയും ചെയ്യുമായിരുന്നു. ശഹാദത്തിന് രണ്ടു മാസം മുമ്പ് തന്റെ കുടുംബത്തിന് ചില പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അഞ്ചു പേജുള്ള ഉപദേശങ്ങൾ അടങ്ങിയ കത്ത് എഴുതിയിരുന്നു. സംഭവദിവസം എട്ടര മണിക്ക് അദ്ദേഹം പുതിയ വസ്ത്രമണിഞ്ഞ് ഏതോ ആവശ്യത്തിനായി പുറപ്പെട്ടു. അവിടന്ന് നേരേ ജുംമുഅ നമസ്കരിക്കുവാനായി പള്ളിയിലെത്തി. മുന്നിൽ തന്നെ കസേരയിൽ ഇരുന്നു. ഗ്രനേഡിന്റെ സ്ഫോടനത്തിൽ മുറിവേറ്റു. ശരീരത്തിൽ വിവിധ സ്ഥലങ്ങളിലായി 5 വെടിയുണ്ടകൾ ഏറ്റിരുന്നു. മുറിവേറ്റ അവസ്ഥയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടെ എത്തിയ ശേഷമാണ് ശഹീദായത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശുദ്ധഹൃദയനായിരുന്നു. അങ്ങേയറ്റം എളിമയുള്ള വ്യക്തിയായിരുന്നു. ഒരിക്കലും ആരോടും കലഹിച്ചിട്ടില്ല. ജമാഅത്തുമായി അടുത്ത ബന്ധമാണുണ്ടായിരുന്നത്. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമായിരുന്നു. മാതാപിതാക്കളെ സേവിക്കുമായിരുന്നു. അക്കാരണത്താൽ തന്നെ ജോലിയുടെ കാലാവധി തീരുന്നതിനു മുമ്പേ തന്നെ റിട്ടയർമെന്റ് വാങ്ങി സേവനത്തിനായി വന്നു..... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് അദ്ദേഹത്തിന്റെ നന്മകളെ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**നാസിർ അഹ്മദ് ദുഖാൻ സാഹിബ്**

പിതാവ്; മുഹമ്മദ് ആരിഫ് നസീം സാഹിബ്.
പത്നി; നാസിയ നാസിർ സാഹിബ.
മക്കൾ; ആഖിബ് മഹ്മൂദ്, ആമിർ മഹ്മൂദ്, അനസ് അഹ്മദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് 1968 ൽ ബയ്അത്ത് ചെയ്തു. അദ്ദേഹം പ്രിന്റിങ്ങ് പ്രസ്സ് ഏജൻസിയുടെ ജോലിയാണ് ചെയ്തിരുന്നത്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. നാസിം ഉമൂമി, നാഇബ് ഖാഇദ് അവ്വൽ ഹൽഖ ഫൈസൽ ടൗൺ എന്നിവയായി സേവനം ചെയ്യുകയായിരുന്നു. വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 39 വയസ്സായിരുന്നു.


വളരെ ആത്മാർത്ഥയുള്ളവനും, സേവനസന്നദ്ധനും, നിശബ്ദ പ്രകൃതക്കാരനുമായിരുന്നു. ഒരിക്കലും ആരോടും മോശമായി പെരുമാറിയിട്ടില്ല. ജമാഅത്തിന്റെ ഏതെങ്കിലും കാര്യം ഏൽപ്പിക്കുമ്പോഴെല്ലാം തന്നെ എല്ലാ തിരക്കുകളും ഭക്ഷണം പോലും ഉപേക്ഷിക്കുമായിരുന്നു. കുട്ടികളെ നമസ്കാരത്തിനായി എപ്പോഴും ഉപദേശിക്കുമായിരുന്നു. ഒരിക്കലും അഹ്മദിയാണെന്ന കാര്യം മറച്ചു വെച്ചിരുന്നില്ല. തബ്ലീഗിനുള്ള ഒരവസരവും പാഴാക്കിയിരുന്നില്ല. അദ്ദേഹത്തിന്റെ വീട്ടുകാർ കാറ് വാങ്ങിയപ്പോൾ പെരുന്നാൾ പോലുള്ള അവസരങ്ങളിൽ ആദ്യം വാഹനങ്ങളില്ലാത്തവരെ പള്ളിയിലേക്കെത്തിക്കുമായിരുന്നു.

സംഭവസമയത്ത് അദ്ദേഹം പുറത്ത് കോണിപ്പടിക്കടുത്തായിരുന്നു. സുരക്ഷയ്ക്കായി ആ ഗ്രാനേഡ് കയ്യിലെടുത്ത് തിരിച്ചെറിയാൻ വേറെയും ധാരാളം പേർ അവിടെ ഉണ്ടായിരുന്നു. ഉഗ്രവാദി അവരുടെ അടുക്കലേക്ക് ഗ്രനേഡ് എറിഞ്ഞു. അദ്ദേഹം മറ്റുള്ളവരെ രക്ഷിക്കാൻ ആഗ്രഹിച്ചു. എന്നാൽ ആ ഗ്രനേഡ് അദ്ദേഹത്തിന്റെ കയ്യിൽ വെച്ചു തന്നെ പൊട്ടിത്തെറിച്ചു. തൽഫലമായി അദ്ദേഹം അവിടെത്തന്നെ മറ്റുള്ളവരെ രക്ഷിച്ചുകൊണ്ട് ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടിൽ ആദ്യം വസിയ്യത്ത് ചെയ്തത് അദ്ദേഹമാണ്. വീട്ടിലെ എല്ലാ ജോലിയും സ്വയം ചെയ്യുമായിരുന്നു. മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്നതിൽ മിടുക്കനായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിൽ അനഹ്മദി സുഹൃത്തുക്കൾ ധാരാളമായി എത്തിയിരുന്നു....... ഈ ത്യാഗങ്ങൾ അല്ലാഹു ജമാഅത്തിനു വേണ്ടി കൂടുതൽ വിജയങ്ങൾക്കുള്ള മുന്നോടിയാക്കട്ടെ. അല്ലാഹു ജമാഅത്തിന് സന്തോഷങ്ങൾ കാണിക്കട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*





**സർദാർ ഇഫ്തിഖാറുൽ ഗനി സാഹിബ്**

പിതാവ്; സർദാർ അബ്ദുശ്ശുക്കൂർ സാഹിബ്. പത്നി; ത്വയ്യിബ ഇഫ്തിഖാർ സാഹിബ. മക്കൾ; ശർജീൽ ആഫാഖ്, ആസിം ഇഫ്തിഖാർ, ഇൻതിസ്വാർ അഹ്മദ്, മാഹിം ഇഫ്തിഖാർ, മഹോശ് ഇഫ്തിഖാർ.

**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ആഫ്രിക്കയിൽ വെച്ച് ബയ്അത്ത് ചെയ്ത അദ്ദേഹത്തിന്റെ പ്രപിതാമഹൻ മസീഹ് മൗഊദ് (അ) ന്റെ സഹചാരിയായിരുന്നു. ശഹീദ് മൂസിയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 43 വയസ്സായിരുന്നു. സാധാരണയായി അദ്ദേഹം ബയ്ത്തുന്നൂറിലാണ് ജുമുഅ നമസ്കരിക്കാറുണ്ടായിരുന്നത്. അന്ന് ദാറുദ്ദിക്റിലാണ് ജുമുഅ അനുഷ്ഠിക്കുവാനായി പോയത്. സൃഷ്ടിസേവനത്തിൽ വളരെ താൽപര്യവും ആവേശവും ഉള്ള വ്യക്തിയായിരുന്നു. ആവശ്യമുള്ളവർക്കെല്ലാം രക്തം ദാനം നൽകുമായിരുന്നു. സ്വയം ബുദ്ധിമുട്ടിൽ ആണെങ്കിൽ പോലും മറ്റുള്ളവർക്ക് സഹായം നൽകിയിരുന്നു. വളരെ നല്ല പെരുമാറ്റമായിരുന്നു. തനിക്ക് ഒരിക്കലും ഒരു സുഹൃത്തിന്റേയോ സഹായിയുടേയോ ആവശ്യം തോന്നിയിട്ടില്ല എന്ന് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. എല്ലാ വീട്ടുജോലികളിലും ഭാര്യയെ സഹായിക്കുമായിരുന്നു. സൗമ്യപ്രകൃതത്തിനുടമയായിരുന്നു. എപ്പോഴും രഹസ്യമായി നന്മകൾ ചെയ്യുമായിരുന്നു. ഏത് സമയത്തും ഇസ്തിഗ്ഫാറും സ്വലാത്തും ഉരുവിട്ട് കൊണ്ടിരിക്കുമായിരുന്നു. ശഹീദാകുന്നതു വരെ അദ്ദേഹം മറ്റുള്ളവരെ രക്ഷിക്കുന്നതിൽ വ്യാപൃതനായികുന്നു. അവസരം ലഭിച്ചപ്പോൾ അദ്ദേഹം ഓടിച്ചെന്ന് ഒരു ഉഗ്രവാദിയെ പിടിച്ചു. അപ്പോൾ സ്വയം പൊട്ടിത്തെറിക്കുവാൻ ശ്രമിച്ച ഉഗ്രവാദിക്ക് പൂർണ്ണമായും വിജയിക്കാൻ കഴിഞ്ഞില്ല. എന്നാലും സ്ഫോടനത്തിന്റെ ആഘാതത്തിൽ അദ്ദേഹം ശഹീദായി. ശ്രമിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് രക്ഷപ്പെടാൻ സാധിക്കുമായിരുന്നു എന്ന് മറ്റുള്ളവർ പറയുന്നു. താൻ കണ്ട ഒരു സ്വപ്നം അതിനു മുമ്പ് അദ്ദേഹം ഇങ്ങനെ വിവരിച്ചിരുന്നു. എനിക്ക് വേണ്ടി എന്റെ എളാപ്പയുടെ മകനും കുറച്ച് അഹ്മദികളും ചേർന്ന് ഖബർ കുഴിക്കുന്നു. ഞാനത് കണ്ടു കൊണ്ട് നിൽക്കുകയാണ്. ഖബർ കുഴിച്ച ശേഷം അവർ പോകാൻ തുടങ്ങി. അപ്പോൾ എന്നെ എന്തു കൊണ്ട് ഖബ റിൽ വെക്കുന്നില്ല എന്ന് ഞാൻ ചിന്തിച്ച് നിന്നു. അപ്പോൾ അവർ എന്നെ വിളിച്ചു. അവർ വിളിച്ചതല്ലെ പോയേക്കാം എന്നു കരുതി ഞാനും പോയി. അതുപോലെ വീട്ടിലെ മതിലുകളിൽ വിള്ളലുകൾ വീഴുന്നതായി മറ്റൊരിക്കൽ അദ്ദേഹം സ്വപ്നം കണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ധാരാളം സൃഷ്ടിസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. കാരുണ്യഹൃദയനായിരുന്നു. എല്ലാ ബന്ധങ്ങളുടെ അടിസ്ഥാനത്തിലും മനുഷ്യനെന്ന നിലയിലും ഉത്തമവ്യക്തിയായിരുന്നു. കുട്ടികളോടും സൗഹൃദബന്ധമാണുണ്ടായിരുന്നത്. മാതാവിനെ നല്ലപോലെ ശുശ്രൂഷിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് സഹനത്തോടും ധൈര്യത്തോടും കൂടി ഈ ദുഖത്തെ സഹിക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. നന്മയിൽ ഉറപ്പിച്ചു നിർത്തട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**ഉമൈർ അഹ്മദ് മലിക് സാഹിബ്**

പിതാവ്; അബ്ദുർ റഹീം സാഹിബ്. പത്നി; റാബിഅ ഉമർ സാഹിബ. മക്കൾ; ഉമർ അഹ്മദ്, ഖാലിദ അഹ്മദ്.

**ശഹാദത്ത്; മോഡേൺ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ മസീഹ് മൗഊദ് (അ) ന്റെ സഹചാരിയായിരുന്നു.


ഉമൈർ അഹ്മദ് സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. ഏഴ് വർഷമായി ലാഹോർ ജില്ല നാസിം ഇശാഅത്തായി സേവനമനുഷ്ഠിക്കുന്നു. ജമാഅത്തിന്റെ കംപ്യൂട്ടർ പ്രൊഫഷണൽസിന്റെ അസോസിയേഷനായ AACP യുടെ ഓഡിറ്ററുമായിരുന്നു. മൂന്നു വർഷമായിട്ട് ലാഹോർ ചാപ്റ്ററുടെ സദ്റുമായിരുന്നു. വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 36 വയസ്സായിരുന്നു. കെട്ടിട നിർമാണമേഖലയിൽ കോൺട്രാക്റ്ററായി ജോലി ചെയ്യുകയായിരുന്നു. എല്ലാവരുമായും നല്ല ബന്ധമാണുണ്ടായിരുന്നത്. ചെറുപ്രായത്തിൽ തന്നെ മൂന്ന് തവണ ഇഅ്തികാഫ് ഇരുന്നിട്ടുണ്ട്. ശഹാദത്തിന്റെ മരണം വരിക്കാൻ കഴിഞ്ഞാൽ എത്ര നന്നായിരുന്നു എന്ന് പറയുമായിരുന്നു. ശഹാദത്തിന് ഒരാഴ്ച മുമ്പ് തന്നെ വസിയ്യത്തിന്റെ എല്ലാ ചന്ദയും കൊടുത്തു തീർത്തിരുന്നു. ജമാഅത്തി പരിപാടികളിൽ മുൻപന്തിയിലായിരുന്നു. ഖാദിയാനോട് ഒരു പ്രത്യേക ഇഷ്ടമായിരുന്നു. ഖിലാഫത്തിനോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു.

സംഭവദിവസം പതിവിനു വിപരീതമായി പുതിയ വസ്ത്രമണിഞ്ഞ് പള്ളിയിലേക്ക് പുറപ്പെട്ടു. പതിവിനു വിപരീതമായി അന്ന് ആദ്യ സ്വഫിൽ തന്നെ സ്ഥാനം പിടിച്ചു. വെടിയേറ്റ് ഹാളിലെ രണ്ടാം സ്വഫിൽ കമഴ്ന്ന് കിടന്ന് പിതാവിന് ഫോൺ ചെയ്തു. അല്ലാഹ് ഹാഫിസ്, ഞാൻ പോകുകയാണ്, എനിക്ക് പൊറുത്തു തരിക എന്ന് പറഞ്ഞു. വെള്ളം ചോദിച്ചപ്പോൾ നൽകി. ആംബുലൻസ് മാർഗം ജിന്നാഹ് ആശുപത്രിയിൽ എത്തിച്ചു. രക്തസമർദ്ദം പറ്റെ താഴ്ന്നിരുന്നു. ആന്തരീകമുറിവ് കാരണത്താൽ രക്തം ഒഴുകിക്കൊണ്ടിരുന്നു. ഉടൻ ഓപ്പറേഷന് വിധേയനാക്കിയെങ്കിലും അതിനിടയിൽ തന്നെ ശഹാദത്ത് വരിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, സൃഷ്ടിസേവനത്തിനുള്ള ഉൽസാഹവും ആവേശവും ആവോളം ഉണ്ടായിരുന്നു. ശഹാദത്ത് സമയത്ത് വന്നവർ പറഞ്ഞത്, ഉമൈറിന്റെ നിലവാരം ഉന്നതമായിരുന്നു, അദ്ദേഹത്തിന്റെ മുന്നിൽ ഒന്നും തന്നെ ഒരു പ്രശ്നമായിരുന്നില്ല എന്നാണ്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*

**ഹദ്റത് അഹ്മദ് (അ) പറയുന്നു:**
**അല്ലാഹു എനിക്ക് കൂടെക്കൂടെ മനസിലാക്കിത്തന്നത് (ജനങ്ങൾ) പരിഹസിക്കുകയും നിന്ദിക്കുകയും ശപിക്കുകയും വളരെയേറെ ദ്രോഹിക്കുകയും ചെയ്യുന്നതാണ്. പക്ഷേ അവസാനം ദൈവിക സഹായം നിന്നൊടൊപ്പമുണ്ടാകുന്നതും അല്ലാഹു ശത്രുക്കളെ ഇളിഭ്യരാക്കുന്നതുമാണ്. (റൂഹാനി ഖസായിൻ 9:53,54)**



**മലക് സുബൈർ അഹ്മദ് സാഹിബ്**
പിതാവ്; മലക് അബ്ദുർ റശീദ് സാഹിബ്.
പത്നി; ബുശ്റാ സുബൈർ സാഹിബ.
മക്കൾ; മലക് ആബിദ് സുബൈർ, സഅ്ദിയ സീശാൻ.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ബയ്അത്ത് ചെയ്തിരുന്നു. എന്നാൽ സഹാബിയാകാനുള്ള ഭാഗ്യം ലഭിച്ചില്ല. ഫൈസലാബാദിൽ ജോലിചെയ്തിരുന്ന അദ്ദേഹം വിരമിച്ചതിനു ശേഷം ശഹാദത്തിന് ഒരു മാസം മുമ്പാണ് ലാഹോറിലേക്ക് താമസമാക്കിയത്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 61 വയസ്സായിരുന്നു. വീട്ടുകാർ പറയുന്നു, നമസ്കാരങ്ങളും തഹജ്ജുദും സ്വത്വമായി അനുഷ്ഠിക്കുമായിരുന്നു. എത്ര ക്ഷീണമുണ്ടെങ്കിലും സമയത്ത് തന്നെ ആരോ വിളിച്ചുണർത്തുന്നതായി തോന്നുമെന്ന് അദ്ദേഹം പറയുമായിരുന്നു.
സംഭവസമയത്ത് അദ്ദേഹം പ്രധാന ഹാളിൽ ഇരുക്കുകയായിരുന്നു. വെടിവെപ്പ് സമയത്ത് ഹാളിലും നടുക്കുള്ള ഗ്രില്ലിനടുത്തേക്ക് പോകുന്ന സമയത്ത് അദ്ദേഹം വീണു. അവിടെ വെച്ച് ഒരു വെടിയുണ്ട ഹൃദയത്തിൽ കൊണ്ടു. അതേ അവസ്ഥയിൽ ആശുപത്രിയിലേക്ക് കൊണ്ടു പോയി. അവിടെ വെച്ച് ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അധിക സമയവും എം.ടി.എ കാണുമായിരുന്നു. മകൻ വണ്ടി വാങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു, വണ്ടിയിൽ റേഡിയോയൊന്നും പിടിപ്പിക്കേണ്ട ആവശ്യമില്ല. അതിനു പകരം സുബ്ഹാനല്ലായും സലാമും ചൊല്ലിക്കൊണ്ടിരിക്കുക. വണ്ടിയുടെ ഇൻഷുറൻസ് എടുത്തപ്പോൾ പറഞ്ഞു, ഇൻഷുറൻസ്കാർ ബലഹീനരാണ്. നീ ഓരോ മാസവും വണ്ടിയുടെ പേരിൽ ചന്ദ നൽകിക്കൊണ്ടിരിക്കുക, അല്ലാഹു ഏറ്റവും നന്നായി സംരക്ഷിക്കുന്ന വനാണ്. ബോക്സിങ്ങിന്റെ നല്ല കളിക്കാരനായിരുന്നു. ധാരാളം സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. (ഖുത്വുബ ജുമുഅ 25.6.10)



**അബ്ദുർ റശീദ് മലിക് സാഹിബ്**
പിതാവ്; അബ്ദുൽ ഹമീദ് മലിക് സാഹിബ്.
പത്നി; ഡോക്ടർ ആൻസ വസീം സാഹിബ.
മക്കൾ; ആയിശ റഷീദ്, ബുശ്റ അസ്മാർ, ഫാഇസ റഷീദ്.
**ശഹാദത്ത്; ബയ്ത്തുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ 313 സഹാബികളിൽ പെട്ട വ്യക്തിയാണ്. ശഹീദ് മൂസിയായിരുന്നു. മജ്‌ലിസ് അൻസാറുല്ലായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. അഞ്ചുനേര നമസ്കാരങ്ങളിൽ വളരെയധികം കൃത്യനിഷ്ഠതയുള്ള വ്യക്തിയായിരുന്നു. വളരെ ശ്രദ്ധയോടു കൂടി നമസ്കരിക്കുമായിരുന്നു. തികഞ്ഞ എളിമയുള്ള വ്യക്തിയായിരുന്നു. സ്വന്തം നന്മകൾ മറ്റുള്ളവരുടെ മേൽ ചാർത്തുമായിരുന്നു. അതിഥികളെ സേവിക്കുന്നതിൽ അതീവതൽപരനായിരുന്നു. എപ്പോഴും മറ്റുള്ളവരെ കുറിച്ച് സദ്ഭാവന പുലർത്തിയിരുന്നു. ഒരിക്കലും നാവുകൊണ്ട് മറ്റുള്ളവരെ ദ്രോഹിച്ചിട്ടില്ല. ദുആയിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. എല്ലാവർക്കു വേണ്ടിയും ദുആ ചെയ്യുകയും മറ്റുള്ളവരോട് ദുആയ്ക്ക് പറയുകയും ചെയ്യുമായിരുന്നു.

സാധാരണയായി കടക്ക് ഹൗസിലാണ് ജുമുഅ നമസ്കരിക്കാറുണ്ടായിരുന്നത്. അന്ന് പതിവിന് വിരുദ്ധമായി ദാറുദ്ദിക്റിൽ ജുമുആയ്ക്കി പോയി. വല്ലപ്പോഴും വലിയ പള്ളിയിൽ ജുമുഅ നമസ്കരിക്കണമെന്ന് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ടെന്ന് പറയുമായിരുന്നു. പ്രധാന ഹാളിൽ കസേരയിലാണ് ഇരുന്നിരുന്നത്. എന്റെ കാലിൽ വെടിയേറ്റിരിക്കുന്നു എന്ന് വീട്ടിലേക്ക് ഫോൺ ചെയ്തു പറഞ്ഞിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, മൂന്ന് പെൺകുട്ടികളാണുള്ളത്. മൂന്നുപേരുടേയും ആത്മീയവും ഭൗതികവുമായ പഠനത്തിനുള്ള സൗകര്യങ്ങൾ ചെയ്തിരുന്നു. പുതുതായി ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ വീട്ടിൽ പണിക്ക് വന്നിരുന്നു. അവളെ തബ്‌ലീഗ് ചെയ്യുകയും ബയ്അത്ത് ചെയ്യിപ്പിക്കുകയും ചെയ്തു. പിന്നീട് അവളുടെ വിവാഹത്തിനുള്ള ഏർപ്പാടുകളും ചെയ്തു. നല്ല സ്നേഹമുള്ള വ്യക്തിയായിരുന്നു. ദുആ ചെയ്യുന്ന, ലാളിത്യമുള്ള, ഭയഭക്തിയുള്ള, അനുസരണശീലമുള്ള വ്യക്തിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 18.6.10)*




**മുഹമ്മദ് റഷീദ് ഹാശ്മി സാഹിബ്**
പിതാവ്; മുനീർ ശാഹ് ഹാശ്മി സാഹിബ്.
പത്നി; മുബശ്ശിറ ഹാശ്മി സാഹിബ.
മക്കൾ; ഖാലിദ ഹാശ്മി, ഖുർറത്തുൽ ഐൻ ഹാശ്മി, നിദാ ഹാശ്മി.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം റേഡിയോ പാക്കിസ്ഥാൻ പിശാവർ സ്റ്റുഡിയോയിൽ ജോലിക്കാരനായിരുന്നു. വാർത്ത വായിക്കുമായിരുന്നു. മറ്റു സമയങ്ങളിൽ പത്രങ്ങളിൽ കോളമെഴുതുമായിരുന്നു. ശഹാദത്ത് സമയത്ത് 78 വയസ്സായിരുന്നു. മജ്‌ലിസ് അൻസാറുല്ലായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. 16 വർഷം വരെ ഹൽഖയുടെ സദ്റായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

അതിഥികളെ സേവിക്കുമായിരുന്നു, നല്ല പെരുമാറ്റത്തിനുടമയായിരുന്നു. തിലാവത്തുചെയ്യുകയും നസം ആലപിക്കുകയും ചെയ്യുമായിരുന്നു. ആരോഗ്യം മോശമായിരിന്നിട്ടു പോലും ജമാഅത്തിന്റെ പരിപരിപാടികൾക്കായി എപ്പോഴും സന്നദ്ധനായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമായിരുന്നു. എല്ലാ ആഹ്വാനങ്ങളിലും പങ്കെടുക്കുമായിരുന്നു. മൂന്ന് വെടിയുണ്ടയാണ് അദ്ദേഹത്തിന്റെ ശരീരത്തിൽ തറച്ചത്. നീതിമാനായ വ്യക്തിയായിരുന്നു. ഹുസൂർ തിരുമനസ്സിന്റെ ഖുത്വുബ വളരെ താൽപര്യത്തോടെ ശ്രവിക്കുമായിരുന്നു. അതിനായി വീട്ടിലുള്ള എല്ലാവരേയും ഒരുമിച്ച് കൂട്ടുമായിരുന്നു. ജമാഅത്തിന് എതിരായിട്ടുള്ള ഒരു വാക്കു പോലും കേട്ടാൽ സഹിക്കില്ലായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അനഹ്മദികളും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. മുഴുവൻ മുഹല്ലവാസികളും അനുശോചനത്തിനായി എത്തിയിരുന്നു. വളരെ ധീരനായ വ്യക്തിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

(ഖുത്വുബ ജുമുഅ 18.6.10)




**മുഹമ്മദ് ശാഹിദ് സാഹിബ്**

പിതാവ്: ശഫീഖ് സാഹിബ്. മാതാവ്: ഹമീദ ബോഗം സാഹിബ.

**ശഹാദത്ത് : ദാറുദ്ദിക്ർ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ 1935 ൽ ബയ്അത്തു ചെയ്തു. ശാഹിദ് സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 28 വയസ്സായിരുന്നു പ്രായം. ജമാഅത്തുമായി അദ്ദേഹത്തിന് അഗാധമായ ബന്ധമാണുണ്ടായിരുന്നത്. എല്ലായിടക്കും ഡ്യൂട്ടിയിൽ ഖുദ്ദാമുൽ അഹ്മദിയായോടൊപ്പം ഉണ്ടാകുമായിരുന്നു. നമസ്കാരത്തിൽ വളരെയധികം കൃത്യനിഷ്ഠത പുലർത്തിയിരുന്നു. പ്രത്യേകിച്ച് സുബ്ഹി നമസ്കാരത്തിന് മറ്റുള്ളവരേയും എഴുന്നേൽപ്പിക്കുമായിരുന്നു. അദ്ദേഹം അധികവും രാത്രി താമസിച്ചാണ് വീട്ടിലെത്താറുണ്ടായിരുന്നത്. സുബ്ഹി നമസ്കാരത്തിന് എഴുന്നേൽക്കാൻ സാധിച്ചില്ലെങ്കിലോ എന്ന ചിന്തയിൽ ഉറങ്ങാതെ സുബ്ഹി നമസ്കരിച്ച ശേഷം ഉറങ്ങുമായിരുന്നു. ശഹാദത്തിന് അല്പദിവസം മുമ്പ് അദ്ദേഹം എല്ലാ സുഹൃത്തുക്കളോടും പറഞ്ഞു, എന്നോട് ആരുടെയെങ്കിലും കൊടുക്കൽ വാങ്ങൽ ബാക്കിയുണ്ടെങ്കിൽ തീർത്തു കൊള്ളുക. സിഗററ്റ് വലിക്കുന്ന ദുസ്സ്വഭാവമുണ്ടായിരുന്നു. ഏതാനും മാസങ്ങൾക്കു മുമ്പ് അതും ഉപേക്ഷിച്ചിരുന്നു. രണ്ടു സഹോദരന്മാരും ഒരുമിച്ച് കച്ചവടം നടത്തുകയായിരുന്നു. അന്നേ ദിവസം ജുമുആയ്ക്ക് പുറപ്പെടാനൊരുങ്ങിയ ഇളയ സഹോദരനെ തടഞ്ഞുകൊണ്ട് ഇന്ന് ഞാൻ പോകും എന്ന് പറഞ്ഞ് അദ്ദേഹം പുറപ്പെടുകയായിരുന്നു. സംഭവദിവസം മിഹ്റാബിനടുത്ത് അമീർ സാഹിബിന്റെ അടുത്തായിരുന്നു അദ്ദേഹത്തിന് ഡ്യൂട്ടി. ഡ്യൂട്ടിയിൽ തന്റെ സ്ഥാനത്തു തന്നെ ഉറച്ചു നില കൊണ്ടു. ശഹാദത്തിനു മുമ്പ് പിതാവിനും സുഹൃത്തുക്കൾക്കും ഫോൺ ചെയ്ത് ഞാൻ ഉഗ്രവാദികളെ പിടികൂടുന്നതിനായി ശ്രമിക്കുന്നതാണെന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് നഖത്തിന്റെ അടയാളം ഉണ്ടായിരുന്നു. ഒരു മൽപിടുത്തം നടന്നിരുന്നു എന്ന് അത് സൂചിപ്പിക്കുന്നു. ഉമ്മയെ അറിയിക്കുക. അവർ വളരെ വിഷമിക്കും എന്ന് ഫോണിലൂടെ സ്വന്തം സഹോദരനോട് പറഞ്ഞ വാക്കായിരുന്നു അദ്ദേഹത്തിന്റെ അവസാന വാക്ക്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. എല്ലാ ജുമുആയ്ക്കു മുമ്പും സദഖ നൽകുന്നത് പതിവാക്കിയിരുന്നു. അന്നും 50 രൂപ സദഖ നൽകിയ രസീദ് അദ്ദേഹത്തിന്റെ പോക്കറ്റിൽ നിന്നും ലഭിക്കുകയുണ്ടായി.



**പ്രൊഫസർ അബ്ദുൽ വദൂദ് സാഹിബ്**

പിതാവ്; അബ്ദുൽ മജീദ് സാഹിബ്. പത്നി; ബുശ്റ വദൂദ് സാഹിബ.

മക്കൾ; അബ്ദുൽ മുഖ്തദിർ, ഗസാല വദൂദ്, ജുവൈരിയ വദൂദ്, ഫസാഅ് വദൂദ്.

**ശഹാദത്ത്; ദാറുദ്ദിക്ർ ലാഹോർ.**


അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹചാരിയായിരുന്നു. അദ്ദേഹം ബാഗ്ബാൻപുര ലാഹോറിലെ സർക്കാർ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു. ജമാഅത്ത് പ്രവർത്തനങ്ങളിൽ കർമ്മനിരതനായിരുന്നു. ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ അദ്ദേഹത്തിന്റെ ശ്രമഫലമായി ഹൽഖയിൽ വലിയൊരു ജൽസ സംഘടിപ്പിച്ചിരുന്നു. കലിമയുടെ കേസിൽ തടവറയിൽ കഴിഞ്ഞിട്ടുണ്ട്. ഏഴ് വർഷം കേസ് നടന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 55 വയസ്സായിരുന്നു. അദ്ദേഹം എൽ.എൽ.ബി യും പാസായിട്ടുണ്ട്. ലാഹോർ ഛാവ്നിയുടെ സയീം അൻസാറുല്ലാഹ് ആയിരുന്നു. കുറച്ചുകാലം ഹൽഖ മുസ്തഫാബാദിന്റെ സദറുമായിരുന്നു. മൂസിയായിരുന്നു. ചെറുപ്പകാലം മുതൽക്കു തന്നെ ഭാരവാഹിത്വം വഹിക്കുന്നതിനുള്ള അവസരങ്ങൾ ലഭിച്ചിരുന്നു. അവസരം ലഭിക്കുമ്പോഴെല്ലാം തന്നെ താൻ അഹ്മദിയാണെന്ന കാര്യം അദ്ദേഹം വെളിപ്പെടുത്തുമായിരുന്നു.

വളരെയധികം സൗമ്യപ്രകൃതക്കാരനായിരുന്നു. ഭാര്യ പറയുന്നത് 23 വർഷക്കാലത്തെ ദാമ്പത്യജീവിതത്തിൽ ഒരിക്കൽ പോലും അദ്ദേഹം കോപിച്ചിട്ടില്ല എന്നാണ്. കുട്ടികളോട് രണ്ടു കാര്യത്തിൽ മാത്രമാണ് അദ്ദേഹം ശക്തമായി പ്രതികരിച്ചിരുന്നത്. ഒന്ന് നമസ്കാരത്തിന്റെ കാര്യത്തിൽ, രണ്ടാമത്തേത് വീട്ടിൽ തുടങ്ങിയിരുന്ന ഖുർആൻ തർജമ ക്ലാസ്സിലും. കൂടാതെ ഹദീസിന്റെ ക്ലാസ്സും നടത്തിയിരുന്നു. സഹോദരന്മാരോട് സൗഹൃദ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഒത്തൊരുമയോടു കൂടിയാണ് എല്ലാം ചെയ്തിരുന്നത്. ഇളയ സഹോദരന് വീട് നിർമ്മിക്കുന്നതിനായി എല്ലാ സഹോദരന്മാരും പൈസ കടമായി നൽകാൻ തീരുമാനിച്ചു. അദ്ദേഹം തന്റെ വിഹിതം ഏറ്റവും ആദ്യം തന്നെ നൽകിയിരുന്നു. തഹജ്ജുദിനും സുബ്ഹി നമസ്കാരത്തിനും ശേഷം പ്രഭാതസവാരിക്കിറങ്ങുന്ന അദ്ദേഹം കോളനിയിലെ എല്ലാവരോടും സലാം പറയുമായിരുന്നു. താൻ മൂലം മുഴുവൻ കോളനിവാസികൾക്കും സലാം പറയുന്ന നല്ല സ്വഭാവം ഉണ്ടായി എന്ന് അദ്ദേഹം പറയുമായിരുന്നു. സംഭവദിവസം വെടിവെപ്പിനിടയിൽ അദ്ദേഹം മുറബ്ബി ഹൗസിലേക്ക് പോകുകയായിരുന്നു. അന്നേരം ഒരു ഉഗ്രവാദി അദ്ദേഹത്തിനു നേരെ നിറയൊഴിക്കുകയും തൽഫലമായി മുറബ്ബിഹൗസിന്റെ വാതിക്കലിൽ തന്നെ അദ്ദേഹം ശഹീദാവുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ചെറുപ്പകാലം മുതൽക്കുതന്നെ ഭാരവാഹിത്വം വഹിക്കുന്നതിനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചിരുന്നു. ജോലി ചെയ്യുന്നതിനുള്ള ആവേശം അദ്ദേഹത്തിലുണ്ടായിരുന്നു. കാര്യങ്ങൾ പ്രവർത്തിച്ചു കാണിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് താൽപര്യം. അദ്ദേഹം തന്റെ സഹോദരന്മാരോട് പറഞ്ഞിരുന്നു, എവിടെയെങ്കിലും ആവശ്യക്കാരുണ്ടെങ്കിൽ അവർക്ക് വേണ്ട സഹായം നൽകി എന്നിൽ നിന്ന് വാങ്ങിക്കൊള്ളുക. അല്ലാഹു അദ്ദേഹത്തിന്റെ നന്മകൾ അദ്ദേഹത്തിന്റെ തലമുറകളിലും തുടർന്നുകൊണ്ടു പോകുമാറാകട്ടെ.

*(ഖുത്വുബ ജുമുആ 11.6.10)*





**മേജർ ജനറൽ നാസിർ അഹ്മദ് ചൗധരി സാഹിബ്**
പിതാവ്; ചൗധരി സഫ്ദർ അലി സാഹിബ്
പത്നി; അമത്തുസ്സലാം സാഹിബ
മക്കൾ; ത്വാഹിർ അഹ്മദ്, സാഹിർ അഹ്മദ്, മാഹിർ അഹ്മദ്,
റഖ്ശൻദ ബാനു, ഫരീദ ബാനു, ആസ്മ ബാനു, മുസമ്മിൽ ചൗധരി
**ശഹാദത്ത്; ബൈത്തുന്നൂർ, മോഡേൺ ടൗൺ ലാഹോർ**

ഇൻസ്പെക്ടറായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ഡ്യൂട്ടിയിലിരിക്കെ തന്നെ 1930 ൽ ശഹീദായി.

1942 ൽ കമ്മീഷൻ ലഭിച്ച മേജർ സാഹിബ് ബാംഗ്ലൂരിൽ എത്തുകയും രണ്ടാം ലോകമഹായുദ്ധത്തിൽ ബർമ്മയുടെ ഫ്രിയർ ഫോർസ് മുന്നണിയിൽ പ്രവർത്തിക്കുകയും ചെയ്തു. സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം 1971 ൽ രാജസ്ഥാനിലെ Div-33 യുടെ കമാൻഡറായി. അവിടെ വെച്ച് കാൽമുട്ടിന് വെടിയേൽക്കുകയും വെടിയുണ്ട പുറത്തെടുക്കാൻ സാധിക്കാത്ത വിധത്തിൽ അകത്ത് തങ്ങുകയും ചെയ്തു. എന്നാൽ അസാമാന്യ ധൈര്യശാലിയായ അദ്ദേഹം നിരന്തരമായ അഭ്യാസങ്ങളിലൂടെ നടക്കാൻ തുടങ്ങുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു. 20 വർഷത്തോളം ഇസ്‌ലാഹ് ഇർശാദ് സെക്രട്ടറി ലാഹോറായി സേവനമനുഷ്ഠിച്ചു.

1987 മുതൽ ശഹാദത്ത് വരേക്കും മോഡേൺ ടൗൺ സദറായി സേവനമനുഷ്ഠിച്ചിരുന്നു. 1943 ൽ തന്നെ വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. ശഹാദത്ത് സമയത്ത് 91 വയസ്സായിരുന്നു. ആത്മാർത്ഥ അഹ്മദിയായിരുന്നു. ഖിലാഫത്തുമായി അതിരറ്റ സ്നേഹമുണ്ടായിരുന്നു. കൃത്യതയോടെ നമസ്കരിക്കുന്ന വ്യക്തിയും, ജമാഅത്തിനോട് അനുകമ്പയുള്ളയാളുമായിരുന്നു. എം.ടി.എ സ്ഥിരമായി കാണാറുണ്ടായിരുന്നു. ആദ്യമായി റബ്വയിൽ എത്തിയപ്പെൾ കുന്നിൻ മുകളിൽ കയറി നിന്ന് അല്ലാഹു അക്ബർ, അഹ്മദിയ്യത്ത് സിന്ദാബാദ്, മിർസാ ഗുലാം അഹ്മദ് കീ ജെയ് എന്ന് മുദ്രാവാക്യം മുഴക്കുകയുായി. റബ്വയിൽ പെയി വരുമ്പോഴെല്ലാം അദ്ദേഹം പേരമക്കൾക്കായി അലൈസല്ലാഹുവിന്റെ മോതിരം ഉപഹാരമായി കൊണ്ടുവരുമായിരുന്നു. കൃത്യനിഷ്ഠതയോടെ നമസ്കരിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും വേണം എന്ന നിബന്ധനയിലായിരുന്നു ആ മോതിരം നൽകിയിരുന്നത്.

ബൈത്തുന്നൂറിൽ സാധാരണയായി അദ്ദേഹം പുറത്ത് കസേരയിലായിരുന്നു ഇരിക്കാറുണ്ടായിരുന്നത്. സംഭവദിവസം വെടിവെപ്പ് ആരംഭിച്ചപ്പോൾ അദ്ദേഹത്തോട് അകത്തേക്ക് പോകുവാൻ പറഞ്ഞു. എന്നാൽ മറ്റുള്ളവരെയെല്ലാം അകത്തേക്കാക്കിയ ശേഷം അവസാനമായാണ് അദ്ദേഹം അകത്തേക്ക് കടന്നത്. അവിടെ അവസാന നിരയിലുണ്ടായിരുന്ന കസേരയിൽ വന്നിരുന്നു. പിന്നീട് ബേസ്മെന്റിലേക്ക് പോകുവാൻ പറഞ്ഞപ്പോൾ ഞാനിവിടെ ഇരുന്നുകൊള്ളാം എന്ന് പറഞ്ഞു. അന്നേരം ഒരു ഗ്രനേഡ് അദ്ദേഹത്തിന്റെ കാൽക്കൽ വന്ന് പതിക്കുകയും പൊട്ടിത്തെറിക്കുകയും ചെയ്തു. താഴെ വീണ അദ്ദേഹം വീണ്ടും എഴുന്നേറ്റ് കസേരയിൽ ഇരുന്നപ്പോൾ അദ്ദേഹത്തിന് നേരെ വെടിവെക്കുകയും ഒരു തിര അദ്ദേഹത്തന്റെ കഴുത്തിൽ കൊള്ളുകയും ചെയ്തു. കസേരയിൽ ഇരുന്നുകൊണ്ട് സുജൂദിന്റെ അവസ്ഥയിൽ അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, മേജർ സാഹിബ് വളരെ വിനയാന്വിതനായിക്കൊണ്ടും കൂറുപുലർത്തിക്കൊണ്ടും ജമാഅത്തിന സേവനമനുഷ്ഠിച്ചു. ബയ്അത്ത് നിബന്ധനകളേയും പരിപാലിച്ചു. ..... മസീഹിന്റെ ഒരു പ്രവർത്തകൻ എന്ന നിലയിൽ ആരാധന നിർവഹിച്ചുകൊണ്ടിരുന്ന അവസ്ഥയിൽ അല്ലാഹു അദ്ദേഹത്തിന് ശഹാദത്തിന്റെ പദവി നൽകി അനുഗ്രഹിച്ചു.

---



**അസ്‌ലം ഭർവാന സാഹിബ്**
പിതാവ്; മെഹർ രാജാ ഖാൻ ഭർവാന സാഹിബ്
പത്നി; സലീമ ത്വാഹിർ സാഹിബ
മക്കൾ; അസ്ഹർ ഭർവാന, അൻസർ ഭർവാന, ശൗകത്ത് ജഹാൻ, സൽമാന അസ്‌ലം.
**ശഹാദത്ത്; ബയ്ത്തുദ്ദിക്റ് ലാഹോർ**

പിതാവ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ കാലഘട്ടത്തിൽ ബയ്അത്ത് ചെയതു. അസ്‌ലം ഭർവാന സാഹിബ് ടെക്സ്‌ലാ യൂണിവേഴ്സിറ്റിയിൽ നിന്നും മെഡിക്കൽ എഞ്ചിനീയറിങ്ങ് പാസായി. 1981 മുതൽ പാക്കിസ്ഥാൻ റെയിൽവേയിൽ ജോലിചെയ്തു വരുന്നു. മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ചീഫ് എഞ്ചിനീയറായിരുന്നു. മജ്‌ലിസ് അൻസാറുല്ലായുടെ നല്ലൊരു പ്രവർത്തകനായിരുന്നു. ജുമുഅ ദിവസങ്ങളിൽ അദ്ദേഹം ബയ്ത്തുദ്ദിക്റിൽ നിന്ന് കൊണ്ട് വിളംബരങ്ങൾ നടത്തുമായിരുന്നു. അന്നും വിളംബരങ്ങൾ നടത്തിയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 59 വയസ്സായിരുന്നു.

സംഭവ സമയത്ത് അദ്ദേഹത്തെ ബേസ്മെന്റിലേക്ക് പറഞ്ഞയക്കുവാൻ വേണ്ടി ഖാദിംകൾ ശ്രമിച്ചു. എന്നാൽ ഞാനിവിടെ നിന്നു കൊള്ളാം എന്ന് അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ വിവരം അറിയിക്കുന്നതിനായി പുറത്തേക്കിറങ്ങുന്നതിനായി വാതിൽ തുറന്ന അദ്ദേഹത്തിനു നേരെ അവിടെ നിന്ന ഉഗ്രവാദി നിറയൊഴിക്കുകയായിരുന്നു.

അദ്ദേഹം പല ജമാഅത്തി സ്ഥാനങ്ങളും വഹിച്ചുട്ടുണ്ട്. ലാഹോറിന്റേയും റാവൽപിണ്ഡിയുടേയും മുൻ ഖാഇദ് ഇലാഖയായിരുന്നു. കൂടാതെ സെക്രട്ടറി നൗ മുബായിഈൻ, സോക്രട്ടറി ജായ്ദാദ് ലാഹോർ, ഹാൻഡോ ഗുജർ ലാഹോർ ഖബർസ്ഥാന്റെ മേൽനോട്ടക്കാരൻ, എന്നിവയുമായിരുന്നു. വളരെ ആത്മാർത്ഥതയോടുകൂടി രാപകൽ പ്രവർത്തിക്കുമായിരുന്നു. വളരെ ധീരനായ വ്യക്തിയായിരുന്നു.

അഹ്മദികളെ കലിമയിൽ നിന്നും വിലക്കിയ നാളുകളിൽ ഒരിക്കൽ പ്രസിഡന്റ് സിയാഉൽ ഹഖിന്റെ ആഗമനത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ അദ്ദേഹവും പങ്കെടുത്തിരുന്നു. മുൻനിരയിൽ സ്ഥാനം ലഭിച്ച് അദ്ദേഹം കലിമയുടെ ബാഡ്ജും ധരിച്ചായിരുന്നു എത്തിച്ചേർന്നത്. ഒന്നുകിൽ കലിമയുടെ ബാഡ്ജ് അഴിച്ചുവെക്കുക അല്ലെങ്കിൽ പുറകിൽ പോയിരിക്കുക എന്ന സന്ദേശം അയച്ച ഗവർണറോട് കലിമയുടെ ബാഡ്ജ് ഞാൻ അഴിക്കുകയുമില്ല, ഭയന്ന് പുറകിൽ പോയി ഇരിക്കുകയുമില്ല എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

പരീക്ഷണ കാലഘട്ടത്തിൽ ഖാഇദായിരുന്ന അദ്ദേഹം ഖാദിമീകളെ ഡ്യൂട്ടിക്ക് നിയമിക്കുന്നതിനൊപ്പം സ്വയവും ഗേറ്റിൽ ഡ്യൂട്ടി നൽകുമായിരുന്നു.ധാരാളം സഹായിക്കുകയും സൃഷ്ടിസേവനം ചെയ്യുകയും ചെയ്യുന്ന വ്യക്തിയായിരുന്നു.

ഖിലാഫത്തിനോടും ജമാഅത്തിനോടും പ്രത്യേക സ്നേഹമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിരുന്നു. ജീവിതം വഖ്ഫ് ചെയ്യാൻ ആഗ്രഹിച്ചിരുന്നു. വിരമിച്ചതിനുശേഷം വഖ്ഫ് ചെയ്തിരുന്നു. താൻ വഖ്ഫ് ചെയ്തതാണ്, ജമാഅത്തിന് ഗുണകരമാകണം എന്ന ഉദ്ദേശത്തോടുകൂടി ആരോഗ്യത്തെ പരിപാലിച്ചിരുന്നു. നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്ന സത്യസന്ധനായ ഒരു ഓഫീസറായിരുന്നു അദ്ദേഹം. അക്കാരണത്താൽ എല്ലായിടത്തും അദ്ദേഹം ബഹുമാനിതനായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (ആയ്യദഹുല്ലാഹ്) പറയുന്നു, വളരെ വിനയാന്വിതനായി പ്രവർത്തിക്കുന്നതായിട്ട് ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഏത് പദവിയിലുള്ള കേന്ദ്രപ്രവർത്തകനേയും ആദരിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.



**മുഹമ്മദ് അശ്റഫ് ബിലാൽ സാഹിബ്**
പിതാവ്; മുഹമ്മദ് ലത്തീഫ് സാഹിബ്
പത്നി; അസ്റാ അശ്റഫ് സാഹിബ
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ കാലത്ത് ബയ്അത്ത് ചെയ്തു. ബ്രിട്ടൺ നിവാസിയായ അദ്ദേഹം പാക്കിസ്ഥാനിൽ വന്നതായിരുന്നു. സാമ്പത്തിക സേവനത്തിൽ മുന്നിട്ടു നിൽക്കുന്ന വ്യക്തിയായിരുന്നു. ശാലിമാർ ടൗണിലെ ബയ്ത്തുദ്ദിക്റ് നിർമ്മിച്ച് അദ്ദേഹം ജമാഅത്തിന് സമർപ്പിച്ചിരുന്നു. എഞ്ചിനീയറിങ്ങ് വിഭാഗവുമായിട്ടായിരുന്നു അദ്ദേഹത്തിന് ബന്ധം. സ്വന്തം ഫാക്ടറി കർമശാല പണികഴിപ്പിച്ചിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹതേതിന് 56 വയസ്സായിരുന്നു. സെക്രട്ടറി തഹ്രീക് ജദീദായി സേവനമനുഷ്ഠിച്ചിരുന്നു. മൂസിയായിരുന്നു.

സംഭവദിവസം അദ്ദേഹത്തിന്റെ ഇടതുതോളിൽ പുറകിൽ നിന്ന് ഏറ്റ വെടിയുണ്ട ഹൃദയത്തിലൂടെ കടന്ന് മുൻ ഭാഗത്തുകൂടെ പുറത്ത് വന്നിരുന്നു. കൈ ശരീരത്തോട് ശക്തമായി ചേർത്തുവെച്ചുകൊണ്ട് എനിക്ക് വെടിയേറ്റിരിക്കുന്നു, ആരോടും പറയരുതെന്ന് ഡ്രൈവറെ ഫോൺ ചെയ്തു പറഞ്ഞു. അദ്ദേഹത്തെ താങ്ങിയെടുത്ത നിസാർ എന്ന ചെറുപ്പക്കാരനേയും ലക്ഷ്യമാക്കി തുടരെ തുടരെ നിറയൊഴിക്കുകയും രണ്ടുപേരും ശഹീദാകുകയും ചെയ്തു.

സൃഷ്ടിസേവനത്തിനായി അദ്ദേഹം തന്റെ ഫാക്ടറിയുടെ മുകളിൽ ഒരു ബിലാൽ സൗജന്യ ഹോമിയോപതി ക്ലിനിക്ക് തുടങ്ങിയിരുന്നു. പ്രശസ്തരായ നല്ല നല്ല ഡോക്ടർമാർ അവിടെ പ്രവർക്കിക്കുന്നു. എല്ലാ ചിലവുകളും അദ്ദേഹമാണ് വഹിച്ചിരുന്നത്. കൂടാതെ സഹായം തേടി വന്ന ആരേയും അദ്ദേഹം ഒരിക്കലും വെറുതെ മടക്കിടിരുന്നില്ല. ഏതുപ്രശ്നത്തിലും ആളുകൾ അദ്ദേഹത്തോട് അഭിപ്രായം തേടിയിരുന്നു.
തന്റെ ഫാക്ടറിയിലെ തൊഴിലാളികളുമായും അദ്ദേഹത്തിന് ഒരു പ്രത്യേക അടുപ്പമുണ്ടായിരുന്നു. അവർക്ക് പിതാവിനെ പോലെയായിരുന്നു അദ്ദേഹം. ശമ്പളം കൂടാതെ തന്നെ പല വിഷമഘട്ടത്തിലും അദ്ദേഹം അവരെ മറ്റുള്ളവർ അറിയാതെ തന്നെ സാമ്പത്തികമായി സഹായിച്ചിരുന്നു.

കുട്ടികൾക്ക് ധാരാളം ദുആകൾ അദ്ദേഹം പഠിപ്പിച്ചിരുന്നു. തന്നോടൊപ്പം അവരെ നമസ്കരിപ്പിക്കുമായിരുന്നു. ശഹാദത്തിന് രണ്ടു മാസം മുമ്പു തന്നെ അദ്ദേഹം എല്ലാ ജോലികളും പെട്ടെന്ന് പെട്ടെന്ന് തീർക്കുവാൻ തുടങ്ങിയിരുന്നു. പതിനഞ്ച് ദിവസം മുമ്പ് വിവിധ ജോലികൾ ചെയ്തു തീർക്കുന്നതിനായി ഭാര്യയോട് വസിയ്യത്ത് ചെയ്തു. എനിക്കിത് ചെയ്യാൻ കഴിയില്ല എന്ന് ഭാര്യ പറഞ്ഞപ്പോൾ നിനക്ക് നല്ലപോലെ കഴിയും എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, സൃഷ്ടിസേവനത്തിലും സാമ്പത്തിക ത്യാഗത്തിലും വളരെയധികം മുന്നിലായിരുന്നു. ഓരോ മാസവും ലക്ഷക്കണക്കിന് രൂപ സൃഷ്ടിസേവനത്തിനായി ചെലവഴിച്ചിരുന്നു..... ധാരാളം പേർക്ക് മാസച്ചിലവ് നൽകിയിരുന്നു. ആരെങ്കിലും സഹായത്തിനായി അദ്ദേഹത്തിന്റെ അടുക്കൽ വന്നാൽ, ഇനി മറ്റെവിടേയും പോകേണ്ട എന്റെ പക്കൽ വന്നാൽ മതി എന്നു പറയുമായിരുന്നു.....അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.



**ക്യാപ്റ്റൻ മിർസാ നയീമുദ്ദീൻ സാഹിബ്**
പിതാവ്; മിർസാ സിറാജുദ്ദീൻസാഹിബ്
ഭാര്യ; മുസറത്ത് പർവീൺ സാഹിബ
മക്കൾ; ആമിർ നയീം, ഉമർ നയീം, നഈമ ഫസീലത്ത്, നസ്ഹത്ത് ആമിർ, ശമഇല നയീം, ബുശ്റാ നയീം, നുസ്റത്ത് ജഹാൻ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹനാണ് ആദ്യമായി ബയ്അത്ത് ചെയ്തത്. ഭാര്യാഭർതൃ ബന്ധത്തിൽ സമ്പൂർണ്ണ മാതൃകയായിരുന്നു. ഓരോ പെൺകുട്ടി ജനിക്കുമ്പോഴും അനുഗ്രഹം വന്നു എന്ന് പറയുമായിരുന്നു. ഓരോ പെൺകുട്ടിയുടെ ജനനശേഷവും അദ്ദേഹത്തിന് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. പട്ടാളക്കാരനിൽ നിന്ന് ക്യപ്റ്റൻ വരെ ഉയർന്നു.

സത്യസന്ധത കാരണത്താൽ എല്ലാവരും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. വളരെ ധൈര്യശാലിയായിരുന്നു. 1971 ലെ യുദ്ധത്തിലും കാർഗിൽ യുദ്ധത്തിലും പങ്കെടുത്തിരുന്നു.

ആരംഭം മുതൽക്കു തന്നെ കുട്ടികളുടെ ദീനീ വിദ്ധ്യാഭ്യാസത്തിൽ തൽപരനായിരുന്നു. സുബ്ഹി നമസ്കാരത്തിന് വുളു എടുക്കാനായി പോകുമ്പോൾ അദ്ദേഹം കുട്ടികളെയും ഉണർത്തുമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 56 വയസ്സായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ശഹാദത്തിനായി വളരെയധികം ആഗ്രഹിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ഈ ആഗ്രഹവും ഇപ്രകാരം പൂർത്തിയാക്കി. ആരാധന നിർവഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന് ശഹാദത്തിന്റെ സ്ഥാനം നൽകി.

*(ഖുത്വുബ ജുമുഅ 11.6.10)*



**ഇജാസ് അഹ്മദ് ബേഗ് സാഹിബ്**
പിതാവ്; മിർസാ മുഹമ്മദ് അൻവർ ബേഗ് സാഹിബ്
ഭാര്യ; അമത്തുൽ മത്തീൻ സാഹിബ
മക്കൾ; ഇബ്തിസാം അഹ്മദ് ബേഗ്, ഫറാസ് അഹ്മദ് ബേഗ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

ഖാദിയാനടുത്തുള്ള ലങ്കർവാൽ സ്വദേശി. മതാവ് മുഹമ്മദീ ബേഗമിന്റെ കുടുംബക്കാരായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 39 വയസ്സായിരുന്നു.

രണ്ടു വർഷമായി അദ്ദേഹത്തിന് മൂത്രത്തിൽ ഇൻഫെക്ഷനായിരുന്നു. രണ്ടു മാസത്തിന് ശേഷം ആദ്യമായാണ് വളരെ തയ്യാറെടുപ്പുകൾ നടത്തി ജുമുആ നമസ്കരിക്കുവാനായി പോയത്.


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, വളരെ ലളിതജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഒരിക്കലും പരിഭ്രമിക്കാറില്ലായിരുന്നു. അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു. സഹനശീലനായിരുന്നു. ഒരിക്കലും ആർക്കെതിരിലും മോശമായി പ്രതികരിച്ചിട്ടില്ല. അദ്ദേഹം സ്വകാര്യ ഡ്രൈവറായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ



**കാംറാൻ അർശദ് സാഹിബ്**
പിതാവ്; മുഹമ്മദ് അർശദ് ഖമർ സാഹിബ്
പത്നി; സദ്റ കാംറാൻ സാഹിബ
മക്കൾ; നുഅ്മാൻ അഹ്മദ്, സബീക്ക കാംറാൻ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ 1918 ൽ ബയ്അത്ത് ചെയ്തു. അദ്ദേഹം ബി.എ ബിരുധദാരിയായിരുന്നു. കംപോസിങ്ങിന്റെ ജോലിയായിരുന്നു ചെയ്തിരുന്നത്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 38 വയസ്സായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. ജമാഅത്തിലെ സെക്രട്ടറി തഅ്ലീമായി സേവനമനുഷ്ഠിക്കുകയായിരുന്നു. കൂടാതെ എം.ടി.എ യിലും 1994 മുതൽ പ്രതിഫലമില്ലാതെ പ്രവർത്തിച്ചുവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

സംഭവദിവസം വെടിവെപ്പ് ആരംഭിച്ചപ്പോൾ വളരെ ധൈര്യത്തോടുകൂടി ജീവൻ പണയം വെച്ചുകൊണ്ട് എം.ടി.എ യ്ക്കു വേണ്ടി റെക്കോർഡിങ്ങ് ചെയ്യാൻ തുടങ്ങി. എന്നാൽ ആ സമയത്ത് ശത്രുക്കളുടെ വെടിയേറ്റ അദ്ദേഹം ശഹീദായി. വളരെ സൗമ്യശീലനായിരുന്നു. കുട്ടികളുടെ നമസ്കാരത്തെ കുറിച്ച് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കഴിഞ്ഞ ഒരു മാസമായിട്ട് ദാറുദ്ദിക്റിലെ ജോലികളിൽ മുഴുകിയിരിക്കുകയായിരുന്നു. ശഹാദത്തിന് മുന്ന് നാലു ദിവസം മുമ്പ് പതിവിന് വിപരീതമായി വളരെ ഗൗരവത്തോടും നിശബ്ധനായും കാണപ്പെട്ടു. വിശുദ്ധഖുർആൻ പാരായണം ചെയ്യാതെ വീടിന് വെളിയിൽ പോകില്ലായിരുന്നു. കാംറാൻ പൂക്കൾക്കിടയിൽ നിൽക്കുന്നതായിട്ട് അദ്ദേഹത്തിന്റെ സഹോദരൻ സ്വപ്നം കണ്ടിരുന്നു. രാത്രി ഉറങ്ങുന്നതിനു മുമ്പ് ജമാഅത്തിന്റെ ഏതെങ്കിലും ഗ്രന്ഥത്തിൽ നിന്ന് അല്പമെങ്കിലും വായിക്കുമായിരുന്നു. വീട്ടുജോലികളിൽ ഭാര്യയെ സഹായിക്കുമായിരുന്നു. ഭക്ഷണം കഴിക്കുമ്പോൾ ഒരു പിടി ഭക്ഷണം ഭാര്യയുടെ വായിൽ വെച്ചു കൊടുത്ത് ഇത് നബി (സ)യുടെ സുന്നത്താണ് മറ്റുള്ളവർ ഈ കർമ്മത്തിലൂടെ പുണ്യം കരസ്ഥമാക്കുന്നില്ലെങ്കിൽ ഞാനെന്ത് ചെയ്യാനാണ് എന്ന് പറയുമായിരുന്നു.



**മിർസാ അക്റം ബേഗ് സാഹിബ്**
പിതാവ്; മിർസാ മുനവ്വർ ബേഗ് സാഹിബ്
പത്നി; റുമാന സബാ സാഹിബ.
മക്കൾ; മിർസാ അദ്നാൻ അഹ്മദ്, മിർസാ ഫർഹാൻ അഹ്മദ്, റാഫിഅ് ശഹ്റം.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ കയ്യിലാണ് ബയ്അത്ത് ചെയ്തത്. വിഭജനകാലത്ത് ഖാദിയാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് വന്നു. അദ്ദേഹത്തിന്റെ അമ്മാവൻ അയ്യൂബ് അഅ്സം ബേഗ് സാഹിബ്1997 - 98 ൽ ശഹീദാക്കപ്പെടുകയുണ്ടായി.
മജ്ലിസ് അൻസാറുല്ലായുടെ മെമ്പറായിരുന്നു. ശഹീദാക്കപ്പെട്ട സമയത്ത് 58 വയസ്സായിരുന്നു. ഗ്രാനേഡിന്റെ ഷെൽ തറച്ചതാണ് ശഹാദത്തിന് കാരണമായത്. തന്റെ മകനും ഭാര്യക്കും ഫോൺ ചെയ്ത് നിസാര പരിക്കാണെന്നും ദുആ ചെയ്യണമെന്നും പറഞ്ഞു. കുറച്ച് കാലം മുമ്പ് അദ്ദേഹം ഒരു സ്വപ്നം കണ്ടു, ഒരു പാലത്തിലൂടെ നടന്നുപോകുകയാണ്. അല്പം നടന്നപ്പോൾ തന്നെ പാലം അവസാനിച്ചു. ഈ സ്വപ്നത്തിന് സ്വയം വ്യാഖ്യാനം നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞത്, ജീവിതം അല്പം മാത്രം ശേഷിക്കുന്നു എന്നാണ്. അദ്ദേഹത്തിന്റെ മക്കൾ പറയുന്നത് എപ്പോഴെങ്കിലും ശഹാദത്തിന്റെ വിവരം ലഭിക്കുമ്പോൾ എനിക്കും ശഹീദാകുന്നതിനുള്ള അവസരം ലഭിച്ചിരുന്നെങ്കിൽ എന്ന് പറയുമായിരുന്നു. അമ്മാവൻ ശഹിദായ സമയത്ത് അദ്ദേഹം അമ്മാവന്റെ ശരീരത്തിൽ തറച്ച വെടിയുണ്ട എന്റെ ശരീരത്തിലാണ് തറച്ചിരുന്നതെങ്കിൽ എന്ന് പറയുകയുണ്ടായി. ശഹാദത്തിന് ഏതാനും ദിവസം മുമ്പ് താൻ വെളുത്ത ചോറ് തിന്നുന്നതായി അദ്ദേഹം സ്വപ്നത്തിൽ കണ്ടു. സ്വപ്നവ്യാഖ്യാതാക്കൾ ഇതിനുനൽകുന്ന വ്യാഖ്യാനം ആഗ്രഹം പൂർത്തിയാകുന്നു, ഉന്നത പദവി ലഭിക്കുന്നു എന്നാണ്.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുമായിരുന്നു, വളരെ ധൈര്യശാലിയായിരുന്നു, എല്ലാവർഷവും ഇഅ്തികാഫ് ഇരിക്കുമായിരുന്നു. ആദർശവാദിയും സമയത്തിൽ കൃത്യനിഷ്ഠതയുള്ള വ്യക്തിയുമായിരുന്നു. പ്രായമായവരെ ബഹുമാനിക്കുമായിരുന്നു. കുട്ടികളോട് വളരെ സ്നേഹമായിരുന്നു.... അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**മുനവ്വർ അഹ്മദ് ഖാൻ സാഹിബ്**
പിതാവ്; മുഹമ്മദ് അയ്യൂബ് ഖാൻ സാഹിബ്.
പത്നി; അഫ്സരി ഖാനം സാഹിബ.
മക്കൾ; ഇംറാൻ. റിസ്വാൻ, നുഅ്മാൻ, ഹമാ ഹാജ്റ
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹനാണ് ആദ്യമായി ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന് കാർപ്പെറ്റിന്റെ വ്യാപാരമായിരുന്നു. ശഹാദത്ത് സമയത്ത് 61 വയസ്സായിരുന്നു. കുട്ടികൾക്ക് വാൽസല്യ നിധിയായ പിതാവായിരുന്നു. എല്ലാ നമസ്കാരവും ബയ്ത്തുദ്ദിക്റിൽ പോയി അനുഷ്ഠിക്കുവാൻ ആഗ്രഹിച്ചിരുന്നു. ഹുസൂർ തിരുമനസ്സിന്റെ ഖുത്വുബ കൃത്യമായി കേട്ടിരുന്നു. മക്കളെ അതിനായി ഉപദേശിച്ചിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, സാമ്പത്തിക ആഹ്വാനങ്ങളിൽ മുൻപന്തിയിലായിരുന്നു. സ്വന്തം ചന്ദകൾ കൃത്യമായി നൽകിയിരുന്നു. കുട്ടികളെ പ്രത്യേകിച്ച് തർബിയ്യത്തീ ക്ലാസുകളിൽ പങ്കെടുക്കുന്നതാനായി നിർദേശിച്ചിരുന്നു. നല്ല മനുഷ്യനായിരുന്നു. അല്ലാഹുവുമായി പ്രത്യേക ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, ഇതിനു മുമ്പ് അവസ്ഥ മോശമായപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, എനിക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ എന്റെ മക്കളെ അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടും ബന്ധിപ്പിച്ച് നിർത്തേണം. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ദുആകളും തന്റെ മക്കളെ കുറിച്ചുള്ള ആഗ്രഹങ്ങളും പൂർത്തിയാക്കട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**ഇർഫാൻ അഹ്മദ് നാസിർ സാഹിബ്**
പിതാവ്; അബ്ദുൽ മാലിക് സാഹിബ്.
മാതാവ്; സലീമ മാലിക് സാഹിബ
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.** .

അദ്ദേഹത്തിന്റെ പിതാമഹൻ 1943 ൽ ബയ്അത്ത് ചെയ്തു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ മുൻതസിം ഇശാഅത്ത് ആയി സേവനമനുഷ്ഠിക്കുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 31 വയസ്സായിരുന്നു. അദ്ദേഹത്തിന് പെതുവിൽ ട്രാഫിക് നിയന്ത്രിക്കുന്നതിലാണ് ഡ്യൂട്ടിയുണ്ടാവുക. അതനിസരിച്ച് ഒരു പക്ഷേ അദ്ദേഹമാകും ആദ്യത്തെ ശഹീദ്. വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. എപ്പോഴും പ്രസന്നവദനായ അദ്ദേഹം അഹ്മദികളിലും അനഹ്മദികളിലും ഒരുപോലെ സ്വീകാര്യനായിരുന്നു. അദ്ദേഹത്തെ ഏതെങ്കിലും ചുമതല ഏൽപിക്കുകയാണെങ്കിൽ അത് പൂർത്തിയാകുന്നത് വരെ അദ്ദേഹം സ്വസ്ഥമായി ഇരിക്കില്ലായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെയധികം അനുസരണശീലമുള്ള വ്യക്തിയായിരുന്നു. ഒരിക്കലും ഒരു കാര്യത്തിലും നിഷേധം കാണിച്ചിട്ടില്ല. വളരെയധികം സേവനതൽപരനായിരുന്നു. പ്രദേശത്ത് സാമൂഹിക സേവകൻ എന്ന നിലയിൽ പ്രസിദ്ധനായിരുന്നു.

*(ഖുത്വുബ ജുമുഅ 11.6.10)*



**സജാദ് അസ്ഹർ ഭർവാന സാഹിബ്**
പിതാവ്; അല്ലാഹ് യാർ ഭർവാന സാഹിബ്.
പത്നി; സാജിദ അസ്ഹർ സാഹിബ.
മക്കൾ; അതാഉ ശാഫി, ഫൗസിയ സജാദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹം റെയിൽവേയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ക്ലർക്കിന്റെ പദവിയിൽ ജോലി ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 30 വയസ്സായിരുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ വളരെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന് ധാരാളം പദവികളിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. മൂസിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഒരാഴ്ചമുമ്പ് ഒരു സ്വപ്നം കണ്ടു. സജാദ് മുറിവേറ്റ അവസ്ഥയിൽ വീട്ടിൽ എത്തിയിരിക്കുകയാണ്. എന്റെ വയറ്റിൽ കഠിനമായ വേദനയുണ്ട് എന്ന് പറയുന്നു. വസ്ത്രം ഉയർത്തി നോക്കിയപ്പോൾ വയറ്റിൽ വെടിയേറ്റതായി കണ്ടു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് വയറ്റിലായിരുന്നു വെടിയേറ്റത്. സംഭവദിവസം ഇന്ന് ഞാനിവിടെ ഡ്യൂട്ടി നൽകുന്നതാണ് ഇതെന്റെ ഇവിടുത്തെ അവസാനജുമുഅ ആണ്. അടുത്ത ആഴ്ച ഞാൻ ഗ്രാമത്തിലേക്ക് പോകുകയാണെന്ന് പറഞ്ഞു. അങ്ങിനെ മറ്റൊരു ഖാദിമിന്റെ സ്ഥാനത്ത് അദ്ദേഹം ഡ്യൂട്ടിക്കായി നിന്നു. അവസാന സമയം വരെ അദ്ദേഹം ഫോണിലൂടെ മുഅ്തമിദ് സാഹിബിനോട് അവിടുത്തെ അവസ്ഥയെ സംബന്ധിച്ച് വിവരങ്ങൾ നൽകിക്കൊണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെയധികം സേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. തന്റെ ഓഫീസ് ജോലിക്ക് ശേഷം ഉടൻ തന്നെ ജമാഅത്തിന്റെ ഓഫീസിൽ എത്തുമായിരുന്നു. രാത്രി 11 മണിവരെ ജോലി ചെയ്യുമായിരുന്നു......... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**മുഹമ്മദ് അസിഫ് ഫാറൂഖ് സാഹിബ്**
പിതാവ്; ലിയാഖത്ത് അലി സാഹിബ്.
പത്നി; സനൂബർ ആസിഫ് സാഹിബ.
മക്കൾ; മൻസൂർ ആസിഫ്, മസ്റൂർ ആസിഫ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ**


അദ്ദേഹത്തിന്റെ പിതാവ് 1994 ൽ ബയ്അത്ത് ചെയ്തു. തുടർന്ന് മുഴുവൻ കുടുംബവും ബയ്അത്ത് ചെയ്തു. അദ്ദേഹം മാസ് കമ്മ്യൂണിക്കേഷനിൽ ബി.എ ആയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെയും എം.ടി.എ യുടേയും ഊർജസ്വലനായ പ്രവർത്തകനായിരുന്നു. സംഭവസമയത്ത് എം.ടി.എ യ്ക്ക് വേണ്ടി റിക്കിർഡിങ്ങിനായി മുകളിൽ നിന്ന് താഴേക്ക് ഇറങ്ങുന്ന വേളയിൽ വെടിയുണ്ട ഏറ്റാണ് അദ്ദേഹം ശഹീദായത്. കഴിഞ്ഞ മൂന്നു വർഷങ്ങളായി നിരന്തരമായി ദീറുദ്ദിക്റിൽ തങ്ങി പ്രവർത്തിച്ചു. ശഹാദത്തിന് ഒരു ദിവസം മുമ്പ് തന്റെ ജോലിസ്ഥലത്തു നിന്ന് അവധി വാങ്ങി. ജുമുആയ്ക്കായി രാവിലെ വീട്ടിൽ എത്തി പറഞ്ഞു, ഞാനിന്ന് എല്ലാ പണിയും തീർത്ത് വന്നിരിക്കുകയാണ്. എന്റെ ജീവിതവും മരണവും ദാറുദ്ദിക്റിലാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ചന്ദക്കായി അദ്ദേഹം ധാരാളം ചെല വാക്കിയിരുന്നു. ഉത്തരവാദപ്പെട്ടവർ ചന്ദ ചോദിച്ചാൽ ഉടൻ തന്നെ നൽകുമായിരുന്നു. ദരിദ്രരേയും വിധവകളേയും സാമ്പത്തികമായി സഹായിച്ചിരുന്നു. ആരോ തന്റെ ഹൃദയത്തിലേക്ക് വെടിവെച്ചതായി അദ്ദേഹത്തിന്റെ പിതാവ് ഒരിക്കൽ സ്വപ്നം കണ്ടിരുന്നു. സ്വയം തന്നിൽ പൂർത്തിയാകുമെന്ന് കരുതിയ ആ സ്വപ്നം മകനിലാണ് പൂർത്തിയായിക്കണ്ടത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം സൽപ്രകൃതക്കാരനും സഹതാപമുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന് മൂന്ന് വാസസ്ഥലമാണുണ്ടായിരുന്നത് ഒന്നുകിൽ ഓഫീസ് അല്ലെങ്കിൽ ദാറുദ്ദിക്റ് അല്ലെങ്കിൽ വീട്. ഒരിക്കലും കോപം വരില്ലായിരുന്നു...... അദ്ദേഹത്തിന്റെ ശഹാദത്തിന് 5 ദിവസങ്ങൾക്കു ശേഷം അല്ലാഹു അദ്ദേഹത്തിന്റെ ഭാര്യക്ക് രണ്ടാമത്തെ മകനെ നൽകി. അല്ലാഹു അദ്ദേഹത്തിന്റെ സന്താനങ്ങളെ സൽപ്രകൃതക്കാരും സൻമാർഗികളും ദീനീ സേവകരും ദീർഘായുസുള്ളവരുമാക്കട്ടെ.

***ഒരു അഹ്മദി എഴുതുന്നു, .......***

*ഞാൻ ഒരു യുവഖാദിമിനോടൊപ്പം ചേർന്ന് മൃതദേഹങ്ങൾ എടുക്കുകയായിരുന്നു, ഏറ്റവും ഒടുവിൽ അദ്ദേഹം എന്നോടൊപ്പം ചേർന്ന് ഒരു മൃതദേഹമെടുത്ത് ആംബുലൻസിലേക്കെത്തിച്ചു, തുടർന്ന് പറഞ്ഞു, ഇതെന്റെ പിതാവാണ്. പിന്നെ അദ്ദേഹം ആംബുലൻസിനോടൊപ്പം പോവുകയല്ല ചെയ്തത്. മറിച്ച് മസ്ജിദിലേക്ക് തിരിച്ച് പോവുകയും തന്നിൽ അർപ്പിതമായ ഡ്യൂട്ടിയിൽ വ്യാപൃതനാവുകയുമാണുണ്ടായത്.*

*(ഖുത്ബ 04/06/10)*



**മസ്ഊദ് അഹ്മദ് അഖ്തർ ബാജ്‌വ സാഹിബ്**
പിതാവ്; മുഹമ്മദ് ഹയാത്ത് ബാജ്‌വ സാഹിബ്.
പത്നി; പർവീൻ അഖ്തർ സാഹിബ.
മക്കൾ; മുബാറക്ക് മസ്ഊദ് ബാജ്‌വ, ഹാമിദ് മസ്ഊദ് ബാജ്‌വ,
മേജർ ഉമർ ഹയാത്ത് ബാദ്‌വ, സഅദ് ഹയാത്ത് ബാജ്‌വ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവാണ് ആദ്യമായി ബയ്അത്ത് ചെയ്തത്. മസ്ഊദ് സാഹിബ് ആദ്യം ബഹാവൽനഗറിൽ നിന്നും പിന്നീട് റബ്‌വയിൽ നിന്നും വിദ്യഭ്യാസം കരസ്ഥമാക്കി. 1975 മുതൽ 2000 വരെ ജോലിസംബന്ധമായി ക്വായിട്ടയിൽ താമസിച്ചു. അവിടെനിന്ന് തന്നെ ജോലിയിൽ നിന്ന് വിരമിച്ചു. 2001 ൽ ലാഹോറിലേക്ക് താമസം മാറ്റി. മജ്‌ലിസ് അൻസാറുല്ലായുടെ കർമധീരനായ പ്രവർത്തകനായിരുന്നു. അൻസാറുല്ലാഹ് സയീമും ഹൽഖ ദാറുൽ അൻവാറിന്റെ അമീറുമായിരുന്നു. കൂടാതെ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ് വ ഇശാഅത്ത് ജില്ലയുടെ സഹായിയും ഹൽഖ ദാറുൽ അൻവാറിന്റെ സെക്രട്ടറി തഅ്‌ലീമുൽ ഖുർആനും ആയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 72 വയസ്സായിരുന്നു.. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ശഹാദത്തിനു മുമ്പ് മുറിവിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം തന്റെ സമീപത്തുള്ള മിയാൻ മഹ്മൂദ് സാഹിബിനോട് പറഞ്ഞു, ഞാൻ പോകുകയാണ്. എന്റെ കുട്ടികളെ നോക്കണം. ഒരു തുണി കീറി അദ്ദേഹത്തിന്റെ മുറിവിൽ വെച്ച് കെട്ടി. അവസാന നിമിഷം വരെ മറ്റുള്ളവരെ സംരക്ഷിച്ചു കൊണ്ടിരുന്നു. ഒരു ചെറുപ്പക്കാരനായ കുട്ടിയെ അവസാനം വരെ തന്റെ പിറകിൽ ചേർത്ത് പിടിച്ച് വെടിയേൽക്കാതെ സംരക്ഷിച്ചു. എല്ലാവരോടും ദുആയ്ക്കായി പറഞ്ഞുകൊണ്ടിരുന്നു. സ്വയവും സലാത്ത് ചെല്ലിക്കൊണ്ടിരുന്നു.

എല്ലാവരുമായിട്ടും നിസ്വാർത്ഥ ബന്ധമുണ്ടായിരുന്നു. ജുമുആയ്ക്ക് മുമ്പ് അയൽവാസികളെ തയ്യാറാക്കും. ഫലിതപ്രകൃതക്കാരനുമായിരുന്നു. എല്ലാവരേയും സന്തോഷിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന അഭിലാഷം തന്റെ മകൻ മുറബ്ബിയാകണമെന്നായിരുന്നു. അദ്ദേഹത്തിന്റെ മകൻ ജാമിഅ അഹ്മദിയ്യാ റബ്‌വയിൽ പഠിക്കുന്നുണ്ട്.

അദ്ദേഹം തന്റെ മക്കളെ ജമാഅത്തുമായി ബന്ധപ്പെടുത്തി നിർത്തിയിരുന്നു. ചെറുപ്പം മുതൽക്കു തന്നെ കുട്ടികളെ ജമാഅത്തിന്റെ ഇജ്തിമാകളിലും ജൽസകളിലും കൊണ്ടുപോകുമായിരുന്നു. സ്വയം പ്രസംഗങ്ങൾ എഴുതി അവരെകൊണ്ട് പറയിപ്പിക്കുമായിരുന്നു. സാമ്പത്തിക ഞെരുക്കമുണ്ടായിട്ടുപോലും ബയ്ത്തുദ്ദിക്റിനടുത്തുള്ള വീട് വാങ്ങുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഉള്ളതിൽ സംതൃപ്തനാകുന്ന സ്വഭാവക്കാരനായിരുന്നു. ചെറിയ വീടാണ്. എന്നാൽ വളരെ സന്തോഷവാനായിരുന്നു. എന്റെ പ്രഭാഷണങ്ങൾ വളരെ ശ്രദ്ധയോടെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. അതേപോലെ കേന്ദ്രപ്രതിനിധികളേയും ജമാഅത്തിന്റെ ഉന്നതവ്യക്തികളെയും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ആഗ്രഹം അവർ അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുകയും സേവനത്തിനുള്ള അവസരം കിട്ടണം എന്നുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ മക്കളെ സംബന്ധിച്ചും ജീവിതം വഖ്ഫ് ചെയ്ത മകനെ സംബന്ധിച്ചുമുള്ള അദ്ദേഹത്തിന്റെ എല്ലാ ദുആകളും ആഗ്രഹങ്ങളും അല്ലാഹു പൂർത്തിയാക്കി കൊടുക്കുമാറാകട്ടെ. ആ വഖ്ഫെ സിന്ദഗി മകന് വഖ്ഫിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനുള്ള തൗഫീഖും നൽകുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*



**ശേഖ് ശമീം അഹ്മദ് സാഹിബ്**
പിതാവ്; ശേഖ് നഈം അഹ്മദ് സാഹിബ്.
പത്നി; സ്വായിമ ശമീം സാഹിബ.
മക്കൾ; ഫഹീം അഹ്മദ്, ഖവീം അഹ്മദ്, മാരിയ ശമീം, ബരീറ ശമീം.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മിത്രമായിരുന്നു. ശമീം സാഹിബ് മാതാപിതാക്കളുടെ ഏകസന്തനമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 38 വയസായിരുന്നു പ്രായം. അൽഫലാഹ് എന്ന ബാങ്കിൽ ജോലിക്കാരനായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. ഹൽഖ അൽതാഫിന്റെ ഓഡിറ്ററായി സേവനം ചെയ്യുകയായിരുന്നു. ദീനി പ്രവർത്തനങ്ങളിൽ അതീവ തൽപരനായിരുന്നു. ധാരാളം സമ്മാനങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ മാതാവ് രോഗിയായിരുന്നു. മുഴുവൻ രാത്രിയും ഉണർന്നിരുന്ന് മാതാവിനെ ശുശ്രൂഷിക്കുമായിരുന്നു. വീടിന്റെ പുറത്ത് പ്രധാന ഗേറ്റിൽ തന്നെ പരിശുദ്ധകലിമ എഴുതി വെച്ചിരുന്നു. ശഹാദത്തിനു ശേഷം അനുശോചനം അറിയിക്കുവാൻ എത്തിയ അനഹ്മദി സഹപ്രവർത്തകർ പറഞ്ഞത് എപ്പോഴും ചിരിക്കുകയും ചിരിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായിരുന്നു എന്നാണ്.


സംഭവദിവസം ഒന്നേമുക്കാലിന് അദ്ദേഹം തന്റെ കസിന് ഫോൺ ചെയ്ത് എല്ലാ വിവരവും അറിയിച്ചിരുന്നു. അറിയാൻ കഴിഞ്ഞത്, അദ്ദേഹം അമീർ സാഹിബിന്റെ മുന്നിൽ തന്നെ നിലയുറപ്പിച്ചിരുന്നു. ഉഗ്രവാദികൾ അദ്ദേഹത്തോട് വീട്ടിൽ ആരൊക്കെയാണ് ഉള്ളത് എന്ന് ചോദിച്ചപ്പോൾ എന്റെ ഭാര്യയും, എന്റെ കുട്ടികളും, എന്റെ അല്ലാഹുവും എന്ന് മറുപടി പറഞ്ഞു. അപ്പോൾ എന്നാൽ നിന്റെ അല്ലാഹുവിന്റെ അടുത്തേക്ക് പോകുക എന്ന് പറഞ്ഞ് ഉഗ്രവാദി നിറയൊഴിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ ജനനത്തെ സംബന്ധിച്ച് പറയുന്നു, അദ്ദേഹത്തിന്റെ പിതാവിന് ജനിക്കുന്ന കുട്ടികളെല്ലാം മരിച്ച് പോയിരുന്നു. അങ്ങിനെ അല്ലാഹുവിനോട് പോലും പരാതി പറയുന്ന അവസ്ഥയിലെത്തിയിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം അൽഫള്ല് പത്രത്തിൽ ഒരു മഹിള ഇപ്രകാരം എഴുതിയതായി കണ്ടു, അല്ലാഹു എനിക്ക് കുട്ടികളെ നൽകുകയാണെങ്കിൽ ഞാൻ തഹ്‌രീകെ ജദീദിന്റെ ചന്ദ നൽകുന്നതാണ്. അത് വായിച്ചപ്പോൾ തന്നെ അദ്ദേഹം പറഞ്ഞു, അല്ലാഹുവേ ഞാൻ ഇന്നു മുതൽ തഹ്‌രീക് ജദീദിന്റേയും വഖ്ഫെ ജദീദിന്റേയും ചന്ദ നൽകുകയാണ്. എനിക്കൊരു മകനെ നൽകണേ. അതിനു ശേഷമാണ് അദ്ദേഹത്തിന്റെ ജനനം ഉണ്ടായത്.

കുറച്ച് കാലം മുമ്പ് അദ്ദേഹം ഒരു സ്വപ്നം കാണുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) സ്വപ്നത്തിൽ അദ്ദേഹത്തോട് പറയുന്നു, സ്വന്തം മക്കളെ എനിക്ക് നൽകുക. അങ്ങിനെ അദ്ദേഹം തന്റെ എല്ലാ മക്കളേയും വഖ്ഫ് ചെയ്തു. എല്ലാവരും വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, സാമ്പത്തികത്യാഗങ്ങളിൽ മുൻപന്തിയിലായിരുന്നു. ഉന്നത ധാർമിക ഗുണത്തിന്റെ ഉടമയായിരുന്നു. എപ്പോഴും സ്നേഹത്തോടെ പെരുമാറിയിരുന്നു. എല്ലാ ജോലികളും വളരെ ബുദ്ധിപൂർവ്വം നിർവഹിച്ചിരുന്നു...... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 11.6.10)*




**മിയാൻ മുബശ്ശിർ അഹ്മദ് സാഹിബ്**
പിതാവ്; മിയാൻ ബർക്കത്ത് അലി സാഹിബ്.
പത്നി; നസീം മുബശ്ശിർ സാഹിബ.
മക്കൾ; ഖമർ അഹ്മദ്, സാഖിബ് ഖാജാ, ആയിശ ഫഹീം, മാഇദ മുബശ്ശിർ.
**ശഹാദത്ത്; ദാറുദിദുക്ർ ലാഹോർ.**

പിതാവ് 1928 ൽ ബയ്അത്തു ചെയ്തു. 2008 ലാണ് ലാഹോറിലേക്ക് താമസമാക്കിയത്. അതിനു മുമ്പ് വസീറാബാദിലായിരുന്നു താമസം. അവിടെ കൊക്കകോളയുടെ വിതരണക്കാരനായിരുന്നു. 1974 ജനങ്ങൾ അദ്ദേഹത്തെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തു. ആ സമയത്ത് കേന്ദ്രത്തിൽ കത്തുമായി വന്നു തിരിച്ചപ്പോൾ അദ്ദേഹത്തെ വണ്ടിയിൽ നിന്നിറക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ അവിടെ നിന്ന് രക്ഷപ്പെട്ട് ഗുജ്റൻവാലയിൽ എത്തിയപ്പോൾ ഒരു പ്രകടനജാഥ അദ്ദേഹത്തെ ആക്രമിച്ചു. അങ്ങിനെ രക്ഷപ്പെട്ട് അദ്ദേഹം അർദ്ധരാത്രി വീട്ടിലെത്തിച്ചേർന്നു. എപ്പോഴും ത്യാഗത്തിനായി തയ്യാറായിരുന്നു. 1998 ൽ വീണ്ടും വിതരണജോലി ആരംഭിച്ചു. സത്യസന്ധതയിൽ അദ്ദേഹം പ്രശസ്തനായി. കൊക്കക്കോള വിതരണം ചെയ്യുമ്പോൾ കൂട്ടത്തിൽ ഏതാനും വ്യാജകുപ്പികൾ കലർത്തിയാൽ നല്ല പണം സമ്പാദിക്കുവാൻ കഴിയുമെന്ന് പലരും അദ്ദേഹത്തിനോട് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ നിങ്ങൾ തെറ്റായ സ്ഥലത്താണ് എത്തിപ്പെട്ടതെന്ന് അദ്ദേഹം അവരോട് മറുപടിയായി പറയുമായിരുന്നു.
ആറു വർഷം വസീറാബാദ് തഹ്സീൽ ജമാഅത്തിന്റെ സദ്റായിരുന്നു. ശഹാദത്തിന്റെ സമയത്ത് അദ്ദേഹത്തിന്റെ പ്രായം 65വയസ്സായിരുന്നു. മൂസിയായിരുന്നു. തബ്‌ലീഗിൽ വളരെ ആവേശമുള്ള വ്യക്തിയായിരുന്നു. പരിപൂർണ്ണമായും അല്ലാഹുവിൽ തവക്കൽ ചെയ്തിരുന്നു.
അക്രമണമുണ്ടായ സമയത്ത് തന്റെ സ്ഥലത്ത് തന്നെ കിടക്കുകയായിരുന്നു. അക്രമണശേഷം മിഹ്റാബിനടുത്ത് ഗ്രാനേഡ് വീണ് പൊട്ടിത്തെറിച്ചപ്പോൾ കഴുത്തിന്റെ ഇടതു ഭാഗം അടർന്നുപോയി. ധാരാളം രക്തം വാർന്നൊഴുകി. തനിക്ക് അധികം പരിക്കുകൾ പറ്റിയെന്നും അഞ്ചാറ് ഉണ്ടകൾ ശരീരത്തിൽ തറച്ചിരിക്കുന്നു എന്നും ഫോൺ ചെയ്ത് അദ്ദേഹം തന്റെ സഹോദിപുത്രനോട് പറഞ്ഞു.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെയധികം സൗമ്യഹൃദയനും ദരിദ്രരെ ശ്രദ്ധിക്കുന്നവനും തവക്കൽ ചെയ്യുന്ന വ്യക്തിയുമായിരുന്നു. എല്ലാവരോടും അനുകമ്പയോടും സ്നേഹത്തോടും പെരുമാറിയിരുന്നു, എപ്പോഴും ദുആ ചെയ്തിരുന്നു. ആരുടേയെങ്കിലും വിഷമത്തെകുറിച്ച് അറിഞ്ഞാൽ ഉടൻ തന്നെ ദുആ ചെയ്യാൻ തുടങ്ങുമായിരുന്നു. ഞാൻ അനർഹനാണെന്നും അല്ലാഹു എനിക്ക് 33 മാർക്ക് തന്ന് വിജയിപ്പിച്ചാൽ മതിയായിരുന്നു എന്നും അദ്ദേഹം എപ്പോഴും പറയുമായിരുന്നു. എന്നാൽ അല്ലാഹു തന്റെ അനുഗ്രഹത്താൽ 100 ശതമാനം മാർക്ക് നൽകി അദ്ദേഹത്തിന് ശഹാദത്തിന്റെ പദവി നൽകി.

(ഖുത്ബുബ ജുമുഅ 18.6.10)

**ഈ വേദന ദുആകളായി പരിണമിക്കും, നിങ്ങൾ ക്ഷമിക്കുവിൻ സമയമെത്തട്ടെ**

**ഹ.മുസ്‌ലിഹ് മൗഊദ് (റ)**



**ഫിദാ ഹുസൈൻ സാഹിബ്**
പിതാവ്; ബഹാദുർ ഖാൻ സാഹിബ്.
**ശഹാദത്ത്; ദാറുദ്ദിക്ർ ലാഹോർ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തിന് നാലു വയസ്സ് പ്രായമുണ്ടായിരുന്ന സമയത്ത് വഫാത്തായിരുന്നു. അവിവാഹിതനായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 69 വയസ്സായിരുന്നു. അദ്ദേഹം ബലഹീനനായിരുന്നു. അക്കാരണത്താൽ തന്നെ ജുമുആയ്ക്കായി മുറ്റത്ത് കസേരയിൽ ഇരിക്കാറാണുണ്ടായിരുന്നത്. സംഭവദിവസം അദ്ദേഹം അകത്താണ് ഇരുന്നിരുന്നത്. ഉഗ്രവാദികൾ തുരുതുരാ വെടിവെച്ചപ്പോൾ 35 നടുത്ത് വെടിയുണ്ടകൾ ഏറ്റിരുന്നു. അവിടെ ത്തന്നെ ശഹീദായി. (ഖുത്ബുബ ജുമുഅ 18.6.10)
അഞ്ചുനേരത്തെ നമസ്കാരം ബലഹീനനായിരുന്നുട്ട് പോലും പള്ളിയിൽ പോയി അനുഷ്ഠിക്കാൻ ശ്രമിച്ചിരുന്നു. ചന്ദ കൃത്യമായി നൽകിയിരുന്നു. സൽസ്വഭാവിയായിരുന്നു. എല്ലാ ഖുത്ബുബയും കൃത്യമായി കേൾക്കുമായിരുന്നു.



**ഖാവർ അയ്യൂബ് സാഹിബ്**
പിതാവ്; മുഹമ്മദ് അയ്യൂബ് ഖാൻ സാഹിബ്
പത്നി; ത്വാഹിറ ഖാവർ സാഹിബ.
മക്കൾ; മുഹമ്മദ് ഇദ്‌രീസ് ഖാവർ, അബ്ദുൽ ബാസിത്,
അബ്ദുന്നാസിർ, മുഹമ്മദ് യാസർ, സാറാ ഖാവർ.
**ശഹാദത്ത്; ദാറുദ്ദിക്ർ ലാഹോർ.**

പത്താം ക്ലാസ്സ് വിദ്യാഭ്യാസത്തിനു ശേഷം ലാഹോറിൽ വന്നു. 1978 ൽ റാവൽ പിണ്ഡിയിൽ ജോലി ആരംഭിച്ചു. അക്കൗണ്ട് ബജറ്റ് ഓഫീസറായി ജോലി ചെയ്യുകയായിരുന്നു. 1984 ൽ ബയാഅത്ത് ചെയ്തു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 50 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സെക്രട്ടറി വഖ്ഫെനൗ, മുഹാസിബ് എന്നീ നിലകളിൽ സേവനം ചെയ്യുകയായിരുന്നു. മുൻ സയീം അൻസാറുല്ലായുമായിരുന്നു.
സംഭവദിവസം ഓഫീസിൽ നിന്ന് നേരെ പള്ളിയിലെത്തി. പ്രധാന ഹാളിലായിരുന്നു ഇരുന്നത്. രണ്ടു വെടിയുണ്ടകളാണ് കൊണ്ടത്. ഒന്ന് ഹൃദയത്തിന് സമീ പവും മറ്റൊന്ന് കാൽ മുട്ടിലും. രണ്ടര മണിക്ക് ഫോൺ ചെയ്ത് ദുആക്കായി പറഞ്ഞിരുന്നു.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, വളരെ നല്ല വ്യക്തിത്വത്തിനുടമയായിരുന്നു. ജമാഅത്തായി നമസ്കാരം അനുഷ്ഠിക്കുമായിരുന്നു. സംവിധാന മികവുള്ള വ്യക്തിയായിരുന്നു. കുട്ടികൾക്കും നല്ല ശിക്ഷണമാണ് നൽകിയത്. സൃഷ്ടിസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. ഖിലാഫത്തിനോട് കൂറുള്ള വ്യക്തിയായിരുന്നു.... ബയ്അത്തിനുശേഷം നന്മയിലും ആത്മീയതയിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ഉന്നതി കൈവരിച്ചു.

*(ഖുത്ബുബ ജുമുഅ 18.6.10)*



**ശേഖ് മുഹമ്മദ് യൂനസ് സാഹിബ്**
പിതാവ്; ശേഖ് ജമീൽ അഹ്മദ് സാഹിബ്.
പത്നി; നർഗിസ് യൂനസ് സാഹിബ.
മക്കൾ; ബശാറത്തുർ റഹ്മാൻ, ത്വാരിഖ് യുസുഫ്, ഫാഇസ മാഹിം.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡേൺ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ കാലത്ത് ബൈഅത്ത് ചെയ്തു. ഇന്ത്യയിലെ അംറോഹയിൽ ജനിച്ച യൂനസ് സാഹിബ് 1950 ൽ ഖാദിയാനിലും 1955 ൽ റബ്‌വയിലും എത്തി. റബ്‌വയിൽ നിന്ന് പത്താം ക്ലാസ്സ് പാസായ അദ്ദേഹം സദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ ജോലിക്കാരനായിരുന്നു. 2007 ൽ റിട്ടയറായി. തുടർന്ന് ലാഹോറിലെത്തിയ അദ്ദേഹം സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്, ദഅ്‌വത്തെ ഇലല്ലാഹ് എന്നീ നിലകളിൽ സേവനം ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് 63 വയസ്സായിരുന്നു. വയസ്സായിരുന്നു. മൂസിയായിരുന്നു. അദ്ദേഹവും ഭാര്യയും റബ്‌വക്കടുത്തുള്ള ടാവർ എന്ന സ്ഥലത്ത് ആറേഴ് വർഷത്തോളം തബ്‌ലീഗ് ചെയ്തിരുന്നു. ഖുർആന്റെ ക്ലാസ്സും നടത്തുമായിരുന്നു. പിന്നീട് എതിർപ്പ് തുടങ്ങിയപ്പോൾ അത് നിർത്തേണ്ടി വന്നു.

ഖിലാഫത്തിനോട് അതിയായ കൂറുള്ള വ്യക്തിയായിരുന്നു. അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠത കാണിച്ചിരുന്നു. ഹൃദയരോഗിയായിരുന്നിട്ടു പോലും കഠിനമായ ചൂടും തണുപ്പും ഉള്ള ദിനങ്ങളിൽ പോലും ജമാഅത്തായ നമസ്കാരത്തിനായി പള്ളിയിലേക്ക് പോകുമായിരുന്നു.

സംഭവദിവസം 11 മണിക്കുതന്നെ പള്ളിയിലെത്തി ആദ്യസ്വഫിൽ തന്നെ ഇടം പിടിച്ചിരുന്നു. ആദ്യസ്വഫിൽ ഏറ്റവും ആദ്യം വെടിയേറ്റ് വീണത് അദ്ദേഹമായിരുന്നു. തലയിലും നെഞ്ചിലുമാണ് വെടിയേറ്റിരുന്നത്. ഗ്രാനേഡ് പോട്ടിത്തെറിച്ചതു കാരണം നട്ടെല്ലിലും പരിക്ക് പറ്റിയിരുന്നു.

അദ്ദേഹം കണ്ട ഒരു സ്വപ്നം ഇപ്രകാരമാണ്. മനോഹരമായ പരവതാനി വിരിച്ച റബ്‌വയിലെ ഒരു വഴിയിൽ കസേരകളിൻമേൽ ഖലീഫമാരും ഏറ്റവും ഉയർന്ന കസേരയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം ഇരിക്കുന്നു. അദ്ദേഹം അവരുടെ മുന്നിൽ മുട്ടുകുത്തി നിൽക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, തഹജ്ജുദ് നമസ്കരിക്കുന്ന വ്യക്തിയായിരുന്നു. ആവശ്യക്കാരെ ശ്രദ്ധിക്കുമായിരുന്നു. നിസാരമായ ശമ്പളത്തിൽ മറ്റുള്ളവരുടേയും കാര്യങ്ങളും ശ്രദ്ധിക്കുമായിരുന്നു. ലളിതമായ ജീവിതമായിരുന്നു കഴിച്ചു കൂട്ടിയിരുന്നത്. വിവിധ വിജ്ഞാന ലേഖനങ്ങൾ എഴുതുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. തബ്‌ലീഗിൽ വ്യാപൃതനായിരുന്നു....അല്ലാഹു അദ്ദേഹത്തിന്റെ പരിശ്രമങ്ങളിൽ ഫലം നൽകുമാറാകട്ടെ

*(ഖുത്ബ ജുമുഅ 18.6.10)*



**മസൂദ് അഹ്മദ് ഭട്ടി സാഹിബ്**
പിതാവ്; അഹ്മദ് ദിൻ ഭട്ടി സാഹിബ്.
പത്നി; സഅ്ദിയ്യ മസൂദ് സാഹിബ.
മക്കൾ; മുനീബ് അഹ്മദ്, ഖമർ അഹ്മദ്, മസ്ഊദ് അഹ്മദ് സാനി, അമത്തുന്നൂർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ 1911-12 ലാണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം തന്റെ പിതാവിനോടൊപ്പം കരാറ് പണിയാണ് ചെയ്തിരുന്നത്. പത്താം ക്ലാസ് വരെയാണ് വിദ്യാഭ്യാസം. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 33 വയസ്സായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ദാറുദ്ദിക്റിൽ ജുമുആക്ക് മുമ്പുള്ള സുന്നത്ത് അനുഷ്ഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ വെടിവെപ്പ് ആരംഭിച്ചു. സലാം വീട്ടിയതിനു ശേഷം തന്റെ ബനിയൻ ഊരി തന്നോടൊപ്പമുണ്ടായിരുന്ന ഒരു യുവാവിന്റെ മുറിവിൽ കെട്ടി. അവനെ ആശ്വസിപ്പിച്ചു. പിന്നീട് വളരെ ധൈര്യം പ്രകടിപ്പിച്ചു കൊണ്ട് ഒരു ഉഗ്രവാദിയെ പിടിച്ച് വീഴ്ത്തുന്നതിൽ വിജയിച്ചു. അന്നേരം മറ്റൊരു ഉഗ്രവാദി വന്ന് തുരുതുരാ വെടി വെച്ച് അദ്ദേഹത്തെ ശഹീദാക്കി.

*(ഖുത്ബ ജുമുഅ 18.6.10)*



**ഹാജി മുഹമ്മദ് അക്റം വറക് സാഹിബ്**
പിതാവ്; ചൗധരി അല്ലാഹ് ദത്താ വറക് സാഹിബ്.
പത്നി; സുഹ്റാ ബേഗം സാഹിബ.
മക്കൾ; മുബശ്ശിർ അഹ്മദ്, അമത്തുന്നൂർ, അമത്തുൽ ഖുദ്ദൂസ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പൂർവപിതാക്കന്മാർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ബയ്അത്ത് ചെയ്തവരാണ്. ശഹീദ് മർഹൂം പത്താം ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ട്. 1996 ൽ അദ്ദേഹം റിട്ടയർ ആയി. ഒരു നീണ്ട കാലം വരെ തന്റെ ഹൽഖയിലെ സയീം അൻസാറുല്ലാഹാ ആയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 74 വയസ്സായിരുന്നു. വളരെയധികം സൂക്ഷ്മതയോടു കൂടിയും പരിശ്രമത്താലും പണിയെടുത്തിരുന്നു. സംഭവസമയത്ത് അദ്ദേഹം നാലാമത്തെ സ്വഫിലായിരുന്നു ഇരുന്നിരുന്നത്. വെടിയേറ്റാണ് ശഹീദായത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടുകാർ പറയുന്നത് അദ്ദേഹം വളരെ പരിശ്രമശാലിയായിരുന്നു, മുതിർന്ന വ്യക്തിയായിരുന്നിട്ടു പോലും വീട്ടിലുള്ള മറ്റ് കുട്ടികളെ സേവിക്കുമായിരുന്നു, ശുദ്ധഹൃദയനായിരുന്നു എന്നാണ്.

*(ഖുത്ബ ജുമുഅ 18.6.10)*

**ഓരോ ശഹാദത്തും നീ കണ്ടുകൊണ്ടിരിക്കെ പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നതാണ്.**

**ഹ.ഖലീഫത്തുൽ മസീഹ് റാബിഅ് (റ)**



**മിയാൻ ലയീഖ് അഹ്മദ് സാഹിബ്**
പിതാവ്; മിയാൻ ശഫീഖ് അഹ്മദ് സാഹിബ്.
പത്നി; കൗസർ ലയീഖ് സാഹിബ.
മകൾ; ഹിനാ അനീസ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അമ്പാലക്കാരായിരുന്ന അദ്ദേഹത്തിന്റെ കുടുംബം വിഭജനസമയത്ത് ലാഹോറിലേക്ക് ഹിജ്റത്ത് ചെയ്തു വന്നു. പ്രാഥമിക വിദ്ധ്യാഭ്യാസം ലാഹോറിൽ നിന്ന് കരസ്ഥമാക്കി. ശഹാദത്ത് സമയത്ത് 66 വയസ്സായിരുന്നു പ്രായം. അദ്ദേഹം ഹൽഖ കെനാൽ പാർക്കിലെ സെക്രട്ടറി ഇശാഅത്തായി സേവനമനുഷ്ഠിക്കുകയായിരുന്നു. എല്ലാവരോടും സ്നേഹത്തോടു കൂടി പെരുമാറിയിരുന്നു. ജുമുആ ആരംഭിക്കുന്നതിന് അര മുക്കാൽ മണിക്കൂർ മുമ്പ് തന്നെ പള്ളിയിൽ എത്തിച്ചേരുമായിരുന്നു. അധികം സംസാരിക്കില്ലായിരുന്നു. എപ്പോഴും പുഞ്ചിരിച്ചു കൊണ്ടിരിക്കുമായിരുന്നു.

സംഭവസമയത്ത് അദ്ദേഹം മൂന്നാമത്തെ സ്വഫിൽ കസേരയിലിരിക്കുകയായിരുന്നു. വെടിവെപ്പിൽ അഗാധമായ പരിക്കേറ്റു. മൂന്നു മണിക്കൂറോളം അവിടെ നിന്നാർക്കും പുറത്തിറങ്ങാൻ കഴിഞ്ഞിരുന്നില്ല. ധാരാളം രക്തം വാർന്നു പോയതിനാൽ ആംബുലൻസിൽ ആശുപത്രിയിലേക്കുള്ള മാർഗമദ്ധ്യേ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹം ഇലക്ട്രീഷ്യനായിരുന്നു. വളരെയധികം ശുദ്ധപ്രകൃതക്കാരനായിരുന്നു. കുറച്ച് സംസാരിക്കുന്ന പ്രകൃതമായിരുന്നു. ഒരിക്കലും ആരേയും ദ്രോഹിച്ചിട്ടില്ല. തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. വീട്ടിൽ കുട്ടികളുമായി സൗഹൃദബന്ധമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 18.6.10)*



**മലക് മഖ്സൂദ് അഹ്മദ് സാഹിബ്**
പിതാവ്; എസ്.എ. മഹ്മൂദ് സാഹിബ്.
പത്നി; നസീം മലക് സാഹിബ.
മക്കൾ; മലക് തബസ്സും മഖ്സൂദ്, സുഹൈൽ മഖ്സൂദ്, അൻജും നവീദ്, ശമാഇല മഖ്സൂദ്, ഫൗസിയ മഖ്സൂദ്, അസ്മ മഖ്സൂദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ശഹീദ് മർഹൂമിന്റെ പിതാമഹനും മാതാമഹനും മാതാവും സഹാബികളായിരുന്നു. അദ്ദേഹം ഭോപ്പാലിലാണ് ജനിച്ചത്. പിന്നീട് കുടുംബസമേതം ലാഹോറിൽ സ്ഥിരമാക്കി. ശഹാദത്ത് സമയത്ത് 80 വയസ്സായിരുന്നു. മൂസിയായിരുന്നു. തന്റെ ഹൽഖയിലെ സെക്രട്ടറി തഅ്ലീമും തഅ്ലീമുൽ ഖുർആനും ഓഡിറ്ററുമായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഉന്നതമായ സ്വഭാവ ഗുണത്തിന്റെ ഉടമസ്തനായിരുന്നു. ഉറച്ച വിശ്വാസമായിരുന്നു. ബയ്അത്തിന്റെ നിബന്ധനകളെ പൂർത്തിയാക്കുന്ന വ്യക്തിയായിരുന്നു. ധനത്തേയും സമ്പാദ്യത്തേയും സമയത്തേയും ത്യജിക്കുവാൻ സദാ സന്നദ്ധനായിരുന്നു. ഖലീഫയെ അനുസരിക്കുന്നത് തന്റെ കടമയാണെന്ന് മനസ്സിലാക്കിയിരുന്നു. എല്ലാ ഖുത്വുബയും തൽസമയം തന്നെ ശ്രവിക്കുമായിരുന്നു.

സംഭവസമയത്ത് പ്രധാന ഹാളിലെ രണ്ടാം സ്വഫിൽ ഇരിക്കുകയായിരുന്നു. ധാരാളം വെടിയുണ്ടകൾ ഏറ്റിരുന്നു. അവിടെ വെച്ച് തന്നെ ശഹീദാവുകയായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. കൃത്യമായി ചന്ദ നൽകുമായിരുന്നു. തബ്ലീഗിന് നല്ല ആവേശമായിരുന്നു. ജമാഅത്ത് ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. അക്കൗണ്ടിങ്ങിൽ നിപുണനായിരുന്നു.

*(ഖുത്വുബ ജുമുഅ 18.6.10)*



**മിർസാ ശാബിൽ മുനീർ സാഹിബ്**
പിതാവ്; മിർസാ മുഹമ്മദ് മുനീർ സാഹിബ്. മാതാവ്; സ്വഫിയ മുനീർ സാഹിബ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം ബികോമിന് ശേഷം ബി.ബി.എ ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് 19 വയസ്സായിരുന്നു പ്രായം. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജസ്വലനായ പ്രവർത്തകനായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു ഭാഗത്തിന്റെ സാഇഖ് ആയിരുന്നു. കുറച്ചു മാസങ്ങളായി വളരെ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി പ്രവർത്തിക്കുകയായിരുന്നു. ഒരു ദിവസം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു പേപ്പർ ചെയ്യിക്കുവാനായി രാത്രി പതിനൊന്നരയ്ക്ക് മറ്റൊരു ഖാദിമിനോടൊപ്പം വീടുകൾ സന്ദർശിച്ചു. തന്റെ കയ്യിൽ വണ്ടി ഉള്ളപ്പോഴൊക്കെ ജമാഅത്തി പ്രവർത്തനത്തിനായി ആ വണ്ടി നൽകുമായിരുന്നു. വളരെയധികം മാന്യനും, സൗമ്യനും, ആജ്ഞാനുസാരിയുമായിരുന്നു. അവിവാഹിതനായിരുന്നു.

സംഭവദിവസം അദ്ദേഹം തന്റെ ചെറിയ സഹോദരനൊപ്പം പ്രധാന ഹാളിൽ മിഹ്റാബിനടുത്ത് സുന്നത്ത് നമസ്കരിക്കുകയായിരുന്നു. അപ്പോൾ വെടിവെപ്പ് ആരംഭിച്ചു. അപ്പോൾ ഹാളിൽ നിന്നും പുറത്തു പോയ അദ്ദേഹം കുറച്ചു കഴിഞ്ഞ് തിരിച്ചു വന്ന് വാതിൽക്കൽ ഇരുന്നു. ഫോണിൽ സുഹൃത്തുക്കളുമായി സംസാരിച്ചു. ആ സമയത്ത് മിനാരത്തിന്റെ അടുത്തുള്ള വാതിലിൽ നിന്ന് ഒരു ഉഗ്രവാദി കടന്നു വന്ന് വെടിവെക്കാൻ തുടങ്ങി. അദ്ദേഹത്തിനും വെടിയേറ്റു. കാലിൽ നിന്ന് രക്തം ഒലിക്കുവാൻ തുടങ്ങി. തന്റെ സഹോദരനോട് കാല് നേരെയാക്കാൻ പറഞ്ഞു. ഷർട്ടൂരി മുറിവിൽ കെട്ടാൻ തുടങ്ങിയപ്പോൾ അവിടെ നിന്നും മാംസം അടർന്നു വീഴുമായിരുന്നു. അരമണിക്കൂറോളം ആ അവസ്ഥയിൽ കിടന്നു. അല്പം പോലും വേദന പ്രകടിപ്പിക്കുകയോ നിലവിളിക്കുകയോ ചെയ്തില്ല. മറിച്ച് പ്രസന്നവദനായിരുന്നു. ആ അവസ്ഥയിൽ തന്നെ ശഹാദത്തിന്റെ പദവി കരസ്ഥമാക്കി.


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അല്ലാഹു ഈ ചെറുപ്പക്കാരന്റെ പദവികൾ ഉയർത്തട്ടെ. ഈ ചെറുപ്പക്കാരൻ തന്റെ പിന്നിലുള്ളവർക്ക് അല്ലാഹുവിന്റെ മാർഗത്തിൽ ഞങ്ങൾ ത്യാഗം വരിച്ചു, ഇനി നിങ്ങൾ നിങ്ങളുടെ പ്രതിജ്ഞയെ പൂർത്തിയാക്കുക എന്ന സന്ദേശം നൽകിയാണ് യാത്രയായത്.

*(ഖുത്വുബ ജുമുഅ 18.6.10)*



**ചൗധരി മുഹമ്മദ് അഹ്മദ് സാഹിബ്**
പിതാവ്; ഡോക്ടർ നൂർ അഹ്മദ് സാഹിബ്.
പത്നി; ഖുർശീദ് ബേഗം സാഹിബ.
മക്കൾ; റിസ്‌വാൻ അഹ്മദ്, സാഹിദ ജബീൻ,
സാഹിദ ജബീൻ, ത്വാഹിറ ജബീൻ,
റിസ്‌വാന നാസിർ.
**ശഹാദത്ത്; മോഡേൺ ഗൗൺ ലാഹോർ**

അദ്ദേഹത്തിന്റെ പിതാമഹൻ 1895 96 ൽ ബയ്അത്ത് ചെയ്തു. ശഹീദ് മർഹൂം പത്താം ക്ലാസ്സ് വരെ പഠിച്ചതിനു ശേഷം വായുസേനയിൽ ജോലിക്ക് പ്രവേശിച്ചു. രണ്ടു വർഷത്തെ പരിശീലനത്തിനു ശേഷം വാറണ്ട് ഓഫീസറായി ജോലി ചെയ്തു. 65 ലേയും 71 ലേയും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്നും വിദേശങ്ങളിൽ പരിശീലനത്തിനായും പോയിട്ടുണ്ട്. 1971 ൽ വിരമിച്ചു. പിന്നീട് 1988 വരെ സിവിൽ ഡിഫെൻസിന്റെ ബോംബ് നിർവീര്യസ്ക്വാഡിന്റെ തലവനായി ജോലി ചെയ്തിരുന്നു. മൂസിയായിരുന്നു. അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു. അസാമാന്യ ധൈര്യത്തിനുടമയായിരുന്നു. തന്റെ ജോലിയിൽ പരിപൂർണ്ണ ആത്മാർത്ഥത പുലർത്തി യിരുന്നു. അഞ്ചുനേര നമസ്കാരത്തിലും തഹജ്ജുദിലും കൃത്യനിഷ്ഠതയുണ്ടായിരുന്നു. ചന്ദയും സദഖയും കൃത്യമായി നൽകിയിരുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് തന്നെ വസിയ്യത്തിന്റെ ചന്ദ പൂർത്തിയാക്കിയിരുന്നു. ജുമുഅ നമസ്കാരത്തിനായി വിശേഷ തയ്യാറെടുപ്പ് നടത്തുമായിരുന്നു. തലേന്ന് തന്നെ വസ്ത്രങ്ങൾ ഇസ്ത്‌രിയിട്ട് തൂക്കിയിടുമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 85 വയസ്സായിരുന്നു.
സംഭവസമയത്ത് ഹാളിൽ ഇടതു വശത്ത് കസേരയിൽ ഇരിക്കുകയായിരുന്നു. അവിടെ വെച്ച് വെടിയേറ്റു. എനിക്ക് വെടിയേറ്റിരിക്കുന്നു എന്റെ വയറ്റിൽ തുണികെട്ടുക എന്ന് അദ്ദേഹം ഒരു യുവാവിനോട് പറഞ്ഞു. പിന്നീട് മറ്റുള്ള മുറിവേറ്റവർക്ക് വെള്ളം കുടിപ്പിക്കുവാൻ പറഞ്ഞു. മറ്റുള്ളവരെ രക്ഷപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ആ അവസരത്തിൽ തോക്കിൽ വെടിയുണ്ട നിറക്കാൻ തുനിഞ്ഞ ഒരു ഉഗ്രവാദിയെ കടന്നു പിടിച്ചു. അത് കണ്ട് മറ്റുള്ളവരും അദ്ദേഹത്തെ സഹായിക്കാനെത്തി. അവസാനം എല്ലാവരും ചേർന്ന് ആ ഉഗ്രവാദിയെ കീഴ്പെടുത്തി കയറുകളാൽ ബന്ധിച്ചു. ആ മൽപിടുത്തത്തിൽ അദ്ദേഹത്തിന് വീണ്ടും വെടിയേറ്റു. പരിക്കേറ്റ അവസ്ഥയിൽ ജിന്നാ ആശുപത്രിയിൽ എത്തിച്ചു. അവിടെ വെച്ചാണ് ശഹാദത്ത് വരിച്ചത്.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ആരോടും വിദ്വേഷം ഇല്ലായിരുന്നു. നല്ല ആരോഗ്യമായിരുന്നു. കുട്ടികളോട് നല്ല സ്നേഹമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും ഖുർആൻ പാരായണത്തിൽ താൽപര്യമുള്ള വ്യക്തിയുമായിരുന്നു. കബഡിയുടേയും ഫുട്ബോളിന്റേയും നല്ല കളിക്കാരനായിരുന്നു. ഖിലാഫത്തിനോട് നല്ല സ്നേഹമായിരുന്നു. (ഖുത്വുബ ജുമുഅ 18.6.10)



**ഇൽയാസ് അഹ്മദ് അസ്‌ലം ഖുറൈശി സാഹിബ്**
പിതാവ്; മാസ്റ്റർ മുഹമ്മദ് ശഫീ അസ്‌ലം സാഹിബ്.
പത്നി; ത്വാഹിറ ഇൽയാസ് സാഹിബ.
മക്കൾ; ജമീൽ അഹ്മദ്, ശക്കീൽ പാശാ,
സുഹൈൽ അസ്‌ലം, സാറാ അശ്റഫ്.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡേൺ ഗൗൺ ലാഹോർ**

അദ്ദേഹത്തിന്റെ ബന്ധം ഖാദിയാനുമായിട്ടാണ്. അദ്ദേഹത്തിന്റെ പിതാവ് ജമാഅത്തിന്റെ മുറബ്ബിയും സഹോദരൻ ഖാദിയാനിലെ ദർവേശുമായിരുന്നു. ബിരുദം കരസ്തമാക്കിയ ശേഷം അദ്ദേഹം നേഷണൽ ബാങ്കിൽ ജോലിക്ക് പ്രവേശിച്ചു. പിന്നീട് എ.വി.പിയുടെ അസിസ്റ്റന്റ് വൈസ് പ്രസിഡന്റായി വിരമിച്ചു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 76 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ജോഹർ ടൗണിന്റെ സദ്റായി സേവനമനുഷ്ഠിക്കുകയായിരുന്നു.

## ഒരു മാതാവിന്റെ ഉപദേശം

പിതാവ് ശഹീദ് ആയതിന്റെ അടുത്ത ജുമുആക്ക് തന്റെ 9,10 വയസുള്ള മകനെ മസ്ജിദിലേക്ക് അയച്ചുകൊണ്ട് മാതാവ് പറഞ്ഞു, മോനേ നിന്റെ ഉപ്പ ശഹീദ് ആയ സ്ഥലത്തു നിന്ന് തന്നെ നീ ജുമുആ നിർവഹിക്കണം, അങ്ങനെ നിന്റെ ഉപ്പ ഒരു വലിയ ഉദ്ദേശ്യത്തിനു വേണ്ടിയാണ് ശഹീദായതെന്ന് നിനക്ക് ബോധ്യം വരുകയും നമ്മുടെ ഉന്നതമായ ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ മരണത്തിനു നമ്മെ ഭയപ്പെടുത്താൻ സാദ്ധ്യമല്ലായെന്നു നിനക്ക് മനസ്സിലാവുകയും വേണം.
ഇത്തരം മക്കൾ ജനിച്ചു കൊണ്ടേയിരിക്കുകയും മാതാക്കൾ മക്കൾക്ക് ഇങ്ങനെ ശിക്ഷണം കൊടുത്തുകൊണ്ടേയിരിക്കുകയും ചെയ്താൽ ആ സമൂഹം ഒരിക്കലും മരണത്തെ ഭയക്കുന്നതല്ല. ഒരു ശത്രുവിനും ലോകത്തുള്ള ഒരു ശക്തിക്കും അവരുടെ അഭിവൃദ്ധിയെ തടയാൻ സാദ്ധ്യമല്ല.

ഖുത്ബ 4/6/10
ഹ.ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)



വളരെയധികം സൗമ്യഹൃദയനും സൽപ്രകൃതക്കാരനും ഏതവസ്ഥയിലും സഹനം കൈക്കൊള്ളുന്ന വ്യക്തിയുമായിരുന്നു. അല്ലാഹുവിൽ പരിപൂർണ്ണമായും തവക്കൽ ചെയ്തിരുന്നു. ദുആയിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. നമസ്കാരവും തഹജ്ജുദും കൃത്യമായി അനുഷ്ഠിച്ചിരുന്നു. എല്ലാ കുട്ടികളേയും സ്വയമാണ് ഖുർആൻ പഠിപ്പിച്ചത്. ഒരിക്കലും സ്ഥാനമാനങ്ങളിൽ അഹങ്കരിച്ചിരുന്നില്ല.
സംഭവദിവസം ബയ്ത്തുന്നൂറിലെ പിന്നിലെ ഹാളിൽ ആദ്യ സ്വഫിലായിരുന്നു ഇരുന്നിരുന്നത്. മറ്റ് രണ്ട് സഹായികളോടൊപ്പം വാതിൽ അടച്ചുവക്കുന്നതിനുള്ള ശ്രമത്തിൽ വെടിവെപ്പിൽ സാരമായ പരിക്കേറ്റു. ആ അവസ്ഥയിൽ തന്നെ മണിക്കൂറുകളോളം കിടക്കേണ്ടി വന്നു. ഏകദേശം നാലു മണിക്കടുത്തു ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, എപ്പോഴും പ്രസന്നമുഖനും, എല്ലാവരുമായും കൂടിക്കലരുന്ന പ്രകൃതക്കാരനുമായിരുന്നു. അഞ്ചു വർഷമായി ഹൽഖ ജോഹർ ടൗണിന്റെ സദ്റായി സേവനമനുഷ്ഠിക്കുകയായിരുന്നു. ജമാഅത്തീ പ്രവർത്തനങ്ങൾക്കായി ഏതെങ്കിലും ഖാദിമോ അൻസാറോ ഉച്ചയ്ക്കോ രാത്രിയിലോ എപ്പാൾ വന്നാലും അനിഷ്ടം കാണിക്കുകയില്ലായിരുന്നു. ജമാഅത്തിന്റെ കാര്യത്തിനായി ആരെങ്കിലും വന്നാൽ താൻ ഉറങ്ങുകയാണെങ്കിൽ പോലും വിളിച്ചുണർത്തണമെന്ന് കുട്ടികളോട് നിർദേശിച്ചിരുന്നു. അവർ എപ്പോഴും അത് പ്രാവർത്തികമാക്കിയിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും കൂറു പുലർത്തണമെന്ന് എപ്പോഴും ഉപദേശിക്കുമായിരുന്നു.

*(ഖുത്വുബ ജുമുഅ 18.6.10)*



**ത്വാഹിർ മഹ്മൂദ് അഹ്മദ് സാഹിബ്**
പിതാവ്; സഈ അഹ്മദ് സാഹിബ്. മാതാവ്; സാദിഖ ബേഗം.
പത്നി; മരണപ്പെട്ടു. മക്കളില്ല
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡേൺ ടൗൺ ലാഹോർ.**

1953 ൽ അദ്ദേഹത്തിന്റെ പിതാവ് ബയ്അത്ത് ചെയ്തു. ശഹീദ് മർഹൂം പത്താം ക്ലാസ്സ് പഠനത്തിനു ശേഷം ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിക്ക് പ്രവേശിച്ചു. പിന്നീട് മലേഷ്യയിലേക്ക് പോയി. മാനസികമായി അല്പം അസ്വസ്ഥനായിരുന്നു. ശഹാദത്ത് സമയത്ത് 53 വയസ്സായിരുന്നു. സാധാരണ മറ്റു പള്ളികളിലാണ് ജുമുഅ നമസ്കരിക്കാറുണ്ടായിരുന്നത്. അന്ന് ജുമു ആയ്ക്ക് മുമ്പ് ഹൽഖയുടെ സദർ സാഹിബിന്റെ വീട്ടിൽ പോയപ്പോൾ അദ്ദേഹം പറഞ്ഞതനുസരിച്ചാണ് അന്ന് ബയ്ത്തുന്നൂറിലേക്ക് അദ്ദേഹത്തോടൊപ്പം പോയത്.

രാത്രി ഏഴ് മണിക്കാണ് അദ്ദേഹത്തിന്റെ ശഹാദത്തിനെ സംബന്ധിച്ചുള്ള വിവരം ലഭിച്ചത്. നെഞ്ചിൽ രണ്ട് വെടിയുണ്ട ഏറ്റിരുന്നു. നെറ്റിയിൽ ഒന്നും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഭാരിച്ച ശരീരപ്രകൃതമായിരുന്നു. വെടിയുണ്ടയെപ്പോലും ഭയക്കുന്നില്ല ഞാൻ ശഹീദാവാനുള്ളവനാണ് എന്ന് പറയുമായിരുന്നു. എല്ലാ പ്രദേശവാസികളിലും അറിയപ്പെട്ടിരുന്നു. ആത്മാർത്ഥതയും ആവേശവുമുള്ള അഹ്മദിയായിരുന്നു. എല്ലാ വഴിപോക്കർക്കും സലാം പറയുമായിരുന്നു.

*(ഖുത്ബ ജുമുഅ 18.6.10)*




**നൂറുൽ അമീൻ സാഹിബ്**
പിതാവ്; നദീർ അഹ്മദ് നസീം സാഹിബ്. പത്നി; സ്വായിമ സാഹിബ.
മക്കൾ; നദീം അഹ്മദ്, ദുആ നൂർ, ഫിദാ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ സഹാബിയായിരുന്നു. ശഹീദ് മർഹൂം പത്താം ക്ളാസ്സ് പഠനത്തിനു ശേഷം നേവിയിൽ ഫോട്ടോഗ്രാഫറായി ചേർന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പരിശ്രമശാലിയായ പ്രവർത്തകനായിരുന്നു. ഹൽഖ മോഡൽ ടൗണിന്റെ മുൻതസിം ഉമൂമിയായി സേവനം ചെയ്തുകയായിരുന്നു. ബയ്ത്തുദ്ദിക്റിൽ സ്ഥാപിച്ചിട്ടുള്ള ക്ളോസ് സർക്യൂട്ട് സിസ്റ്റത്തിന്റെ മോണിറ്ററിങ്ങ് ചെയ്തു കൊണ്ടിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 39 വയസ്സായിരുന്നു. വളരെയധികം നന്മകളുടെ ഉടമസ്ഥനായിരുന്നു. രക്ഷപ്പെടാനുള്ള അവസരം ലഭിച്ചിട്ടും മറ്റുള്ളവരെ ഉപേക്ഷിച്ച് അതിന് തുനിയുകയുണ്ടായില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, കുട്ടികളുടെ ശിക്ഷണകാര്യത്തിൽ പ്രത്യേകിച്ച് വഖ്ഫെനൗ കുട്ടികളുടെ കാര്യത്തിൽ എപ്പോഴും ശ്രദ്ധിക്കുമായിരുന്നു. ജമാഅത്തിന്റെ ഡ്യൂട്ടികളിൽ എപ്പോഴും മുൻപന്തിയിലായിരുന്നു.

*(ഖുത്ബ ജുമുഅ 18.6.10)*



**സയ്യദ് ഇർശാദ് അലി സാഹിബ്**
പിതാവ്; സയ്യദ് സമീഉല്ലാഹ് സാഹിബ്.
പത്നി; സയ്യദ ജാവേദ ഇർശാദ് സാഹിബ.
മക്കൾ; സയ്യദ ഹിനാ ഇംറാൻ, നദറത്ത് റഫീഖ്.
**ശഹാദത്ത്;**
**ബയ്ത്തുന്നൂർ മോഡേൺ ടൗൺ ലാഹോർ.**


അദ്ദേഹത്തിന്റെ പിതാമഹനും മാതാമഹനും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബികളായിരുന്നു. ശഹീദ് മർഹൂം ബി.എയ്ക്ക് ശേഷം മൽസര പരീക്ഷ പാസായി അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിക്കുകയും ഡപ്യൂട്ടി ഡയറക്ടർ ലേബർ ഡിപ്പാർട്ട്മെന്റായി വിരമിക്കുകയും ചെയ്തു. ഡാർഡൻ ടൗണിലെ സെക്രട്ടറി മാലായി സേവനമനുഷ്ഠിക്കുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 80 വയസ്സായിരുന്നു.

കുറച്ചു വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിന് ഇന്നീ റാഫിഉക്ക വ മുതവഫീക-ഒരു പക്ഷേ പറഞ്ഞ ആൾ തിരിച്ചു പറഞ്ഞതായിരിക്കാം- എന്ന ശബ്ദം കേട്ടിരുന്നു. ശഹാദത്തിന് പതിനഞ്ച് ഇരുപത് ദിവസം മുമ്പ് We recieve you with open arms with red carpet എന്ന ശബ്ദവും കേട്ടിരുന്നു. തന്റെ വീടിന്റെ മുറ്റത്ത് മനോഹരമായ ഒരു കുതിരവണ്ടിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) വന്നതായും അദ്ദേഹം സ്വപ്നം കിരുന്നു.

സംഭവദിവസം ആദ്യം ജുംമുആയ്ക്ക് പോകാൻ മനസ്സനുവദിക്കുന്നില്ല എന്ന് പറയുകയും എന്നാൽ അല്പനേരം ശേഷം എണീറ്റ് പള്ളിയിലേക്ക് പോകുകയും ചെയ്തു. രണ്ടു തവണ യാത്ര പറഞ്ഞാണ് പോയത്. മുറ്റത്ത് കസേരയിൽ ഇരിക്കുകയായിരുന്നു. ആക്രമണം തുടങ്ങിയപ്പോൾ പുറത്തിരുന്നവരെ ഹാളിലേക്ക് പറഞ്ഞയച്ചു. അവിടെ വെച്ചാണ് അദ്ദേഹം ശഹീദായത്. ശരീരത്തിൽ മൂന്ന് വെടിയുണ്ടകൾ ഏറ്റിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, കഴിഞ്ഞ ഒന്നര രണ്ടുമാസമായി എനിക്ക് എന്റെ പൂർവികന്മാരെ പോലെ ദീനിനെ സേവിക്കാൻ കഴിഞ്ഞില്ല എന്ന് അസ്വസ്ഥനായിക്കൊണ്ട് പറയുമായിരുന്നു. സൃഷ്ടിസേവനം അദ്ദേഹത്തിന്റെ സവിശേഷഗുണമായിരുന്നു. ബന്ധം ഊട്ടിയുറപ്പിക്കുന്ന വ്യക്തിയായിരുന്നു. ധൈര്യവാനായിരുന്നു.

*(ഖുത്ബ ജുംമുഅ 18.6.10)*




**അനീസ് അഹ്മദ് സാഹിബ്**
പിതാവ്; മുനീർ അഹ്മദ് സാഹിബ്.
പത്നി; അതിയ അനീസ് സാഹിബ.
മക്കൾ; ഫർഹാൻ അഹ്മദ്, ഹിബത്തുൽ വഹീദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

പത്താം ക്ലാസ്സ് വിദ്യാഭ്യാസത്തിന് ശേഷം കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെ ജോലി ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 35 വയസ്സായിരുന്നു. മൂസിയായിരുന്നു.സാധാരണയായി മോഡൽ ടൗണിലാണ് ജുമുഅ നമസ്കരിക്കാറുണ്ടായിരുന്നത്. അന്ന് ചില കാരണത്താൽ, ദാറുദ്ദിക്റിൽ നമസ്കരിക്കാനെത്തി. പിതാവിനോടൊപ്പം മിഹ്റാബിനടുത്തായിരുന്നു ഇരുന്നിരുന്നത്. വെടിവെപ്പ് തുടങ്ങിയപ്പോൾ പിതാവിനെ ഒളിപ്പിച്ചു നിർത്തി മറ്റുള്ളവരെ സഹായിക്കാൻ പുറപ്പെട്ടു. അതിനിടയിൽ വെടിയേറ്റു ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഭാര്യാമക്കളോട് വളരെയധികം സ്നേഹമുണ്ടായിരുന്നു. പിതാവിനെ പരിപൂർണ്ണമായും അനുസരിച്ചിരുന്നു. ഭാര്യാവീട്ടുകാരോടും നല്ല സ്നേഹബന്ധമായിരുന്നു. സൃഷ്ടിസേവനത്തിൽ ആവേശമായിരുന്നു. ഒരിക്കൽ അപകടത്തിൽ പരിക്കേറ്റ ഒരാൾക്കു വേണ്ടി രക്തം ദാനം നൽകുകയും അയാൾക്ക് വേണ്ട ധനസഹായം നൽകുകയും ചെയ്തു. ജമാഅത്തി പ്രവർത്തനങ്ങളിൽ മുൻനിരയിലായിരുന്നു.

*(ഖുത്ബ ജുമുഅ 18.6.10)*



**ചൗധരി മുഹമ്മദ് മലിക് ചഢട് സാഹിബ്**
പിതാവ്; ചൗധരി ഫതഹ് മുഹമ്മദ് സാഹിബ്.
പത്നി; സക്കീന ബേഗം സാഹിബ.
മക്കൾ; ദാവൂദ് അഹ്മദ്, ഹാമിദ അൻവർ.
**ശഹാദത്ത്:**
**ബയ്ത്തുന്നൂർ മോഡേൺ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ ജനനത്തിനു മുന്നേ പിതാവ് മരണപ്പെട്ടു. ബി.എ യ്ക്കു ശേഷം ലഭിച്ച ജയിൽ സൂപ്രണ്ടിന്റെ ജോലി വേണ്ടെന്നു വെച്ച അദ്ദേഹം കൃഷിപ്പണിയിലേർപ്പെട്ടു. അതിലൂടെ കുട്ടികൾക്ക് വിദ്യാഭ്യാസവും നൽകി. ശഹാദത്ത് സമയത്ത് അദ്ദേത്തിന്റെ വയസ്സ് 93 ആയിരുന്നു. മൂസിയായിരുന്നു. സമാധാന പ്രേമിയായിരുന്നു. ആരോടും വഴക്കിടില്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വളരെ താൽപര്യത്തോടെ വായിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ എം.എ യ്ക്ക് ശേഷം ജോലിക്കായി അനുവാദം തേടിയപ്പോൾ ഇവിടെ എന്റെ അടുത്ത് വന്നിരുന്ന് ഓഫീസിലേതുപോലെ തയ്യാറായി എന്റെ അടുത്ത് വന്നിരുന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ എനിക്ക് വായിച്ചു കേൾപ്പിക്കുക. എത്ര ശമ്പളമാണ് നീ ജോലിയിൽ നിന്ന് പ്രതീക്ഷിക്കുന്നത് അത് ഞാൻ തരാം എന്ന് പറഞ്ഞു. അങ്ങിനെ ഗ്രന്ഥങ്ങൾ വായിച്ചു കേൾപ്പിച്ച ശേഷമാണ് മകന് അനുമതി നൽകിയത്. ബാങ്ക് കേൾക്കുമ്പോൾ തന്നെ മക്കളുടെ മുറികളുടെ വാതിൽ കൊട്ടുകയും അവരെ എഴുന്നേൽപിക്കുകയും ചെയ്യുമായിരുന്നു. പിന്നീട് വുളു ചെയ്യിപ്പിച്ച് വീട്ടിൽ ജമാഅത്തായി നമസ്കരിക്കുമായിരുന്നു. 1974 ൽ അവസ്ഥ മോശമായപ്പോൾ ധാരാളം അഹ്മദികൾ അദ്ദേഹത്തിന്റെ വീട്ടിൽ ഒരുമിച്ച് കൂടിയിരുന്നു. അവരെയെല്ലാവരേയും അദ്ദേഹം സേവിച്ചു.

പ്രായാധിക്യത്താൽ മറവിയുടെ ശീലം ഉണ്ടായിരുന്നു. അക്കാരണത്താൽ തന്നെ മുമ്പുള്ള ഏഴെട്ട് ജുമുആ ലഭിച്ചില്ല. കാലാവസ്ഥ മോശമായതിനാൽ അന്ന് ജുമുഅയ്ക്ക് പോകേണ്ട എന്ന് പറഞ്ഞെങ്കിലും വാശിപിടിച്ച് ജുമുആയ്ക്കായി പുറപ്പെട്ടു. പുറത്ത് കസേരയിലാണ് ഇരിക്കാറുണ്ടായിരുന്നത്. ആക്രമണം തുടങ്ങിയപ്പോൾ വെടിയേറ്റ് ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെ സത്യസന്ധനായിരുന്നു. ഒരിക്കലും കളവ് പറഞ്ഞിരുന്നില്ല. എപ്പോഴും സത്യമേ പറഞ്ഞിരുന്നുള്ളു. കുടുംബത്തിലെ എല്ലാവരേയും വസിയ്യത്ത് ചെയ്യിപ്പിച്ചു.

*(ഖുത്ത്വുബ ജുമുഅ 18.6.10)*



**ശേഖ് സാജിദ് നയീം സാഹിബ്**
പിതാവ്; ശേഖ് അമീർ സാഹിബ്.
പത്നി; അനത്തുൽ ബാസിത് സാഹിബ.
മക്കൾ; ഖറം നയീം, ശഹ്സാദ് നയീം, ദുർറെ സമീൻ.
**ശഹാദത്ത്:**
**ബയ്ത്തുന്നൂർ മോഡേൺ ടൗൺ ലാഹോർ.**


ലാഹോറിൽ നിന്നും ബി.എ. എടുത്തതിനു ശേഷം റാവൽപിണ്ടിയിൽ എം.സി.ബി. ബാങ്കിൽ 3-ാം ഗ്രേഡ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് 2003 ൽ മാനേജരായി വിരമിച്ചു. മജ്‌ലിസ് അൻസാറുല്ലായുടെ ഉത്തരവാദപ്പെട്ട പ്രവർത്തകനായിരുന്നു. നാഇബ് മുൻതസിം തഅ്ലീമുൽ ഖുർആൻ ആയി ഖിദ്മത്ത് ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 59 വയസ്സായിരുന്നു. വസിയ്യത്ത് പദ്ധതിയിൽ അംഗമാകാൻ അപേക്ഷ നൽകിയിരുന്നു.

ഒരു മകന്റെ ജോലിയെയും വിവാഹത്തെയും സംബന്ധിച്ച് ചിന്താകുലനായിരുന്നു. അന്ന് ജുമുഅ ദിവസവും ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു. ഫോണിൽ വിളിച്ച് അവസ്ഥ ചോദിച്ചറിഞ്ഞിരുന്നു. ജോലി കിട്ടുമെന്ന ശുഭപ്രതീക്ഷ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൂൺ ഒന്നിന് ആ ജോലി ലഭിക്കുകയും ചെയ്തു. വീട്ടിൽ ഒരിക്കലും തന്നെ ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. നമസ്കാരത്തിൽ കൃത്യനിഷ്ഠനായിരുന്നു. രണ്ടുമൂന്നു വർഷമായി തഹജ്ജുദ് നമസ്കാരവും കൃത്യമായി അനുഷ്ഠിക്കാൻ തുടങ്ങിയിരുന്നു. വളരെയധികം വാൽസല്യമുള്ളതും, എല്ലാവരുമായി ബന്ധപ്പെടുന്ന, സ്നേഹിക്കുന്ന വ്യക്തിയുമായിരുന്നു. കുട്ടികൾക്ക് ഏറ്റവും ഉത്തമമായ ശിക്ഷണം നൽകിയിരുന്നു.

ജുമുഅ നമസ്കാരത്തിനായി നേരത്തേ തന്നെ തയ്യാറായി പോകുന്ന ശീലമുണ്ടായിരുന്നു. അന്നും പതിവനുസരിച്ച് രണ്ടാമത്തെ ഹാളിലാണ് ഇരുന്നിരുന്നത്. വെടിവെപ്പ് തുടങ്ങിയപ്പോൾ മറ്റുള്ളവരുമായി ചേർന്ന് വാതിൽ അടച്ച് അതിനു മുന്നിൽ നിന്നു. ഉഗ്രവാദി തുരുതുരാ വെടിവെക്കുകയും പിന്നീട് ഗ്രാനേഡ് എറിയുകയും ചെയ്തു. തൽഫലമായി അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഭാര്യാമക്കളുടെ അവകാശങ്ങളെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുടുംബക്കാരേയും ബന്ധുക്കളേയും ശ്രദ്ധിച്ചിരുന്നു. സൗമ്യപ്രകൃതക്കാരനും അനുസരണശീലനുമായിരുന്നു. ഖിലാഫത്തുമായി പ്രത്യേക സ്നേഹബന്ധമായിരുന്നു.

*(ഖുത്ത്വുബ ജുമുഅ 18.6.10)*




**സയ്യദ് ലയീഖ് അഹ്മദ് സാഹിബ്**
പിതാവ്; സയ്യദ് മുഹ്‌യുദ്ദീൻ സാഹിബ്. പത്നി; നസീമ ലയീഖ് സാഹിബ.
മക്കൾ; സയ്യദ് തൻവീർ അഹ്മദ്, സയ്യദ് ഖമർ അഹ്മദ്,
സയ്യദ് മുഹമ്മദ് അഹ്മദ്, സയ്യദ് അസീസ് അഹ്മദ്, നസ്ഹത്ത് അഹ്മദ്,
ഹിജാബ് അഹ്മദ്, റബാബ് അഹ്മദ്, ഹുമൈറ അഹ്മദ്.
**ശഹാദത്ത്; ബയ്ത്തുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് അലീഗഡ് യൂണിവേർസിറ്റിയിലെ വിദ്യാർത്ഥിയായിരുന്ന സമയത്ത് തബ്‌ലീഗ് ചെയ്ത ഒരു വിദ്യാർത്ഥിയുടെ തലക്കടിച്ചിരുന്നു. പിന്നീട് പശ്ചാതാപം തോന്നുകയും അഹ്മദിയ്യത്തിനെ കുറിച്ച് പഠിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു. ശഹീദ് മർഹൂം പത്താം ക്ലാസ്സ് ഫസ്റ്റ് ഡിവിഷനിൽ പാസായ ശേഷം പറ്റ്ന യൂണിവേർസിറ്റിയിൽ നിന്ന് ഇംഗ്ലീഷിൽ എം.എ എടുത്തു. വിഭജനത്തിനു ശേഷം ഇവർ ലാഹോറിലേക്ക് പോന്നു. 1969 ൽ എം.സി.ബിയിൽ ചേർന്നു. 1997 ൽ ബാങ്ക് മാനേജരായി വിരമിച്ചു. വിരമിച്ചതിനു ശേഷവും ബാങ്കിൽ ജോലി ചെയ്തിരുന്നു. ശഹാദത്ത് സമയത്ത് 72 വയസ്സുായിരുന്നു. മൂസിയായിരുന്നു. റബ്‌വയിൽ ജൽസ നടന്നിരുന്ന കാലത്ത് എല്ലാ ജൽസയിലും പങ്കെടുത്തിരുന്നു. എല്ലാ മക്കൾക്കും ഉന്നത വിദ്യാഭ്യാസം നൽകിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ എല്ലാവരും നല്ല ജോലിയിലും പ്രവേശിച്ചു.

സംഭവദിവസം പള്ളിയിലെത്തി സുന്നത്ത് നമസ്കാര ശേഷം രണ്ടാമത്തെ സ്വഫിൽ ഇരിക്കുകയായിരുന്നു. അടുത്തിരുന്ന വ്യക്തിക്ക് വെടിയേറ്റപ്പോൾ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. അന്നേരം അദ്ദേഹവും വെടിക്കിരയായി. എഴുന്നേൽക്കാൻ വളരെ ശ്രമിച്ചു. എന്നാൽ കഴിഞ്ഞില്ല. നട്ടെല്ലിനായിരുന്നു വെടിയേറ്റത്. അവിടെ തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെ മൗനപ്രകൃതക്കാരനായിരുന്നു. എന്നാൽ ജമാഅത്തിനെ കുറിച്ച് മണിക്കൂറുകളോളം സംസാരിക്കുമായിരുന്നു. ജമാഅത്തുമായി വളരെ അഗാധമായ സ്നേഹബന്ധമായിരുന്നു.

*(ഖുത്ത്വുബ ജുമുഅ 19.6.10)*



**മുഹമ്മദ് അശ്റഫ് ഭലർ സാഹിബ്**
പിതാവ്; മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ്.
പത്നി; മുനീറ സാഹിബ.
മക്കൾ; വഖാർ അശ്റഫ്, ശമാഇല അശ്റഫ്.
**ശഹാദത്ത്; മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ബയ്അത്തു ചെയ്തു അഹ്മദിയായി. ശഹീദ് മർഹൂം ഇഷ്ടികക്കളം നടത്തുകയായിരുന്നു. പ്രൈമറി വിദ്യാഭ്യാസം മാത്രമേ കരസ്ഥമാക്കിയിരുന്നുള്ളു. 2004 ൽ ഉംറ ചെയ്തു. ശഹാദത്ത് സമയത്ത് 47 വയസ്സായിരുന്നു. വീട്ടിലെ ഏക മേൽനോട്ടക്കാരനായിരുന്നു. ഒരിക്കൽ അദ്ദേഹം ഭാര്യയോട് പറഞ്ഞു, ഒരു ദിവസം എന്തായാലും മരിക്കുന്നതാണ്. എന്നാൽ ശഹാദത്തിന്റെ മരണമായിരുന്നെങ്കിൽ എത്ര നന്നായേനെ!

സംഭവസമയത്ത് ഹാളിലെ ചെറിയ വാതിൽ അടച്ചുകൊണ്ട് അതിൽ ചാരി നിൽക്കുകയായിരുന്നു. ഉഗ്രവാദി വാതിൽ തള്ളിത്തുറക്കാൻ ശ്രമിച്ചു സാധിക്കാതെ വന്നപ്പോൾ തുരുതുരാ നിറയൊഴിക്കാൻ തുടങ്ങി. ആ വെടിയുണ്ടയെല്ലാം അദ്ദേഹത്തിന്റെ നടുവിലായിരുന്നു കൊണ്ടത്. അവിടെത്തന്നെ അദ്ദേഹം ശഹീദായി. അദ്ദേഹത്തിന്റെ ജനാസയിൽ ചില അനഹ്മദികളും പങ്കെടുത്തിരുന്നു. തുടർന്ന് പത്രത്തിലും ടിവിയിലും ആ ജനാസയിൽ പങ്കെടുത്തവരുടെ നിക്കാഹ് അസാധുവായി എന്ന ഫത്‌വ വന്നിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, മാന്യതയിലും സത്യസന്ധതയിലും പ്രദേശത്ത് പ്രശസ്തനായിരുന്നു. തബ്ലീഗിൽ ആവേശമായിരുന്നു. ഉംറയ്ക്കു ശേഷം കൃത്യമായി തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങി. നിത്യവും ഖുർആൻ പാരായണത്തിനായി ഉപദേശിക്കുമായിരുന്നു.

*(ഖുത്വുബ ജുമുഅ 18.6.10)*




**മുബാറക്ക് അഹ്മദ് ത്വാഹിർ സാഹിബ്**
പിതാവ്; അബ്ദുൽ മജീദ് സാഹിബ്.
പത്നി; ശാഹിദ ബുശ്റ സാഹിബ.
മക്കൾ; അതാഉൽ മുഹ്സിൻ, മുഹമ്മദ് ഇഹ്സാൻ സഫർ, മുഹമ്മദ് നിദാഉന്നസർ, അതിയത്തുന്നാസിർ.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ ഖിലാഫത്ത് കാലത്താണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം ഒരു ബാങ്കിൽ ടൈപ്പിസ്റ്റായി പ്രവേശിക്കുകയും സർവിസിലിരുന്നു കൊണ്ട് തന്നെ ആദ്യം ബി.എ യും പിന്നീട് എം. എയും എടുത്തു. തുടർന്ന് ബാങ്കിന്റെ വിവിധ കോഴ്സുകൾ ചെയ്ത് സ്ഥലക്കയറ്റം കരസ്ഥമാക്കി നേഷണൽ ബാങ്കിൽ വൈസ് പ്രസിഡന്റായി ജോലി ചെയ്യുകയായിരുന്നു. ബാങ്കിലെ ഏറ്റവും നല്ല ജോലിക്കാരനുള്ള സമ്മാനവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. അദ്ദേഹം മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബിന്റെ മരുമകനാണ്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 57 വയസ്സായിരുന്നു. നാഇബ് ഖാഇദ്, നാസിം തഅ്ലീം ഹൽഖ ദാറുദ്ദിക്റായി സേവനമനുഷ്ഠിക്കുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ വീടിന്റെ താഴത്തെ നില കഴിഞ്ഞ ഏഴു വർഷമായി നമസ്കാരസെന്ററായി ഉപയോഗിക്കുകയായിരുന്നു. തന്റെ ബാങ്കിലെ കീഴുദ്യോഗസ്ഥരും മറ്റ് ജോലിക്കാരോടും സൗഹൃതപരമായ ബന്ധമാണുണ്ടായിരുന്നത്. ഭാര്യയുമായി എന്തെങ്കിലും കാര്യ.ത്തിൽ പിണങ്ങിയാൽ ഓഫീസിൽ ചെന്നശേഷം വിവിധ കാരണങ്ങൾ പറഞ്ഞ് ഫോൺ ചെയ്യുകയും വൈകുന്നേരത്തെ ഭക്ഷണത്തിനായി പ്രത്യേക തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്നു. അങ്ങിനെ അന്നു തന്നെ ആ പിണക്കം അവസാനിപ്പിക്കുമായിരുന്നു.

സംഭവദിവസം രണ്ടു മക്കളോടൊപ്പം പള്ളിയിലെത്തിയ അദ്ദേഹം പ്രധാന ഹാളിന്റെ പിന്നിൽ സ്ഥാനം പിടിച്ചു. വെടിവെപ്പ് തുടങ്ങുകയും മുറബ്ബി സാഹിബ് ദുആയ്ക്കായി പറയുകയും ചെയ്തപ്പോൾ അദ്ദേഹം ദുആയ്ക്കായി കൈകളുയർത്തി. അതേ അവസ്ഥയിൽ ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ ഇടതു കയ്യിൽ തറച്ചു. മറ്റൊന്ന് ഹൃദയത്തിനടുത്തും. അങ്ങിനെ സംഭവസ്ഥലത്തു തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെയധികം അനുകമ്പയുള്ള വ്യക്തിയായിരുന്നു....... ഖിലാഫത്തുമായി അഗാധബന്ധമായിരുന്നു.... ഔദാര്യം അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സ്വഭാവഗുണമായിരുന്നു. ജനങ്ങൾക്ക് വലിയ വലിയ സാധനങ്ങൾ സൗജന്യമായി നൽകിയിരുന്നു. ജമാഅത്തിന്റെ മുറബ്ബിമാരോട് അടുത്ത ബന്ധമായിരുന്നു. അവരെ വളരെയധികം ആദരിച്ചിരുന്നു. എവിടെയെല്ലാം വീടെടുത്തിട്ടുണ്ടോ അവിടെയെല്ലാം തന്നെ നമസ്കാരസെന്റർ തന്റെ വീടാക്കാൻ ശ്രമിച്ചിരുന്നു. എല്ലാവരോടും നല്ല നിലയിൽ പെരുമാറുന്ന വ്യക്തിയായിരുന്നു.

*(ഖുത്വുബ ജുമുഅ 18.6.10)*



**മുനവ്വർ അഹ്മദ് സാഹിബ്**
പിതാവ്; മുനീർ അഹ്മദ് സാഹിബ്.
പത്നി; ഉമൈറ മുനവ്വർ സാഹിബ.
മകൾ; റിസ്‌വാന.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ഇദ്ദേഹത്തിന്റെ മൂത്ത സഹോദരനും അവിടെ ശഹീദായിരുന്നു. ജന്മനാ അഹ്മദിയായിരുന്നെങ്കിലും മാതാമഹിയുടെ സ്വാധീനത്താൽ കുറച്ചുകാലത്തേക്ക് ശിയാ വിഭാഗത്തിലേക്ക് ചാഞ്ഞിരുന്നു. എന്നാൽ ഒരിക്കൽ സ്വപ്നത്തിൽ ഹദ്റത്ത് ഇമാം ഹുസൈൻ (റ) ഉം ഹദ്റത്ത് അലി (റ) ഉം പ്രത്യക്ഷപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെകുറിച്ച് പറഞ്ഞ് കൊടുത്തു. അങ്ങിനെ അദ്ദേഹം രണ്ടാമതും ബയ്അത്ത് ചെയ്ത് വളരെ ഊർജസ്വലനായ പ്രവർത്തകനായിത്തീർന്നു. സൽപ്രകൃതക്കാരനായതുകൊണ്ട് അല്ലാഹു സ്വയം മാർഗദർശനം നൽകി.

കുറച്ചു മാസങ്ങളായി അദ്ദേഹത്തിന്റെ വീടിന്റെ പുറത്ത് പ്രകോപനപരമായ പോസ്റ്ററുകൾ കുട്ടികളെ കൊണ്ട് ഒട്ടിപ്പിച്ചിരുന്നു. അദ്ദേഹം ആ കുട്ടികളെ വളരെ സ്നേഹത്തോടെ പറഞ്ഞു മനസ്സിലാക്കുമായിരുന്നു. സംഭവത്തിന് ഒന്നരമാസം മുമ്പ് അദ്ദേഹം ഒരു സ്വപ്നം കണ്ടിരുന്നു. അതിൽ പരേതയായ മാതാവ് നിന്റെ മുറി തയ്യാറായി, ഞാൻ നിന്നെ വിളിക്കുന്നതാണ് എന്ന് പറഞ്ഞിരുന്നു. ഞാൻ ശഹീദാകാനുള്ളവനാണ് എല്ലാവരോടും, കഴിഞ്ഞവർഷം വിവാഹം ചെയ്ത ഭാര്യയോടും പറഞ്ഞിരുന്നു.

സംഭവസമയത്ത് പുറത്ത് വെടിയൊച്ച കേട്ടപ്പോൾ നുഴഞ്ഞുകൊണ്ട് പുറത്തിറങ്ങി. പിന്നീട് പെട്ടെന്ന് മടങ്ങി വന്ന് പ്രധാന ഹാളിലേക്ക് പോകുന്ന അകത്തുള്ള വാതിൽ അടച്ചു. ആക്രമണത്തിനിടയിൽ നിരന്തരമായി വീട്ടിലേക്ക് ഫോൺ ചെയ്തു കൊണ്ടിരുന്നു. ദുആക്ക് വേണ്ടി പറയുകയും ഞാൻ മുകളിലേക്ക് പോകുകയാണെന്നും പറഞ്ഞു. പിന്നീട് ആരുടെയെങ്കിലും കയ്യിൽ ആയുധമുണ്ടോ എന്നന്വേഷിച്ചു. അക്രമി പുറത്തേക്ക് പോയപ്പോൾ അകത്ത് നുഴഞ്ഞ് കയറി മുറിവേറ്റവർക്ക് വെള്ളം നൽകി. എങ്ങിനെയെങ്കിലും അക്രമിയെ പിടിക്കാൻ അവസരം പാർത്തിരുന്നു. അവസാനം തക്കം കിട്ടിയപ്പോൾ വളരെ ധൈര്യത്തോടുകൂടി ഉഗ്രവാദിയെ കടന്നു പിടിച്ചു. അപ്പോൾ ഉഗ്രവാദി സ്വയം പൊട്ടിത്തെറിച്ചു. ആ സ്ഫോടനത്തിൽ അദ്ദേഹവും ശഹീദായി. തന്റെ സഹോദരൻ അനീസ് ശഹീദായി എന്നറിഞ്ഞിട്ടും ചങ്കൂറ്റത്തോടു കൂടി ജനങ്ങളെ സഹായിച്ചു കൊണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അഹ്മദിയ്യത്തിനെ സംബന്ധിച്ച് നല്ല അറിവുണ്ടായിരുന്നു. ധാരാളം തബ്ലീഗ് ചെയ്തിരുന്നു. വളരെയധികം പേരെ ബയ്അത്ത് ചെയ്യിപ്പിച്ചിട്ടുണ്ട്. വലിയ വലിയ മൗലവിമാരെ നിശബ്ദരാക്കിയിരുന്നു.

*(ഖുത്വുബ ജുമുഅ 18.6.10)*



**സഈദ് അഹ്മദ് ത്വാഹിർ സാഹിബ്**
പിതാവ്; സൂഫി മുനീർ അഹ്മദ് സാഹിബ്.
പത്നി; സമീന സഈദ് സാഹിബ.
മക്കൾ; മുഹിബ്ബ് അഹ്മദ്, മഅസ് അഹ്മദ്, ഫാത്വിമ സഈദ്.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ഇന്ത്യയിലെ കർണാൽ ആണ് സ്വദേശം. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 37 വയസ്സായിരുന്നു. മാതാപിതാക്കളെ വളരെയധികം സേവിച്ചിരുന്നു. കഴിഞ്ഞ പ്രാവശ്യം നാട്ടിൽ വന്നപ്പോൾ മാതാവിന് വേണ്ടി ഒരു എയർകണ്ടീഷണർ വെച്ചുകൊടുത്തിരുന്നു. അതിഥികളെ വളരെ ആത്മാർത്ഥതയോടു കൂടി സ്വീകരിക്കുമായിരുന്നു. ഡയറി എഴുതുന്ന ശീലമുണ്ടായിരുന്നു. 2000 നവംബർ 30ലെ ഡയറിയിൽ ഇങ്ങനെ എഴുതിയിരുന്നു, അല്ലാഹുവേ! ശഹാദത്ത് നൽകണേ. ഈ കഴുത്ത് നിന്റെ മാർഗത്തിൽ അറുക്കപ്പെടട്ടെ. നിന്റെ മാർഗത്തിൽ എന്റെ ശരീരം കഷണം കഷണം ആകട്ടെ. പ്രിയപ്പെട്ട യജമാനനേ, എന്റെ ദുആ സ്വീകരിക്കണേ. അല്ലാഹു ആ ദുആ സ്വീകരിച്ചു. നമസ്കാരത്തിന്റെ കാര്യങ്ങളും ഖുത്വുബ ജുമുഅയുടെ സംക്ഷിപ്തവും നോട്ട്സും ചന്ദയുടെ കണക്കുകളുമെല്ലാം കൃത്യമായി ഡയറിയിൽ രേഖപ്പെടുത്തുമായിരുന്നു.

സംഭവദിവസം ബൈത്തുന്നൂറിലേക്ക് എത്തിയപ്പോൾ തന്നെ ദാറുദ്ദിക്റിൽ വെടിവെപ്പ് തുടങ്ങിയിരുന്നു. രണ്ട് ഉഗ്രവാദികൾ ബൈക്കിൽ ബൈത്തുന്നൂറിൽ എത്തുകയും തങ്ങളുടെ ബൈക്ക് വലിച്ചെറിഞ്ഞ് വെടിവെച്ചു കൊണ്ട് ഗേറ്റലൂടെ അകത്ത് പ്രവേശിക്കുകയും ചെയ്തു. അല്പ നിമിഷങ്ങൾക്കുള്ളിൽ തന്നെ ബൈക്ക് പൊട്ടിത്തെറിച്ചു. തൽഫലമായി അതിനടുത്തായിരുന്ന അദ്ദേഹത്തിന്റെ ശരീരത്തിൽ തീ പടർന്നു. ശരീരം മുഴുവൻ പൊള്ളലേറ്റ അദ്ദേഹത്തെ ആശുപത്രിയിലേക്കെത്തിച്ചു അവിടെ എട്ട് ദിവസം ചികിൽസയിലായിരുന്ന ശേഷം ജൂൺ 5ന് ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ധാരാളം സദഖ നൽകിയിരുന്നു. എപ്പോഴും ചിരിച്ചു കൊണ്ടിരുന്നു. നല്ല സ്നേഹമായിരുന്നു എല്ലാവരോടും. മാതാപിതാക്കളേയും സഹോദര സഹോദരിമാരേയും ഭാര്യയേയും നല്ല പോലെ നോക്കിയിരുന്നു. അദ്ദേഹം ഒരു പാട്ട വെച്ചിരുന്നു. അതിൽ നിത്യവും കുറച്ച് പൈസ ഇടുമായിരുന്നു. ഗ്രാമത്തിൽ വരുമ്പോൾ അവിടെ അർഹരായിട്ടുള്ളവർക്ക് അത് വിതരണം ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റേയും എല്ലാ ശുഹദാക്കളുടേയും പദവികൾ ഉയർത്തട്ടെ.

(ഖുത്വുബ ജുമുഅ 18.6.10)






**ഖലീൽ അഹ്മദ് സാഹിബ് സോളങ്കി**
പിതാവ്; നസീർ അഹ്മദ് സോളങ്കി സാഹിബ്.
പത്നി; അമത്തുൽ അസീസ് സാഹിബ.
മക്കൾ; ശുഐബ് അഹ്മദ്, ഉസാമ അഹ്മദ്, ദുർറെ സമീൻ സോളങ്കി.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം ലാഹോർ ഗവർമെന്റ് കോളേജിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് പാസായ ശേഷം അഞ്ചു വർഷം വാപടയിൽ ജോലി ചെയ്തു. പിന്നീട് പിതാവിനോടൊപ്പവും പിതാവിന്റെ മരണശേഷം സ്വയം വ്യാപാരത്തിൽ ഏർപ്പെട്ടു. ഒരു വർഷം മുമ്പ് അമേരിക്കയിൽ ഗാർമെന്റ്സിന്റെ വ്യാപാരം ആരംഭിച്ചു. അമേരിക്കയിൽ സ്ഥിരതാമസമാക്കി. പാക്കിസ്ഥാനിലായിരുന്ന സമയത്ത് വിവിധ ഭാരവാഹിത്വം വഹിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. നാസിം അത്ഫാൽ, ജില്ലാ ഖാഇദ്, ഇലാഖ ഖാഇദ്, കേന്ദ്ര ബിസിനസ് മുശാവറത്തി ബോർഡിന്റെ സദ്ർ, ജില്ല ലാഹോറിന്റെ ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിരുന്നു. ശഹാദത്ത് സമയത്ത് 51 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഒരു മാസം മുമ്പാണ് അദ്ദേഹം അമേരിക്കയിൽ നിന്ന് കച്ചവടാർത്ഥം പാക്കിസ്ഥാനിൽ വന്നത്.

അദ്ദേഹം ഒരു മാതൃകാപിതാവും ഭർത്താവും ആയിരുന്നു. ഭാര്യയുടേയും കുട്ടികളുടേയും എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. ആവശ്യാർത്ഥം വീടിന്റെ വാതിൽ മുട്ടുന്ന ആരെയും വെറും കയ്യോടെ മടക്കിയിരുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നല്ല അഭിപ്രായം നൽകുമായിരുന്നു. പ്രസന്നവദനും ധൈര്യവാനുമായിരുന്നു. എന്ത് ബുദ്ധിമുട്ടുള്ള ജോലിയും അദ്ദേഹത്തെ ഏൽപിച്ചാൽ സന്തോഷത്തോടെ ഏറ്റെടുക്കുമായിരുന്നു. മറ്റുള്ളവരെ കൊണ്ട് ജോലിയെടുപ്പിക്കുന്ന രീതിയും അദ്ദേഹത്തിന് വശമായിരുന്നു. ഉന്നത ധാർമിക ഗുണത്തിന്റെ അധിപനായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ മുൻപന്തിയിലായിരുന്നു. ബയ്ത്തുൽ ഫുത്തൂഹിനു വേണ്ടി ഖലീഫ റാബിഅ് (റഹ്) ആഹ്വാനം നടത്തിയപ്പോൾ ഉടൻ തന്നെ വാഗ്ദാനം ചെയ്യുകയും അടച്ചു തീർക്കുകയും ചെയ്തു. ഗുജ്റൻവാലയിൽ ഒരു പള്ളി നിർമിച്ചു. റബ്വയിലെ ദാറുസ്സിയാഫത്തിലെ റിസപ്ഷനു വേണ്ടിയും ചിലവ് ചെയ്തു. ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ ഖാദിയാനിൽ ലാഹോർ ജമാഅത്തിന്റെ വകയായി നിർമിക്കുന്ന അതിഥി മന്ദിരത്തിനായി പത്ത് ലക്ഷം രൂപ നൽകി.

സംഭവസമയത്ത് അദ്ദേഹം കോണിപ്പടിയുടെ താഴെ മറ്റുള്ളവരോടൊപ്പം ഒരു മണിക്കൂറോളം കഴിച്ചുകൂട്ടി. ബേസ്മെന്റിലേക്ക് പോകാമായിരുന്നുവെങ്കിലും പരിക്കേറ്റ ഒരു വ്യക്തിയെ കോണിപ്പടിയുടെ താഴേക്ക് വലിച്ചെടുക്കാനുള്ള ശ്രമത്തിൽ വെടിയേറ്റു. അദ്ദേഹത്തിന്റെ നെഞ്ചിൽ ഇടതു ഭാഗത്താണ് വെടിയേറ്റത്. കുറേ നേരത്തോളം പരിക്കേറ്റ അവസ്ഥയിൽ അവിടെ തന്നെ കിടന്നു. അവിടെ വെച്ചു തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അത്യധികം അത്മാർത്ഥതയുള്ള വ്യക്തി, സാമ്പത്തിക ത്യാഗങ്ങളിൽ മുൻപന്തിയിലായിരുന്നു. ചെറുപ്പകാലം മുതൽക്കു തന്നെ ഭാരവാഹിത്വം വഹിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. ജമാഅത്തിന് സേവനം ചെയ്യുന്നതിനുള്ള അവേശം ഉണ്ടായിരുന്നു....... പരിശ്രമശാലിയും, നല്ല വ്യക്തിയുമായിരുന്നു. കുട്ടികളുടെ ശിക്ഷണകാര്യത്തിൽ വല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. ഒരോ കാര്യവും ആരംഭിക്കുന്നതിനു മുമ്പ് കാലത്തിന്റെ ഖലീഫയുടെ അഭിപ്രായവും അനുമതിയും തേടിയിരുന്നു. ഖിലാഫത്തിനോടുള്ള അനുസരണത്തിൽ സമാനതകളില്ലാത്ത മാതൃകയായിരുന്നു.... സമയത്യാഗത്തിലും മുൻപന്തിയിലായിരുന്നു. ജീവിതം വഖ്ഫ് ചെയ്തവരേയും, ജോലിക്കാരേയും ആദരിച്ചിരുന്നു. പണത്തിന്റെ യാതൊരു അഹംഭാവവുമുണ്ടായിരുന്നില്ല. എത്രയധികം പണം അദ്ദേഹത്തിന് ലഭിക്കുന്നുവോ അതിനനുസരിച്ച് അദ്ദേഹം ലാളിത്യം കാണിച്ചിരുന്നു.
(ഖുത്വുബ ജുമുഅ 25.6.10)



**ചൗധരി അഅ്ജാസ് നസ്റുല്ലാഹ് ഖാൻ സാഹിബ്.**
പിതാവ്; ചൗധരി അസദുല്ലാഹ് ഖാൻ സാഹിബ്.
പത്നി; സഅ്ദിയ അഅ്ജാസ് സാഹിബ. മകൻ; സക്കരിയ്യാ നസറുല്ലാഹ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബിന്റെ സഹോദരപുത്രനാണ്. അദ്ദേഹത്തിന് നാല് ഖലീഫമാരോടൊത്ത് പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിച്ചു. പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിലും തുടർന്ന് ലാഹോറിലും കരസ്ഥമാക്കി. ലണ്ടനിലെ ലോയേഴ്സ് ഇൻ കോളേജിൽ നിന്ന് ബാരേറ്റ് ലോ ചെയ്തു. കുറച്ച് കാലം ലണ്ടനിൽ പ്രാക്ടീസ് ചെയ്ത ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) യുടെ നിർദേശപ്രകാരം പിതാവ് രോഗബാധിതനായപ്പോൾ തിരിച്ച് വന്നു. പിന്നീട് ഹുസൂർ (റഹ്) യുടെ നിർദേശത്തിൽ തന്നെ ഇസ്ലാമാബാദിൽ സെറ്റിലായി. 1984 ൽ വിരമിച്ചു. അതിനുശേഷം അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തനത്തിൽ ഏർപ്പെട്ടു. പല ജമാഅത്തീ ഭാരവാഹിത്വവും വഹിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഇസ്ലാമാബാദ് മുൻ അമീർ, ലാഹോർ ജില്ലാ നാഇബ് അമീർ, ഖളാ ബോർഡ് മെമ്പർ, ഫിഖ്ഹ് കമ്മിറ്റി മെമ്പർ എന്നിവയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 83 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇസ്ലാമാബാദിൽ മോണോപോളി കൺട്രോൾ അതോറിയുടെ റജിസ്ട്രാറായിരുന്ന സമയത്ത് പ്രസിഡന്റ് ഭൂട്ടോ സാഹിബിന്റെ ശുപാർശയോടു കൂടി ഒരു ഫയൽ എത്തി. എന്നാൽ നിയമപരമായി ചില കുറവുകൾ ഉണ്ടായിരുന്നതിനാൽ അതിന് അനുമതി നിഷേധിച്ചുകൊണ്ട് മടക്കി അയച്ചു. എന്നാൽ പ്രസിഡന്റ് ഭീഷണിപ്പെടുത്തി ഒപ്പിടീപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അതിന് വഴങ്ങാതിരുന്ന അദ്ദേഹത്തെ സസ്പെന്റ് ചെയ്തു. എന്നാൽ ഭുട്ടോ സാഹിബിന്റെ ഭരണം അവസാനിച്ചപ്പോൾ മുഴുവൻ സർക്കാരി ഓഫീസുകളും പരിശോധിച്ച മാർഷൽ ലോക്കാർക്ക് പ്രസ്തുത ഫയൽ ലഭിക്കുകയും അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുകയും അവസാനം അദ്ദേഹത്തെ ജോലിയിൽ തിരിച്ചെടുക്കുകയും ചെയ്തു. സസ്പെൻഷനിലായിരുന്ന രണ്ടു വർഷം അവധിയായി കണക്കാക്കാനുള്ള കല്പനയും വന്നു.

സംഭവദിവസം ജുമുആക്ക് തയ്യാറായി പുറത്തിറങ്ങാൻ തുടങ്ങിയപ്പോൾ ക്ഷീണം തോന്നുന്നു എന്ന് പറഞ്ഞ് പ്രാതൽ കഴിച്ചു. പിന്നീട് മകനും പേരക്കുട്ടിയുമോടൊപ്പം പുറപ്പെട്ടു. മകൻ ഡ്യൂട്ടിക്കായ് പോകുകയും പേരക്കുട്ടിയെ മറ്റൊരാളെ ഏൽപിക്കുകയും ചെയ്തു. അദ്ദേഹം മിഹ്റാബിനടുത്ത് ആദ്യ വരിയിലാണ് ഇരുന്നത്. അദ്ദേഹത്തിന്റെ വലതുഭാഗത്ത് നിന്ന് ആരംഭിച്ച് വെടിവെപ്പിൽ അദ്ദേഹത്തിന്റെ വയറിൽ വെടിയേറ്റു. അവിടെ നിന്ന് രക്ഷപ്പെട്ടു കൊള്ളാൻ നിർദേശിച്ച അമീർ സാഹിബിനോട് അദ്ദേഹം പറഞ്ഞു, ഞാൻ ശഹാദത്തിനുള്ള ദുആ ചെയ്തിട്ടുണ്ട്. അമീർ സാഹിബിന്റേയും അദ്ദേഹത്തിന്റേയും ശരീരം ഓരേ സ്ഥലത്ത് നിന്നാണ് കണ്ടു കിട്ടിയത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, രാത്രി ഇശാ നമസ്കാരശേഷം പെട്ടെന്ന് തന്നെ ഉറങ്ങുമായിരുന്നു. രാത്രി ഒരു മണിക്ക് എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ദുആയിൽ മുഴുകുകയും ചെയ്യുമായിരുന്നു. ശുഭപര്യവസാനത്തിന് വേണ്ടി ദുആക്കായി എല്ലാവരോടും പറയുമായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു..... ജനങ്ങൾക്കിടയിൽ ഇരിക്കുമ്പോഴൊക്കെ തബ്ലീഗ് ചെയ്യുമായിരുന്നു....നൂറ് അനാഥരിൽ ഒരാളുടെ ചെലവ് സ്ഥിരമായി വഹിക്കുമായിരുന്നു... ജീവിതത്തിൽ തന്നെ വസിയ്യത്ത് കൊടുത്തു വീട്ടണമെന്നത് ചെറുപ്പം മുതൽക്കുള്ള ആഗ്രഹമായിരുന്നു. അല്ലാഹു അതിനുള്ള തൗഫീഖ് നൽകി. മൂന്ന് വർഷം മുമ്പ് സ്വത്തിലെ വസിയ്യത്തിന്റെ എല്ലാ കണക്കുകളും പൂർത്തിയാക്കി.

*(ഖുത്വുബ ജുമുഅ 25.6.10)*



**അഅ്ജാസുൽ ഹഖ് സാഹിബ്**
പിതാവ്; റഹ്മത്ത് ഹഖ് സാഹിബ്.
പത്നി; നുസ്റത്ത് അഅ്ജാസ് സാഹിബ.
മക്കൾ; ഇംതിയാസുൽ ഹഖ്, ത്വാഹിറുൽ ഹഖ്, ത്വാഹിറ കമൽ, കോമൽ ഹഖ്, സബാ കമൽ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**


ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയുടെ കുടുംബത്തിൽ പെട്ട വ്യക്തിയാണ്. അദ്ദേഹം ലാഹോറിൽ ഇലക്രോണിക്സ് റിപ്പയറിന്റെ ജോലിയാണ് ചെയ്തിരുന്നത്. ഒരു സ്വകാര്യ ചാനലിൽ സാറ്റലൈറ്റ് ടെക്നീഷ്യനായി ജോലി ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് 46 വയസ്സായിരുന്നു പ്രായം.

ഉന്നതമായ ധാർമികഗുണത്തിന്റെ ഉടമസ്ഥനായിരുന്നു. കുട്ടികളുമായി നല്ല നിലയിലാണ് പെരുമാറിയിരുന്നത്. ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി തന്റെ മക്കൾ ജമാഅത്തിന് സേവനം ചെയ്യുന്നവരാകണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ശമ്പളം കിട്ടുമ്പോൾ അതിൽ നിന്ന് കുട്ടികൾക്ക് പോക്കറ്റ് മണി നൽകിക്കൊണ്ട് പറയും ആദ്യം ചന്ദ കൊടുക്കുക. ബാക്കി ആവശ്യങ്ങൾ പിന്നീട് നിർവഹിക്കുക. ഹൽഖയിലെ നാസിം അത്ഫാലായിരുന്നു.

സംഭവദിവസം ജോലിയിൽ നിന്ന് നേരെ പള്ളിയിലേക്ക് എത്തി. പുറത്ത് കോണിപ്പടിക്ക് താഴെയാണ് ഇരുന്നത്. അക്രമണം തുടങ്ങിയപ്പോൾ വീട്ടിലേക്ക് ഫോൺ ചെയ്തു സഹോദരനോട് ആയുധവുമായി പെട്ടെന്ന് എത്താൻ പറഞ്ഞു. അതോടൊപ്പം തന്നെ തന്റെ ചാനലിലേക്ക് വാർത്തകളും നൽകിക്കൊണ്ടിരുന്നു. അതേ നിലയിൽ തന്നെ വെടിയുണ്ടകൾക്കിരയായി സംഭവ സ്ഥലത്തു തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, സഹതാപിയും എല്ലാവരുമായും കൂടിക്കലരുന്ന വ്യക്തിയുമായിരുന്നു. എല്ലാവരോടും നല്ല നിലയിൽ പെരുമാറിയിരുന്നു. കൃത്യമായി ചന്ദകൾ നൽകിയിരുന്നു. എല്ലാ സാമ്പത്തിക പദ്ധതികളിലും മുൻപന്തിയിലായിരുന്നു.

*(ഖുത്വുബ ജുമുഅ 25.6.10)*



**ശേഖ് നദീം അഹ്മദ് ത്വാരിഖ് സാഹിബ്**
പിതാവ്; ശേഖ് മുഹമ്മദ് മൻശാ സാഹിബ്.
പത്നി; നൗശീൻ നദീം സാഹിബ.
മക്കൾ; ശുഐബ് നദീം, സൗനിയ നദീം.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹം എംകോം ചെയ്തതിനു ശേഷം സ്പെയർ പാർട്ട്സിന്റെ കച്ചവടമാണ് ചെയ്തു കൊണ്ടിരുന്നത്. ശഹാദത്ത് സമയത്ത് 40 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തെ ഏൽപ്പിക്കുന്ന എല്ലാ ജോലിയും ആത്മാർത്ഥതയോടും പരിശ്രമത്തോടും കൂടി നിർവഹിക്കുമായിരുന്നു. വളരെയധികം അനുസരണശീലമുള്ളവനും സേവനം ചെയ്യുന്ന വ്യക്തിയുമായിരുന്നു. ജോലി സ്ഥലത്തായിരുക്കുമ്പോഴും നമസ്കാരസമയമാകുമ്പോൾ ഫോൺ ചെയത് മക്കളോട് നമസ്കരിക്കാൻ പറയുമായിരുന്നു. ജമാഅത്തിന്റെ ആവശ്യത്തിനായി അദ്ദേഹത്തിന്റെ ബൈക്ക് ആവശ്യപ്പെട്ടാൽ നൽകുമായിരുന്നു. എന്നിട്ട് സ്വയം രിക്ഷയിൽ പോകുകയും ചെയ്യും. സ്ഥിരമായി സൃഷ്ടി സേവനത്തിൽ ഏർപ്പെട്ടിരുന്നു.

സംഭവസമയത്ത് അദ്ദേഹം അമീർ സാഹിബിന്റെ കൂടെ ഇരിക്കുകയായിരുന്നു. കയ്യിലാണ് വെടിയേറ്റത്. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ യാതൊരു പോറലും ഉണ്ടായിരുന്നില്ല. ധാരാളം രക്തം വാർന്നാണ് ശഹീദായത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വളരെ ശാന്തിപ്രിയനായിരുന്നു. ആർക്കും ഒരു നഷ്ടവും ഉണ്ടാക്കില്ലായിരുന്നു. സൗമ്യമായ വാക്കുകളാണ് ഉപയോഗിച്ചിരുന്നത്...... തഹജ്ജുദ് നമസ്കാരത്തിൽ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. ഏകദേശം നാല് കിലോമീറ്റർ സഞ്ചരിച്ചായിരുന്നു നമസ്കാരത്തിനായി പോയിരുന്നത്...... ഹൽഖയിലെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിൽ വിശേഷസേവനം അർപ്പിച്ചിരുന്നു.

*(ഖുത്വുബ ജുമുഅ 25.6.10)*



**ആമിർ ലത്തീഫ് പറാച്ച സാഹിബ്**
പിതാവ്; അബ്ദുലത്തീഫ് പറാച്ച.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ മാതാമഹൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ കയ്യിലാണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം ലാഹോറിൽ നിന്ന് എം.ബി.എ ബിരുദം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ മാതാവ് രോഗിയാണ്. അവരെ നല്ല നിലയിൽ ശുശ്രൂഷിക്കുകയും സേവിക്കുകയും ചെയ്യുമായിരുന്നു. പക്ഷികൾക്ക് നിത്യേന ആഹാരം നൽകുമായിരുന്നു. ഒരിക്കലും അതിൽ വീഴ്ച വരുത്തിയിട്ടില്ല. ദിവസവും ഒരു പൊതി ഭക്ഷണം കൂടെ കരുതുമായിരുന്നു. അർഹരായ ആരെയെങ്കിലും കണ്ടാൽ അത് നൽകുമായിരുന്നു. ആശുപത്രികളിൽ പോയി രോഗികളെ വിശേഷിച്ച് ബന്ധുക്കളെ രാത്രി ഉറക്കമുണർന്നിരുന്ന് ശുശ്രൂഷിക്കുമായിരുന്നു. രഹസ്യമായി പാവപ്പെട്ടവരെ സഹായിക്കുമായിരുന്നു. ലാളിത്യത്തിലും നിഷ്കളങ്കതയിലും സത്യസന്ധതയിലും എപ്പോഴും ഉറച്ചുനിന്നിരുന്നു. ഒരിക്കലും ആരോടും മോശമായി സംസാരിച്ചിട്ടില്ല.
സംഭവസമയത്ത് വീട്ടിലേക്ക് ഫോൺ ചെയ്ത് തനിക്ക് ചുറ്റും ശുഹദാക്കളുടെ ശരീരങ്ങൾ കിടക്കുകയാണ് എന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് തോക്കിന്റെ പാത്തിയിലെ കൊളത്തിന്റെ അടയാളം ഉണ്ടായിരുന്നു. ഒരു പക്ഷേ ഉഗ്രവാദിയുമായി മൽപിടുത്തം നടന്നിരിക്കാം. അല്ലെങ്കിൽ മരിച്ചോ എന്നറിയാൻ കുത്തി നോക്കിയതാവാം. കയ്യിൽ ഗ്രനേഡിന്റെ ക്ഷതവും ഉണ്ടായിരുന്നു. കോണിപ്പടിയുടെ താഴെയാണ് ഇരുന്നിരുന്നത്. അവിടെതന്നെ ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ജമാഅത്തിന്റെ ചന്ദകളും സദഖകളും കൃത്യമായി നൽകിയിരുന്നു. പ്രായമായവരെ സേവിക്കുമായിരുന്നു....... അത്യധികം സത്യസന്ധനും വിശ്വാസയോഗ്യനുമായിരുന്നു. അതുകൊണ്ടു തന്നെയാണ് ഒന്നരക്കോടിയോളം വിലവരുന്ന ആഭരണങ്ങൾ അദ്ദേഹത്തെ ഏൽപ്പിക്കാറുണ്ടായിരുന്നത്. അഹ്മദിയ്യത്തിനെ ഒരിക്കലും മറച്ചു വെച്ചിരുന്നില്ല.......ചന്ദയിലും സാമ്പത്തിക പദ്ധതികളിലും മുൻപന്തിയിലായിരുന്നു. സദഖകൾ രഹസ്യമായി നൽകിയിരുന്നു. സ്വന്തം ദേശത്തുള്ള രോഗികളെ ലാഹോറിൽ കൊണ്ടു വന്ന് സൗജന്യമായി ചികിൽസിപ്പിക്കുമായിരുന്നു. ത്യാഗം ചെയ്യുന്നതിനുള്ള കടുത്ത ആവേശമുണ്ടായിരുന്നു. നമസ്കാരത്തിലും ഖുർആൻപാരായണത്തിലും കൃത്യനിഷ്ഠതയുണ്ടായിരുന്നു.

(ഖുത്വുബ ജുമുഅ 25.6.10)



**മിർസ മുഹമ്മദ് അമീൻ സാഹിബ്**
പിതാവ്; മിർസ കരീം ബഖ്ശ് സാഹിബ്.
പത്നി; അമത്തുർ റശീദ് സാഹിബ.
മക്കൾ; മുഹമ്മദ് അഖീൽ, മുഹമ്മദ് സലീം, മുഹമ്മദ് നയീം, മുഹമ്മദ് നദീം, സമീന കൗസർ, റുബീന കൗസർ, അതിയ കൗസർ, ഫറഹ് തബസ്സും.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് 1952 ലാണ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. പിതാവിന്റെ ബയ്അത്തിന് അല്പകാല ശേഷം അദ്ദേഹവും ബയ്അത്ത് ചെയ്തു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 70 വയസ്സായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠതയുള്ള വ്യക്തിയായിരുന്നു.
സംഭവസമയത്ത് അദ്ദേഹം ഒന്നാം സ്വഫിൽ ഇരിക്കുകയായിരുന്നു. ഗ്രനേഡിന്റേയും വെടിവെപ്പിന്റേയും ആക്രമണത്തിൽ സാരമായ പരിക്കേറ്റു. മൂന്ന് ദിവസം ആശുപത്രിയിൽ കിടന്നു. മെയ് 31 ന് ആശുപത്രിയിൽ വച്ചു തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, സൽസ്വഭാവിയും എല്ലാവരുമായും കൂടിച്ചേരുന്ന പ്രകൃതവുമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു. ജമാഅത്തിന്റെ വിവിധ മൽസരങ്ങളിൽ സമ്മാനം കരസ്ഥമാക്കിയിട്ടുണ്ട്.


(ഖുത്വുബ ജുമുഅ 25.6.10)



**മിർസ സഫർ അഹ്മദ് സാഹിബ്**
പിതാവ്; മിർസ സഫ്ദർ ജംഗ് ഹുമയൂൺ സാഹിബ്.
പത്നി; റൂബീന സഫർ സാഹിബ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ കയ്യിൽ ബയ്അത്തു ചെയ്തു.
ശഹീദ് മർഹൂം കറാച്ചിയിൽ നിന്ന് മെക്കാനിക്സിൽ മൂന്ന് വർഷത്തെ ഡിപ്ലോമ എടുത്തു. കുറച്ചു കാലം കറാച്ചിയിൽ ജോലി ചെയ്തശേഷം ജപ്പാനിലേക്ക് പോയി. 21 വർഷം സോളാർ എനർജിയിൽ എഞ്ചിനീയറായി ജോലി ചെയ്തു. ധാരാളം ദീനിസേവനത്തിനുള്ള അവസരം ലഭിച്ചു. ടോക്കിയോ മിഷൻ അടച്ചപ്പോൾ അദ്ദേഹത്തിന്റെ വീടായിരുന്നു മിഷൻ ഹൗസായി ഉപയോഗിച്ചിരുന്നത്. 1983 ൽ കൊറിയയിൽ വഖ്ഫെ ആർസി ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. 1985 ൽ യു.കെ ജൽസയിൽ ജപ്പാന്റെ പ്രതിനിധിയാകാനുള്ള അവസരം ലഭിച്ചു. 1993 ൽ സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ജപ്പാൻ എന്ന നിലയിൽ ഒരു പർവ്വതത്തെ കീഴടക്കാനുള്ള തൗഫീഖ് ലഭിച്ചു. 1999ൽ ബയ്ത്തുൽ ഫുത്തൂഹിന്റെ തറക്കല്ലിട്ട വേളയിൽ ജപ്പാന്റെ പ്രതിനിധിയായി. ജപ്പാന്റെ സെക്രട്ടറി മാൽ കൂടാതെ 2001 മുതൽ 2003 വരെ ജപ്പാന്റെ നാഇബ് അമീറായും സേവനം ചെയ്യാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അദ്ദേഹത്തിന്റെ മാതൃകയെ പ്രശംസിച്ചു കൊണ്ട് പറഞ്ഞു, ജപ്പാനിലെ മുഴുവൻ ജമാഅത്തിനും അദ്ദേഹ ത്തിന്റെ മാതൃകയെ പിൻപറ്റുന്നതിനുള്ള തൗഫീഖ് നൽകട്ടെ. 2003 ൽ ലാഹോറിലേക്ക് താമസമാക്കി. അവിടെയും അദ്ദേഹത്തിന്റെ വീട് നമസ്കാര സെന്ററായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 56 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അനുസരണത്തിന്റെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു. എല്ലാ ജമാഅത്ത് ഭാരവാഹികളേയും ബഹുമാനിച്ചിരുന്നു. ഒരിക്കലും ജമാഅത്തിന്റെ ഒരു കാര്യത്തിലും നിഷേധിച്ചിട്ടില്ല. ഒരു പ്രാവശ്യം ജപ്പാനിലെ മാതൃകാ ഖാദിമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഓഫീസിലെ തിരക്കുകൾക്കു ശേഷമുള്ള സമയമത്രയും ജമാഅത്തിനായി ചെലവഴിക്കാൻ ശ്രമിച്ചിരുന്നു. പ്രകടനാത്മകത അല്പം പോലും ഉണ്ടായിരുന്നില്ല. സൃഷ്ടിസേവനത്തിനുള്ള അവസരങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു. ഖലീഫ റാബിഅ് (റഹ്) അദ്ദേഹത്തിന് ജപ്പാനിലെ മുറബ്ബിയുടെ ബഹുമതി നൽകി അനുഗ്രഹിച്ചിരുന്നു.
എപ്പോഴും നമസ്കാരത്തിൽ ആദ്യ സ്വഫിലായിരിക്കും സ്ഥാനം പിടിക്കുക. സംഭവദിവസവും ഒന്നാം നിരയിൽ ഇമാം സാഹിബിന്റെ അടുത്തുതന്നെയായിരുന്നു. തലയ്ക്ക് പുറകിലാണ് വെടിയേറ്റത്. വലതുകൈ ഗ്രാനേഡിനാൽ ക്ഷതമേറ്റിരുന്നു. അതുകാരണം ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഖിലാഫത്തിനോട് അതിരറ്റ സ്നേഹമാണുണ്ടായിരുന്നത്. ലണ്ടനിൽ പോകുമ്പോഴെല്ലാം തന്നെ ഖലീഫയുടെ പിന്നിൽ തന്നെ നമസ്കരിക്കുവാൻ ശ്രമിച്ചിരുന്നു. ഖുത്വുബ വളരെ ശ്രദ്ധയോടെ കേൾക്കുമായിരുന്നു. എന്തെങ്കിലും കാരണത്താൽ തൽസമയ ഖുത്വുബ കേൾക്കാൻ സാധിച്ചില്ലായെങ്കിൽ അതു കേൾക്കുന്നതു വരെ സ്വസ്ഥമായിരിക്കില്ലായിരുന്നു. യഥാർത്ഥ അർത്ഥത്തിൽ എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിന്റെ സാക്ഷ്യമായിരുന്നു. ചെറിയവരും വലിയവരും എല്ലാവരും ബഹുമാനത്തോടെയാണ് അദ്ദേഹത്തോട് പെരുമാറിയിരുന്നത്. എല്ലാവരോടും സൗഹൃദമായിരുന്നു. സൂക്ഷിപ്പുമുതലിന്റെ സംരക്ഷകനും, വാഗ്ദാനങ്ങളെ പൂർത്തിയാക്കുന്നവനും, ഉന്നതമായ ത്യാഗങ്ങൾ വരിക്കുന്ന വ്യക്തിയുമായിരുന്നു. എല്ലാ കാര്യത്തിലും ലാളിത്യം അദ്ദേഹത്തിന്റെ അടയാളമായിരുന്നു.

(ഖുത്വുബ ജുമുഅ 25.6.10)



**മിർസ മഹ്മൂദ് അഹ്മദ് സാഹിബ്**
പിതാവ്; അക്ബർ അലി സാഹിബ്.
പത്നി; മഹ്മൂദ ബേഗം സാഹിബ.
മക്കൾ; ഖൈസർ മഹ്മൂദ്, യാസർ മഹ്മൂദ്,
അർസലാൻ മഹ്മൂദ്, കാസിം മഹ്മൂദ്,
അസിയ മഹ്മൂദ്, റാബിഅ മഹ്മൂദ്, ഖരാഅ് മഹ്മൂദ്
**ശഹാദത്ത്: ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂമിന് ടെലഫോൺ ഡിപ്പാർട്ടുമെന്റുമായിട്ടായിരുന്നു ബന്ധം. 2008 ൽ വിരമിച്ചു. ശഹാദത്ത് സമയത്ത് 58 വയസ്സായിരുന്നു പ്രായം. അദ്ദേഹം അഞ്ചുനേരനമസ്കാരം കൃത്യമായി അനുഷ്ഠിക്കുമായിരുന്നു. എല്ലാ പരിപാടികളിലും, സാമ്പത്തിക ത്യാഗങ്ങളിലും മുൻപന്തിയിലുമാകുമായിരുന്നു. ശമ്പളം ലഭിച്ചാൽ ആദ്യം തന്നെ ചന്ദ നൽകുമായിരുന്നു. ശഹാദത്തിന് നാലു ദിവസം മുമ്പ് അദ്ദേഹത്തിന്റെ ഭാര്യ ഒരു സ്വപ്നം കണ്ടു. തണുത്ത കാറ്റടിക്കുന്ന അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന മനോഹരമായ ഒരു ഉദ്യാനത്തിൽ സുന്ദരമായ കൊട്ടാരമുണ്ട്. മഹ്മൂദ് സാഹിബ് ഭാര്യയോട് പറയുന്നു, നിങ്ങൾക്കുവേണ്ടി ഞാൻ വീടുണ്ടാക്കിയിരിക്കുന്നു. ഇത് എന്റെ വീടാണ്. ഇനി ഞാൻ ഇവിടെയാണ് താമസിക്കുക.

സംഭവസമയത്ത് അദ്ദേഹം പള്ളിയുടെ പുറകിലെ ഹാളിലായിരുന്നു ഇരുന്നത്. അന്നേരം ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ നെറ്റിയിൽ തറച്ചു. അവിടെതന്നെ അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ജമാഅത്തിന്റെ സേവനത്തിൽ എപ്പോഴും മുന്നിലായിരുന്നു. പലതവണ വഖ്ഫെ ആർസിക്കുള്ള അവസരം ലഭിച്ചിട്ടുണ്ട്. വളരെ ലോലഹൃദയനും, ലളിതപ്രകൃതക്കാരനും ആയിരുന്നു. പരിശ്രമശാലിയായിരുന്നു.... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 25.6.10)*

അല്ലയോ അഹ്മദികളേ! നിങ്ങൾ ഈ അക്രമണങ്ങളിൽ പരിഭ്രമിക്കേണ്ടതില്ല, ദൈവിക ജമാഅത്തുകളോട് എപ്പോഴും ഇങ്ങനെത്തന്നെയാണ് പെരുമാറിയിട്ടുള്ളത്. അക്രമികളുടെ കാര്യം അല്ലാഹുവിനു വിട്ടുകൊടുക്കുക, മുമ്പും ഇത്തരം സംഭവങ്ങൾ കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതി നിലച്ചിട്ടില്ല, ഇനി മേലിൽ നിലക്കുകയുമില്ല. ഇൻശാ അല്ലാഹ്. അക്രമികളെ അല്ലാഹു പിടിക്കുന്നതാണ് ; തീർച്ചയായും പിടിക്കുന്നതാണ്. അല്ലാഹുവിന്റെ മുന്നിൽ കുനിയുകയും അവന്റെ അനുഗ്രഹങ്ങളെ വലിച്ചെടുക്കുകയും ചെയ്യുക എന്നതു മാത്രമാണ് നമ്മുടെ കർത്തവ്യം.

ഖുത്ബ
ഹ. ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)
4/6/10





**ശേഖ് മുഹമ്മദ് അക്റം അത്ഹർ സാഹിബ്**
പിതാവ്; ശേഖ് മിയാൻ ശംസുദ്ദീൻ സാഹിബ്.
പത്നി; ആബിദ ഖാനം സാഹിബ.
മക്കൾ; ഇഹ്സാൻ അക്റം, ഇർഫാൻ അൻവർ,
മുഹമ്മദ് ഇംറാൻ, ഖുദ്സിയ്യ ഇഖ്ബാൽ.
**ശഹാദത്ത്: ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നേയും പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) നേയും സേവിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ കാലത്താണ് ബയ്അത്ത് ചെയ്തത്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 66 വയസ്സായിരുന്നു. ശഹാദത്തിന് രണ്ടുമൂന്നു മാസം മുമ്പ് തന്നെ എന്റെ സമയം അടുത്തു വന്നിരിക്കുന്നു എന്ന് പറയുമായിരുന്നു. കുറച്ച് കാലമായി തികച്ചും മൗനിയായിക്കഴിയുകയായിരുന്നു. ഖിലാഫത്ത് ജൂബിലി വർഷത്തിൽ ഉപന്യാസം തയ്യാറാക്കുകയും അതിന് എ ഗ്രേഡ് ലഭിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, തബ്ലീഗിന് വലിയ ആവേശമായിരുന്നു. സമീപ ഗ്രാമങ്ങളിൽ പോയി വിവിധ വീടുകളിൽ വ്യക്തിബന്ധം സ്ഥാപിച്ച് തബ്ലീഗ് ചെയ്യുമായിരുന്നു. അൽഫള്ൽ പോക്കറ്റിൽ വെക്കുമായിരുന്നു. സിഗററ്റ് വലിക്കെതിരെ ജിഹാദ് ചെയ്യുമായിരുന്നു. നടക്കുന്ന വഴിയിൽ ആളുകളെ അതിൽ നിന്നും വിലക്കുമായിരുന്നു. മറ്റെന്തെങ്കിലും തിന്നാൻ നൽകി ഇത് തിന്നുക സിഗരറ്റ് ഉപേക്ഷിക്കുക എന്ന് പറയുമായിരുന്നു.തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. സൽസ്വഭാവത്തിന്റെ കാരണത്താലാണ് വിവാഹാലോചന തന്നെ വന്നത്. ധാരാളം ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. ധാരാളം ആളുകളുടെ പേരെടുത്ത് പറഞ്ഞ് ദുആ ചെയ്യുമായിരുന്നു. ചന്ദ കൃത്യമായി നൽകിയിരുന്നു. ശമ്പളം കിട്ടിയാൽ നേരെ സെക്രട്ടറി മാലിന്റെ അടുത്ത് ചെന്ന് ചന്ദ നൽകുമായിരുന്നു.

*(ഖുത്വുബ ജുമുഅ 25.6.10)*




**മിർസ മൻസൂർ ബേഗ് സാഹിബ്**
പിതാവ്; മിർസ സർവർ ബേഗ് സാഹിബ്.
പത്നി; ഫർഹാന മൻസൂർ സാഹിബ.
മകൾ; ഹിബത്തുൽ അഅ്ലാ.
**ശഹാദത്ത്;**
**ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ മൂത്താപ്പയെ 1985 ൽ ശഹീദാക്കിയിരുന്നു. ശഹീദ് മർഹൂം ജ്വല്ലറി നടത്തുകയായിരുന്നു. ശഹാദത്ത് സമയത്ത് 29 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സെക്രട്ടറി ഇശാഅത്തായും നാസിം തഹ്രീക് ജദീദായും ഉമൂമിയുടെ സെക്യൂരിറ്റി സ്ക്വാഡിലും സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു.

സംഭവദിവസം മജ്ലിസിന്റെ ഖാഇദ് സാഹിബ് ഡ്യൂട്ടിക്ക് പോകാനായി പറഞ്ഞു. 11 മണിക്ക് ഓർമപ്പെടുത്തുവാനായി വീണ്ടും ഫോൺ ചെയ്തപ്പോൾ പറഞ്ഞു, ഖാഇദ് സാഹിബ് വ്യാകുലപ്പെടേണ്ട, വേണ്ടി വന്നാൽ ആദ്യ വെടിയുണ്ട എന്റെ നെഞ്ചിലേക്ക് സ്വീകരിക്കും. ബയ്ത്തുന്നൂരിലെ ചെക്കിങ്ങിലായിരുന്നു ഡ്യൂട്ടി. പ്രധാന ഗേറ്റിലെ ആദ്യ ബാരിയറിലായിരുന്നു നിന്നിരുന്നത്. ഉഗ്രവാദികൾ എത്തിയ ഉടൻ തന്നെ വെടിവെച്ചു. ധാരാളം വെടിയുണ്ടകൾ തറച്ച് സംഭവസ്ഥലത്ത് തന്നെ ശഹീദായി. അന്നു രാവിലെ അദ്ദേഹം തന്റെ ഒരു സ്വപ്നം വിവരിച്ചു, എന്നെ ആരോ അടിക്കുന്നു. എന്റെ പുറകിൽ കറുത്ത നായ ഉണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം ജമാഅത്തിന് സേവനം ചെയ്യുന്ന വ്യക്തിയും അനുസരണമുള്ള വ്യക്തിയുമായിരുന്നു. സൗമ്യപ്രകൃതനും, പ്രസന്നവദനും, അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയുമായിരുന്നു.

*(ഖുത്വുബ ജുമുഅ 25.6.10)*



**മുഹമ്മദ് ഹുസൈൻ മൽഹി സാഹിബ്**
പിതാവ്; മുഹമ്മദ് ഇബ്റാഹിം സാഹിബ്.
പത്നി; സ്വാലിഹ ബേഗം സാഹിബ.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവാണ് ബയ്അത്ത് ചെയ്ത് ജമഅത്തിൽ പ്രവേശിച്ചത്. അദ്ദേഹത്തിന് ജമാഅത്തിന്റെ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 68 വയസ്സായിരുന്നു. വയറിങ്ങിന്റെ ജോലിയാണ് ചെയ്തിരുന്നത്.

വളരെ നല്ല വ്യക്തിയായിരുന്നു. മാന്യനും കുറച്ച് സംസാരിക്കുന്ന പ്രകൃതക്കാരനുമായിരുന്നു. നമസ്കാരത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. ജനങ്ങൾക്ക് ഗുണകാരിയായ വ്യക്തിത്വമായിരുന്നു.

സംഭവദിവസം സൈക്കിളിൽ പള്ളിയിലേക്ക് പുറപ്പെടുകയും ഒന്നാമത്തെ സ്വഫിൽ തന്നെ സ്ഥാനം പിടിക്കുകയും ചെയ്തു. വെടിവെയ്പിൽ വയറിലും കയ്യിലും വെടിയേറ്റു. പരിക്കേറ്റ അവസ്ഥയിൽ ഹോസ്പിറ്റലിൽ എത്തിക്കുകയും ഓപറേഷൻ സമയത്ത് ശഹീദാകുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടുകാർ പറയുന്നു അദ്ദേഹത്തിന് അഞ്ചുനേര നമസ്കാരത്തിൽ കൃതിനിഷ്ഠതയുണ്ടായിരുന്നു. കൃത്യമായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. എല്ലാ സൽ പ്രവർത്തനങ്ങളിലും ആവേശത്തോടുകൂടി ഭാഗവാക്കാകുമായിരുന്നു. ഇലക്ട്രീഷ്യനായിരുന്നു. ദരിദ്രർക്കും ആവശ്യക്കാർക്കും കൂലി വാങ്ങാതെ പണി ചെയ്ത് കൊടുക്കുമായിരുന്നു. തന്റെ ഹൽഖയിലെ പള്ളി സ്വന്തം മേൽനോട്ടത്തിലായിരുന്നു പണികഴിപ്പിച്ചത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്ബ ജുമുഅ 25.6.10)*



**ഡോക്ടർ താരിഖ് ബശീർ സാഹിബ്**
പിതാവ്; ചൗധരി യൂസുഫ് ഖാൻ സാഹിബ്.
പത്നി; ബുശ്റാ താരിഖ് സാഹിബ.
മക്കൾ; നബീൽ താരിഖ്, മഅസ് അഹ്മദ്, ഫാഇഖ താരിഖ്, അയിശ താരിഖ്, സാറാ താരിഖ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ശഹീദ് മർഹൂം പ്രാരംഭ വിദ്യാഭ്യാസത്തിനു ശേഷം ലാഹോറിൽ വന്ന് M.B.B.S ചെയ്യുകയും തുടർന്ന് വൈദ്യശാസ്ത്രത്തിലെ മറ്റ് പഠനങ്ങൾ നടത്തുകയും ചെയ്തു. 15 വർഷം ഗവർമെന്റ് ആശുപത്രിയിൽ ജോലി ചെയ്തു. ശഹാദത്ത് സമയത്ത് AYQ ആശുപത്രിയിൽ എ.എം.എസ് ആയി ജോലി ചെയ്യുകയായിരുന്നു. കൂടാതെ ഒരു ക്ലിനിക്കും നടത്തിയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 57 വയസ്സായിരുന്നു. ശഹാദത്തിന് കുറച്ചു ദിവസം മുമ്പ് അദ്ദേഹത്തിന്റെ ഭാര്യ ഒരു സ്വപ്നം കണ്ടു, ആകാശത്ത് പറന്നു നടക്കുന്ന ഒരു വീട്ടിൽ അദ്ദേഹം പറന്നു നടക്കുന്നു. വളരെ അമൂല്യമായ വ്യക്തിത്വമായിരുന്നു. ഒരിക്കലും ആരോടും ദേഷ്യപ്പെട്ടിട്ടില്ല. കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്നു. രോഗികളോട് മാന്യമായി പെരുമാറുമായിരുന്നു. എല്ലാവരോടും നല്ല നിലയിൽ പെരുമാറിയിരുന്നു. വാടകവീടിന്റെ ഉടമസ്തന് ഒരിക്കലും വാടക ചോദിച്ചു കൊണ്ട് വരേണ്ട ആവശ്യമുണ്ടായിട്ടില്ല. സമയത്തു തന്നെ അദ്ദേഹം കൊണ്ടു പോയി കൊടുക്കുമായിരുന്നു. കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി അവരെ ലാഹോറിലേക്ക് കൊണ്ടു വന്നു. ദീനീ സേവനത്തെ തന്റെ നിർബന്ധ ബാധ്യതയായി കണക്കാക്കിയിരുന്നു. ചന്ദ നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന ദിവസം തന്നെ നൽകുമായിരുന്നു. സംഭവ സമയത്ത് അദ്ദേഹം പ്രധാന ഹാളിലെ മിഹ്റാബിന് ഇടതുവശത്തായിരുന്നു ഇരുന്നത്. പുറത്തെ അക്രമണത്തിനു ശേഷം അകത്തേക്കെറിഞ്ഞ ആദ്യ ഗ്രാനേഡിൽ പരിക്കേറ്റു. അതേ അവസ്ഥയിൽ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വളരെ താൽപര്യത്തോടെ വായിക്കുമായിരുന്നു. ചന്ദ കൃത്യമായും നൽകിയിരുന്നു. നിത്യവരുമാനത്തിന്റെ ഒരു ഭാഗം ദരിദ്രർക്കായി മാറ്റിവെക്കാനായി ഭാര്യയോട് പറഞ്ഞിരുന്നു.എന്റെ ഖുത്ബകൾ പതിവായി കേൾക്കുമായിരുന്നു. ചിലപ്പോൾ വീണ്ടും വീണ്ടും കേൾക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകനും ഡോക്ടറാണ്. അദ്ദേഹത്തിനും അന്നേ ദിവസത്തെ ആക്രമണത്തിൽ പരിക്ക് പറ്റിയിട്ടുണ്ട്. അല്ലാഹു പരിക്കേറ്റ ആ മകനും മറ്റെല്ലാ പരിക്കേറ്റവർക്കും എത്രയും പെട്ടെന്ന് പൂർണ്ണാരോഗ്യം നൽകുമാറാകട്ടെ.

*(ഖുത്ബ ജുമുഅ 25.6.10)*



**മിയാൻ മുഹമ്മദ് മുനീർ ഉമർ സാഹിബ്**
പിതാവ്; മൗലവി അബ്ദുസ്സലാം സാഹിബ്.
മക്കൾ; നൂറുദ്ദീൻ, നൂറുൽ അമീൻ, നൂറുസ്സബാഹ്, ഹിനാ ആമിന.
**ശഹാദത്ത്;**
**ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)ന്റെ പൗത്രനായിരുന്നു. ബി.എ വരെ പഠിച്ചിട്ടുണ്ട്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 70 വയസ്സായിരുന്നു. ഏകദേശം പത്ത് വർഷം മുമ്പ് അദ്ദേഹം ഒരു സ്വപ്നം കണ്ടിരുന്നു. ഹദ്റത്ത് ഉമർ (റ) ന്റെ ഖബറിനടുത്ത് മറ്റൊരു ഖബർ തയ്യാറാക്കിയിരിക്കുന്നു. ചോദിച്ചപ്പോൾ താങ്കളുടെ ഖബറാണെന്ന് പറഞ്ഞു. വിവാഹസമയത്ത് അദ്ദേഹം ലാഹോരികളിൽ പെട്ടവനാണെന്ന പ്രചാരണം ഉണ്ടായി. പ്രശ്നം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ അടുക്കൽ എത്തിയപ്പോൾ ഹുസൂർ പറഞ്ഞു, ബയ്അത്ത് പുതുക്കേണ്ട ആവശ്യമെന്താണ്? ഏറ്റവും ആദ്യം ബയ്അത്ത് ചെയ്ത വ്യക്തിയുടെ മകനാണിദ്ദേഹം. പിന്നീട് ഹദ്റത്ത് മൗലാനാ അബുൽ അത്താ ജലന്തരി സാഹിബ് നിക്കാഹ് വിളംബരം നടത്തി. എല്ലാവരോടും സ്നേഹം വച്ചു പുലർത്തുന്ന വ്യക്തിയായിരുന്നു അദ്ദേഹം. എല്ലാവരോടും നല്ലനിലയിൽ പെരുമാറുമായിരുന്നു.

സംഭവസമയത്ത് വരാന്തയിൽ കസേരയിൽ ഇരിക്കുകയായിരുന്നു. അക്രമണമുണ്ടായപ്പോൾ അദ്ദേഹം ഹാളിനകത്തേക്ക് കടന്നു ഒന്നാമത്തെ സ്വഫിൽ ഇരുന്നു. വാതിൽ അടക്കാൻ ശ്രമിച്ചപ്പോൾ അക്രമി തോക്കിന്റെ കുഴൽ വാതിലിൽ ഉടക്കി വെടിവെക്കാൻ തുടങ്ങി. ആദ്യ വെടി അദ്ദേഹത്തിന്റെ തലയിൽ കൊണ്ടു. സംഭവസ്ഥലത്തു വെച്ചു തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ ഗുണങ്ങൾ വിശദീകരിച്ചു കൊണ്ട് പറയുന്നു, സൽപെരുമാറ്റത്തിന്റേയും ദരിദ്രരെ സഹായിക്കുന്നതിന്റേയും, ആതിഥ്യമര്യാദയുടേയും, രോഗികളെ ശുശ്രൂഷിക്കുന്നതിന്റേയും ഗുണങ്ങൾ അദ്ദേഹത്തിൽ ഉണ്ടായിരുന്നു. സിന്ധ് സ്ഥാപന വേളയിൽ അദ്ദേഹത്തിന് അനവധി അർഹരായ പെൺകുട്ടികളുടെ വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസ ചിലവുകൾ വഹിക്കുന്നതിനുമുള്ള തൗഫീഖ് ലഭിച്ചിരുന്നു. അതിഥികൾ ആരെങ്കിലും വീട്ടിൽ വന്നാൽ ഭക്ഷണം കഴിക്കാതെ വിടില്ലായിരുന്നു. കൃത്യമായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു.

*(ഖുത്ബ ജുമുഅ 25.6.10)*



**അർശദ് മഹ്മൂദ് ഭട്ട് സാഹിബ്**
പിതാവ്; മഹ്മൂദ് അഹ്മദ് ഭട്ട് സാഹിബ്.
പത്നി; തസ്നീം അർശദ് സാഹിബ.
**ശഹാദത്ത്;**
**ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. പ്രമാതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം ഐ കോം ചെയ്തിരുന്നു. ശഹാദത്ത് സമയത്ത് 48 വയസ്സായിരുന്നു. തന്റെ ഹൽഖയിലെ നാഇബ് സയീം അൻസാറുല്ലാഹ് ആയും സെക്രട്ടറി തഹ്രീക് ജദീദ് ആയും സേവനം ചെയ്യുകയായിരുന്നു. സമയത്തിൽ കൃത്യത പാലിച്ചിരുന്നു. എല്ലാ കാര്യങ്ങളും ഭംഗിയായി ചെയ്യുമായിരുന്നു. ഹുസൂർ തിരുമനസ്സിന്റെ ഖുത്വുബയ്ക്കിടയിൽ സംസാരിക്കാൻ അനുവദിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു കാല് പോളിയോ കാരണത്താൽ ബലഹീനമായിരുന്നു. സഹോദരനാണ് സാധാരണയായി അദ്ദേഹത്തെ പള്ളിയിൽ കൊണ്ടു പോകാറുള്ളത്.


ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടുകാർ പറയുന്നത് അദ്ദേഹം അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിച്ചിരുന്നു. നിത്യവും ഉച്ചസ്വരത്തിൽ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ബലഹീനനായിട്ടും സ്വന്തം കാര്യങ്ങൾ സ്വയം തന്നെ ചെയ്യുമായിരുന്നു. ഖിലാഫത്തുമായി കടുത്ത സ്നേഹമായിരുന്നു. തന്റെ കഴിവിനതീതമായ നിലയിൽ ചന്ദ നൽകുമായിരുന്നു. ജമാഅത്തിന്റെ ധാരാളം ഗ്രന്ഥങ്ങൾ വായിച്ചു തീർത്തിരുന്നു. എപ്പോഴും ദുആ ചെയ്യുമായിരുന്നു. അല്ലാഹു പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 25.6.10)*



**ഡോക്ടർ ഉമർ അഹ്മദ് സാഹിബ്**
പിതാവ്; ഡോക്ടർ അബ്ദുശ്ശുക്കൂർ മിയാൻ സാഹിബ്.
പത്നി; ഹിബത്തുന്നാസിർ സാഹിബ.
മകൾ; സംരീൻ അഹ്മദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിലാണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം മൈക്രോബയോളജിയിൽ എം. എസ്.സി ഹോണേർസിനുശേഷം 17-ാം ഗ്രേഡിലെ വെറ്ററിനറി ഓഫീസറായി നിയമിതനായി. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 31 വയസ്സാ യിരുന്നു. മൂസിയായിരുന്നു.
കുട്ടിക്കാലം മുതൽക്ക് അദ്ദേഹത്തിന് ശഹാദത്തിനുള്ള ആഗ്രഹമുണ്ടായിരുന്നു. രണ്ടിലോ മൂന്നിലോ പഠിക്കുന്ന സമയത്ത് അദ്ദേഹം പാക്കിസ്ഥാനിലെ ശഹീദ് സൈനികനായ മേജർ അസീസ് ഭട്ടിക്ക് ഒരു സാങ്കൽപിക കത്ത് എഴുതുകയുണ്ടായി. അതിൽ എനിക്ക് താങ്കളെ വലിയ ഇഷ്ടമാണെന്നും ഞാനും താങ്കളെ പോലെ ശഹീദാകാൻ ആഗ്രഹി ക്കുന്നു എന്നും എഴുതിയിരുന്നു. കത്തിനു താഴെ മേജർ ഉമർ ശഹീദ് എന്നും എഴുതിയിരുന്നു. ശഹാദത്തിന്റെ ആവേശത്താൽ സൈന്യത്തിൽ ചേരുന്നതിന്നായി രണ്ട് തവണ ശ്രമിക്കുകയുണ്ടായി. എന്നാൽ അവസാന റൗണ്ടിൽ പുറത്താകുകയായിരുന്നു. സ്വർഗപ്രാപ്തിക്കുള്ള ഏറ്റവും എളുപ്പ മാർഗം ശഹാദത്താണെന്ന് അദ്ദേഹം എപ്പോഴും തന്റെ ഭാര്യയോട് പറയുമായിരുന്നു. എപ്പോഴെങ്കിലും ജമാഅത്ത് ആവശ്യം നേരിട്ടാൽ മുൻനിരയിൽ താനുണ്ടാകുമെന്നും ആദ്യ വെടിയുണ്ട എന്റെ നെഞ്ചിലായിരിക്കും പതിക്കുക എന്നും അദ്ദേഹം ഭാര്യയോട് പറഞ്ഞിരുന്നു.



**ചൗധരി മുഹമ്മദ് നവാസ് ജജഹ് സാഹിബ്**
പിതാവ്; ചൗധരി ഗുലാം റസൂൽ സാഹിബ്.
പത്നി; ഹമീദ ബോഗം സാഹിബ.
മക്കൾ; ഡോക്ടർ ഫറഖ് നവാസ്,
മുബാറക്ക് അഹ്മദ് നവാസ്,ഫർസാന ത്വാഹിർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ കാലത്താണ് ബയ്അത്ത് ചെയ്തത്. ബി.എ, ബി.എഡ് എന്നിവയ്ക്ക് ശേഷം അദ്ദേഹം വിദ്യാഭ്യാസ മേഖലയിൽ പ്രവേശിച്ചു. 1991 ൽ സർക്കാർ സ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ചു. തന്റെ ഹൽഖയിൽ മുഹാസിബായി സേവനം ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് 80 വയസ്സായിരുന്നു. ശഹാദത്തിൻ കുറച്ചു ദിവസം മുമ്പ് അദ്ദേഹത്തിന്റെ ഭാര്യ ഒരു സ്വപ്നത്തിൽ ആശംസകൾ നിങ്ങളുടെ ഭർത്താവിന് ജീവനുണ്ട് എന്ന ശബ്ദം കേട്ടിരുന്നു.
സംഭവദിവസം പുതിയ വസ്ത്രവും ഷൂസും ധരിച്ചാണ് പള്ളിയിൽ എത്തിയത്. ഒരു മണിയോടുകൂടി പ്രധാന ഹാളിൽ എത്തി കസേരയിൽ ഇരുന്നു. ആ സമയത്ത് ഗ്രാനേഡ് പൊട്ടിത്തെറിച്ച് ശഹീദാവുകയാണ് ഉണ്ടായത്.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടുകാർ പറയുന്നു, ഭംഗിയായി സംസാരിക്കുന്ന വ്യക്തിയായിരുന്നു. ആരോഗ്യദൃഢഗാത്രനും ചുറുചുറുക്കുള്ള വ്യക്തിയുമായിരുന്നു. പ്രായത്തിൽ 20 വയസ്സ് കുറച്ചേ തോന്നിയിരുന്നുള്ളു. തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിൽ റൂയിങ്ങിന്റെ ക്യാപ്റ്റനായിരുന്നു. വിവിധ ഭാഷകളിൽ പ്രാവീണ്യം ഉണ്ടായിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ കൂടാതെ മറ്റ് മതഗ്രന്ഥങ്ങളും വായിക്കുമായിരുന്നു.

*(ഖുത്വുബ ജുമുഅ 25.6.10)*

ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തനനിരതനായിരുന്നു. വർഷത്തിൽ ഒന്നോ രണ്ടോ തവണ വഖ്ഫെ ആർസി ചെയ്യുമായിരുന്നു. സൃഷ്ടി സേവനത്തിനുള്ള ആവേശമുണ്ടായിരുന്നു. വർഷത്തിൽ രണ്ടു തവണ രക്തം ദാനം ചെയ്യുമായിരുന്നു. കാലത്തിന്റെ ഖലീഫയിൽ നിന്ന് വരുന്ന എല്ലാ ആഹ്വാനങ്ങളിലും ഉൽസാഹത്തോടെ പങ്കുകൊള്ളുമായിരുന്നു.
സംഭവദിവസം ജോലിസ്ഥലത്തുനിന്ന് നേരേ പള്ളിയിലെത്തി. വുളു ചെയ്യുമ്പോൾ തന്നെ വെടിവെപ്പ് ആരംഭിച്ചിരുന്നു. ലിഫ്റ്റിനടുത്ത് നിൽക്കുകയായിരുന്നപ്പോൾ 3 വെടിയുണ്ടകൾ അദ്ദേഹത്തിന്റെ വൃക്കയിലൂടെ തുളഞ്ഞ് പുറത്തു വരികയുണ്ടായി. ഗുരുതരമായ പരിക്കുകളോടെ അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചു. അവിടെ നാല് ഓപ്പറേഷൻ നടത്തി. ഒരു വൃക്ക പരിപൂർണ്ണമായും പ്രവർത്തനരഹിതമായിരുന്നു. അതിനെ നീക്കം ചെയ്തു. രക്ഷപ്പെടുത്താൻ കഴിവതും ശ്രമിച്ചു. 40 കുപ്പി രക്തം കയറ്റി. എന്നാലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ജൂൺ 4 ന് ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ഭാര്യ പറഞ്ഞത് അദ്ദേഹം വളരെ കുറച്ച് സംസാരിക്കുന്ന എല്ലാവരുമായും നല്ല നിലയിൽ സഹവർത്തിക്കുന്ന ആളായിരുന്നു എന്നാണ്. ഒരിക്കലും ആരും തന്നെ അദ്ദേഹത്തെ കുറിച്ച് പരാതിപ്പെട്ടിട്ടില്ല. നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. എല്ലാ വ്യാഴാഴ്ചയും തന്റെ ഹൽഖയിലുള്ള പള്ളിയിലെ വഖാറെ അമലിൽ പങ്കെടുക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

(ഖുത്വുബ ജുമുഅ 2.7.10)

**ഹദ്റത് അഹ്മദ് (അ) പറയുന്നു:**

**എന്റെ കാൽപാടുകൾക്കൊപ്പം നടക്കാൻ കഴിയാത്തവർ എന്നിൽ നിന്നും അകന്നു പൊകട്ടെ. എന്തുമാത്രം ഭയാനകമായ വനാന്തരങ്ങളും കഠോരമായ വൈതരണികളും തരണം ചെയ്യണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. പാദങ്ങൾ മൃദുലങ്ങളായവർ എന്തിനാണ് എന്നോടൊപ്പം ബുദ്ധിമുട്ടുന്നത്. എന്റേതായിട്ടുള്ളവർ പ്രയാസങ്ങളും ജനങ്ങളുടെ അക്രമണങ്ങളും ദൈവിക പരീക്ഷണങ്ങളും പരീക്ഷകളും കാരണത്താൽ എന്നിൽ നിന്നും അകന്നു പോകുന്നതല്ല.**

**(റൂഹാനി ഖസായിൻ 9:23,24)**



**ശേഖ് മുബശ്ശിർ അഹ്മദ് സാഹിബ്**
പിതാവ്; ശേഖ് ഹമീദ് സാഹിബ്.
പത്നി; സഅ്ദിയ മുബശ്ശിർ സാഹിബ.
മക്കൾ; മാരിയ മുബശ്ശിർ, മെഹ്റുന്നിസാഅ്, സനാ മുബശ്ശിർ.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

ഖാദിയാൻ നിവാസിയായ അദ്ദേഹത്തിന്റെ പിതാവ് രണ്ടാം ഖിലാഫത്ത് കാലത്ത് ബയ്അത്തു ചെയ്യുകയും വിഭജനകാലത്ത് പാക്കിസ്ഥാനിലേക്ക് ഹിജ്റത്ത് ചെയ്യുകയുമായിരുന്നു. ശഹീദ് മർഹൂമിന്റെ മാതാമഹി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയ ആയിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 47 വയസ്സായിരുന്നു. ഒരു മാതൃകാ ഭർത്താവായിരുന്നു അദ്ദേഹം എന്ന് ഭാര്യ സാക്ഷ്യം നൽകുന്നു. ജോയിന്റ് ഫാമിലിയായിരുന്നു. അദ്ദേഹം എല്ലാവരേയും ശ്രദ്ധിക്കുമായിരുന്നു. ആർക്കും ഒരിക്കലും തന്നെ പരാതിക്കിടം നൽകിയിട്ടില്ല.
സംഭവദിവസം ജുമുഅയ്ക്ക് എത്തുക പ്രയാസകരമായിരുന്നിട്ടും പള്ളിയിൽ എത്തിച്ചേർന്നു. വഴിയിൽ വണ്ടി കേടായി. വണ്ടി വർക്ക്ഷാപ്പിൽ എത്തിച്ച ശേഷം അടുത്തുള്ള ഓഫീസിൽ പോയി. അവിടെ എത്തി ജോലി ചെയ്യാൻ തുടങ്ങിയപ്പോൾ തന്നെ കരണ്ട് പോയി. ഉടൻ പുറത്തിറങ്ങി. അപ്പോൾ സഹോദരനെ കണ്ടുമുട്ടുകയും അദ്ദേഹത്തോടൊപ്പം പള്ളിയിലേക്ക് പോരുകയും ചെയ്തു. പിന്നിലുള്ള ഹാളിലാണ് ഇരുന്നത്. ഉഗ്രവാദി വന്നപ്പോൾ വാതിൽ അടക്കാൻ ശ്രമിച്ചു. എന്നാൽ ഒരു വെടിയുണ്ട അദ്ദേഹത്തിന്റെ വയറിന്റെ വലതുഭാഗത്തു തറച്ച് പുറത്ത് വന്നു. പിന്നീട് ഗ്രാനേഡിന്റെ സ്ഫോടനത്തിൽ കൂടുതൽ പരിക്കേറ്റു. കാതിൽ നിന്നും ധാരാളം രക്തം ഒഴുകിപ്പോയിരുന്നു. എന്നിട്ടും രണ്ടുമൂന്ന് മണിക്കൂറോളം അദ്ദേഹം ജീവൻ കൈവിട്ടില്ല. വയറിൽ കൈവെച്ച് സ്വയം നടന്ന് ആംബുലൻസിന്റെ അടുത്തെത്തി. എന്നാൽ ആശുപത്രിയിലേക്കുള്ള മാർഗമദ്ധ്യേ ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം വളരെയധികം സരളപ്രകൃതക്കാരനും ദയാലുവും ദരിദ്രരോട് അനുകമ്പയുള്ളവനും ആയിരുന്നു. ചെറിയവരേയും വലിയവരേയും ആദരിക്കുന്ന എല്ലാവരാലും പ്രിയപ്പെട്ട വ്യക്തിയുമായിരുന്നു.


*(ഖുത്വുബ ജുമുഅ 25.6.10)*



**നിസാർ അഹ്മദ് സാഹിബ്**
പിതാവ്; ഗുലാം റസൂൽ സാഹിബ്.
പത്നി; നാസിറ നിസാർ സാഹിബ.
മക്കൾ; അയാസ് മഹ്മൂദ്, വഖാർ മഹ്മൂദ്, ആയിശ നിസാർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം 17 വയസ്സുള്ളപ്പോൾ ലാഹോറിൽ വരുകയും അശ്റഫ് ബിലാൽ സാഹിബിന്റെ തൊഴിൽശാലയിൽ ജോലി ചെയ്യുകയുമായിരുന്നു. അദ്ദേഹത്തോടൊപ്പം തന്നെയാണ് താമസിച്ചിരുന്നത്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 46 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.
ശഹാദത്തിന് പത്തു ദിവസം മുമ്പ് അദ്ദേഹം ഒരു സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നത്തിൽ അദ്ദേഹം തന്റെ പരേതരായ മാതാപിതാക്കളെ കാണുകയും അവർ അദ്ദേഹത്തെ തങ്ങളുടെ അടുക്കലേക്ക് വിളിക്കുന്നതായും കണ്ടു.
അഞ്ചുനേരനമസ്കാരങ്ങളും തഹജ്ജുദും കൃത്യമായി അനുഷ്ഠിച്ചിരുന്നു. രണ്ട് കുട്ടികളേയും വഖ്ഫെ നൗവിൽ ചേർത്തു. മരണത്തിന് മുമ്പ് മാതാപിതാക്കളെ നല്ല പോലെ ശുശ്രൂഷിക്കാനുള്ള അവസരം ലഭിച്ചിരുന്നു. എല്ലാ ജുമുആക്ക് മുമ്പും സദഖ നൽകുന്നത് പതിവായിരുന്നു.
സംഭവദിവസം അശ്റഫ് ബിലാൽ സാഹിബിന് വെടിവെപ്പിൽ മാരകമായ പരിക്കേറ്റു. അദ്ദേഹത്തെ രക്ഷിക്കുന്നതിന്നായി നിസാർ സാഹിബ് അദ്ദേഹത്തിന്റെ മുകളിൽ കിടന്നു. അന്നേരം ഒരു ഉഗ്രവാദി അദ്ദേഹത്തിന് മേൽ തുരുതുരാ വെടിവെച്ചു. അതിൽ അദ്ദേഹത്തിന്റെ അരഭാഗം അരിപ്പപോലെ ആയിത്തീർന്നു. തൽഫലമായി സംഭവസ്ഥലത്തു വെച്ചു തന്നെ അദ്ദേഹം ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, സൃഷ്ടിസേവനത്തിൽ അതീവ താൽപര്യവും ആവേശവും ഉണ്ടായിരുന്നു. അഹ്മദിയ്യത്തിനെ സംബന്ധിച്ച് വളരെ വികാരഭരിതനുമായിരുന്നു. പ്രദേശത്ത് അദ്ദേഹത്തിന്റേത് മാത്രമായിരുന്നു അഹ്മദിയുടെ വീട്. ഒരിക്കൽ എതിരാളികൾ ഒരു യോഗം സംഘടിപ്പിക്കുകയും ഉച്ചഭാഷണിയിലൂടെ ജമാഅത്തിനെ വളരെ മോശമായി അധിക്ഷേപിക്കുകയും ചെയ്തു. രാത്രി സമയമായിരുന്നു. അദ്ദേഹം നിശബ്ദനായി വീട്ടിൽ നിന്നിറങ്ങി അവിടെ എത്തി ഈ അധിക്ഷേപവും ശബ്ദകോലാഹലവും നിറുത്തണമെന്നും ആർക്കെങ്കിലും എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ ഞങ്ങളോടൊപ്പം ഇരുന്നു സംസാരിക്കുക എന്നും പറഞ്ഞു. അങ്ങിനെ അവർ അത് നിറുത്തി. ഇത്രയധികം എതിരാളികളുള്ള സ്ഥലത്ത് നിങ്ങൾ ഒറ്റയ്ക്കാണോ പോയത് അവർ മർദ്ദിച്ചിരുന്നെങ്കിൽ എന്തു ചെയ്തേനെ എന്ന് തിരിച്ചു ചെന്നപ്പോൾ ഭാര്യ ചോദിച്ചു. അപ്പോൾ പറഞ്ഞു, കൂടിവന്നാൽ ശഹീദാകും. അതിനേക്കാൾ നല്ലത് വേറെന്താണ്? എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നേയും ഖലീഫമാരേയും അധിക്ഷേപിക്കുന്നത് എനിക്ക് സഹിക്കാൻ കഴിയില്ല.

*(ഖുത്വുബ ജുമുഅ 2.7.10)*



**അബ്ദുർ റഹ്മാൻ സാഹിബ്**
പിതാവ്; മുഹമ്മദ് ജാവേദ് അസ്ലം സാഹിബ്.
മാതാവ്; ഖൈസറ ആരിഫ് സാഹിബ.
അവിവാഹിതൻ
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹം തന്റെ മാതാവിനും മാതൃസഹോദരിക്കുമൊപ്പം 2008 ലാണ് ബയ്അത്ത് ചെയ്തത്. മറ്റ് കുടുംബാംഗങ്ങളെ ഇക്കാര്യം ചില പ്രത്യേക കാരണങ്ങളാൽ അറിയിച്ചിരുന്നില്ല. അദ്ദേഹം M.B.B.S ന് പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. പഠനശേഷം മറ്റുള്ളവരെ അറിയിക്കാമെന്നാണ് കരുതിയിരുന്നത്. അദ്ദേഹത്തിന്റെ കുടുംബത്തിൽപെട്ട 3 പേർ ഈ സംഭവത്തിൽ ശഹീദാവുകയുണ്ടായി. ശഹീദ് മർഹൂമിന് 21 വയസ്സായിരുന്നു. പ്രവർത്തനമേഖലയിൽ എത്തിയാൽ തന്റെ മാതാമഹിയുടെ പേരിൽ നിരാലംബരായവർക്ക് വൃദ്ധസദനം പണിയണമെന്ന ആഗ്രഹം ഉണ്ടായിരുന്നു.
സംഭവദിവസം അദ്ദേഹം കോളേജിൽ നിന്ന് നേരെ പള്ളിയിലെത്തുകയായിരുന്നു. പ്രധാന ഹാളിലായിരുന്നു ഇരുന്നിരുന്നത്. മാതാവിന് ഫോൺ ചെയ്ത് അവസ്ഥകൾ അറിയിക്കുകയും ദുആയ്ക്കായി പറയുകയും ചെയ്തു. അതോടൊപ്പം തന്നെ മാതൃസഹോദരി പുത്രനോട് താൻ ശഹീദാവുകയാണെങ്കിൽ എന്നെ റബ്‌വയിൽ ഖബറടക്കണമെന്ന് പറയുകയും ചെയ്തു. മൂന്ന് വെടിയുകളേറ്റാണ് അദ്ദേഹം ശഹീദായത്. സംഭവം പുറത്തറിഞ്ഞപ്പോൾ മാതൃസഹോദരിയെ ഭർത്താവ് വീട്ടിൽ നിന്നും പുറത്താക്കി. അദ്ദേഹത്തിന്റെ പിതാവ് ഇതുവരെ ബയ്അത്ത് ചെയ്തിട്ടില്ല. ആദ്യമൊക്കെ നല്ല എതിർപ്പായിരുന്നെങ്കിലും ഇപ്പോൾ അല്പം അയവ് വന്നിട്ടുണ്ട്. ശഹീദ് മർഹൂമിന്റെ ജനാസ അവിടെതന്നെ അടക്കണമെന്ന് പറഞ്ഞ് മാതൃസഹോദരിഭർത്താവ് വാശി പിടിച്ചപ്പോൾ അവരുടെ ഭാര്യ വളരെ ധൈര്യം സംഭരിച്ച് റബ്‌വയിൽ തന്നെ അടക്കം ചെയ്യണം എന്ന് പറഞ്ഞിട്ടുള്ളതിനാൽ അങ്ങോട്ട് തന്നെ കൊണ്ടുപോകും എന്ന് പറയുകയുണ്ടായി. തുടർന്നും വീട്ടുകാരിൽ നിന്നും പ്രദേശവാസികളിൽ നിന്നും കഠിനമായ എതിർപ്പ് നേരിടേണ്ടി വന്നു. ശഹാദത്തിനു ശേഷം അനുശോചനം അറിയിക്കാൻ അവിടെ എത്തിയ അഹ്മദിയ്യ സംഘത്തിന് എതിർപ്പ് കാരണം വീട്ടിൽ കയറാൻ കഴിഞ്ഞില്ല.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം ഒരു നവഅഹ്മദി ആയിരുന്നിട്ടു കൂടി കാണിച്ച സ്ഥൈര്യം അദ്ദേഹത്തിന് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഉള്ള പ്രത്യേക ബന്ധം മൂലമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ തിരിച്ചറിഞ്ഞ ഉടൻ അദ്ദേഹത്തിന് തന്റെ സലാം എത്തിക്കുകയും അതിന് വേണ്ടി തന്റെ ജീവൻ തന്നെ സമർപ്പിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

(ഖുത്വുബ ജുമുഅ 2.7.10)



**ഡോക്ടർ അസ്ഗർ യാഖൂബ് ഖാൻ സാഹിബ്**
പിതാവ്; ഡോക്ടർ മുഹമ്മദ് യാഖൂബ് ഖാൻ സാഹിബ്.
പത്നി; ഡോക്ടർ ഫരീഹ അസ്ഗർ സാഹിബ.
മക്കൾ; ദാനിശ് അഹ്മദ് ഖാൻ, സഅദ് അഹ്മദ് ഖാൻ, സാറാ അഹ്മദ് ഖാൻ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം എഫ്.എസ്.സി ക്കു ശേഷം ബയോകെമിസ്ട്രിയിൽ എം.എസ്.സി യും തുടർന്ന് എം.ബി.ബി.എസും കരസ്ഥമാക്കി. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 60 വയസ്സായിരുന്നു.
അദ്ദേഹത്തിന് പലതവണ ഹൃദയസ്തംഭനം ഉണ്ടായിട്ടുണ്ട്. എല്ലാ തവണയും അതിൽ നിന്ന് അൽഭുതകരമാം വിധം രക്ഷപ്പെടുമായിരുന്നു. എല്ലാ ജുമുഅ ദിവസവും ദുആയ്ക്കുള്ള വിളംബരം നടത്തിക്കുമായിരുന്നു. ഉച്ചത്തിൽ ദുആ ചെയ്യുന്നത് അദ്ദേഹത്തിന്റെ രീതിയായിരുന്നു.
സംഭവദിവസം അദ്ദേഹം മകനെ കോളേജിലാക്കി അടുത്തു തന്നെയുള്ള ദാറുദ്ദിക്റിൽ നമസ്കരിക്കുവാൻ എത്തി. അദ്ദേഹം പള്ളിയിലേക്ക് പ്രവേശിച്ച ഉടൻ ഗേറ്റിൽ വെടിവെപ്പ് ആരംഭിച്ചു. നെഞ്ചിലും കാലിലുമാണ് വെടിയേറ്റത്. അല്പനേരത്തേക്ക് ബോധമുണ്ടായിരുന്നു. അംബുലൻസിൽ വെച്ച് തന്റെ പേരും മറ്റും പറഞ്ഞു. ആശുപത്രിയിലേക്കുള്ള മാർഗമദ്ധ്യേ ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹത്തെ സംബന്ധിച്ച് ഭാര്യ പറയുന്നത്, യഥാർത്ഥ അർത്ഥത്തിൽ മനുഷ്യസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. ധനികനെന്നോ ദരിദ്രനെന്നോ ഉള്ള യാതൊരു വ്യതിരിക്തതയും കാണിച്ചിരുന്നില്ല. എല്ലാവരോടും തുല്യമായ രീതിയിലുള്ള സമീപനമായിരുന്നു. രോഗികൾക്കായി നിർണ്ണിത സമയമൊന്നും ഉണ്ടായിരുന്നില്ല. ആവശ്യക്കാർ വരുമ്പോഴെല്ലാം തന്നെ അദ്ദേഹം സേവനത്തിനായി സന്നദ്ധനാകുമായിരുന്നു..... അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.


(ഖുത്ബ ജുമുഅ 2.7.10)



**മിയാൻ മുഹമ്മദ് സഇദ് ദർദ് സാഹിബ്**
പിതാവ്; മിയാൻ മുഹമ്മദ് യൂസുഫ് സാഹിബ്.
പത്നി; ഹമീദ സഈദ് സാഹിബ.
മക്കൾ; ദുർറെസമീൻ, ദറെ വസീം, ഹമാമത്തുൽ ബുശ്റ, നൗശീൻ സഈദ്.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവും പിതാമഹനും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബികളാണ്. ഗുജറാത്ത് വാസികളായിരുന്ന ഇവർ ആദ്യം ഖാദിയാനിലേക്കും പിന്നീട് പിന്നീട് പാക്കിസ്ഥാനിലേക്കും താമസമാക്കി. ശഹീദ് മർഹൂം ഖാദിയാനിൽ നിന്ന് പ്രാരംഭ വിദ്യാഭ്യാസം കരസ്ഥമാക്കിയതിനു ശേഷം മൗലവി ഫാസിലും തുടർന്ന് ബി.എ യും കരസ്ഥമാക്കി. പിന്നീട് നാഷണൽ ബാങ്കിൽ ജോലി കരസ്ഥമാക്കിയ ഇദ്ദേഹം 1970 ൽ മാനേജറായി വിരമിച്ചു. ജീവിതത്തിൽ 6 തവണ ഹജ്ജ് ചെയ്യാനും അനവധി തവണ ഉംറ ചെയ്യാനുമുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്. ശഹാദത്ത് സമയത്ത് 80 വയസ്സായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി എപ്പോഴും സന്നദ്ധനായിരുന്നു. വളരെയധികം ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. ഒരിക്കലും ആരോടും പരാതിപ്പെട്ടിട്ടില്ല. എപ്പെഴും സഹനം കൈക്കൊള്ളുന്നതിനായി ഉപദേശിക്കുമായിരുന്നു. നല്ല അതിഥി സൽക്കാരപ്രിയനായിരുന്നു. പ്രായാധിക്യമുണ്ടായിരുന്നിട്ടും എല്ലാവരോടും എഴുന്നേറ്റ് നിന്ന് സംസാരിക്കുമായിരുന്നു. തങ്ങളുടെ ഭക്ഷണത്തളിക മറ്റുള്ളവർക്കായി എപ്പോഴും തുറന്നിടണം എന്ന് മക്കളെ ഉപദേശിക്കുമായിരുന്നു. ഇത്ര പ്രായമുണ്ടായിട്ടും എല്ലാ നോമ്പും പിടിക്കുമായിരുന്നു. 1969 മുതൽ എല്ലാ വർഷവും ഇഅ്തികാഫ് ഇരിക്കുമായിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി മക്കളുടെ നിർബന്ധത്താൽ ഇഅ്തികാഫ് ഇരുന്നിട്ടില്ല. സംഭവദിവസം ഏകദേശം ഒരു മണിക്ക് പള്ളിയിലെത്തി. വീൽചെയറിലാണ് ഇരുന്നിരുന്നത്. രണ്ട് വെടിയുകൾ കാലിലും ഒന്ന് കയ്യിലും ഏറ്റു. ഗുരുതരമായി പരിക്കേറ്റ അവസ്ഥയിൽ ആശുപത്രിയിലേക്ക് എത്തിക്കുകയും രണ്ടര മണിക്കൂർ നീണ്ട ഓപ്പറേഷൻ നടത്തിയെങ്കിലും ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞില്ല.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, കാഴ്ചശക്തി മങ്ങുന്നതു വരെ കുട്ടികളെ ഖുർആൻ പഠിപ്പിച്ചിരുന്നു. അവസാന നാളുകൾ വരെ നടന്ന് പോയി മറ്റുള്ളവരിൽ നിന്നും ചന്ദ പിരിക്കുമായിരുന്നു. ഇതിനായി ഒരടി നടന്നാൽ നൂറടി നടന്ന പ്രതിഫലം ലഭിക്കും എന്ന് പറയുമായിരുന്നു. പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് പള്ളിയിലേക്ക് നടന്നു പോകുമായിരുന്നു. ശഹാദത്തിനു ശേഷം അദ്ദേഹത്തിന്റെ മേശപ്പുറത്ത് ദുആയെ ഖസാഇൻ എന്ന പുസ്തകം തുറന്ന് ആദ്യ പേജ് കമഴ്ത്തി വെച്ചിരുന്നതായി കാണുകയുണ്ടായി. അതിൽ വിടപറയുമ്പോൾ ചൊല്ലുന്ന ദുആയും ഉയരങ്ങളിൽ കയറുമ്പോഴുമുള്ള ദുആയാണ് ഉണ്ടായിരുന്നത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്ബ ജുമുഅ 2.7.10)*



**മുഹമ്മദ് യഹ്യാ ഖാൻ സാഹിബ്**
പിതാവ്; മലക് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ്.
പത്നി; ശമീം അഖ്തർ സാഹിബ.
മക്കൾ; നാസിർ മഹ്മൂദ് ഖാൻ, ഖാലിദ് മഹ്മൂദ് ഖാൻ, മുഹമ്മദ് മഹ്മൂദ് ഖാൻ, അമത്തുൽ ഹഫീസ്, ഉസ്മാ മുബാറക്ക്.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ഠൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവും പിതാമഹനും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബികളാണ്. ഖാദിയാനിൽ ജനിച്ച അദ്ദേഹത്തിന്റെ ജീവിതം ഒരു അൽഭുതദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്റെ മൂത്ത സഹോദരനും അദ്ദേഹവും തമ്മിൽ 18 വയസ്സിന്റെ വ്യത്യാസമാണുള്ളത്. ഇതിനിടയിൽ ജനിച്ച കുട്ടികളെല്ലാം തന്നെ മരിക്കുകയായിരുന്നു. അദ്ദേഹത്തിന് 4,5 വയസ്സായപ്പോൾ രോഗം പിടിപെട്ടു. അന്നേരം അദ്ദേഹത്തിന്റെ ഉമ്മ അദ്ദേഹത്തെയും കൊണ്ട് അമ്മാജാന്റെ അടുത്തെത്തി.ആ അവസ്ഥയിൽ അമ്മാജാൻ ആ കുട്ടിയെ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ മടിയിൽ വെച്ച് ഇവനും പോകുകയാണെന്ന് പറഞ്ഞു. അപ്പോൾ ഹുസൂർ ആ കുട്ടിയുടെ പേര് ശരീഫ് അഹ്മദ് എന്നത് മാറ്റി മുഹമ്മദ് യഹ്യാ എന്നാക്കി. അങ്ങിനെ ഹുസൂറിന്റെ ദുആ ഫലമായി ദീർഘായുസ് ലഭിച്ചു. വിഭജനശേഷം പാക്കിസ്ഥാനിലെത്തി. സിവിൽ എഞ്ചിനീയറിങ്ങിന് ശേഷം വിവധ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. ജോലി സംബന്ധമായി ഇറാഖിലെത്തിയ അദ്ദേഹത്തിന് അവിടെ ജമാഅത്ത് സ്ഥാപിക്കാനുള്ള അവസരം ലഭിച്ചു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 77 വയസ്സായിരുന്നു.
വളരെയധികം ലോലഹൃദയനായിരുന്നു. ഒരിക്കനും കോപിച്ചിട്ടില്ല. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ വളരെ ആവേശമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മക്കൾ അലംഭാവം കാണിച്ചാൽ അവർക്ക് ക്ഷമിച്ച് കൊടുക്കില്ലായിരുന്നു. ഒരു നീണ്ട കാലം സെക്രട്ടറി തഅ്ലീമുൽ ഖുർആനായി സേവനമനുഷ്ഠിച്ചു. ആളുകളെ വീടുകളിൽ പോയി ഖുർആൻ പഠിപ്പിക്കുമായിരുന്നു.

സംഭവസമയത്ത് അദ്ദേഹം പ്രധാന ഹാളിൽ ഒന്നാമത്തെ വരിയിൽ കസേരയിലിരിക്കുകയായിരുന്നു. പെട്ടെന്ന് വെടിവെപ്പാരംഭിച്ചു. പിന്നിലേക്ക് പോകുവാൻ ആരോ പറഞ്ഞപ്പോൾ ഭയപ്പെടേണ്ട, അല്ലാഹു അനുഗ്രഹിക്കും എന്ന് പറഞ്ഞു. പിന്നീട് നിർദേശമനുസരിച്ച് മതിലിനടുത്തായി താഴെ ഇരുന്നു. ആ സമയത്ത് ഉഗ്രവാദി ഗ്രാനേഡ് എറിയുകയും അതിന്റെ സ്ഫോടനത്തിൽ തലയുടെ പിൻഭാഗത്ത് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തു. തൽഫലമായി അവിടെ തന്നെ ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീദ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എല്ലാ പ്രയാസ ഘട്ടങ്ങളിലും സഹായം നൽകുകയും പിന്തുണക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് ലഭിച്ചിരുന്ന പെൻഷൻ മുഴുവനായും ദരിദ്രർക്കായി ചെലവഴിച്ചിരുന്നു. ളുഹർ അസർ നമസ്കാരങ്ങൾ വീട്ടിൽ ജമാഅത്തായി അനുഷ്ഠിക്കുകയും ബാക്കി നമസ്കാരങ്ങൾ പള്ളിയിൽ പോയി അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഒരിക്കലും തഹജ്ജുദ് ഉപേക്ഷിച്ചിട്ടില്ല. മക്കളിലും മരുമക്കളിലും യാതൊരു വകതിരിവും കാണിച്ചിരുന്നില്ല......ഗ്രന്ഥവായനയിൽ അതീവ തൽപരനായിരുന്നു. സ്വന്തം ലൈബ്രറിയിൽ ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ..... അല്ലാഹു ശഹീദ് മർഹൂമിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്ബ ജുമുഅ 2.7.10)*



**സഫർ ഇഖ്ബാൽ സാഹിബ്**


പിതാവ്; മുഹമ്മദ് സാദിഖ് മുഗൾ സാഹിബ്. പത്നി; അനീസ സഫർ സാഹിബ.
മക്കൾ; മുഹമ്മദ് ഖാസിം സഫർ, മുഅസ്സം സഫർ,
ഫാത്വിമ സഫർ, മർയം സഫർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ഒരു വർഷം മുമ്പാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ബി.എ വരെ പഠിച്ചതിനു ശേഷം സഊദി അറേബ്യയിലേക്ക് പോയി. അവിടെ നിൽക്കുന്ന സമയത്ത് അഞ്ചു തവണ ഹജ്ജ് ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. പാക്കിസ്ഥാനിൽ തിരിച്ചു വന്ന ശേഷം ട്രാൻസ്പോർട്ട് ലൈൻ സ്വീകരിച്ചു. ശഹാദത്ത് വരെ ആ വിഭാഗത്തിലായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 59 വയസ്സായിരുന്നു. അദ്ദേഹം തഹജ്ജുദ് നമസ്കാരത്തിനായി എഴുന്നേൽക്കുകയും സുബ്ഹി നമസ്കാരത്തിനു ശേഷം 7 മണിയോടെ ജോലിക്കായി പുറപ്പെടുകയും ചെയ്യും. അദ്ദേഹത്തിന്റെ ഭാര്യ ആദ്യമേ തന്നെ അഹ്മദിയായിരുന്നു. ഒരു അഹ്മദി ബന്ധുവിന്റെ വീട്ടിൽ വിവാഹത്തിൽ പങ്കേയുക്കുവാനായി പോയപ്പോൾ എം.ടി. എയിൽ ഗുൽഷനെ വഖ്ഫെനൗ എന്ന പ്രോഗ്രാം കാണുകയും അത് അദ്ദേഹത്തെ വല്ലാതെ ആകർഷിക്കുകയും ചെയ്തു. പിന്നീട് അവസരം കിട്ടിയപ്പോൾ സ്വയം ഡിഷ് വാങ്ങി വെക്കുകയും ഖുത്വുബകളും മറ്റും ശ്രവിക്കാൻ തുടങ്ങി. അങ്ങിനെ 2009 മാർച്ചിൽ ബയ്അത്ത് ചെയ്തു. ബൈഅത്തിനു മുമ്പ് ജമാഅത്തിനെ എതിർക്കുമായിരുന്നു. സത്യഹൃദയത്തോടുകൂടിയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അതിനു ശേഷം ദൈവക്തിയിലും ആത്മാർത്ഥതയിലും സത്യസന്ധതയിലും വളരെയധികം ഉന്നതി കൈവരിച്ചു. ഒരു വർഷത്തിനുള്ളിൽ തന്നെ ജമാഅത്തുമായി അഗാധമായ ബന്ധം ജനിച്ചു. ഖിലാഫത്തുമായി പ്രത്യേക ബന്ധമായിരുന്നു. ടി.വിയിൽ ഹുസൂറിന്റെ പ്രോഗ്രാം വരുമ്പോൾ ഹുസൂറിന്റെ മുഖം zoom ചെയ്ത് സ്ക്രീനിൽ കാണുമായിരുന്നു. ഏറ്റവും കൂടുതൽ എന്താണ് സ്വാധീനിച്ചത് എന്നു ഒരിക്കൽ ചോദിച്ചപ്പോൾ ഹുസൂറിന്റെ പ്രഭാഷണങ്ങൾ എന്നാണ് മറുപടി പറഞ്ഞത്. കുറച്ചു ദിവസം മുമ്പ് തിലാവത്തിന്റെ ഒരു മൽസരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. സമ്മാനമായി മുസല്ല ലഭിച്ചപ്പോൾ വളരെ സന്തോഷിച്ചു. എപ്പോഴും ചിരിച്ചു കൊണ്ടിരിക്കുകയും എല്ലാവരേയും ശ്രദ്ധിക്കുകയും ചെയ്യുന്ന പ്രകൃതമായിരുന്നു. ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ അതീവ തൽപരനായിരുന്നു. എല്ലാ ദിവസവും ഉറങ്ങുന്നതിനു മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥത്തിൽ നിന്ന് അല്പം സ്വയം വായിക്കുകയോ അല്ലെങ്കിൽ ഭാര്യയെ കൊണ്ട് വായിപ്പിക്കുകയോ ചെയ്യുമായിരുന്നു.

സംഭവദിവസം ജോലിസ്ഥലത്തുനിന്ന് നേരെ പള്ളിയിലേക്ക് വരികയായിരുന്നു. പ്രധാന ഗേറ്റിനടുത്തായിരുന്നു അദ്ദേഹം വീണ് കിടന്നിരുന്നത്. അതിൽനിന്ന് മനസ്സിലാകുന്നത്, അവസ്ഥ നിയന്ത്രണ വിധേയമായെന്ന തെറ്റായ വാർത്ത പരന്നപ്പോൾ അദ്ദേഹം പുറത്തേക്ക് വരുകയും ആ സമയത്ത് മിനാരത്തിൽ ഉണ്ടായിരുന്ന ഉഗ്രവാദി വെടിവെക്കുകയും തൽഫലമായി അദ്ദേഹത്തിന്റെ തോളിൽ തറച്ച വെടിയുണ്ട തിരിഞ്ഞ് ഹൃദയത്തിനടുത്തെത്തുകയും ചെയ്തു. പിന്നീട് അദ്ദേഹത്തെ എടുത്ത് ആംബുലൻസിൽ കിടത്തിയപ്പോൾ ജീവനുണ്ടായിരുന്നു. എന്നാൽ ജീവൻ നിലനിർത്താൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹത്തിന്റെ മകൻ എഴുതുന്നു, ശഹാദത്തിന് ശേഷം പ്രദേശത്ത് എതിർപ്പ് ശക്തമായിരിക്കുന്നു. ഫത്വകളുടെ പോസ്റ്ററുകളും സ്റ്റിക്കറുകളും ഒട്ടിക്കുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. അല്ലാഹു ഇവരെല്ലാവരേയും തന്റെ സംരക്ഷണവലയ ത്തിൽ വെക്കുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 2.7.10)*



**ലഅൽ ഖാൻ സാഹിബ് നാസിർ**

പിതാവ്; ഹാജി അഹ്മദ് സാഹിബ്. പത്നി; സാജിദ ശാഹീൻ സാഹിബ.
മക്കൾ; ഗോഹർ അഹ്മദ്, സുബൈർ അഹ്മദ്,
സമീർ അഹ്മദ്, ആമിറ ശഹ്സാദ്, സാറ ത്വാരിഖ്.
**ശഹാദത്ത്: ബൈത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹനാണ് കുടുംബത്തിൽ ആദ്യമായി ബയ്അത്ത് ചെയ്തത്. ശഹീദ് മർഹൂം ബി.എ വരെ പഠിച്ചിട്ടുണ്ട്. തുടർന്ന് കറാച്ചിയിലും തർബേലയിലും ജോലി ചെയ്തു. 17-ാം ഗ്രേഡ് ബജറ്റ് അകൗണ്ട് ഓഫീസറായിരുന്നു. മുസഫർഗഡിലെ ആദ്യ ജില്ലാ ഖാഇദും പിന്നീട് മുസഫർഗഡ് ജില്ലാ അമീറുമായി സേവനമനുഷ്ടിച്ചിട്ടുണ്ട്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 52 വയസ്സായിരുന്നു.

വഖ്ഫെ ആർസി ചെയ്യാനുള്ള ആവേശമായിരുന്നു. ശഹാദത്തിന് 15 ദിവസം മുമ്പാണ് വഖ്ഫെ ആർസി പൂർത്തിയാക്കിയത്. അസ്റ് മുതൽ ഇശാ വരെയുള്ള സമയമാണ് വഖ്വെ ആർസിക്കായി നീക്കി വെച്ചിരുന്നത്. ആ സമയത്ത് രണ്ടിടങ്ങളിലായി കുട്ടികൾക്ക് തഅ്ലീം ക്ലാസ്സ് നടത്തിയിരുന്നു. വളരെ താൽപര്യത്തോടെ വഖ്ഫെ നൗ കുട്ടികൾക്ക് ക്ലാസ്സെടുക്കുമായിരുന്നു. വീട്ടിൽ ജോലിക്ക് നിന്ന ഒരു ക്രിസ്ത്യൻ പെൺകുട്ടിക്ക് വിദ്യാഭ്യാസത്തിനുള്ള ചെലവ് അദ്ദേഹം സ്വയം വഹിച്ചു. മാത്രമല്ല അവളെ സാമ്പത്തികമയി സഹായിക്കുകയും വിവാഹം കഴിപ്പിച്ചയക്കുകയും ചെയ്തു. ജമാഅത്തിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് വന്നാൽ ഉടൻ പ്രാവർത്തികമാക്കുമായിരുന്നു. തന്റെ ഹൽഖയിലെ പഞ്ചാബ് സൊസൈറ്റിയുടെ സയീം അൻസാറുല്ലാഹ്, സെക്രട്ടറി തർബിയ്യത്ത് നൗമുബായിഈൻ, സെക്രട്ടറി റിശ്തനാത എന്നിവയായിരുന്നു. ജനങ്ങളുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻകൈ എടുത്തിരുന്നു.

സംഭവസമയത്ത് അദ്ദേഹം രണ്ടാമത്തെ ഹാളിലായിരുന്നു. വെടിവെപ്പ് തുടങ്ങിയപ്പോൾ അദ്ദേഹം കുറച്ചാളുകളേയും കൂട്ടി പള്ളിയുടെ മുകൾത്തട്ടിലെത്തി. ഉഗ്രവാദിയുടെ തോക്കിലെ തിര കഴിയുകയും തിര നിറക്കുന്നതിനായി ശ്രമിക്കുകയും ചെയ്ത സമയത്ത് എല്ലാം കഴിഞ്ഞു എന്ന് കരുതിക്കൊണ്ട് അദ്ദേഹം മറ്റുള്ളവരേയും കൂട്ടി താഴേക്ക് വന്നു. അപ്പോഴേക്കും ആ ഉഗ്രവാദി തോക്കിൽ തിര നിറച്ചുകൊണ്ട് ഇവരുടെ നേർക്ക് വന്നു. ആ സമയത്ത് അദ്ദേഹം വേഗത്തിൽ ഓടി വന്ന് വാതിലടച്ച് അതിനു മുന്നിൽ നെഞ്ചു വിരിച്ചു നിന്നു. സ്വലാത്ത് ചൊല്ലിക്കൊണ്ട് സുരക്ഷിത സ്ഥാനങ്ങളിലേക്ക് പോകുവാനായി മറ്റുള്ളവരോട് നിർദേശിച്ചു. അടഞ്ഞ വാതിൽ കണ്ടപ്പോൾ ഉഗ്രവാദി തള്ളി തുറക്കാൻ ശ്രമിച്ചെങ്കിലും കഴിയാതെ വന്നപ്പോൾ തോക്കിന്റെ കുഴൽ അകത്തേക്കിട്ട് വെടിവെച്ചു. അത് അദ്ദേഹത്തിന്റെ നെഞ്ചിലാണ് കൊണ്ടത്. അവിടെ തന്നെ അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അങ്ങേയറ്റത്തെ വിനയവും എളിമയും ആയിരുന്നു. എന്ത് പ്രശ്നം വന്നാലും അത് മജ്ലിസ് ആമിലയുടെ മുന്നിൽ വെക്കുകയും അവരിൽ നിന്ന് അഭിപ്രായം തേടുകയും ചെയ്യുമായിരുന്നു. രഹസ്യങ്ങൾ മറച്ച് വെക്കുന്നതിലും മുൻപന്തിയിലായിരുന്നു. ആരിൽ നിന്നെങ്കിലും തെറ്റ് സംഭവിച്ചാൽ അവർക്ക് വേണ്ടി ദുആ ചെയ്യുമായിരുന്നു. അവസ്ഥയെ സംബന്ധിച്ച് കേന്ദ്രത്തിനെഴുതുകയും അറിയിക്കുകയും ചെയ്യുമായിരുന്നു. പ്രശ്നപരിഹാരം കാണുകയാണെങ്കിൽ അതും അറിയിക്കുമായിരുന്നു. ജില്ലാ അമീറായിരുന്ന കാലത്തോളം അദ്ദേഹം ഒരു വാൽസല്യനിധിയായ പിതാവിനെ പോലെയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ.

*(ഖുത്വുബ ജുമുഅ 2.7.10)*



**മൻസൂർ അഹ്മദ് സാഹിബ്**
പിതാവ്; അബ്ദുൽ ഹമീദ് ജാവേദ് സാഹിബ്.
പത്നി; മുബാറക്ക മൻസൂർ സാഹിബ.
മക്കൾ; മുസവ്വിർ അഹ്മദ്, ശാഹ്സീബ് മുഹ്സിൻ, അർസലാൻ ബാബർ, നുഅ്മാന.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ കാലത്താണ് ബയ്അത്ത് ചെയ്തത്. 1953 ൽ ഇവരുടെ വീട് അഗ്നിക്കിരയാക്കിയപ്പോൾ അവർ റബ്വയിലേക്ക് താമസമാക്കി. 1974 ൽ കറാച്ചിയിലുണ്ടായിരുന്ന പിതാവിന്റെ കട അഗ്നിക്കിരയാക്കിയപ്പോൾ അവർ ലാഹോറിലേക്ക് താമസമാക്കി. ശഹീദ് മർഹൂം കയറ്റുമതി ഇറക്കുമതിയുമായി ബന്ധപ്പെട്ട ജോലിയിലായിരുന്നു. വിദേശത്ത് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. കുറച്ചു ദിവസമായി റബ്വയിലേക്ക് താമസമാക്കണമെന്ന് പറയുമായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 36 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തോടൊപ്പം ഓഫീസിൽ ജോലി ചെയ്യുന്ന മറ്റൊരഹ്മദിയെ അദ്ദേഹമാണ് എല്ലാ ജുമുആയ്ക്കും പള്ളിയിലേക്ക് കൊണ്ടു വരാറുണ്ടായിരുന്നത്. അന്നും ധൃതിപിടിച്ച് വൈകരുത് എന്ന ഉദ്ദേശത്തോടെ ആ വ്യക്തിയേയും കൊണ്ട് പള്ളിയിലേക്ക് എത്തിയിരുന്നു.

വളരെയധികം വികാരഭരിതനായ വ്യക്തിയായിരുന്നു അദ്ദേഹം. ശഹാദത്തിന് ഒരാഴ്ച മുമ്പ് തന്റെ ഭാര്യയോട് പറഞ്ഞു, നീ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കണം. അവരുടെ ഉത്തരവാദിത്വം ഏറ്റവും നന്നായി നിനക്ക് നിറവേറ്റാൻ കഴിയും. ഒരു പക്ഷേ ഇനി എനിക്ക് കൂടുതൽ സമയം കുട്ടികൾക്കായി നൽകാൻ സാധിക്കില്ല. എന്നെ കൂടുതൽ ഓർക്കാതിരിക്കാനായി കുട്ടികളെ കൂടുതലായി നിന്നോട് ബന്ധപ്പെടുത്തി നിർത്തുക. ശഹാദത്തിന്റെ അന്ന് രാവിലെ പറഞ്ഞു, മകൻ ശാഹ്സീബിന് 3 വയസ്സാകുമ്പോൾ അവനെ റബ്വയിലേക്കയച്ച് ജമാഅത്തിന് സമർപ്പിക്കണം.

കുറച്ച് കാലം മുമ്പ് അപകടത്തിൽ പരിക്കേറ്റ ഒരയൽവാസിക്ക് ബൈക്കോടിക്കാൻ കഴിയാതായി. ആ വ്യക്തിയെ കുറച്ചുകാലമായി ശഹീദ് മർഹൂം സ്ഥിരമായി ഓഫീസിലേക്കും തിരിച്ചും കൊണ്ടുവിടുമായിരുന്നു. അയാളുടെ മാതാവ് നന്ദി പറയാൻ ചെന്നപ്പോൾ എനിക്ക് ജീവനുള്ള കാലത്തോളം നിങ്ങളുടെ മകനെ ഞാൻ കൂടെ കൂട്ടുന്നതാണ് എന്ന് പറയുകയുണ്ടായി. അദ്ദേഹം തന്റെ മൊബൈലിൽ ജമാഅത്തിന്റെ പദ്യങ്ങൾ റിക്കാർഡ് ചെയ്ത് മക്കളെ കാണാതെ പഠിപ്പിക്കുമായിരുന്നു.

സംഭവദിവസം പള്ളിയിലെത്തി ആദ്യ വരിയിൽ നിന്ന് സുന്നത്തുകൾ നമസ്കരിച്ചു. അക്രമണ സമയത്ത് ഓഫീസിലേക്ക് ഫോൺ ചെയ്ത് തനിക്ക് വെടിയേറ്റിരിക്കുകയാണ്, ധാരാളം രക്തം വാർന്ന് പോയി എന്നെ രക്ഷിക്കുവാൻ ശ്രമിക്കുക എന്ന് പറഞ്ഞിരുന്നു. വീട്ടിലേക്കും ഫോൺ ചെയ്തിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ഒരു മുറബ്ബി സാഹിബ് എഴുതുന്നു, അദ്ദേഹം ലളിത സ്വഭാവക്കാരനും, ശുദ്ധഹൃദയനും, ഖിലാഫത്ത് വ്യവസ്ഥിതിയുമായി കൂറും സ്നേഹവുമുള്ള വ്യക്തിയായിരുന്നു. തന്റെ വഖ്ഫെനൗ കുട്ടികളെ കൃത്യമായി വഖ്ഫെനൗ ക്ലാസ്സിൽ അയക്കുമായിരുന്നു. ഖിലാഫത്തുമായി സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും നീണ്ട നീണ്ട പദ്യങ്ങൾ കുട്ടികൾക്ക് മനപ്പാഠമാക്കിയിരുന്നു.

*(ഖുത്വുബ ജുമുഅ 2.7.10)*



**മുബാറക്ക് അലി അവാൻ സാഹിബ്**
പിതാവ്; അബ്ദുർ റസാഖ് അവാൻ സാഹിബ്.
പത്നി; നസാം മുബാറക്ക് സാഹിബ.
മക്കൾ; നൗശീൻ മുബാറക്ക്, അതിയത്തുൽ മുസവ്വിർ, ഉമൈറ റഹ്അത്ത്, റാബിഅ മുബാറക്ക്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോ**

അദ്ദേഹത്തിന്റെ പിതാമഹനും പ്രപിതാമഹനും ശക്തമായ എതിർപ്പുണ്ടായിരുന്നിട്ടും ബയ്അത്ത് ചെയതു. മാതാമഹൻ സഹാബിയായിരുന്നു.

ശഹീദ് മർഹൂം ബി.എ ബി എഡിനു ശേഷം ലാഹോറിൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതനായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 59 വയസ്സായിരുന്നു.


അദ്ദേഹം ഒരു മാതൃകാ പുരുഷനായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യം കാരണത്താൽ മുഹല്ലയിലെ ആരും തന്നെ എതിർക്കുന്നതിന് ധൈര്യം കാണിച്ചിരുന്നില്ല. ജമഅത്തിനോട് പ്രത്യേക അടുപ്പമായിരുന്നു. വിശാലഹൃദയനും അതിഥിസൽക്കാര പ്രിയനുമായിരുന്നു. ദരിദ്രരെ ധാരാളം സഹായിച്ചിരുന്നു. നമസ്കാര സെന്റർ സ്ഥാപിക്കുന്നതിൽ പ്രത്യേകമായി പ്രയത്നിച്ചിരുന്നു. നമസ്കാരങ്ങളും തഹജ്ജുദും കൃത്യമായി അനുഷ്ഠിച്ചിരുന്നു. ജമാഅത്തി പരിപാടികൾ സ്വയം സംഘടിപ്പിച്ചിരുന്നു. വർഷത്തിൽ ഒന്നോ രണ്ടോ തവണ ഭക്ഷണം പാകം ചെയ്ത് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുമായിരുന്നു. അഹ്മദിയ്യത്തിനോടുള്ള വികാരാവേശത്തിലും ആക്ഷേപങ്ങൾക്കുള്ള മറുപടി പറയുന്നതിലും അദ്ദേഹത്തിന് വേറിട്ട ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്. അദ്ധ്യാപകനായതിനാൽ മറ്റ് അദ്ധ്യാപകരുമായി ജമാഅത്ത് സംബന്ധമായ വിഷയങ്ങളിൽ ചർച്ചകൾ നടത്തുമായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തബ്ലീഗിന് ആഹ്വാനം നൽകിയപ്പോൾ അദ്ദേഹം അനഹ്മദികളുടെ അടുക്കൽ പോയി തബ്ലീഗ് ചെയ്യുമായിരുന്നു.

സംഭവദിവസം അദ്ദേഹത്തിന് സ്കൂളിൽ നിന്ന് അവധി ലഭിച്ചിരുന്നു. സ്വന്തം നാട്ടിലേക്ക് എത്താൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. എന്നാൽ ഇനി അവധികളാണ് വരുന്നത്. അതിനാൽ ഇവിടെ അവസാന ജുമുഅ നമസ്കരിച്ചിട്ട് പോകാം എന്ന് പറഞ്ഞാണ് പള്ളിയിലെത്തിയത്. പ്രധാന ഹാളിലായിരുന്ന അദ്ദേഹത്തിന് വെടിവെപ്പിൽ ഗുരുതരമായി പരിക്കേറ്റു. ഖസൂർ ജില്ലാ അമീർ സാഹിബിനും തുടർന്ന് മകനും ഫോൺ ചെയ്ത് സ്ഥിതി വിശേഷങ്ങൾ അറിയിച്ചു. ധാരാളം രക്തം വാർന്നുപോയതിനാൽ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹം ജമാഅത്തിനുവേണ്ടിയും അടുത്തബന്ധുക്കൾക്കു വേണ്ടിയും അനുകമ്പാഹൃദയനും സഹതാപമുള്ള വ്യക്തിയുമായിരുന്നു. തെറ്റ് മറ്റുള്ള വരുടേതാണെങ്കിൽ പോലും സ്വയം ചെന്ന് ക്ഷമ ചോദിക്കുമായിരുന്നു. പിന്നീട് മുമ്പത്തേക്കാൾ കൂടുതൽ അവരോട് അനുകമ്പ കാണിക്കുമായിരുന്നു. (ഖുത്വുബ ജുമുഅ 2.7.10)

**ഒരു സഹോദരി എഴുതുന്നു: എന്റെ ചെറിയ മോനും ജുമുആക്ക് പോയിരുന്നു. അല്ലാഹു അവനെ തന്റെ അനുഗ്രഹത്താൽ രക്ഷിച്ചു. മസ്ജിദിൽ രക്തം ചിന്തുകയായിരുന്നു. ഞങ്ങളുടെ അയൽക്കാർ ടി.വി കണ്ട് ഓടിവന്നു, അവർ കരുതിയത് ഞങ്ങൾ കരഞ്ഞ് വിലപിക്കുന്നുണ്ടെന്നായിരിക്കും. മസ്ജിദിന്റെ അടുത്തായിരുന്നു അവരുടെ വീട്. ഞാൻ അവരോട് പറഞ്ഞു, ഞങ്ങളുടെ കാര്യമൊക്കെ അല്ലാഹുവിന്റെ കൈയിലാണ്. ഞാനെന്തിനു മക്കളെക്കുറിച്ചു വേവലാതിപ്പെടണം. അവിടെ എല്ലാവരും ഞങ്ങളുടെ സ്വന്തക്കാരാണ്. എന്റെ മകൻ ശഹീദായാൽ അവൻ അല്ലാഹുവിന്റെ സംപ്രീതനാവും, രക്ഷപ്പെട്ടാൽ പടയാളിയുമാകും.**

**ഖുത്ബ**
**ഹ. ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) 4/6/10**



**അതീഖുർ റഹ്മാൻ സഫർ സാഹിബ്**

പിതാവ്; മുഹമ്മദ് ശഫീ സാഹിബ്. പത്നി; അസ്റാ അതീഖ് സാഹിബ.
മക്കൾ; സീശാൻ ഹൈദർ, ബിലാൽ അഹ്മദ്, സദഫ്, സമീറാ, ബുശ്റാ, സൽമാ, മർയം, കമൽ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

1988 ൽ ബയ്അത്ത് ചെയ്തു. കുറച്ച് കാലത്തിനു ശേഷം ഭാര്യയും ബയ്അത്ത് ചെയ്തു. കുറച്ച് കാലം ദുബായിലായിരുന്നു. 2009 ൽ തിരിച്ചുവന്നു. കഴിഞ്ഞ ആറുമാസമായി ലാഹോർ ജില്ലാ അമീർ സാഹിബിനോടൊപ്പം ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് 55 വയസ്സായിരുന്നു. ബൈഅത്തിന് മുമ്പ് അദ്ദേഹത്തിന്റെ മകൾ ഒരു സ്വപ്നം കാണുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) വീട്ടിൽ വരികയും റോസച്ചെടി നടുകയും ചെയ്യുന്നു. പിന്നീട് അവർ ആ ചെടിയെ പരിപാലിക്കുന്നു. അതിനു ശേഷമാണ് ബയ്അത്ത് ചെയ്തത്. ബയ്അത്തിനു ശേഷം വീട്ടുകാർ അവരെ വീട്ടിൽ നിന്നും പുറത്താക്കി. മറ്റ് ബന്ധുക്കളും സമീപവാസികളും അവരോട് മോശമായി പെരുമാറുകയും അസഭ്യം പറയുകയും കല്ലെറിയുകയും ചെയ്തു. അങ്ങിനെ അവർ മറ്റൊരു അഹ്മദി വീട്ടിൽ അഭയം തേടി.


സ്വപ്നത്തിലൂടെ അല്ലാഹു അവർക്ക് സാന്ത്വനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൾ സ്വപ്നത്തിൽ വീട്ടിലും മുറ്റത്തും ധാരാളം ആളുകൾ കൂടിയിരിക്കുന്നതായി കണ്ടു. മറ്റൊരു മകൾ സ്വപ്നത്തിൽ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) തങ്ങളുടെ തലയിൽ സ്നേഹത്തോടെ തലോടുന്നതായി കണ്ടു. മറ്റൊരു മകൾ സ്വപ്നത്തിൽ ഹ്ദറത്ത് മസീഹ് മൗഊദ് (അ) സമാശ്വസിപ്പിക്കുന്നതായി കണ്ടു.

സംഭവദിവസം അദ്ദേഹം പ്രധാന ഹാളിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിനടുത്ത് ഒരു ഗ്രാനേഡ് വന്നു പതിച്ചു. വീട്ടുകാരോട് ഫോണിൽ സ്ഥിതിവിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്ന അവസരത്തിൽ വെടിയേറ്റു ശഹീദാവുകയുണ്ടായി.

അദ്ദേഹത്തിന്റെ അനഹ്മദികളായ സഹോദരന്മാർ ജനാസ നാട്ടിൽ തന്നെ സംസ്കരിക്കണം എന്ന് പറഞ്ഞു. എന്നാൽ ഞങ്ങൾ അഹ്മദികളാണ്. മാത്രമല്ല, അദ്ദേഹം റബ്വയിലേക്ക് സ്ഥിരതാമസമാക്കാൻ ആഗ്രഹിച്ചിരുന്നു എന്നും പറഞ്ഞപ്പോൾ അവർ സമ്മതിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, വീട്ടുകാർ പറഞ്ഞത് അദ്ദേഹം എപ്പോഴും വുളുവിൽ കഴിഞ്ഞിരുന്നു എന്നാണ്. എപ്പോഴും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുമായിരുന്നു. പരിശ്രമശാലിയായിരുന്നു. തഹജ്ജുദ് നമസ്കാരശേഷം ഡ്യൂട്ടിക്കായി പോകുമായിരുന്നു. പിന്നീട് രാത്രിയാണ് വൈകിയാണ് മടങ്ങി വരിക. ക്ഷീണിക്കില്ലേ എന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി, ഞാൻ എപ്പോഴും സ്വലാത്ത് ചൊല്ലിക്കൊണ്ടിക്കുന്നു. അതുകാരണം ക്ഷീണം തോന്നാറില്ല എന്നാണ്. തബ്ലീഗിനുള്ള ഒരവസരവും കൈവിടില്ലായിരുന്നു. ബന്ധുക്കളിലും സുഹൃത്തുക്കളിലും ഇരുന്ന് സംസാരിക്കുമ്പോൾ സംഭാഷണം തബ്ലീഗിലേക്ക് കൊണ്ടുവരുമായിരുന്നു. ദുബായിയിൽ രണ്ടു കുടുംബത്തെ തബ്ലീഗ് ചെയ്ത് അഹ്മദികളാക്കിയിരുന്നു.

*(ഖുത്വുബ ജുമുഅ 2.7.10)*



**ഇഹ്സാൻ അഹ്മദ് ഖാൻ സാഹിബ്**

പിതാവ്; വസീം അഹ്മദ് ഖാൻ സാഹിബ്. പത്നി; ആസ്മ ഇഹ്സാൻ സാഹിബ.
മകൾ; ഹിബത്തുൽ വാരിസ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂം രണ്ടു വർഷമായി ശീസാൻ ഇന്റർനാഷനിൽ ജോലി ചെയ്യുകയായിരുന്നു. ലാഹോർ ജില്ലയിലെ ഭോമാൻ ജമാഅത്തിന്റെ സെക്രട്ടറി വഖ്ഫെ ജദീദായി സേവനമനുഷ്ഠിക്കുകയായിരുന്നു. ശഹാദത്ത് സമയത്ത് 26 വയസ്സായിരുന്നു.

ശഹാദത്തിന് ഒരു മാസം മുമ്പ് അദ്ദേഹത്തിന്റെ മാതാവ് ഒരു സ്വപ്നം കണ്ടിരുന്നു. തന്റെ മകൻ ശഹീദാവുകയും വീടിന്റെ മുറ്റത്ത് വെച്ച ജനാസയുടെ മുഖത്ത് തലോടുകയും ചെയ്തു കൊണ്ട് എന്താണ് സംഭവിച്ചതെന്ന് ചോദിക്കുന്നു. ശഹാദത്തിന് ശേഷം ജനാസ അതേ സ്ഥലത്തായിരുന്നു കൊണ്ടുവന്ന് വെച്ചത്. ചെറിയ സഹോദരനെ ജാമിഅയിൽ അയക്കുകയും എല്ലാ ചെലവും താൻ വഹിച്ചു കൊള്ളാം എന്ന് പിതാവിനോട് പറയുകയും ചെയ്തിരുന്നു. പെൺകുട്ടി ജനിച്ചപ്പോൾ അല്ലാഹു സ്വർഗത്തിന്റെ വാതിലുകൾ തുറന്നു തന്നിരിക്കുന്നു എന്നും കുട്ടിക്ക് നാലു വയസ്സാകുമ്പോൾ ഖുർആൻ ഹാഫിളയാക്കണമെന്നും ഭാര്യയോട് പറഞ്ഞിരുന്നു.

സംഭവദിവസം രാവിലെ കുളിച്ച് സുബ്ഹി നമസ്കരിച്ചു. ഖുർആൻ ഓതിയ ശേഷം ഓഫീസിലേക്ക് പുറപ്പെട്ടു. മകളെ ഉണർത്തി ചുംബിച്ചതിനു ശേഷമാണ് പുറപ്പെട്ടത്. സംഭവസമയത്ത് പള്ളി ആക്രമിച്ചിരിക്കുന്നു, ദുആ ചെയ്യുക എന്ന് വീട്ടിലേക്ക് ഫോൺ ചെയ്ത് പറഞ്ഞിരുന്നു. ഗ്രാനേഡിന്റെ സ്ഫോടനത്തിൽ പരിക്കേറ്റ അദ്ദേഹം ഉഗ്രവാദികൾ കൊല്ലപ്പെട്ടു എന്ന തെറ്റായ വാർത്ത കേട്ടപ്പോൾ പുറത്തേക്കിറങ്ങി. ആ സമയത്ത് വീണ്ടും ഗ്രാനേഡ് പൊട്ടിയപ്പോൾ ശഹീദായി. അദ്ദേഹത്തിന്റെ വീട്ടിൽ വെച്ച് പിതൃസഹോദരൻ നേതൃത്വം നൽകിയ ജനാസ നമസ്കാരത്തിൽ ചില അനഹ്മദികളും പങ്കെടുത്തിരുന്നു.


ഹദ്റത്ത് ഖലീഫത്തുൽ മസീദ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം വിശ്വസ്ഥനും സൽപ്രകൃതക്കാരനുമായിരുന്നു. മറ്റുള്ളവരോട് സഹാനുഭൂതിയോടും സ്നേഹത്തോടും വർത്തിച്ചിരുന്നു. മാതാപിതാക്കളെ സേവിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ എളാപ്പ എന്നോട് പറഞ്ഞത്, ജോലിയിൽ നിന്നും മടങ്ങി വന്നാൽ ആദ്യം മാതാപിതാക്കൾക്ക് സലാം പറയും. എന്നിട്ടാണ് ഭാര്യാമക്കളുടെ അടുത്തേക്ക് പോകാറുള്ളത്. ദിവസവും രാത്രി പിതാവിന്റെ കാല് തടവിക്കൊടുത്ത ശേഷമാണ് ഉറങ്ങാറുണ്ടായിരുന്നത്. മാതാപിതാക്കൾക്ക് നല്ലപോലെ സേവനം ചെയ്തിരുന്നു. വിവാഹം കഴിഞ്ഞിട്ട് ഒന്നര വർഷമായി. നാലു മാസം പ്രായമായ ഒരു പെൺകുട്ടിയുണ്ട്. വഖ്ഫെ നൗവിൽ അംഗമാണ്. അല്ലാഹു പദവികൾ ഉയത്തുമാറാകട്ടെ.

*(ഖുത്വുബ ജുമുഅ 9.7.10)*

**ഹദ്റത് അഹ്മദ് (അ) പറയുന്നു:**

**ചെറിയ സേവനം ചെയ്യുന്ന ആളും കരുതുന്നത് താൻ വലിയ എന്തോ കർമം ചെയ്തിരിക്കുന്നുവെന്നാണ്. എന്നോട് ഔദാര്യം ചെയ്തുവെന്ന് ധരിക്കുകയും ചെയ്യും. യഥാർഥത്തിൽ സേവനത്തിനു അവസരം കൊടുത്തുകൊണ്ട് അല്ലാഹു അയാൾക്കു മേൽ ഔദാര്യം ചെയ്തിരിക്കുകയാണ്. ചിലർ പൂർണ കഴിവോടും സത്യസന്ധതയോടും കൂടി ഇക്കാര്യത്തിലേക്ക് വരുന്നില്ല. വിശ്വാസസ്ഥൈര്യത്തിന്റേയും പരമമായ കൂറിന്റേയും വിശുദ്ധിയുടേയും വാദങ്ങൾ ഉന്നയിക്കുന്നുവെങ്കിലും അതിൽ അവസാനം വരെ നിലനിൽക്കുന്നതല്ല. ദീനിനെ ഭൗതികതക്കു വേണ്ടി നഷ്ടപ്പെടുത്തുന്നതാണ്. ഏതെങ്കിലും ചെറിയ പരീക്ഷണം കൂടി അവർക്ക് സഹിക്കാൻ കഴിയുന്നില്ല. ദൈവിക പ്രസ്ഥാനത്തിൽ ചേർന്നിട്ടും അവരുടെ ഭൗതിക ഭ്രമം കുറയുന്നുമില്ല.**

**(തദ്കിറത്തുശ്ശഹാദത്തൈൻ)**




**വസീം അഹ്മദ് സാഹിബ്**

പിതാവ്; അബ്ദുൽ ഖുദ്ദൂസ് സാഹിബ്. പത്നി; റീബിഅ വസീം സാഹിബ.
മകൻ; ഇർഫാൻ അഹ്മദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബി വംശത്തിലെ അംഗമായിരുന്നു. സിയാൽകോട്ട് നിന്നും എഫ്.എസ്.സി ചെയ്തതിനു ശേഷം ലാഹോറിലെ യൂണിവേഴ്സിറ്റി ഓഫ് പഞ്ചാബിൽ നിന്നും സയൻസിൽ ബി.എസ്.സി ക്ക് സെലക്ഷൻ ലഭിച്ചു. പിന്നീട് അതേ യൂണിവേഴ്സിറ്റിയിൽ നിന്ന് കംമ്പ്യൂട്ടർ സയൻസിൽ എം.എസ്.സി ചെയതു. ശഹാദത്തിന് മുമ്പ് ഒരു സോഫ്റ്റ്വെയർ കമ്പനിയിൽ മാനേജറായി ജോലി ചെയ്യുകയായിരുന്നു. ഇഖ്ബാൽ ടൗണിലെ മജ്‌ലിസെ ആമിലയിൽ നാസിം അത്ഫാലായി സേവനമനുഷ്ഠിക്കുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 38 വയസ്സായിരുന്നു. വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു.

ശുദ്ധപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. എല്ലാ നിർദേശങ്ങളും വളരെ ശ്രദ്ധിച്ച് കേൾക്കുകയും പിന്നീട് അത് പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. നാസിം അത്ഫാലായിരുന്ന അദ്ദേഹം മറ്റ് കുട്ടികളെ പരിപാടികളിൽ പങ്കെടുപ്പിക്കുവാനായി സ്വന്തം വണ്ടിയിൽ കൊണ്ടു വരികയും തിരിച്ച് ആക്കുകയും ചെയ്തിരുന്നു. തിരക്കിനിടയിലും പരിപാടികൾ എല്ലാം കൃത്യമയി നടത്തുന്നതിന് സമയം കണ്ടെത്തിയിരുന്നു. ബലഹീനരായ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. വളരെയധികം ആത്മാർത്ഥതയോടും പരിശ്രമത്തോടും കൂടി ജമാഅത്തിനെ സേവിക്കുമായിരുന്നു. ശമ്പളം കിട്ടിയാൽ ആദ്യം തന്നെ ശർഹ് അനുസരിച്ചുള്ള ചന്ദ നൽകുമായിരുന്നു. കൂടാതെ മറ്റ് സാമ്പത്തിക പദ്ധതികളിലും പങ്കെടുക്കുമായിരുന്നു. തനിക്കുവേണ്ടി ഒരിക്കലും അനാവശ്യമായി പണം ചെലവഴിച്ചിരുന്നില്ല. സൗമ്യപ്രകൃതക്കാരനായിരുന്നു. എപ്പോഴും പുഞ്ചിരിച്ചു കൊണ്ടിരിക്കുന്ന പ്രകൃതമായിരുന്നു. മാതാപിതാക്കളേയും മക്കളേയും ഭാര്യയേയും സഹോദരസഹോദരിമാരേയും നല്ലപോലെ ശ്രദ്ധിച്ചിരുന്നു. ഓഫീസിൽ തന്റെ ജൂനിയറോടു പോലും കഠിനമായ ഭാഷയിൽ സംസാരിച്ചിട്ടില്ല. അക്കാരണത്താൽ തന്നെ ഓഫീസിലെ സ്റ്റാഫുകൾ ആശുപത്രിയിലും തുടർന്ന് ഖബറടക്കം ചെയ്യുന്നതിലും വേണ്ട സഹായസഹകരണങ്ങൾക്കായി വന്നിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ഓഫീസിലാണെങ്കിലും സമയമായാൽ നമസ്കാരം അനുഷ്ഠിക്കുമായിരുന്നു. വളരെയധികം ശ്രദ്ധയോടു കൂടി പരിപൂർണ്ണമായും അതിൽ ലയിച്ച നിലയിലായിരുന്നു അദ്ദേഹത്തിന്റെ നമസ്കാരം. അത്യന്തം ഉപകാരിയും ബുദ്ധിമാനും പരിശ്രമശാലിയുമായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിൽ ഓഫിസിലുള്ളവർ അദ്ദേഹത്തിന്റെ അനുസ്മരണാർത്ഥം രണ്ടു മണിക്കൂർ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു.

സംഭവദിവസം അദ്ദേഹം ഓഫീസിൽ നിന്ന് നേരെ പള്ളിയിലെത്തി. പ്രധാന ഹാളിലെ ഒന്നാമത്തെ സ്വഫിൽ തന്നെയായിരുന്നു പതിവനുസരിച്ച് അദ്ദേഹം ഇരുന്നത്. ഉഗ്രവാദികൾ വെടിവെപ്പ് ആരംഭിച്ചപ്പോൾ അമീർ സാഹിബിന്റെ കല്പനയിൽ അവിടെ തന്നെ ഇരുന്നു. മറ്റുള്ളവർ ജീവൻ രക്ഷിക്കുന്നതിനായി പുറകിലെ ഗേറ്റിലൂടെ പുറത്തേക്ക് പോകുകയായിരുന്നപ്പോൾ അദ്ദേഹത്തോടും പുറത്ത് കടക്കാൻ പറഞ്ഞു. അപ്പോൾ മറ്റുള്ളവർ ആദ്യം പോകട്ടെ അതുകഴിഞ്ഞ് ഞാൻ പൊയ്ക്കൊള്ളാം എന്ന് പറഞ്ഞു. ആ സമയത്ത് അദ്ദേഹത്തിന് വെടിയേൽക്കുകയും ശഹീദാവുകയും ചെയ്തു. എട്ട് വെടിയുണ്ടകൾ വയറ്റിലും ഒന്ന് കാൽ മുട്ടിനുമാണ് ഏറ്റത്.



**മഹ്മൂദ് അഹ്മദ് സാഹിബ്**
പിതാവ്; മുജീബ് അഹ്മദ് സാഹിബ്.
പത്നി; ഹമീദ ബേഗം സാഹിബ.
മക്കൾ; അനസ് മഹ്മൂദ്, വലീദ് അഹ്മദ്, ഫാഇസ മഹ്മൂദ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ഖാദിയന്റെ സമീപവാസികളായിരുന്ന ഇവർ വിഭജന സമയത്ത് പാക്കിസ്ഥാനിലേക്ക് ഹിജ്റത്ത് ചെയ്തു. 15 വർഷങ്ങളായി ശഹീദ് മർഹൂം ദാറുദ്ദിക്റിൽ സുരക്ഷാ ഗാർഡായി സേവനമനുഷ്ഠിക്കുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 53 വയസ്സായിരുന്നു.
ഒരിക്കൽ യൂണിഫോം ധരിച്ച് വളരെ അഭിമാനത്തോടെ നടന്നു നീങ്ങുന്ന അദ്ദേഹത്തോട് ചോദിച്ചു, എന്തിനാണ് ഇങ്ങിനെ നടക്കുന്നത്? പറഞ്ഞു, മോശമായ ഉദ്ദേശ്യവുമായി ആരെങ്കിലും വന്നാൽ അവർക്ക് എന്റെ ശവത്തിലൂടെ കടന്നുപോകേണ്ടി വരും. ഒരിക്കൽ അദ്ദേഹം തന്റെ അഭിലാഷം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, എനിക്ക് ഇനി മക്കളുണ്ടാകുകയാണെങ്കിൽ വഖ്ഫെ നൗവിൽ സമർപ്പിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കുകയും മൂത്ത മകന്റെ ജനനത്തിന് 11 വർഷങ്ങൾക്കുശേഷം രണ്ടാമത്തെ മകനെ നൽകുകയും ചെയ്തു. വഖ്ഫെ നൗവിൽ അംഗമാണ്. വീട്ടുകാർക്കു വേണ്ടിയും അല്പം സമയം നൽകിക്കൂടെ എന്ന് ഒരിക്കൽ ഭാര്യ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, വീട്ടുകാർക്കു വേണ്ടിയും സമയമുണ്ട് എന്നാൽ എന്റെ സമയത്തിൽ ആദ്യ അവകാശം ജമാഅത്തിനാണ്. ജുമുഅ ദിവസം തിരക്ക് കാരണം വീട്ടിലേക്ക് ഫോൺ ചെയ്യാറില്ല. എന്നാൽ സംഭവദിവസം വീട്ടിലേക്ക് ഫോൺ ചെയ്തിരുന്നു. കാരണം ചോദിച്ചപ്പോൾ അങ്ങിനെ തോന്നി. അതുകൊണ്ട് ഫോൺ ചെയ്തു എന്നാണ് പറഞ്ഞത്. ശമ്പളം കിട്ടുമ്പോഴെല്ലാം ആദ്യം തന്നെ ചന്ദ നൽകിയിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. എല്ലാ പരിപാടികളിലും, എല്ലാ കാര്യങ്ങളിലും, എല്ലാ സാമ്പത്തിക ത്യാഗങ്ങളിലും ഏറ്റവും മുൻപന്തിയിലായിരുന്നു. ചന്ദയും സദഖയും നൽകിയിട്ടായിരുന്നു പള്ളിയിൽ പോകാറുണ്ടായിരുന്നത്.
സംഭവദിവസം പ്രധാന ഗേറ്റിലായിരുന്നു ഡ്യൂട്ടി. സംഭവസമയത്ത് ഒരു ഉഗ്രവാദിയെ പിടികൂടുന്നതിനായി ശ്രമിച്ചു. അതിനിടയിൽ അദ്ദേഹത്തിന് നേരെ നിറയൊഴിച്ചു. രണ്ട് വെടിയുണ്ട നെഞ്ചിലും ഒന്ന് അടിവയറ്റിലും മറ്റൊന്ന് കാലിലും കൊണ്ടു. സംഭവസ്ഥലത്ത് തന്നെ ശഹീദായി.
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, വളരെ നല്ല വ്യക്തിത്വത്തിനുടമയായിരുന്നു. ആരോടും ഒരിക്കലും കലഹിച്ചിട്ടില്ല. സരളസ്വഭാവിയും ശാന്തിപ്രിയനുമായിരുന്നു.

*(ഖുത്വുബ ജുമുഅ 2.7.10)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അദ്ദേഹത്തിന്റെ ഭാര്യ പറയുന്നത് അദ്ദേഹം തന്റെ മാതാപിതാക്കളെ പരിപൂർണ്ണമായും അനുസരിച്ചിരുന്നു. എല്ലാവരോടും സ്നേഹത്തോടും ബഹുമാനത്തോടുമായിരുന്നു പെരുമാറിയിരുന്നത്. മാതാപിതാക്കളോട് ഒരിക്കലും ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. ജമാഅത്തിനെ അതിരറ്റ് സേവിക്കുമായിരുന്നു. ലാഹോർ ജമാഅത്തിന് ചന്ദയുടെ കണക്കുകൾ സൂക്ഷിക്കുന്നതിനായുള്ള സോഫ്റ്റ്വെയർ തയ്യാറാക്കി നൽകിയിരുന്നു.നാസിം അത്ഫാലായി സേവനമനുഷ്ഠിക്കുകയായിരുന്നു. കുട്ടികളോട് നല്ല സ്നേഹത്തിലും അനുകമ്പയിലുമായിരുന്നു...... വസീം സാഹിബിന് ശഹീദാകുന്നതിനുള്ള അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും അത്തരം സമയം വരുകയാണെങ്കിൽ എന്റെ നെഞ്ച് ഏറ്റവും മുന്നിലായിരിക്കും.

*(ഖുത്വുബ ജുമുഅ 9.7.10)*



**മുനവ്വർ അഹമദ് ഖൈസർ സാഹിബ്**
പിതാവ്; മിയാൻ അബ്ദുർ റഹ്മാൻ സാഹിബ്.
പത്നി; ശാഹിദ മുനവ്വർ സാഹിബ.
മക്കൾ; അബ്ദുൽ വദൂദ്, അബ്ദുൽ ഹയ്യ്, അസദുല്ലാഹ്, മുസ്തൻസർ, ഫാഇസ ഇഹ്സാൻ, തഹ്മീന മുനവ്വർ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹനും മറ്റ് ബന്ധുക്കളും ഖിലാഫത്ത് സാനിയായുടെ കാലത്താണ് ബയ്അത്ത് ചെയ്തത്. ശഹീദ് മർഹും ഫോട്ടോഗ്രാഫറായിരുന്നു. കഴിഞ്ഞ ഇരുപതു വർഷത്തോളമായി ദാറുദ്ദിക്റിന്റെ പ്രധാന ഗേറ്റിൽ ഡ്യൂട്ടി നൽകി വരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 57 വയസ്സായിരുന്നു. പ്രധാന ഗേറ്റിൽ ഡ്യൂട്ടി നൽകുമ്പോൾ പലപ്പോഴും പറയുമായിരുന്നു, ആരെങ്കിലും ആക്രമിച്ചാൽ എന്റെ ശവത്തിലൂടെ കടന്നു കൊണ്ടു മാത്രമേ അകത്തുകടക്കാൻ സാധിക്കുകയുള്ളു.

കടയിൽ ഒഴിവുള്ള സമയത്തെല്ലാം കമ്പ്യൂട്ടറിൽ എം.ടി.എ കാണുമായിരുന്നു. കടയുടെ അടുത്തുള്ള കോളേജിൽ നിന്ന് ധാരാളം കുട്ടികൾ ഫോട്ടോസ്റ്റാറ്റിനായി വരുമായിരുന്നു. അവരിൽ നിന്ന് വാങ്ങുന്ന പൈസ ഒരിക്കലും എണ്ണില്ലായിരുന്നു. കാരണം ചോദിച്ചപ്പോൾ പറഞ്ഞു, ചിലപ്പോൾ അവരുടെ കയ്യിൽ മുഴുവനും പൈസയുണ്ടായിരിക്കില്ല. ചില സമയത്ത് എതിരാളികൾ അദ്ദേഹത്തിന്റെ കടയുടെ മുന്നിൽ എതിർപ്പിന്റെ പോസ്റ്റർ ഒട്ടിക്കുമായിരുന്നു. എന്നാൽ അദ്ദേഹം അവരുമായി കലഹത്തിനു പോകാതെ അവർ പോയിക്കഴിയുമ്പോൾ അത് കീറിക്കളയുമായിരുന്നു. ആരെങ്കിലും എന്തെങ്കിലും ചെയ്താൽ നിശബ്ദനായി മടങ്ങി വരണം തിരിച്ച് ചെയ്താൽ നീ നിന്റെ കാര്യം സ്വയം തീർത്തു എന്നും,. അല്ലാഹുവിന് സമർപ്പിക്കുകയാണെങ്കിൽ അവൻ തീർച്ചയായും പ്രതികാരം ചോദിക്കുന്നതാണ് എന്നും മകനെ താക്കീത് ചെയ്തിരുന്നു. ഹുസൂറിന്റെ ഖുത്വുബ ജുമുഅ സ്ഥിരമായി കാണുമായിരുന്നു. ജമാഅത്തി സേവനങ്ങളിൽ മുൻ പന്തിയിലായിരുന്നു. ഗേറ്റിൽ ഡ്യൂട്ടി കൂടാതെ ഖാദിയാൻ ജൽസയ്ക്കുള്ള പരിപാടികളിലും സജീവമായിരുന്നു. അറിയപ്പെടുന്ന ഒരു സാമൂഹിക സേവകൻ കൂടിയായിരുന്നു അദ്ദേഹം.

സംഭവദിവസം ജുമുഅക്ക് വേണ്ടി ഭാര്യ സ്വർണ്ണ നിറത്തിലുള്ള വസ്ത്രം ഇസ്തിരി ഇട്ട് അദ്ദേഹത്തിന് നൽകി. എന്നിട്ട് ഇന്ന് താങ്കൾ മണവാളന്റെ വസ്ത്രത്തിലാണെന്ന് പറയുകയും ചെയ്തു. ഏകദേശം 11 മണിയോടെ ഡ്യൂട്ടിക്കായി എത്തി. മുന്നിലെ വരിയിലാണ് നിന്നത്. 1.40 ന് ഉഗ്രവാദികൾ വന്ന ഉടനെ വെടിവെപ്പാരംഭിച്ചു. ഒരാളെ അദ്ദേഹം ബലമായി പിടിച്ചുകൊണ്ടിരുന്നപ്പോൾ മറ്റേ ആൾ വെടിയുതിർത്തു. അദ്ദേഹം അവിടെ തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ധാരാളം സൽഗുണങ്ങളുടെ ഉടമസ്തനായിരുന്നു. നല്ല ഉത്തരവാദിത്വ ബോധമുള്ള വ്യക്തിയായിരുന്നു. ആരോടും ഒരിക്കലും പരാതിപ്പെട്ടിട്ടില്ല. നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിച്ചിരുന്നു.

*(ജുമുഅ ഖുത്വുബ 9.7.10)*





**മഹ്മൂദ് അഹ്മദ് ശാദ് സാഹിബ്**
പിതാവ്; ചൗധരി ഗുലാം അഹ്മദ് സാഹിബ്.
പത്നി; അമത്തുൽ മന്നാൻ സാഹിബ.
മക്കൾ; സഊദ് അഹ്മദ്, നവീദ് അഹ്മദ്.
**ശഹാദത്ത്:**
**ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ.**

അദ്ദേഹത്തിന്റെ പിതാമഹനാണ് ആദ്യമായി ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. അദ്ദേഹത്തിന്റെ പിതാവ് വിരോധിയായിരുന്നെങ്കിലും പിന്നീട് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ശഹീദ് മർഹൂം ജന്മനാ വഖ്ഫായിരുന്നു. 1986 ൽ ജാമിഅ നിന്നും പാസായി. കൂടാതെ മുഹല്ലയിൽ വിവിധ പദവികളിൽ സേവനം ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്. അതിനു പുറമേ ഖാലിദ് മാസികയുടെ അസിസ്റ്റന്റ് എഡിറ്ററുമായിരുന്നു. പാക്കിസ്ഥാന്റെ വിവിധ സ്ഥലങ്ങളിൽ മുറബ്ബിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ 11 വർഷത്തോളം തൻസാനിയായിൽ മുറബ്ബിയായി പ്രവർത്തിച്ചിട്ടുണ്ട്. ഏകദേശം മൂന്ന് മാസം മുമ്പാണ് ബയ്ത്തുന്നൂർ മോഡൽ ടൗണിൽ നിയമനം ലഭിച്ചത്. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 48 വയസ്സായിരുന്നു. തലേ ദിവസം രാത്രി എം.ടി.എയിൽ ഖിലാഫത്തിന്റെ പ്രതിജ്ഞ കേട്ടപ്പോൾ എഴുന്നേറ്റ് നിന്ന് ഉച്ചത്തിൽ അത് ഏറ്റു പറഞ്ഞു. അദ്ദേഹം അസാമാന്യ ധൈര്യശാലിയായിരുന്നു. ജമാഅത്തിനെതിരിൽ ഓർഡിനൻസ് വന്ന കാലത്ത് യാത്രയിൽ കലിമയുടെ ബാഡ്ജ് വസ്ത്രത്തിൽ കുത്തിവെച്ചിരുന്നു. പോലീസുകാരെ കാണുമ്പോൾ പ്രത്യേകിച്ച് സലാം പറയുമായിരുന്നു. അല്ലാഹുവിൽ പൂർണ്ണമായും തവക്കൽ ചെയ്തിരുന്നു. തൻസാനിയായിൽ ഡ്യൂട്ടിചെയ്തിരുന്ന സ്ഥലത്തും എതിർപ്പിനെ നേരിട്ടിരുന്നു. അല്ലാഹുവിന്റെ സഹായങ്ങളും ദൃഷ്ടാന്തങ്ങളും വെളിപ്പെട്ടിരുന്നു.


മോഡൽ ടൗണിൽ ഡ്യൂട്ടിയിൽ എത്തി കുറച്ചു കാലത്തിനു ശേഷം ഭീഷണികൾ നിറഞ്ഞ ഫോണുകൾ വരാൻ തുടങ്ങി. എന്നിൽ നിന്നും ഖുർബാനി ആവശ്യമെങ്കിൽ ഞാൻ തയ്യാറാണെന്ന് അദ്ദേഹം ദുആ ചെയ്തിരുന്നു. അവധിയെടുത്ത് റബ്വയിൽ വരുന്നതിനായി സഹോദരിമാർ ക്ഷണിച്ചപ്പോൾ മറ്റ് അഹ്മദികൾ ഖുർബാനികൾ ചെയ്യുമ്പോൾ ഞാനെന്തിന് മാറി നിൽക്കണം എന്നദ്ദേഹം ചോദിച്ചു. ചിലപ്പോൾ അവസ്ഥയിൽ നീറി കരയുന്ന ഭാര്യയോട് അദ്ദേഹം പറയും ശഹീദിന്റെ കുടുംബത്തെ അല്ലാഹു പാഴാക്കില്ല.

തബ്ലീഗിന് നല്ല ആവേശമായിരുന്നു. അനഹ്മദികളായ കുടുംബക്കാരെ അവസാന ശ്വാസം വരെ തബ്ലീഗ് ചെയ്തിരുന്നു. എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുകയും വലിയ വലിയ ബുദ്ധിമുട്ടുകൾ പ്രസന്നവദനായി തരണം ചെയ്യുമായിരുന്നു.

സംഭവദിവസം പുതിയ വസ്ത്രം ധരിച്ച് പുതിയ റുമാലെടുത്ത് രണ്ടു റകഅത്ത് നഫൽ നമസ്കരിച്ചതിനു ശേഷമായിരുന്നു ജുമുആയ്ക്കായി പുറപ്പെട്ടത്. അക്രമണമുണ്ടായപ്പോൾ അദ്ദേഹം നിരന്തരമായി ആളുകളെ ദുആയിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. സ്വയം അദ്ദേഹവും സ്വലാത്ത് ചൊല്ലിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നെഞ്ചിൽ രണ്ട് വെടിയുണ്ട തറച്ചു. അത് കാരണം അദ്ദേഹം ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, മുറബ്ബിസാഹിബ് മൃദുലമനസ്കനും സൽപ്രകൃതക്കാരനുമായിരുന്നു. എല്ലാവരോടും സൗഹൃദവും സ്നേഹബന്ധവും സ്ഥാപിക്കുമായിരുന്നു. കുടുംബങ്ങളെ കുറിച്ചുള്ള നല്ല അറിവുണ്ടായിരുന്നു. അങ്ങിനെ ആളുകളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുമായിരുന്നു. ജുമുഅ ഖുത്വുബകളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണികളും കവിതകളും ധാരാളമായി ഉപയോഗിച്ചിരുന്നു. ശത്രുക്കളുടെ പരാജയത്തെ കുറിച്ചും ജമാഅത്തിന്റെ വിജയത്തെകുറിച്ചും ദൃഢവിശ്വാസമായിരുന്നു. അത് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുമായിരുന്നു........ ഖിലാഫത്തിന്റേയും ജമാഅത്തിന്റേയും വ്യവസ്ഥിതിയുടേയും പവിത്രതയെ കാത്തു സൂക്ഷിക്കുന്നതിനുള്ള ഊരിപ്പിടിച്ച വാളായിരുന്നു. ഖിലാഫത്തിനും ജമാഅത്തിനും എതിരേയുള്ള നിസാര സംസാരം പോലും ഉണ്ടായാൽ ഉടനെ അവരുടെ വായടിപ്പിക്കുകയും അവരുടെ തെറ്റ് അവർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുമായിരുന്നു.

*(ഖുത്വുബ ജുമുഅ 9.7.10).*




**ഹസൻ ഖുർശീദ് അവാൻ സാഹിബ്**
പിതാവ്; മലക് ഖുർശീദ് അവാൻ സാഹിബ്.
മാതാവ്; സൗഫിയ ബേഗം സാഹിബ.
അവിവാഹിതൻ
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

അദ്ദേഹത്തിന്റെ പിതാവും പിതാമഹനും ജന്മനാ അഹ്മദികളായി രുന്നുവെങ്കിലും കുറച്ച് കാലം മുമ്പ് കുടുബത്തിലെ മറ്റുള്ളവർ ബലഹീനത പ്രകടിപ്പിച്ചുകൊണ്ട് പുറത്തുപോയി. എന്നാൽ ശഹീദ് മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശഹാദത്ത് വരെ ജമാഅത്തിൽ ഉറച്ചു നിന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 24 വയസ്സായിരുന്നു. സംഭവ സമയത്ത് അദ്ദേഹം വീട്ടിലേക്ക് ഫോൺ ചെയ്ത് വെടിവെപ്പ് നടക്കുകയാണെന്നും ദുആ ചെയ്യണമെന്നും പറഞ്ഞു. അതിനിടയിൽ വെടിയേൽക്കുകയും ശഹീദാവുകയും ചെയ്തു.

അദ്ദേഹത്തിന്റെ കുടുംബത്തിലുള്ള മറ്റ് അനഹ്മദികൾ, അഹ്മദികൾ ആരും തന്നെ ജനാസയിൽ പങ്കെടുക്കരുതെന്നും അങ്ങിനെ സംഭവിക്കുകയാണെങ്കിൽ കുഴപ്പമാകുമെന്നും അദ്ദേഹത്തിന്റെ മാതാപിതാക്കളോട് പറഞ്ഞു. അക്കാരണത്താൽ അഹ്മദികൾക്കാർക്കും തന്നെ ജനസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അവർ സ്വയം നമസ്കരിച്ച് അവിടെ തന്നെ അടക്കം ചെയ്തു. പിന്നീട് ശഹീദിന്റെ വിവരങ്ങൾ ശേഖരിക്കാൻ ചെന്നവരോട് അദ്ദേഹത്തിന്റെ മാതാപിതാക്കൾ സഹകരിച്ചില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അല്ലാഹു ശഹീദിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഈ ത്യാഗം അദ്ദേഹത്തിന്റെ വീട്ടുകാർക്ക് കണ്ണുതുറക്കുന്നതിന് കാരണമാകട്ടെ.

*(ഖുത്വുബ ജുമുഅ 9.7.10)*



**മലക് വസീം അഹ്മദ് സാഹിബ്**
പിതാവ്; മുഹമ്മദ് അശ്റഫ് സാഹിബ്. പത്നി; കൗസർ പർവീൺ സാഹിബ.
മക്കൾ; വലീദ് അഹ്മദ്, മുസർറത്ത് ശാഹീൻ.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**


പത്താം ക്ലാസ്സ് വിദ്യാഭ്യാസത്തിന് ശേഷം സൈന്യത്തിൽ ലാൻസ് നായിക് ആയി ജോലി തുടങ്ങി. സൈന്യത്തിൽ നിന്നും വിരമിച്ച ശേഷം ഇസ്ലാമാബാദിൽ ഒരു സെക്യൂരിറ്റി ഗാർഡ് കമ്പനിയിൽ ജോലി തുടങ്ങി. 2009 ൽ ദാറുദ്ദിക്റിൽ സുരക്ഷാ ഗാർഡായി ജോലി തുടങ്ങി. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 54 വയസ്സായിരുന്നു. അദ്ദേഹം രണ്ടു വിവാഹം കഴിച്ചിട്ടുണ്ട്. ഒന്നാം ഭാര്യ വഫാത്തായപ്പോഴാണ് രണ്ടാം വിവാഹം കഴിച്ചത്.

അദ്ദേഹം വളരെ നല്ല വ്യക്തിയായിരുന്നു. സമൂഹത്തിൽ നല്ല സ്ഥാനമായിരുന്നു. എല്ലാവരുമായും നല്ല ബന്ധമായിരുന്നു. എല്ലാ ബന്ധത്തിന്റെ അടിസ്ഥാനത്തിലും നല്ല വ്യക്തിയായിരുന്നു. പ്രത്യേകിച്ച് അനാഥ കുട്ടികളോട് നല്ല നിലയിൽ പെരുമാറുമായിരുന്നു. ജമാഅത്തിന്റെ സേവനങ്ങളിൽ മുൻപന്തിയിലായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് നല്ല ശ്രദ്ധയായിരുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് പഴകിയ യൂണിഫോമിനു പകരം പുതിയത് ലഭിച്ചാൽ നന്നായിരുന്നു എന്ന് ഹൽഖയുടെ സദറിനോട് പറഞ്ഞിരുന്നു. അതനുസരിച്ച് പുതിയ യൂണിഫോം അദ്ദേഹത്തിന് ലഭിച്ചു. ശഹാദത്ത് ദിവസം ആ പുതിയ ഡ്രസ്സ് ധരിക്കുകയും അതേ വസ്ത്രത്തിൽ ശഹീദാകുകയും ചെയ്തു.

സംഭവദിവസം അദ്ദേഹം പ്രധാന ഗേറ്റിൽ ഡ്യൂട്ടിയിലായിരുന്നു. അക്രമികൾ ദൂരെ നിന്നു തന്നെ വെടിവെപ്പാരംഭിച്ചു. അങ്ങിനെ ആക്രമണത്തിന്റെ ആരംഭത്തിൽ തന്നെ ശഹീദായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. എല്ലാ സൽപ്രവർത്തികളിലും മുൻപന്തിയിലുണ്ടാകുമായിരുന്നു.

*(ഖുത്വുബ ജുമുഅ 9.7.10)*



**മുഹമ്മദ് ഹുസൈൻ സാഹിബ്**
പിതാവ്; നിസാം ദീൻ സാഹിബ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**

ഭൗതീക വിദ്യാഭ്യാസം കരസ്ഥമാക്കിയിട്ടില്ലാത്ത അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ പഠിച്ചിട്ടുണ്ട്. കുടുംബത്തിൽ അദ്ദേഹവും ഒരു സഹോദരിയും മാത്രമേ അഹ്മദിയായുള്ളു. കുറച്ച് കാലം എം.ഇ.എസ് ലേബർ സൂപ്പർവൈസറായി ജോലി ചെയ്തു. മരപ്പണിയും അറിയാം. ജോലിക്ക് ശേഷം ഫർണീച്ചറിന്റെ കടയും നടത്തിയിരുന്നു. ഫുർഖാൻ ഫോർസിൽ അംഗമായിരുന്നു. ശഹാദത്ത് സമയത്ത് 80 വയസ്സായിരുന്നു പ്രായം. ജുമുഅയ്ക്ക് മുമ്പ് സദഖ നൽകുന്നത് പതിവായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിച്ചിരുന്നു. സാമ്പത്തിക സ്ഥിതി മെച്ചമല്ലാതിരുന്നിട്ട് കൂടി ഉള്ളതിൽ നിന്ന് മിച്ചം വെച്ച് ദരിദ്രരേയും ആവശ്യക്കാരേയും സഹായിച്ചിരുന്നു. ജമാഅത്തുമായി വളരെ സുദൃഢമായ ബന്ധമാണുണ്ടായിരുന്നത്.

പ്രായാധിക്യത്താൽ ദിവസമേതാണെന്ന് ഓർമയുണ്ടാകാറില്ലായിരുന്നു. അനഹ്മദികളായ വീട്ടുകാൻ ഓർമിപ്പിക്കുകയും ഇല്ലായിരുന്നു. എന്നാൽ അദ്ദേഹം ഒരു ഫഖീറിനെ അയടാളമായി കണ്ടുവെച്ചിരുന്നു. കാരണം ആ ഫഖീർ എല്ലാ ജുമുആയ്ക്കും വരുമായിരുന്നു. ഒരിക്കൽ മറന്നു പോയ അദ്ദേഹത്തെ മകൾ ഓർമപ്പെടുത്തിയപ്പോൾ ഉടൻ തന്നെ ഭക്ഷണം ഒന്നും കഴിക്കാതെ പുറപ്പെട്ടു. രാത്രിയിൽ അധിക സമയവും നമസ്കാരത്തിൽ കഴിച്ചു കൂട്ടുമായിരുന്നു. താൻ നബി (സ) യുടെ വീട്ടുകാരെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട് എന്ന് അദ്ദേഹം മക്കളോട് പറഞ്ഞിട്ടുണ്ട്. മുഹർറം 10 ന് അദ്ദേഹം വ്രതമനുഷ്ഠിക്കുമായിരുന്നു.

സംഭവദിവസം പ്രധാന ഹാളിലായിരുന്നു അദ്ദേഹം. ശരീരത്തിന്റെ വലതു ഭാഗം മുഴുവനായും കത്തിക്കരിഞ്ഞിരുന്നു. വയറിലും ഗുരുതരക്ഷത മേറ്റിരുന്നു. ഗ്രാനേഡിന്റെ സ്ഫോടനത്താലാണ് ശഹാദത്ത് സംഭവിച്ചത്. ആശുപത്രിയിൽ നിന്ന് ജനാസ ഏറ്റ് വാങ്ങി അദ്ദേഹത്തിന്റെ വീട്ടുകാർ ജനാസനമസ്കാരവും ഖബറടക്കവും നടത്തി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും യഥാർത്ഥ ദീനായ അഹ്മദിയ്യത്തിനെ തിരിച്ചറിയുന്നതിനുള്ള തൗഫീഖ് നൽകട്ടെ.

(ഖുത്വുബ ജുമുഅ 9.7.10)



**നദീർ അഹ്മദ് സാഹിബ്**
പിതാവ്; മിസ്ത്രി മുഹമ്മദ് യാസീൻ സാഹിബ്
**ശഹാദത്ത്; മോഡൽ ടൗൺ ബയ്ത്തുന്നൂർ ലാഹോർ.**

അദ്ദേഹം കുടുംബത്തിലെ ഏക അഹ്മദിയായിരുന്നു. അതുകൊണ്ട് മുഴുവൻ കുടുംബവും വിരോധികളായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 72 വയസ്സായിരുന്നു. തയ്യൽ മെഷീനിന്റെ മെക്കാനിക്കായിരുന്നു. ചന്ദ കൃത്യമായി നൽകുമായിരുന്നു. അദ്ദേത്തിന്റെ വിലപിടിപ്പുള്ള സ്ഥലവും കടകളുമെല്ലാം ബന്ധുക്കൾ കയ്യടക്കിയിരുന്നു. വളരെ ലളിതമായ ജീവിതമായിരുന്നു. മുഴുവൻ കുടുംബത്തിന്റേയും എതിർപ്പ് സഹിച്ച് അവസാന ശ്വാസം വരെ അഹ്മദിയ്യത്തിൽ ഉറച്ചുനിന്നു. പഴയ ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. കൃത്യമായി എല്ലാ ജുമുആയ്ക്കും സൈക്കിളിൽ വരുമായിരുന്നു. പള്ളിയിൽ വന്നാൽ കൂടുതൽ സമയം അവിടെ കഴിച്ചു കൂട്ടുമായിരുന്നു. എപ്പോഴും ഒന്നാമത്തെ സ്വഫിൽ ഇരിക്കുമായിരുന്നു. എല്ലാവരുമായും വളരെ സന്തോഷത്തോടെ മുലാഖാത്ത് ചെയ്യുമായിരുന്നു. എതിർപ്പുണ്ടായിട്ടും അദ്ദേഹം വീടിന്റെ ഉള്ളിലും പുറത്തും മസീഹ് മൗഊദ് (അ) ന്റേയും ഖലീഫമാരുടേയും ഫോട്ടോകൾ വെച്ചിരുന്നു.

സംഭവദിവസം അദ്ദേഹം പള്ളിയിലേക്ക് എത്തിയതേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന് വെടിയേൽക്കുകയും ശഹീദാവുകയും ചെയ്തു. ജിന്നാ ഹോസ്പിറ്റലിൽ വച്ചിരുന്ന അദ്ദേഹത്തിന്റെ ജനാസ ബന്ധുക്കൾ ഏറ്റെടുക്കുകയും അവർ തന്നെ നമസ്കരിച്ച് അടക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു, ഭാരവാഹികളെ വളരെയധികം ആദരിച്ചിരുന്നു. തബ്ലീഗിന് അതിയായ ആവേശമായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്ത് എതിർപ്പുകൾ പാരമ്യതയിലായിരുന്നു. എന്നാൽ യാതൊരു ഭയവുമില്ലാതെ തബ് ലീഗ് ചെയ്യുമായിരുന്നു.

*(ഖുത്വുബ ജുമുഅ 9.7.10)*



**ചൗധരി ഇംതിയാസ് അഹ്മദ് സാഹിബ്**
പിതാവ്; ചൗധരി നിസാർ അഹ്മദ് സാഹിബ്.
പത്നി; നാസിയ ഇംതിയാസ് സാഹിബ.
മക്കൾ; ഫറാസ് അഹ്മദ്, സബാഅ്.
**ശഹാദത്ത്; ദാറുദ്ദിക്റ് ലാഹോർ.**


അദ്ദേഹത്തിന്റെ പിതാമഹൻ 1935 ൽ ബയ്അത്ത് ചെയ്തു. കഠിനമായ എതിർപ്പുകളെ നേരിടേ വന്നിരുന്നു. 1972 ൽ ലാഹോറിലേക്ക് താമസമാക്കി.

ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 34 വയസ്സായിരുന്നു. അല്ലാഹുവിന്റെ അവുഗ്രഹത്താൽ മൂസിയായിരുന്നു. ജില്ലാ ഖാഇ ദിന്റെ സഹായി, ജില്ലാ നാസിം തർബിയ്യത്ത് നൗമുബായിഈൻ, മുൻ നാസിം അത്ഫാൽ, സെക്രട്ടറി ഇശാഅത്ത് ഡിഫെൻസ് എന്നിവയായിരുന്നു. ജമാഅത്തിന്റെ സേവനത്തിനായി വളിയ ആവേശമായിരുന്നു. ശൂറായുടെ പ്രതിനിധിയായിരുന്നു. ചെറുപ്പം മുതൽക്കു തന്നെ അത്ഫാലിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തി യിലായിരുന്നു. സെക്യൂരിറ്റിയുടെ ഡ്യൂട്ടി വളരെ നല്ല നിലയിൽ ചെയ്യുമായിരുന്നു. പൊതുവിൽ ഗേറ്റിന് പുറത്തായിരുന്നു ഡ്യൂട്ടി നൽകാറുണ്ടായിരുന്നത്. ശഹാദത്തിന് മുമ്പ് തന്റെ പക്കൽ സമയം അല്പമേ ഉള്ളൂ എന്ന സ്വപ്നം കണ്ടിരുന്നു. സ്വന്തം കാലിൽ നിൽക്കാൻ ശ്രമിക്കുക എന്ന് പറഞ്ഞ് ഭാര്യക്ക് ബിസിനസ്സ് ആരംഭിച്ചിരുന്നു. എപ്പോഴും തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. തന്റെ പിതാവിനോടൊപ്പം നമസ്കാര സെന്ററിൽ പോയി ജമാഅത്തായി നമസ്കരിക്കുമായിരുന്നു.

സംഭവസമയത്ത് പ്രധാന ഗേറ്റിന്റെ വലതു ഭാഗത്തായിരുന്നു ഡ്യൂട്ടി. ഉഗ്രവാദികൾ അക്രമണം നടത്തിയപ്പോൾ ഓടിച്ചെന്ന് അവരെ പിടിക്കാൻ ശ്രമിച്ചു. ആ സമയത്ത് വെടിയേറ്റു. തലയിലും നെഞ്ചത്തുമാണ് വെടിയേറ്റത്. തൽഫലമായി ആദ്യ ശഹീദുകളിൽ ഉൾപ്പെട്ടു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു.തന്റെ രണ്ടു കുട്ടികളേയും വഖ്ഫെ നൗവിൽ ഉൾപ്പെടുത്തിയിരുന്നു. ജമാഅ ത്തിന്റെ ഭാരവാഹികളെ വളരെയധികം ആദരിച്ചിരുന്നു. നേതൃത്വ പാടവം ഉണ്ടായിരുന്നു. വഖ്ഫ് ചെയ്യാനുള്ള ആഗ്രഹം ഉണ്ടാ യിരുന്നു. സ്വയം വഖ്ഫ് ആണെന്ന് കരുതിക്കൊണ്ടായിരുന്നു ഡ്യൂട്ടി ചെയ്തിരുന്നത്.

*(ഖുത്വുബ ജുമുഅ 25.6.10)*



**ചൗധരി ഹഫീസ് അഹ്മദ് കാഹ്ലോൺ സാഹിബ്**
പിതാവ്; ചൗധരി നദിർ അഹ്മദ് സാഹിബ് സിയാൽകോട്ടി.
പത്നി; അമത്തുൽ ഹക്കീം സാഹിബ.
മക്കൾ; നാസിർ അഹ്മദ് കാഹ്ലോൺ, റശീദ് കാഹ്ലോൺ, അമത്തുൽ കരീം.
**ശഹാദത്ത്; ബയ്ത്തുന്നൂർ മോഡൽ ടൗൺ ലാഹോർ**

അദ്ദേഹം സുപ്രീം കോർട്ടിൽ അഡ്വക്കേറ്റായി ജോലി ചെയ്യുകയായിരുന്നു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 83 വയസ്സായിരുന്നു.

പാവപ്പെട്ടവരുടെ കേസ് സൗജന്യമായി ചെയ്തു കൊടുക്കുമായിരുന്നു. കൂടാതെ സാമ്പത്തികമായ സഹായങ്ങളും ചെയ്യുമായിരുന്നു. കാഴ്ച ശക്തി കുറവായിരുന്നിട്ടും നടന്ന് നമസ്കാരത്തിനായി വരുമായിരുന്നു. മണിക്കൂറുകളോളം വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. അഹ്മദിയാണെന്ന് അറിഞ്ഞിട്ട് പോലും ധാരാളം അനഹ്മദികൾ പോലും അദ്ദേഹത്തെ ആദരിച്ചിരുന്നു. അതുകൊണ്ടു തന്നെ അനുശോചനം അറിയിക്കുന്നതിനായി ധാരാളം അനഹ്മദികളും എത്തുകയുായി. ഒരു മുൻ ജഡ്ജിയും ഫോൺ ചെയ്ത് അനുശോചനം അറിയിക്കാൻ മുൻശിയെ ചുമതലപ്പെടുത്തുകയുണ്ടായി.

സംഭവസമയത്ത് അദ്ദേഹം പ്രധാനഹാളിലായിരുന്നു. അക്രമണസമയത്ത് നെഞ്ചിൽ വെടിയേറ്റു. ശ്വാസം കൊടുക്കാൻ വളരെയധികം ശ്രമിച്ചു. എന്നാൽ അവിടെ തന്നെ ശഹീദാവുകയാണുണ്ടായത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു, ശഹീദ് മർഹൂം വളരെ സൗമ്യ പ്രകൃതക്കാരനായിരുന്നു. ഒരിക്കലും ആരെയും വഴക്കു പറഞ്ഞിട്ടില്ല. വീട്ടിൽ ജോലിക്കാരോടും നല്ല നിലയിലാണ് പെരുമാറിയിരുന്നത്. നമസ്കാരത്തിൽ കൃത്യനിഷ്ഠനായിരുന്നു. അധികവും നടന്നാണ് പോകാറുണ്ടായിരുന്നത്..... സൽപ്രകൃതക്കാരനായിരുന്നു. അല്ലാഹു പദവികൾ ഉയർത്തട്ടെ.

(ഖുത്വുബ ജുമുഅ 25.6.10)

ദഅ്വത്തെ ഇലല്ലാഹ്



സഗീർ.എച്ച്.എസ്

## എഴുപത് ഹാഫിസുമാരുടെ ശഹാദത്ത്

# ഫുസ്ത്തു ബി റബ്ബിൽ കഅ്ബ

ഇസ്ലാമിലെ ശുഹദാക്കുടെ ചരിത്രം വിവരിക്കുമ്പോൾ ബിഅ്റെ മഊന യിലെ ശുഹദാക്കളെ പറ്റി പരാമർശിച്ചില്ലെങ്കിൽ ശഹാദത്തിന്റെ ചരിത്രം അപൂർണമായിരിക്കും.

ഈ ദാരുണസംഭവത്തിൽ 70 ഹാഫിസുമാരെ ചതിപ്രയോഗത്തിലൂടെ ശഹീദാക്കുകയാണുണ്ടായത്.

റഅൽ,ദക്വാൻ,അസിയ്യ,ബനീലഹിയാൻ എന്നീ ഗോത്രങ്ങൾ തങ്ങൾക്ക് ശത്രുക്കളുടെ ഭീഷണിയുണ്ടെന്നും ആയതിനാൽ കുറച്ച് മുസ്ലിംകളെ സഹായത്തിന് അയക്കണമെന്നും, തിരുനബി(സ)യോട് ആവശ്യപ്പെടുക യുണ്ടായി. ഇവർക്ക് തങ്ങളുടെ ഗോത്രങ്ങളിൽ പ്രചാരണം നടത്താമെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ നബി(സ) 70 ഹാഫിസു മാരെ ഈ ഉദ്യമത്തിനായി നിയോഗിച്ചു. ഇവർ സാധുക്കളും ഇബാദത്തു കളിൽ മുഴുകുന്നവരുമായിരുന്നു. പകൽ സമയത്ത് കാടുകളിൽ നിന്ന് വിറകും മറ്റും ശേഖരിച്ച് ഭക്ഷണത്തിന് ഏർപ്പാട് ചെയ്യുകയും രാത്രികളിൽ ഇബാദത്തിൽ മുഴുകുകയും ചെയ്തിരുന്നു.

ബിഅ്റെ മഊനയിൽ എത്തിയപ്പോൾ ക്ഷണിച്ചുവരുത്തിയ ഗോത്രക്കാർ വിശ്വാസവഞ്ചന കാണിച്ചുകൊണ്ട് അവരെ വളരെ ദാരുണമായി ശഹീ ദാക്കുകയാണുണ്ടായത്.

ബിഅ്റെ മഊനയിൽ ശഹീദാക്കപ്പെട്ട എഴുപത് സഹാബാക്കളുടെ ലീഡറായിരുന്നു ഹദ്റത് ഹറാംബിനു മിൽഹാൻ അൻസ്വാരി(റ)

അദ്ദേഹത്തിന്റെ ശഹാദത്ത്, ധൈര്യത്തിന്റെയും സ്ഥൈര്യത്തിന്റെയും അനുപമ മാതൃകയായിരുന്നു. അദ്ദേഹം ഇസ്ലാമിക തബ്ലീഗിൽ വ്യാപൃ തനായിരിക്കുന്ന സന്ദർഭത്തിൽ, അദ്ദേഹത്തെ അക്രമിക്കാൻ ഒരു ശത്രു തന്റെ സുഹൃത്തിന് ആംഗ്യത്തിലൂടെ നിർദ്ദേശം നൽകി. അങ്ങിനെ ആ ശത്രു പിന്നിലൂടെ വന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ അമ്പു കൊണ്ട് കു ത്തുകയുണ്ടായി. അമ്പേറ്റതും ഹദ്റത് ഹറാം(റ) അതിശക്തമായി തക് ബീർ മുഴക്കി. അമ്പ് ജീവനാഡിയിൽ വരെ എത്തിയെന്നാണ് തോന്നു ന്നത്. കാരണം രക്തം പമ്പുചെയ്യും പോലെ പ്രവഹിച്ചുതുടങ്ങി. ഹദ്റത് ഹറാം(റ) തന്റെ ഒരു കയ്യിൽ രക്തം നിറച്ച് അത് വായിലും മുഖത്തും തെളിച്ചുകൊണ്ട് ഫുസ്തു ബിറബ്ബിൽ കഅ്ബ (കഅ്ബയുടെ റബ്ബാണ് സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്ന മുദ്രാവാക്യം മുഴക്കുകയുണ്ടായി.

അല്ലയോ, മിൻഹാന്റെ പുത്രനായ ഹറാം(റ), താങ്കൾക്ക് മേൽ അനുഗ്ര ഹങ്ങൾ വർഷിക്കപ്പെടട്ടെ, താങ്കൾ പറഞ്ഞത് സത്യമാണ്, താങ്കൾ തീർച്ച യായും ശാശ്വതമായ സ്വർഗം കരസ്ഥമാക്കിയിരിക്കുന്നു. താങ്കളുടെ ഈ മാതൃക ഓരോ വിശ്വാസിക്കും വഴിവിളക്കാണ് .

---

# ലാഹോർ ശുഹദാക്കൾ

***ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു:***

ഇന്ന് നമ്മുടെ ശുഹദാക്കളുടെ മണ്ണിൽ നിന്നും നിശ്ചയമായും സുഗന്ധം വമിക്കുന്നു. അത് നമ്മുടെ മനസ്സുകളെ സുഗന്ധപൂരിത മാക്കുന്നു. ഏതൊരു സ്ഥൈര്യത്തിന്റേയും സഹനത്തിന്റേയും കോ ന്തലയാണോ നിങ്ങൾ പിടിച്ചിട്ടുള്ളത് അതിനെ ഒരിക്കലും ഉപേ ക്ഷിക്കരുതെന്നും അല്ലാഹു നിശ്ചയമായും തന്റെ വാഗ്ദാനത്തിൽ സത്യവാനാണെന്നും അവരുടെ സ്ഥൈര്യം നമ്മോട് വിളിച്ചോതുന്നു. ..........എന്റെ അഭിപ്രായത്തിൽ ശത്രുക്കൾ ജീവൻ അപഹരിക്കാൻ വേണ്ടി മാത്രമല്ല ആക്രമണം നടത്തിയത്. മറിച്ച്, അതോടൊപ്പം മറ്റു ചില ലക്ഷ്യങ്ങളും ഉണ്ടായിരുന്നു. ഒന്ന്, ഭയം സൃഷ്ടിച്ചു കൊണ്ട് അവരുടെ ദൃഷ്ടിയിലും ധാരണയിലും ദുർബലരായ അഹ്മദികളെ അഹ്മദിയ്യത്തിൽ നിന്ന് അകറ്റുകയും യുവാക്കളിൽ പരിഭ്രാന്തി സൃഷ്ടിക്കുക എന്നതായിരുന്നു. എന്നാൽ രക്തത്തിലും മുലപ്പാലിലും ജീവനേയും ധനത്തേയും സമയത്തേയും അഭിമാനത്തേയും ത്യജി ക്കുന്നതാണെന്ന പ്രതിജ്ഞ അലിഞ്ഞു ചേർന്നിട്ടുള്ള മാതാക്കളുടെ പുത്രന്മാരാണിവർ. അവരിൽ കൂറിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിനുള്ള അവേശമുണ്ട്. (ഖുത്വുബ ജുമുഅ 4.6.10)

**സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ട് നമുക്ക് ജീവിതത്തിന്റെ പുതിയ മാർഗം കാണിച്ചു തന്ന നമ്മുടെ സഹോദരന്മാരുടെ ത്യാഗ ങ്ങളെ ഒരിക്കലും മറിക്കാൻ അനുവദിക്കരുത്.**

(പ്രഭാഷണം: ജൽസ സാലാന ജർമനി, 27.6.10)

ശതാബ്ദം
1912 – ജൂൺ

എസ്.

# ഹദ്റത്ത് അഹ്മദ് (അ) നബി തന്നെ

**ജൂൺ15:** ശേഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ വീടിന് ശിലാസ്ഥാ പനം നടത്താൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ലാഹോ റിലെത്തി. (ശിലാസ്ഥാപനത്തിന് എത്താമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരുന്നതാണ്. ഹുസൂർ(അ) വഫാത്തായതിനെ തുടർന്നാണ് ഖലീഫ അവ്വൽ(റ) ഈ വാഗ്ദാനം പൂർത്തികരിക്കാൻ എത്തിയത്.)

യാത്രയിൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ)ഉം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)ന്റെ കൂടെയുണ്ടായിരുന്നു.

**ജൂൺ 16:** ലാഹോറിൽ ഖിലാഫത്തിനെ ക്കുറിച്ച് ഹുസൂറിന്റെ പ്രഭാഷണം.

**ജൂൺ 17:** അമൃതസറിലും ബട്ടാലയിലും ഹുസൂർ പ്രഭാഷണങ്ങൾ നടത്തി.

ലാഹോറിൽ താമസിക്കുമ്പോൾ, സമീന്ദാർ പത്രാധിപർ മൗലാനാ സഫറലിഖാൻ ഹുസൂറിനെ സന്ദർശിക്കാനെത്തി. അദ്ദേഹം ഹുസൂറി നോട് പറഞ്ഞു: മിർസാ സാഹിബിനെ നിങ്ങൾ നബി എന്ന് പറയാ തിരുന്നാൽ , മറ്റ് മുസ്ലിംകളുമായി ഇടപഴകാൻ എളുപ്പമായിരിക്കും. ഹുസൂർ പറഞ്ഞു: ഹദ്റത്ത് മിർസാ സാഹിബ് നുബുവ്വത്ത് വാദം ഉന്നയിച്ചില്ലായിരുന്നുവെങ്കിൽ തിരുനബി(സ)യുടെ വാക്ക് തെറ്റായി പ്പോകുമായിരുന്നു. കാരണം ഹദീസിലുള്ളത് വരാനുള്ള മസീഹ് നബി യായിരിക്കുമെന്നാണ് .

**ജൂൺ 19:** ഹുസൂർ(റ) ഖാദിയാനിൽ തിരിച്ചെത്തി.

NEWS TIME

# ന്യൂസിലാന്റ് ജമാഅത്തിന്റെ സിൽവർജൂബിലി




ന്യൂസിലാന്റിലെ അഹ്മദിയ്യാ ജമാഅത്ത് 25 വർഷം പിന്നീടുകയാണ്. ഒരു വർഷം നീണ്ടുനിൽക്കുന്ന സേവനപരിപാടികളാണ് ജമാഅത്ത് ആസൂത്രണം ചെയ്തിരിക്കുന്നത്. പാവങ്ങൾക്ക് ഭക്ഷണം, സമാധാനസന്ദേശം പ്രചരിപ്പിക്കുന്ന നോട്ടീസ് വിതരണം, ടെറിയോ മാവൊരി ഭാഷയിലേക്കുള്ള ഖുർആൻ പരിഭാഷ, സമാധാന സമ്മേളനം എന്നീ പരിപാടികളും ന്യൂസിലാന്റിലെ 25% പൗരന്മാർക്കും ജമാഅത്തിന്റെ സന്ദേശം എത്തിക്കുന്നതും സിൽവർ ജൂബിലി പരിപാടികളുടെ ഭാഗമാണ്.

സമാധാനത്തോടെ ജീവിക്കാനും തുല്ല്യപരിഗണനയോടെ മതസാമൂഹ്യകാര്യങ്ങളിൽ പ്രവർത്തിക്കാനും സൗഭാഗ്യം ലഭിച്ചതിൽ ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കുകയാണ് തങ്ങളുടെ ഉദ്ദേശ്യമെന്ന് അമീർ മുഹമ്മദ് ഇഖ്ബാൽ സാഹിബ് പറയുകയുണ്ടായി.

ഞാൻ നിന്റെ സന്ദേശത്തെ ലോകം മുഴുവൻ കേൾപ്പിക്കും എന്ന മസീഹ് മൗഊദ് (അ)നുണ്ടായ പ്രവചനത്തിന്റെ സാക്ഷാൽക്കാരം കൂടിയാണ് ന്യൂസിലാന്റ് ജമാഅത്തെന്ന് മിഷനറി ഇൻചാർജ്ജ് ഷഫീഖുറഹ്മാൻ സാഹിബ് പറഞ്ഞു.



ദൈവത്തിന്റെ അനുഗ്രഹവും കാരുണ്യവും ജമാഅത്തിനു ലഭിച്ചുകൊണ്ടിരിക്കുകയാണെന്നും അതിന് നന്ദിയുള്ളവരായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൈക്ക് റിവർമൈനിലെ ദുരന്തസമയത്തും, ക്രൈസ്റ്റ് ചർച്ചിലെ ഭൂകമ്പസമയത്തും സേവനസന്നദ്ധരായ പ്രവർത്തകരെ അയച്ച് കൊണ്ട് രാജ്യക്ഷേമത്തിന് ന്യൂസിലാന്റ് അഹ്മദി സമൂഹം ഒരുപാട് സംഭാവനകൾ നൽകിയിട്ടുണ്ട്. ചാരിറ്റി വോക്ക് മുഖേന ഫണ്ട് ശേഖരിച്ച് ഫൗണ്ടേഷൻ ഫോർ ബ്ലൈന്റിനും ബ്ലഡ് ബാങ്കിനും സമർപ്പിക്കുകയുണ്ടായി. കൂടാതെ പസിഫിക് റീജിയണിലെ നിരവധി സാമൂഹ്യക്ഷേമ കാര്യങ്ങളിൽ ജമാഅത്ത് പങ്കെടുത്തു വരുന്നു.

# ജൂതർക്കിടയിൽ ഒരു മുസ്‌ലിം പള്ളി

**ബാൽട്ടിമോർ**: ജൂതന്മാരുടെ ഗേഹം എന്നറിയപ്പെടുന്ന പൈക്ക്സ് വില്ലിയിലെ ഓൾഡ് മാൻഷൻ ഏകദേശം 5കോടി ഡോളറിനാണ് അഹ്മദിയ്യാ ജമാഅത്ത് വാങ്ങിയിരിക്കുന്നത്.



അമേരിക്കയിലെ ജൂതന്മാർക്കിടയിൽ ഏറ്റവും കൂടുതൽ പേർ തിങ്ങിപാർക്കുന്ന ഒരു പ്രദേശമാണ് ബാൽട്ടിമോർ. 100,000 ജൂതന്മാർ ഇവിടെ താമസിക്കുന്നു.

ജൂതന്മാർക്കിടയിലെ പുതിയ മുസ്‌ലിം പള്ളി ചിലർക്കൊക്കെ ആശങ്കക്കിടയാക്കിയിട്ടുണ്ടെങ്കിലും വലിയ എതിർപ്പുകളൊന്നും ഉണ്ടായിട്ടില്ല. സിറ്റിയിലെ പുരാതനവും മതസൗഹാർദ്ദത്തിനും മതസഹിഷ്ണുതയ്ക്കും പേരുകേട്ട Reform Baltimore Hebrew Congregation എന്ന സംഘടന പുതുതായി വരുന്ന മുസ്‌ലിം സഹോദരങ്ങളെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് . പലർക്കും ചെറിയ രീതിയിലുള്ള ആശങ്കക്ക് കാരണം അറിവില്ലായ്മയും, ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് 9/11നും അതിനിപ്പുറമുള്ള സംഭവങ്ങളുമാണെന്നും ബാൾട്ടിമോർ ജൂതസമിതിയുടെ ചെയർമാൻ ആർട്ട് അബ്രാംസൺ അഭിപ്രായപ്പെട്ടു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ധനകാര്യസെക്രട്ടറി ഡോ.ആഗാഖാന്റെ അഭിപ്രായപ്രകാരം മസ്ജിദിന്റെ സ്ഥാനമാണ് ഏറ്റവും പ്രധാനം. പ്രധാന ഹൈവേക്കു സമീപവും സിറ്റിക്ക് വളരെ അടുത്തും ആണ് മസ്ജിദ് നിലകൊള്ളുന്നത്. വളരെ ഭംഗിയുള്ളതും ശക്തമായ രൂപകൽപനയുമാണ് മസ്ജിദിനുള്ളത്. ജൂതസമൂഹത്തിനിടയിലാണ് എന്നത് ഒരിക്കലും ഒരു പ്രശ്നമേ അല്ല. അമേരിക്കൻ സമൂഹത്തിന് ജമാഅത്തിനെക്കുറിച്ച് നല്ല മതിപ്പാണ്. തീവ്രവാദത്തെ നിരുത്സാഹപ്പെടുത്തുന്നതും മതവും രാഷ്ട്രവും വേർതിരിച്ച് കാണുന്നതുമാണ് ഇതിനു കാരണം. കൂടാതെ ജമാഅത്ത് നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങളും പ്രശംസ പിടിച്ചുപറ്റിയിരിക്കുന്നു.

# ശ്രീ ശ്രീ രവിശങ്കറിന്

## അഹ്മദിയ്യാ സന്ദേശം

ആർട്ട് ഓഫ് ലിവിംഗ് ആചാര്യൻ ശ്രീ.ശ്രീ.രവിശങ്കറിനെ ബാംഗ്ളൂർ ജമാഅത്ത് പ്രതിനിധികൾ സന്ദർശിക്കുകയും ജമാഅത്തീ സന്ദേശങ്ങൾ നൽകുകയും ചെയ്തു.

മിഷണറി ഇൻ ചാർജ്ജ് മൗലവി മുഹമ്മദ് കലീം ഖാൻ സാഹിബിന്റെ നേതൃത്വത്തിലുള്ള തബ്‌ലീഗ് സംഘത്തിന് ആർട്ട് ഓഫ് ലിവിംഗ് പ്രവർത്തകർ ഹൃദ്യമായ സ്വീകരമാണ് നൽകിയത്. നോർവ്വെയിൽ അഹ്മദിയ്യാ മിഷൻ കണ്ടിട്ടുണ്ടെന്നും, ഇന്ത്യയിലും പാകിസ്താനിലും മുല്ലാക്കൾ അഹ്മദികൾക്കെതിരെ നടത്തുന്നപ്രകോപനങ്ങൾ



അപലപനീയമാണെന്നും ശ്രീ.ശ്രീ അഭിപ്രായപ്പെട്ടു. അഹ്മദിയ്യാ സംഘത്തെ ആശ്രമത്തിൽ താമസിക്കാനും അദ്ദേഹം ക്ഷണിക്കുകയുണ്ടായി.

ശ്രീ.ശ്രീ.രവിശങ്കറിന് വി.ഖുർആനും തിരുനബിചരിത്രത്തിന്റെ കന്നട പതിപ്പും സമ്മാനിക്കുകയുണ്ടായി.

**തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ**
**സമ്പാദക: എസ്. സുൽത്വാന**

# ജപ്പാൻ



1902 ൽ, ജപ്പാനിൽ ഇസ്‌ലാം പ്രചരിപ്പിക്കുന്നതിനെക്കുറിച്ച് വാഗ്ദത്ത മസീഹിനോട് ചർച്ച ചെയ്തിരുന്നു. ഹുസൂർ പറഞ്ഞു
**"അല്ലാഹു ഇച്ഛരിക്കുകയാണെങ്കിൽ അവൻ തന്നെ ആ രാജ്യത്ത് സത്യാന്വേഷികൾക്ക് ജന്മം നൽകും".**
1905 ൽ, ജപ്പാൻകാർ ഇസ്‌ലാമിൽ തൽപരരാണെന്ന് ആരോ ഹുസൂറിന്റെ മുമ്പിൽ അഭിപ്രായം അറിയിച്ചു. ഹുസൂർ പറഞ്ഞു **"അങ്ങനെയാണെങ്കിൽ, ജപ്പാൻകാർ ഏറ്റവും പൂർണ്ണമായ ഒരു മതത്തെയാണ് അന്വേഷിക്കുന്നത്. ജമാഅത്തിലെ കുറച്ചാളുകൾ ഈ ഉദ്യമത്തിനായി തയ്യാറായിരിക്കേണ്ടതാണ്. അവർ നല്ല കഴിവുള്ളവരും, ധൈര്യശാലികളും, നല്ല പ്രാസംഗികരും ആയിരിക്കണം".**

സൂഫി അബ്ദുൽ ഖാദിർ സാഹിബ് നിയാസ് **1935** ജൂൺ 4ന് കോബിൽ എത്തി. അദ്ദേഹം അവിടെ ഏകദേശം 3 വർഷം താമസിച്ചു.
**1937** ജനുവരി 10ന് മൗലവി അബ്ദുൽ ഗഫൂർ സാഹിബ് അവിടേക്ക് അയക്കപ്പെട്ടു. അദ്ദേഹം അവിടെ 5 വർഷക്കാലം സേവനമനുഷ്ഠിച്ചു.

**1981** ൽ ജമാഅത്ത് നഗോയയിൽ ഒരു വീട് വാങ്ങുകയും അതിനെ 'അഹ്‌മദിയ്യാ സെന്റർ' എന്ന് നാമകരണം ചെയ്യുകയുമുണ്ടായി.


**1989** ജൂലൈ 14നും 30നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ജപ്പാൻ സന്ദർശിച്ചു.
വാഗ്ദത്ത മസീഹിന്റെ ഖലീഫയുടെ ആ രാജ്യത്തേക്കുള്ള ആദ്യ സന്ദർശനമായിരുന്നു അത്. സന്ദർശനത്തിനിടയിൽ, ഹുസൂർ ജപ്പാനിൽ **മജ്‌ലിസെ ശൂറ** യോഗം വിളിച്ചു.
രണ്ടാം ലോകമഹായുദ്ധകാലത്ത് യു.എസ് അണുബോംബ് വർഷിച്ച ഹിരോഷിമ നഗരം ഹുസൂർ സന്ദർശിച്ചു. ഹുസൂർ ഒരു ടി വി ചാനലിന് അഭിമുഖം നൽകുകയും അത് വൈകീട്ട് സംപ്രേഷണം ചെയ്യപ്പെടുകമുണ്ടായി.





**2005** മേയ് 8നും 15നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ജപ്പാൻ സന്ദർശിച്ചു. മേയ് 9ന് ഹുസൂറിനെ ആദരിക്കുന്നതിനായി ഒരു യോഗം സംഘടിപ്പിച്ചിരുന്നു. അതിൽ പാർലമെന്റ് അംഗങ്ങളും മറ്റ് ഉന്നതരും പങ്കെടുത്തിരുന്നു. പ്രസംഗത്തിൽ ഹുസൂർ പറഞ്ഞു

"രണ്ടാം ലോകമഹായുദ്ധം ഹിരോഷിമയെ വളരെയധികം ബാധിച്ചിരിക്കുന്നു. അതുകൊണ്ട് ജപ്പാൻ വളരെ സമചിത്തതയോടെ നിലകൊള്ളുകയും ഒരു മൂന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ശരിയായ രീതിയിലുള്ള സമാധാനം നിലനിർത്താൻ കഴിയുമോ? ഭീകരവാഴ്ചയെ ഭയങ്കരമായ ഭയവിഹ്വലതയോടെ ശിക്ഷിക്കാൻ കഴിയുമോ ? മിസൈലുകളിലൂടെ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയുമോ ? അല്ലെങ്കിൽ ഇതൊരു ക്രൂരമായ പീഢനത്തിലേക്ക് നയിക്കുമോ ?"



മേയ് 12നും 13നും ഹുസൂർ ജപ്പാൻ ജമാഅത്തിന്റെ വാർഷിക ജൽസയിൽ പങ്കെടുത്തു. ജലസയിൽ, ഹുസൂറിന്റെ ജുമുഅ ഖുത്ബ ആദ്യമായി തൽസമയം ജപ്പാനിൽ നിന്ന് സംപ്രേഷണം ചെയ്യപ്പെട്ടു. മേയ് 14ന് ഹിരോഷിമയിലെ മ്യൂസിയം സന്ദർശിച്ച് അവിടെയുള്ള സന്ദർശകരുടെ പുസ്തകത്തിൽ ഇപ്രകാരം എഴുതി.

**"ഹിരോഷിമയിലെ ജനങ്ങളെ ഞാൻ അഭിവാദ്യം ചെയ്യുന്നു."**


ആരോഗ്യം





# ഹൃദയം

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി



## ആരാധന ഹൃദയത്തിന് ഉത്തമാഹാരം



**ഹൃദയ പരിചരണത്തെ സംബന്ധിച്ച് വിശുദ്ധഖുർആൻ നൽകുന്ന ഏറ്റവും വലിയ സന്ദേശം "അലാ ബിദിക്‌രില്ലാഹി തത്വ്മഇന്നുൽ ഖുലൂബ്" എന്നാണ്, അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചാൽ പ്രതിഫലം ലഭിക്കുന്നതിനോടൊപ്പം ഹൃദയത്തിനും ഗുണകരമാണ്. അഞ്ചുനേര നമസ്കാരങ്ങളോടൊപ്പം തഹജ്ജുദിനേയും ഉൾപ്പെടുത്തിയാൽ പിന്നെ സ്വർണ്ണത്തിനു സുഗന്ധം.**




**ഹൃദയാഘാതമുണ്ടാകുന്നവരിൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത്, 60, 70% ഹൃദയസ്തംഭനങ്ങളും സംഭവിക്കുന്നത് വെളുപ്പിന് 3 നും രാവിലെ 7 നുമിടയിലുള്ള സമയത്താണെന്നാണ്.**



അതിന്റെ കാരണത്തെ സംബന്ധിച്ചുള്ള പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞത്, വെളുപ്പിന് 3 നോടടുത്ത സമയത്ത് മനുഷ്യശരീരത്തിൽ ഹോർമോണൽ സൈക്കിൾ ആരംഭിക്കുന്നു. അന്നേരം ഹൃദയതാളം ധ്രുതഗതിയിലാകുന്നു. രക്തസമ്മർദ്ദം ഉയരാൻ തുടങ്ങുന്നു. രക്തം കട്ടിയാവാൻ തുടങ്ങുന്നു. തൽഫലമായി ഹൃദയനാളികളിൽ തടസ്സം രൂപപ്പെടുന്നു. ഹൃദയത്തെ അത് വല്ലാതെ സ്വാധീനിക്കുന്നു.

ചിലർക്ക് അതിനിടയിൽ മരണം തന്നെ സംഭവിച്ചേക്കാം. അങ്ങിനെ മരിച്ചവരെ പോസ്റ്റ്മോർട്ടം ചെയ്തപ്പോൾ രക്ത നാളികൾ അടഞ്ഞിരുന്നതായി കണ്ടെത്താൻ കഴിഞ്ഞു. അതിനാൽ ആ സമയത്ത് ഉണ്ടാകുന്ന ഹോർമോണൽ സൈക്കിളിനെ നിഷ്പ്രഭമാക്കുകയാണെങ്കിൽ പ്രസ്തുത പരിവർത്തനം ഉണ്ടാവുന്നതല്ല. ഹൃദയമിടിപ്പ് കൂടുകയു മില്ല, രക്തം കട്ടിയാകുകയുമില്ല, രക്തസമ്മർദ്ദം ഉയരുകയു മില്ല.





**ആ സമയത്ത് തഹജ്ജുദിനായി ഉണരുകയും നമസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ പരിവർത്ത നത്തെ ഇല്ലാതാക്കാൻ കഴിയും. മാത്രമല്ല അവർ തങ്ങളെ ഈ രോഗത്തിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു. സുബ്ഹി നമസ്കാരവും ഇക്കാര്യത്തിൽ ഫലപ്രദമാണ്. അതുകൊണ്ടാണ് ഹദീസുകളിൽ സുബ്ഹി, ഇശാ നമസ്കാരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്.**

**20 വർഷത്തെ അനുഭവത്തിന്റേയും ആയിരക്കണക്കിന് രോഗികളിൽ നടത്തിയ പഠനത്തിന്റേയും വെളിച്ചത്തിലാണ് ഇത് പറയുന്നത്. അതുകൊണ്ട് ആരാധനയെ വൈശിഷ്ട അടയാളമാക്കി മാറ്റുക.**

പൊതുവിജ്ഞാനം




## രക്തം വിവിധതരം വിഷാംശങ്ങൾ അടങ്ങിയതാണ്



(അത് കഴിക്കുന്നത്) ആരോഗ്യത്തിന് വളരെ ഹാനികരവുമാണ് . ഫിസിയോളജിയിൽ നിപുണരായിട്ടുള്ളവർ പറയുന്നത്, രക്തം വാസ്തവത്തിൽ മത്സ്യങ്ങളും തവളകളും ഒക്കെ ജീവിക്കുന്ന ഒരു ജലാശയം പോലെയാണ്. അതിൽ നിന്ന് അവ ഭക്ഷിക്കുകയും അതിൽ തന്നെ വിസർജ്ജിക്കുകയും ചെയ്യുന്നു.

### രക്തത്തിൽ അനേകം സെല്ലുകൾ നീന്തിക്കൊണ്ടിരിക്കുന്നു.

എല്ലാ സമയത്തും രക്തത്തെ അത് കേടുവരുത്തിക്കൊണ്ടിരിക്കുകയാണ് . ഈ രക്തം തന്നെയാണ് Tissues ൽ നിന്ന് മൃതകോശങ്ങളെ രക്തത്തെ ശുദ്ധമാക്കുകയും വേർതിരിക്കുകയും ചെയ്യുന്ന Organise ലേക്ക് എത്തിക്കുന്നതും. ചുരുക്കത്തിൽ രക്തം വിവിധ തരം വിഷാംശങ്ങളും മറ്റും നിറഞ്ഞതാണ് .

ശരീരത്തിനകത്ത് രക്തത്തെ ശുദ്ധീകരിക്കാൻ അല്ലാഹു പല സംഗതികളും ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ അത് ശരീരത്തിൽ നിന്ന് പുറത്ത് വന്നുകഴിഞ്ഞാൽ അതിൽ വിഷാംശങ്ങൾ അതേപടി ഉണ്ടായിരിക്കും. അത് ഭക്ഷിക്കുന്നത് ആരോഗ്യത്തിന് വളരെ ഹാനികരമാണ്. പുറത്തുവന്നുകഴിഞ്ഞാൽ രക്തം ഏതാനും നിമിഷം കൊണ്ട് തന്നെ കേടുവരുന്നു. അതിൽ അന്തരീക്ഷത്തിലെ അണുക്കൾ കയറിക്കൂടി വളർന്നു തുടങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ രക്തം പൂർണ്ണമായി കഴുകിക്കളഞ്ഞ മാംസം രക്തമുള്ള മാംസത്തേക്കാൾ കൂടുതൽ സമയം കേടുകൂടാതെ ഇരിക്കുന്നു. *(തഫ്സീർ കബീർ 2 341)*

## ജൂൺ 14 ലോകരക്ത ദിനം

Chairman Management & Editorial Board : C. Zameem

| | | | |
|---|---|---|---|
| Printer & Publisher | : T.K.Mushtaq Ahmad | Chief Editor | : H.Shamsuddin |
| Manager | : B.M.Shoukath Ali | Editor | : T.K.Mubashir Ahmad |
| Layout | : Quraish | Members | : T.M.Abdul Mujeeb, K.Najmuddin |

Not for Sale, Circulation among members only | Views expressed in the publication are not nessessarly the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut